ചെയ്തു തുടങ്ങുന്നു.

സമഗ്ര വികസന രേഖ

ഗ്രാമപഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വണ്ടൂർ ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

1996 ഡിസംബർ 12



മലപ്പുറം ജില്ല

വണ്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



വി.എ.കെ. തങ്ങൾ
പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത്



ടി.പി. കാസിം
വൈസ് പ്രസിഡണ്ട്



നീലാമ്പ്ര ജലീൽ
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി

ഇ. മുഹമ്മദ്കുഞ്ഞി
ധനകാര്യ സറ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ, ജില്ലാ പഞ്ചായത്ത്

കെ. കുഞ്ഞൻ
ധനകാര്യ സറ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ, വണ്ടൂർ ബ്ലോക്ക്



അഡ്വ. ടി.പി. മുഹമ്മദ് ഷരീഫ്
ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ,
വണ്ടൂർ ബ്ലോക്ക്

സി. ശോഭന
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ഗ്രാമപഞ്ചായത്ത് മെമ്പർമാർ

എ.കെ. ഹബീബ



കെ.പി. ഉണ്ണികൃഷ്ണൻ

അഷ്റഫ് പാറശ്ശേരി

കെ. ഹൈദരാലി

വി. നാരായണൻ

വി.പി. സരോജിനി

ലഷ്മി കൃഷ്ണകുമാർ

സത്യഭാമ ഉണ്ണികൃഷ്ണൻ

എ. മുംതാസ്

എ.കെ. അബുട്ടി

ഡി.ടി.പി. ടീം

കെ.വി. രാജേന്ദ്രൻ
(കൺവീനർ)

ടി. വിനയദാസ്
കോ-ഓർഡിനേറ്റർ

ആസാദ് വണ്ടൂർ

ടി.പി. മുഹമ്മദ്

കെ. സുരേന്ദ്രനാഥൻ

പി. സാബാച്ച്

പി.ടി. നാസർ

എൻ. മനോഹരൻ

Layout :
ZAINUDHEEN MEETHIL
DTP :
OXFORD COMPUTER CENTRE,
KOZHIKODE. PH : 47422
Printed :
MODERN PRINTING PRESS,
KOZHIKODE.
Cover Design :
P.K. SHAJI

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക - സാമ്പത്തിക മേഖലകൾ
    5-1 കൃഷിയും ജലസേചനവും
    5-2 മൃഗസംക്ഷണവും
    5-3 വ്യവസായം
    5-4 വിദ്യാഭ്യാസം
    5-5 കിടിവെള്ളവും, പൊതുജനാരോഗ്യവും
    5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും
    5-8 സംസ്കാരം, കായികം
    5-9 വനിതാക്ഷേമം
    5-10 സഹകരണം
    5-11 പട്ടികജാതി - പട്ടികവർഗ്ഗവികസനം
    5-12 വിഭവസമാഹരണം
6. ഉപസംഹാരം

ഡി.ആർ.പി. മാർ



കെ.വി. രാജേന്ദ്രൻ
(കൺവീനർ)



ടി. വിനയദാസ്
കോ-ഓർഡിനേറ്റർ

ആസാദ് വണ്ടൂർ

ടി.പി. മുഹമ്മദ്



കെ. സുരേന്ദ്രനാഥൻ



എ. സാബാഹ്



കെ.ടി. നാസർ

എൻ. മഖ്ബൂൽ

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക - സാമ്പത്തിക മേഖലകൾ
    - 5-1 കൃഷിയും ജലസേചനവും
    - 5-2 മൃഗസംക്ഷണവും
    - 5-3 വ്യവസായം
    - 5-4 വിദ്യാഭ്യാസം
    - 5-5 കിടിവെള്ളവും, പൊതുജനാരോഗ്യവും
    - 5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    - 5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും
    - 5-8 സംസ്കാരം, കായികം
    - 5-9 വനിതാക്ഷേമം
    - 5-10 സഹകരണം
    - 5-11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
    - 5-12 വിഭവസമാഹരണം
6. ഉപസംഹാരം

Layout :
ZAINUDHEEN MADATHIL
D.T.P :
OXFORD COMPUTER CENTRE,
WANDOOR. PH : 47422
Printing :
MODERN PRINTING PRESS,
WANDOOR.
Cover Design :
P.K. SAJU

വികസനരേഖ തയ്യാറാക്കാൻ സഹായിച്ച കോർ ഗ്രൂപ്പ്

വി.എ.കെ. തങ്ങൾ (പ്രസിഡണ്ട്)

കെ.വി. രാജേന്ദ്രൻ (കൺവീനർ)

ടി.വിനയദാസ് (കോ-ഓർഡിനേറ്റർ)

എൻ. മക്ബൂൽ

കെ. സുരേന്ദ്രനാഥൻ

ആസാദ് വണ്ടൂർ

വണ്ടൂർ ഹൈദരലി

അഷ്റഫ് പാറശ്ശേരി

കെ.പി. ഉണ്ണികൃഷ്ണൻ

കെ.ടി. നാസർ

ടി.പി. മുഹമ്മദ്

എ. സബാഹ്

പ്രൊ. ദേവദാസ്



ഇ. പി. അലവികുട്ടി
സെക്രട്ടറി

1

ആമുഖം

ഒട്ടനവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള നമ്മുടെ പഞ്ചായത്തിന്റെ ഒമ്പതാം പദ്ധതി നടത്തിപ്പിനെ കുറിച്ച് ചർച്ച ചെയ്യുവാനും ആസൂത്രണം ചെയ്യുന്നതിനും എത്തിച്ചേർന്നിട്ടുള്ള തെരഞ്ഞെടുത്ത പ്രതിനിധികളെ പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി സ്വാഗതം ചെയ്യുന്നു.

രാഷ്ട്രപിതാവിന്റെ വിപ്ലവകരങ്ങളായ കർമ്മപരിപാടികൾ ആവേശത്തിന്റെയും സംഘടിത ജനശക്തിയുടേയും രൂപത്തിൽ പ്രാവർത്തികമാക്കാവുന്നൊരവസ്ഥ ഇന്ന് നമ്മുടെ നാട്ടിലുണ്ട് - ആ മഹാത്മാവിന്റെ സഫലമാവാതെ പോയ സ്വപ്നങ്ങൾക്ക് ഭാഗികമായെങ്കിലും ചിറക് മുളച്ച അവസരമാണിത് - 1992 ലെ 73-ാം ഭരണഘടനാ ഭേദഗതിയുടെ പിൻബലത്തിൽ ഇന്ത്യയിൽ ആദ്യമായാണ് കേരളത്തിൽ ഈ പദ്ധതി നടക്കുന്നത്. ആ സ്വപ്നങ്ങൾ വീണ്ടും ഉദ്ദീപ്തങ്ങളാവുകയും ധീരനൂതന പ്രവർത്തനങ്ങളിലൂടെ ഗ്രമത്തേയും അതുവഴി രാജ്യത്തെയും മുന്നോട്ട് നയിക്കുകയും ചെയ്യും.

ജനകീയ പ്രസ്ഥാനങ്ങൾക്ക് പ്രസക്തിയില്ല എന്ന് പ്രചരിപ്പിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അണു കുടുംബങ്ങളുടെ അണുവിനുള്ളിൽ ഒതുക്കി നിർത്തുന്ന - ഡിഷ് മേൽകൂരക്കുള്ളിൽ നമ്മളെ ബന്ധിപ്പിച്ച് നിർത്തുന്ന ഒരു സംവിധാനം നിലനിൽക്കുന്ന സമൂഹത്തിൽ നിന്ന് അതിന്റെ പുറംതോട് പൊട്ടിച്ച് ജനകീയതയുടെ ഉച്ഛ്വാസം ഏറ്റെടുത്ത് കർമ്മോൻമുഖരായി പ്രവർത്തിക്കാൻ എത്തിച്ചേർന്നവരെ നിങ്ങൾക്കഭിവാദ്യങ്ങൾ.

കാലത്തിൽ നിന്ന് സുഖമെല്ലാം ചോർന്ന് പോയിരിക്കുന്നു. നാളത്തേക്കാൾ പാപമേറിയ ദിവസമായിരിക്കും മറ്റെന്നാൾ എന്ന ചിന്ത വ്യാപകമാകുന്ന ചുറ്റുപാടിൽ നിന്ന് തികച്ചും മാറി ചിന്തിക്കുവാനും ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുവാനും നമ്മുടെ ജനകീയാസൂത്രണ പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്.

മറ്റൊരു പോംവഴിയുമില്ല. എല്ലാം വിധിയാണെന്ന് വിശ്വസിക്കുന്ന സാധാരണക്കാരുടെ മനോധൈര്യം ഉദ്ദീപിക്കുവാൻ ഈ പരിപാടിയിലൂടെ നമുക്ക് കഴിയണം. സാമൂഹ്യ പ്രതിജ്ഞാബദ്ധരായ ഒട്ടേറെ വിദഗ്ദരുടെ സേവനം നമുക്കിന്നാവശ്യമാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ നാം നേടിയെടുത്ത സാമൂഹ്യ നേട്ടങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മരണനിരക്ക് വർദ്ധിക്കുന്നു. ആരോഗ്യ സ്ഥാപനങ്ങൾ വർദ്ധിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിക്കുന്നു.വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കും വർദ്ധിക്കുന്നു. ഈ പട്ടിക നീളും. കൃത്യമായ ആസൂത്രണമില്ലായ്മയാണ് ഒരു കാരണം പുതിയ നിയമങ്ങൾ. അടിസ്ഥാനപരമായ കുടിവെള്ളം സാമൂഹ്യക്ഷേമം പോലുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതം വെട്ടികുറക്കേണ്ടി വരുന്നു. ഇത് മുറിച്ച് കടക്കുവാനുള്ള പദ്ധതിയായി നമുക്ക് ഇതിനെ കാണണം.

ഗൾഫ് പ്രതിസന്ധി വർദ്ധിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ വെറും 1046 പേർ 2.3% മാത്രമാണ് ഗൾഫിലുള്ളത്. ഇവരുടെ വികസനത്തിന്റെ കിനിഞ്ഞിറക്ക് സമൂഹത്തിൽ ഏറെ കാലം പ്രതീക്ഷിക്കാൻ വയ്യ. സ്വന്തമായി നാം നമ്മുടെ പ്രശ്നങ്ങൾ പഠിക്കണം. പരിഹാരങ്ങൾ കണ്ടെത്തെണം. വിഭവങ്ങൾ ശേഖരിക്കണം. ആസൂത്രണം ചെയ്യണം. നടത്തിപ്പിൽ നാം ഇടപെടണം - മനുഷ്യനു വേണ്ടി നിയമങ്ങൾ രചിക്കണം. ഉദ്യോഗസ്ഥരെ ചൊൽപടിക്ക് നിർത്തണം. അധികാരം ആരും തളികയിൽ തരില്ല - തന്നാൽ - തന്നവർ തിരിച്ച് വാങ്ങും - മറിച്ച് നാം ഉപയോഗിക്കണം - അതിന് വേണ്ടി കൂട്ടായ ശ്രമങ്ങൾ നടത്തണം.

50 വർഷങ്ങളായി സ്വതന്ത്രമായിട്ട്. 1963 മുതൽ പഞ്ചായത്ത് ഭരണവും നിലവിൽ വന്നു. പൊള്ളയായ വികസനം കൊണ്ട് വീർപ്പ് മുട്ടുന്ന അവസ്ഥയാണ് നമ്മുടെ പഞ്ചായത്തിന് അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ടൊഴുകി ഇതുവരെ ബ്ലോക്കോഫി സുകളിലൂടെ വികസനത്തെ ബ്ലോക്ക് ചെയ്തു കൊണ്ടിരുന്നു. ഈ അവസ്ഥക്കിന്ന് മാറ്റം വരും. ആസൂത്രണ പ്രക്രിയ തലകീഴായി മറിക്കണം. മുകളിൽ നിന്ന് താഴോട്ട് എന്നതിന് പകരം താഴെ നിന്ന് മുകളിലേക്ക്. അതാണല്ലോ ഈ പദ്ധതി വികസന ചരിത്രത്തിൽ ഒരു നാഴികകല്ലായിരിക്കും ഇത്. അധികാരത്തോടോപ്പം സമ്പത്തും (40% മുതൽ 50%) പഞ്ചായത്തുകൾക്ക് നൽകാൻ തയ്യാറാവുന്നത് മാതൃകാപരമാണ്. മറ്റ് വിഭവങ്ങൾ ഗ്രാമീണതലത്തിലൂടെ നമുക്ക് കണ്ടെത്താം.

'പുനർപ്പണദിന' പ്രവർത്തനം വിജയകരമായി നടത്തികൊണ്ടിരിക്കുന്നു. ഈ അനുഭവം നമുക്ക് ആവേശം തരുന്നതാണ്.

ജനകീയാസൂത്രണരഥം ശക്തമായി മുന്നോട്ട് പോകാൻ ഒരു ജനകീയാടിത്തറ ഉണ്ടാകേണ്ടിരിക്കുന്നു. അതിന് മുഴുവൻ രാഷ്ട്രീയപാർട്ടികളുടെയും ട്രേഡ് യൂണിയൻ, യുവജന വിദ്യാർഥി സർവ്വീസ് സംഘടനകളുടെയും മറ്റു സന്നദ്ധ സാംസ്കാരിക പ്രവർത്തകരുടേയും സഹായ സഹകരണങ്ങൾ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിക്കുന്നത് സെപ്തംബർ ഒന്നിനാണ്. ഇത്തരം പരിപാടിയെ കുറിച്ച് ജില്ലാതല പ്ലാനിംഗ് ബോർഡിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പ് വന്നത് 30.8.96 നാണ്. അതിന്റെ അടിസ്ഥാനത്തിൽ സെപ്തമ്പർ ഒന്നിന് പഞ്ചായത്ത് ഭരണസമിതി അനൗദ്യോഗികമായി കൂടിയാലോചിച്ചു. കൂടിയാലോചിച്ചു. ഈ പ്രവർത്തനം വിജയിപ്പിക്കുവാൻ എല്ലാ തുറകളിൽ പ്രവർത്തിക്കുന്നവരുടെ സേവനവും ലഭ്യമാക്കണം എന്ന് തീരുമാനിച്ചു. അതനുസരിച്ച് സെപ്തമ്പർ നാലിന് രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരുമായി കൂടിയാലോചിച്ച് ജില്ലാ റിസോഴ്സ് പേഴ്സൺമാരായി കണ്ടെത്തി. പതിനൊന്ന് പേരെ കണ്ടെത്തി ഈ പ്രവർത്തനത്തിലുള്ള മുൻപരിചയം സാമൂഹ്യമേഖലയിലെ പ്രവർത്തനം ഇവ മാത്രമാണ്

തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡമായി സ്വീകരിച്ചത്. 11 പേരും ജില്ലാ പരിശീലന പരിപാടി സെപ്തം. 14,15,16 തിയ്യതികളിൽ വണ്ടൂർ ബോയ്സ് ഹോസ്കൂളിൽ വെച്ച് നടത്തിയപ്പോൾ പങ്കെടുത്തു. ഭാഷം രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ച് ചേർത്തു. ലോക്കൽ റിസോഴ്സ് പേഴ്സൺ പരിശീലനത്തിനുള്ള സ്വാഗതസംഘരൂപീകരണം നടന്നു. സെപ്തം. 21 ന് ലോക്കൽ റിസോഴ്സ് പേഴ്സൺ പരിശീലനം നടന്നു. 65 പേർ പങ്കെടുത്തു. ഇവരുടെ നേതൃത്വത്തിൽ പ്രാഥമിക വിവരശേഖരണം നടത്തുവാൻ വാർഡ് മെമ്പറുടെ സഹായത്തോടെ സ്വാഗതസംഘം രൂപീകരിച്ചു. അതിനോടൊപ്പം ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ കൂടിയിരിക്കലുകളും പ്രാഥമിക വിവരശേഖരണ ഫോറം തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ സഹായത്തോടെ പ്രിൻറ് ചെയ്ത് പരിശീലനം നൽകി. ലോക്കൽ റിസോഴ്സ് പേഴ്സൺ വാർഡ് തലത്തിലെ പ്രാഥമിക വിവരശേഖരണം നടത്തി. ദ്വിതീയ വിവരശേഖരണം ഓഫീസുകളിൽ കയറിയിറങ്ങി വിവരങ്ങൾ ശേഖരിച്ചു. ഓഫീസുകളിൽ നിന്നും വിവരം ശേഖരിക്കുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. രണ്ടാംഘട്ട പരിശീലനം കഴിഞ്ഞിട്ടും വിവരശേഖരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 29.10.96 ന് ഉദ്യോഗസ്ഥൻമാരുടെ യോഗം ചേർന്ന് വിവരശേഖരണത്തിന് സഹായം ലഭിക്കുന്നതിനും സഹകരണം തേടുവാനും ഈ പദ്ധതിയെ കുറിച്ച് വിശദീകരിക്കുവാനും സമയം കണ്ടെത്തി. ശേഷം കൃത്യമായ വിവരശേഖരണം നടന്നില്ല. പല ഓഫീസുകളിൽ നിന്നും കിട്ടിയ വിവരങ്ങൾ പ്രഥമദൃഷ്ട്യാ തന്നെ വസ്തുതാപരമല്ലായെന്ന് ബോധ്യപ്പെടുന്നവയാണ്. അവലോക റിപ്പോർട്ട് ഇന്നും കൃഷിഭവനിൽ നിന്ന് ലഭിച്ചിട്ടില്ല. വിവരശേഖരണ ക്രോഡീകരണം 22.11.96 ന് പൂർത്തിയായി.

കാരണവരുടെ സംഗമം

പഞ്ചായത്തിൻെറ 50 വർഷം മുമ്പത്തെ ചരിത്രശേഖരണത്തിന് വേണ്ടി 5.11.96 ന് തല മുതിർന്നവരുടെ കൂടിച്ചേരൽ നടന്നു. ഒട്ടേറെ ചരിത്രസംഭവങ്ങൾ നമുക്ക് രേഖപ്പെടുത്താൻ ഇതിലൂടെ കഴിഞ്ഞു. 51 തല മുതിർന്നവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

പഠനപര്യടനം

നവം. 3,4, തിയ്യതികളിൽ നാടിനെ - മണ്ണിനെ ഭൂപ്രകൃതിയെ കുറിച്ച് നേരിട്ടറിയുവാൻ തെക്ക് വടക്ക് (തലങ്ങും വിലങ്ങും) നടന്നു. 13 വാർഡ് മെമ്പർമാരും - 50 ഓളം പ്രവർത്തകരും 5 ഗ്രൂപ്പുകളായി നീരൊഴുക്കിനെ ആസ്പദമാക്കിയാണ് നടന്നത്. ശാസ്ത്രീയ വിവരം ലഭിച്ചില്ലെങ്കിലും ഒരു പുത്തൻ അറിവ് ഇത് മൂലം നേടാനായി.

വികസന രേഖ

ഗ്രാമസഭാ റിപ്പോർട്ടുകൾ, പഠനപര്യടനം, അവലോകന റിപ്പോർട്ട്, പ്രാഥമിക വിവരശേഖരം, ദ്വിതീയ വിവരശേഖണം എന്നിവയെ ആസ്പദമാക്കി വികസനരേഖ 15 ദിവസത്തെ പ്രവർത്തനത്തിൻെറ ഭാഗമായി തയ്യാറാക്കി. 22.11.96 ന് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു.

വികസന സെമിനാർ

വികസന സെമിനാർ വിജയിപ്പിക്കുന്നതിന് വേണ്ടി എല്ലാ രാഷ്ട്രീയ സാംസ്കാരിക സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും കൂട്ടായ്മ ഉറപ്പുവരുത്തി വാർഡ്തല സ്വാഗതസംഘാടനം 22.11.96 ന് മുമ്പ് തന്നെ നടത്തി. പഞ്ചായത്ത് തലത്തിൽ 7.12.96 ന് വിപുലീകൃത സ്വാതഗസംഘം രൂപീകരിച്ച് ഇവരുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തി.

തൻെറ ഗ്രാമത്തിനെ കുറിച്ച് പഠിക്കാനും അറിയാനും വിഭവം കണ്ടെത്താനും വിനിയോഗിക്കാനുമുള്ള സ്വാതന്ത്ര്യം നൽകുന്ന ഈ പദ്ധതിയെ നമുക്ക് സ്വീകരിക്കാം. ഈ മഹായജ്ഞത്തിൽ പങ്ക് ചേരാനുള്ള പ്രതിജ്ഞ എടുക്കാം.

ഒരു കടൽ തീരത്തെ
ഒരു കുമ്പിൾ വെള്ളത്തിൽ
ഒരു മഹാഗർജ്ജനം കേട്ടു
ഒരു പിടിയുപ്പിൻെറയുപ്പ്
വിയർപ്പിലും രുധിരത്തിലും
തുടിച്ചല്ലോ.

പഞ്ചായത്തിന്റെ പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	വണ്ടൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	വണ്ടൂർ
ബ്ലോക്ക് പഞ്ചായത്ത്	-	വണ്ടൂർ
താലൂക്ക്	-	നിലമ്പൂർ
അസംബ്ലി മണ്ഡലം	-	വണ്ടൂർ
വിസ്തീർണ്ണം	-	45.45 ച.കി.മി.
അതിരുകൾ		
		വടക്ക് - നിലമ്പൂർ
		വടക്കുകിഴക്ക് - അമരമ്പലം
		കിഴക്ക് - കാളികാവ്
		തെക്ക് - പോരൂർ
		പടിഞ്ഞാറ് - തിരുവാലി
		വടക്കുപടിഞ്ഞാറ് - മമ്പാട്
ജനസംഖ്യ	-	41805
പുരുഷൻ	-	20611
സ്ത്രീകൾ	-	21194
ജനസാന്ദ്രത	-	920
അക്ഷരാഭ്യാസമുള്ളവർ	-	90%
വാർഡുകൾ	-	13
പ്രസിഡൻറ്	-	വി.എ.കെ. തങ്ങൾ
വൈസ് പ്രസിഡൻറ്	-	ടി.പി. കാസിം
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	-	നീലാമ്പ്ര ജലീൽ

3

ചരിത്ര – സാമൂഹിക പശ്ചാത്തലം

ഏതൊരു നാടിന്റെയും ചരിത്രം അവിടെ ജീവിച്ചിരിക്കുന്ന തലമുറക്ക് ഗൃഹാതുരത്വം ഉണർത്തുന്ന സ്മൃതികളാണ്. കാരണം, നൂറ്റാണ്ടുകളിലൂടെ ജീവിച്ചു തീർന്ന വിലപ്പെട്ടമനുഷ്യ ജീവിതത്തിന്റെ വ്യക്തിപരവും, സാമൂഹികവും, സാംസ്ക്കാരികവും ആയ ചൈതന്യതുടിപ്പുകളുടെ ജീവിക്കുന്ന രേഖയാണ് ചരിത്രം. പഴമയെക്കുറിച്ചും കാരണവൻമാരെക്കുറിച്ചും ഉള്ള ഓർമ്മകളിൽ നിന്നു വേണം മനുഷ്യൻ ഊർജ്ജം സംഭരിക്കേണ്ടത്: വരും തലമുറക്ക് മാർഗ്ഗദർശിയാവേണ്ടത്.

ചുറ്റും ഉയർന്നു നിൽക്കുന്ന മലകളുടെ മടിത്തട്ടിൽ കിടക്കുന്ന ഏറനാൻ ഭൂവിഭാഗം. കിഴക്കോട്ട് കാളികാവ് - കരുവാരക്കുണ്ട് റോഡ്, പടിഞ്ഞാട്ട് മഞ്ചേരി വഴി തിരൂർ, കോഴിക്കോട് റോഡ്, തെക്കോട്ട് പെരിന്തൽമണ്ണ-പാലക്കാട് വഴി തമിഴ്നാട്ടിലേക്കും തൃശൂർവഴി തലസ്ഥാനത്തേക്കുമുള്ള റോഡ്. വടക്കോട്ട് നിലമ്പൂരിലൂടെ ഊട്ടി, മൈസൂർ റോഡ്. ഇതവസാനിക്കുന്ന വണ്ടൂരങ്ങാടിയിലെ നാൽക്കൂട്ടു പെരുംവഴി 'കിഴക്കൻ ഏറാടിന്റെ കവാടം'. പ്രഭാതങ്ങളിൽ നിശബ്ദമായ വണ്ടൂർ. സന്ധ്യകളിൽ ജനനിബിഡവും ശബ്ദായമാനവുമായ വണ്ടൂർ.

'വണ്ടൂർ' എന്ന പേർ

ഗ്രാമത്തിന്റെ സൗഭാഗ്യവും പട്ടമത്തിന്റെ സൗകര്യവും നിറഞ്ഞു നിൽക്കുന്ന വണ്ടൂരിന്ഈ പേര് ലഭിച്ചതിന്റെ പിന്നിൽ ഒരു കേട്ടുകേൾവിയുണ്ട്. വളരെ പുരാതന കാലത്ത് ഈ പ്രദേശത്തുണ്ടായ മഹാമാരികളെ ഭയന്ന് ഓടിപ്പോയ നാട്ടുകാർ വർഷങ്ങൾക്കു ശേഷമത്രേതിരിച്ചു വരുന്നത്. അപ്പോൾ പഴവർഗ്ഗങ്ങളും പൂക്കളും നിറഞ്ഞു കിടന്ന ഈ പ്രദേശത്ത്ധാരാളം

വണ്ടുകൾ താമസമാക്കിയിരുന്നു. അതിനാൽ വണ്ടൂർ എന്ന പേർ ലഭിച്ചതായി പറയുന്നു. പൊലീസ് സ്റ്റേഷൻ രേഖകളിൽ പുരാതനമായ ശിവക്ഷേത്രത്തിനുള്ളിൽ കടന്നാൽ ഇപ്പോഴും വണ്ടുകളുടെ മുഴക്കം കേൾക്കാമത്രേ. അങ്ങിനെയും വണ്ടൂർ എന്നപേർ അന്വർത്ഥമാകുന്നു.

ഭൂവിതരണം ആദ്യകാലങ്ങളിൽ ആദ്യകാലത്ത് ബ്രഹ്മസ്വവും, ദേവസ്വവും മനകളും കോവിലകങ്ങളുമായിരുന്നു ഇവിടത്തെ ഭൂമിയുടെ അധിപൻമാർ. ജന്മിമാരിൽ നിന്ന് പറമ്പായും, വയലായും, മലവാരമായും നായർ, മുസ്ലീം പ്രമാണിമാർക്ക് കാണച്ചാർത്ത് ആധാരം റജിസ്റ്റർ ചെയ്ത് ജന്മിമാർക്ക് കാണാവകാശം നൽകുകയായിരുന്നു പതിവ്. 12 വർഷം കൂടുമ്പോൾ കാണാവകാശം പുതുക്കി വാങ്ങേണ്ടതായിരുന്നു. 'കാണാരികൾ' ഇതിനെല്ലാം വിലപ്പെട്ട സമ്മാനങ്ങൾ കൊടുക്കേണ്ടതുണ്ട്. ഇടത്തട്ടുകാരായ കാണാരികൾ അവരുടെ ഭൂമി പാട്ടത്തിനു കൊടുക്കുകയും 95% ജനങ്ങളും പാട്ടത്തിന് കൃഷി ചെയ്ത് ജീവിക്കുകയുമായിരുന്നു പതിവ്. കൈവശകുടിയാൻമാരായ പാട്ടക്കാർക്ക് കീഴിൽ പണിയെടുത്തിരുന്ന ചെറുമക്കളുടെയും, മുസ്ലീംങ്ങളുടെയും കഥ വളരെ ദയനീയമായിരുന്നു.

ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമായി അവർ അടിമകളെപ്പോലെ ജോലി ചെയ്ത് പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞു. മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ, ദാരിദ്ര്യവും അയിത്തവും മൂലമുള്ള വിവേചനവും നിമിത്തം കഷ്ടതയനുഭവിച്ചിരുന്ന മലബാറിലെ കുടിയാൻമാരെക്കുറിച്ച് മലബാർ മാനുവൽ എന്ന പുസ്തകത്തിൽ വിസ്തരിച്ച് പ്രതിപാദിക്കുന്നുണ്ട്. അവശതയും അവഗണനയും മൂലം ദയനീയത അനുഭവിച്ചിരുന്ന കീഴ്ജാതിക്കാർ സാമൂഹ്യ മാന്യത നേടുന്നതിന് മതം മാറിയിരുന്നുവെന്നും അവരുടെ എണ്ണം ഏറനാട്ടിൽ തന്നെ 50,000ത്തോളം വരുമെന്നും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.

മൈസൂർ ഭരണം മലബാറിലും

ടിപ്പുവിന്റെ പടയോട്ടത്തെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽ നിന്ന് പഴയ മലബാറിന്റെ ചരിത്രവും ലഭിക്കുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും രാജഭരണത്തിൻ കീഴിൽ പുലർത്തിച്ചപ്പോൾ ബ്രിട്ടീഷുകാർ ഭരിച്ചിരുന്നു മലബാർ അവഗണിക്കപ്പെടുകയായിരുന്നു. 1773നും 1792നും ഇടക്കുള്ള 16 വർഷം മൈസൂർ ഭരണാധികാരികളായിരുന്ന ഹൈദരാലിയുടെയും തുടർന്ന് ടിപ്പു സുൽത്താന്റേയും കീഴിലായിരുന്നു മലബാർ. ഭൂമി അളന്ന് തിട്ടപ്പെടുത്തി ആദായത്തിന്റെ ഒരു ഭാഗം നികുതിയായി നേരിട്ട് ഗവൺമെന്റിന് നൽകുന്ന രീതി മൈസൂർ ഭരണകാലത്ത് മലബാറിലും നടപ്പിലാക്കി. ജന്മിമാർ നേരിട്ട് വസൂലിന്റെ ഒരു ഭാഗം ഗവൺമെന്റിന് നികുതിയായി കൊടുക്കേണ്ടി വന്നു. വിദ്യാഭ്യാസം, അധികാരം ഇവയെല്ലാം കയ്യടക്കിയിരുന്ന ഉയർന്ന ജാതിക്കാരെ ആയുധമേന്തി നടക്കരുതെന്ന് കൽപ്പനയുണ്ടാക്കി. സ്വന്തം അധികാരം അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്ന് ബോധ്യമായതോടെ ജന്മിമാർ പലരും തിരുവിതാംകൂറിലേക്ക് പാലായനം ചെയ്തു. ഇടത്തട്ടുകാരുടെ ചൂഷണം നിർത്തലാക്കപ്പെട്ടു. കൃഷി ചെയ്തിരുന്നവർക്ക് ഭൂമിയിൽ താൽകാലികമായിട്ടെങ്കിലും അധികാരങ്ങൾ ലഭിച്ചു. ക്ഷേത്രങ്ങൾക്കും പള്ളികൾക്കും മറ്റും കരമില്ലാതെ വസ്തുവകകൾടിപ്പു സുൽത്താൻ ദാനം ചെയ്തതായി കോഴിക്കോട് കലക്ടറേറ്റിലെ ആർക്കൈവ്സിൽ ഉള്ള രേഖകളിൽ പറയുന്ന 56 ക്ഷേത്രങ്ങളിലൊന്ന് വണ്ടൂർ ശിവക്ഷേത്രമാണ്. വണ്ടൂർ-എളങ്കൂർ-ഞ്ചേരി റോഡ്, വണ്ടൂർ-തിരുവാലി-ഏടവണ്ണ റോഡ്, തൃക്കൈക്കുന്ന്-അമ്പലപ്പടി റോഡ്, വണ്ടൂർ-പാണ്ടിക്കാട്, പെരിന്തൽമണ്ണ-പട്ടാമ്പി റോഡ് എന്നിവയൊക്കെ ടിപ്പുവിന്റെ ഭരണകാലത്ത് ഉണ്ടാക്കിയവയാണ്. ടിപ്പു സുൽത്താൻറോഡ് എന്നാണ് പലതും ഇന്നറിയപ്പെടുന്നത്.

ടിപ്പുവിന്റെ മരണത്തോടെ സ്ഥിതിഗതികളാകെ മാറി. ബ്രിട്ടീഷകാർ മലബാറിന്റെഭരണം ഏറ്റെടുത്തു. കാർഷിക നികുതിയെ എതിർത്ത മുസ്ലീംങ്ങളെ ശത്രുക്കളാണ് ബ്രിട്ടീഷുകാർ കണ്ടത്. അവർ വ്യത്യസ്തമായ ഭൂനിയമം കൊണ്ടു വന്നു. ജന്മിമാർക്ക് പാട്ടക്കാരെ ഒഴിപ്പിക്കാനുള്ള അധികാരം വീണ്ടും കൈവന്നു. കോടതിയും ഉദ്യോഗസ്ഥൻമാരും കുടിയൊഴിപ്പിനനുകൂലമായി വിധി നൽകി. തുടർന്ന് മാപ്പിള കുടിയാൻമാരും

നമ്പൂതിരി നായർ ജന്മിമാരുമായി തുടർച്ചയായി സംഘട്ടനങ്ങൾ ഉണ്ടാകാൻ തുടങ്ങി. 1818ൽ മുതൽ 1921വരെയുള്ള കാലഘട്ടത്തിൽ വണ്ടൂർ അടക്കമുള്ള അന്നത്തെ ഏറനാടൻ പ്രദേശങ്ങളിൽ മാപ്പിള കുടിയാൻമാരും ജന്മിമാരും തമ്മിൽ നിരവധി തവണ ലഹളകൾ നടത്തിയിട്ടുണ്ട്. 1920 ആഗസ്റ്റ് 20ന് ആരംഭിച്ച് 1922 ഫെബ്രുവരി മാസത്തോടെ അടിച്ചമർത്തപ്പെട്ട മലബാർ കലാപം ഏറ്റവും അവസാനം നടന്ന ലഹളയാണ്.

ഖിലാഫത്തും കാർഷിക സമരവും

1-ാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ ഇസ്ലാമിക് ഖിലാഫത്ത് നശിപ്പിച്ചതിൽ ഇന്ത്യൻ മുസ്ലീങ്ങൾ വേദന പൂണ്ടു. ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ ഇന്ത്യയിലാകമാനം ഖിലാഫത്ത് പ്രസ്ഥാനം തന്നെ അവർ പുനഃസംഘടിപ്പിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഗാന്ധിജിയും അതിൽ പൂർണസഹകരണം വാഗ്ദാനം ചെയ്തു. 1919ൽ ഡൽഹിയിൽ 1-ാമത്തെ ഖിലാഫത്ത് കോണഫറൻസ് സമ്മേളിച്ചപ്പോൾ ചെയർമാനായി തിരഞ്ഞെടുത്തത് ഗാന്ധിജിയെയായിരുന്നു. 1920 ജൂൺ 14 ന് മഹാത്മ ഗാന്ധിയും മൗലാനഷൗക്കത്ത് അലിയും കോഴിക്കോട് ഒരുമിച്ചു വരികയും ഖിലാഫത്ത് പ്രസ്ഥാനത്തെ പറ്റി പ്രസംഗിച്ച് ജനങ്ങളെ ആവേശഭരിതരാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മലബാറിലുടനീളം ഖിലാഫത്ത് കമ്മിറ്റികൾ രൂപം കൊണ്ടു.

ഇക്കാലത്ത് മലബാറിൽ ചില കടുത്ത കുടിയാൻ മർദ്ദന സമ്പ്രദായം ഉണ്ടായിരുന്നു. അതിൽ അതിദുസ്സഹമായത് മേൽചാർത്ത് സമ്പ്രദായമായിരുന്നു. കുറച്ചു കാശ് വാങ്ങിയിട്ട്ഒരു തുണ്ടു ഭൂമി 12 കൊല്ലത്തേക്ക് ജന്മി ഒരു കുടിയാനെ ഏൽപ്പിച്ചു കൊടുക്കുന്നു. 12കൊല്ലം കഴിയുമ്പോൾ ഭൂമി ഈ കുടിയാനു തന്നെ ചാർത്തികൊടുക്കണമെന്നില്ല, ജന്മിക്ക് ഇഷ്ടമുള്ള ആർക്കും കൊടുക്കാം. അതിന് നിയമതടസ്സമില്ല. ആദ്യത്തെ കുടിയാൻ വെച്ചുണ്ടാക്കിയ ഫലവൃക്ഷങ്ങളും വെട്ടിയ പുരയും മതിലുമെല്ലാം കൈവിട്ടു കൊണ്ട്അവനും കുടുംബവും കണ്ണീരോടെ ഇറങ്ങിപോവണം. ഒഴിപ്പിക്കപ്പെട്ട കുടിയാൻമാരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു. ഇക്കാരണത്താൽ സ്വാതന്ത്ര്യസമരത്തിന്റെ തിരക്കുകൾക്കിടയിൽ ഹിന്ദു ജന്മിമാരും മുസ്ലീം കുടിയാൻമാരും തമ്മിൽ ചില സംഘട്ടനങ്ങൾ വണ്ടൂരിലും നടന്നു. യഥാർത്ഥത്തിൽ ഹിന്ദു-മുസ്ലീം വർഗ്ഗീയ സംഘട്ടനമെന്നല്ല, ജന്മി-കുടിയാൻ സംഘട്ടനം എന്നാണ് പറയേണ്ടത്.

ഖിലാഫത്ത് പ്രവർത്തനം വണ്ടൂരിൽ

1920ൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും മൊയ്തു മൗലവിയും ഖിലാഫത്തിന്റെ പ്രചാരകരായി വണ്ടൂരിൽ വന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സെക്രട്ടറിയായി മലബാർ ഖിലാഫത്ത് കമ്മിറ്റി രൂപീകരിച്ചു. കട്ടിലശ്ശേരി മുഹമ്മദ് മൗലവിയായി പ്രസിഡൻറ്. എം. ഡി. നാരായണമേനോൻ, പൂഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി, കെ. മാധവൻനായർ, യു. ഗോപാലൻ മേനോൻ തുടങ്ങിയവർ ഖിലാഫത്ത് പ്രവർത്തനത്തിൽ സഹായിച്ചു. ഖിലാഫത്ത് പ്രവർത്തകരുടെ പേരിൽ ബ്രിട്ടീഷുകാർ കള്ളക്കേസുകൾ എടുക്കാൻ തുടങ്ങി. കേരളാപ്രദേശ് കോൺഗ്രസ് നേതാക്കളുടെ ആഹ്വാനം പ്രകാരം ഏറനാട്ടിലെ മാപ്പിളമാരുടെ സജീവപങ്കാളിത്തം കൊണ്ട് ഖിലാഫത്ത് പ്രക്ഷോഭം കരുത്താർജ്ജിച്ച് ഒരു പ്രക്ഷുബ്ദ സന്ദർഭത്തിൽ ബ്രിട്ടീഷ് പട്ടാളം അക്രമത്തിനൊരുങ്ങി വന്നപ്പോൾ മാപ്പിളർ ആത്മരക്ഷക്ക് വേണ്ടി നടത്തിയ പ്രത്യാക്രമണമാണ് ഒരർത്ഥത്തിൽ 1921ലെ മലബാർ കലാപമായി മാറിയത്.

കലാപം വ്യാപിക്കുന്നു

വണ്ടൂരിനടുത്ത പാണ്ടിക്കാട് നെല്ലിക്കുത്ത് സ്വദേശിയായ വാരിയൻക്കുന്നത്ത് കുഞ്ഞമുഹമ്മദ് ഹാജിയും ചെമ്പ്രശ്ശേരി തങ്ങൾ തുടങ്ങിയവരും നയിച്ച മലബാർ കലാപം വണ്ടൂരിലേക്കും വ്യാപിച്ചു. 1921 ആഗസ്റ്റ് മാസം 21ന് ഖിലാഫത്തിന്റെയും കോൺഗ്രസ്സിന്റെയും നേതാക്കളായിരുന്ന എം.പി. നാരായണമേനോനും കട്ടിലശ്ശേരി മൗലവിയും വണ്ടൂർ പഴയ ജുമാ അത്ത് പള്ളി മുറ്റത്ത് പ്രസംഗിച്ചതായി പൊലീസ്സ്റ്റേഷൻ രേഖ

കളിൽ കാണുന്നു. ബ്രിട്ടീഷ് സർക്കാറിന്റെ ക്രൂരനടപടിക്കെതിരെ ശാന്തമായി മാത്രമേ പ്രതികരിക്കാവൂ എന്നാണ് അവർ പ്രസംഗിച്ചത്. എന്നാൽ ജനങ്ങൾ ശാന്തരാകാതെ ഖിലാഫത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പിറ്റേന്ന് പൊലീസ് സ്റ്റേഷനിലേക്ക് ജാഥകൾ നടത്തി. 1920 ആഗസ്റ്റ് 20ന് തിരൂരങ്ങാടിയിൽ പൊട്ടിപുറപ്പെട്ടകലാപം മൂർഛിച്ചു. 1921 സെപ്തംബറിൽ കലാപത്തിന്റെ നായകമായിരുന്ന കുഞ്ഞഹമ്മദ്ഹാജി വണ്ടൂർ സബ്റജിസ്റ്റാർ ഓഫീസ്, വില്ലേജ് ഓഫീസ്, പൊലീസ് സ്റ്റേഷൻ എന്നിവയിലെ റിക്കാർഡുകൾ ചുട്ടുനശിപ്പിക്കാൻ വണ്ടൂർ ബസാറിൽ പ്രസംഗിച്ചതായിസ്റ്റേഷൻ രേഖകളിലുണ്ട്. ഇതിന്റെ പിറ്റേ ദിവസം സബ്റജിസ്റ്റർ ഓഫീസും, പൊലീസ്സ്റ്റേഷനും ചാത്തങ്ങോട്ടുപുറത്തു നിന്നു വന്ന ഒരു വിഭാഗം ആളുകൾ തീവെച്ച് നശിപ്പിച്ചു. ബ്രിട്ടീഷ് പട്ടാളം കലാപത്തെ ക്രൂരമായി നേരിടാൻ തുടങ്ങി. ടി.ബി. വളപ്പിൽ സ്ഥാപിച്ച പീരങ്കിയിൽ നിന്ന് മുഴങ്ങിയ വെടിയൊച്ചകൾ വണ്ടൂരങ്ങാടിയെ നടുക്കി. പ്രബലകുടുംബങ്ങൾ പലതും ബസാറിൽ നിന്ന് ഉൾപ്രദേശങ്ങളിലേക്ക് താമസം മാറ്റി. വണ്ടൂർ ടി.ബി. കേന്ദ്രീകരിച്ച് പട്ടാളം ലഹള അടിച്ചമർത്താൻ തുടങ്ങി. പട്ടാളം സംഹാരതാണ്ഡവമാടി. അവർ സ്ത്രീകളെ മാനഭംഗപ്പെടുത്തി. മാപ്പിള യുവാക്കളെ കൂട്ടത്തോടെ ടി.ബി. കോമ്പൗണ്ടിൽ തടവിലാക്കി പട്ടിണിക്കിട്ടു. പിന്നീട് ബല്ലാരി, തഞ്ചാവൂർ, വെല്ലൂർ ജയിലുകളിലേക്ക് കൊണ്ടുപോയി. സ്ത്രീകളെയും കുട്ടികളെയും ഭീഷണിപ്പെടുത്തി കലാപം ക്രൂരമായി അടിച്ചമർത്താൻ തുടങ്ങി.

നടുവത്ത് മന ആക്രമണം

കലാപകാരികളുടെ പ്രവർത്തന മേഖല വണ്ടൂർ, പാണ്ടിക്കാട്, തുവ്വൂർ, കാളികാവ് പ്രദേശങ്ങളായതിനാൽ ജന്മി കുടുംബങ്ങളിൽ നിന്ന് തോക്കും കലാപകാരികൾക്കുള്ള ഭക്ഷണസാമഗ്രികളും ശേഖരിക്കാനുള്ള ശ്രമങ്ങൾ വണ്ടൂരിൽ ധാരാളം നടന്നു. കാളികാവിലെ വലിയ ധൈര്യശാലിയായി അറിയപ്പെട്ടിരുന്ന ഹാജിയുടെ നേതൃത്വത്തിൽ കലാപക്കാർ നടുവത്ത് മനക്കിലേക്ക് ചെല്ലുകയുണ്ടായി. മാപ്പിളകവി പുലിക്കോട്ടിൽ ഹൈദർ സാഹിബ് അന്ന് നടുവത്ത് മനക്കിലെ കാര്യസ്ഥനായിരുന്നു. മാപ്പിള പാട്ട് രചനയും മനക്കലിലെ കാര്യസ്ഥപണിയും സിവിൽ കോടതിയിൽ മനക്കിലെ കേസുകളുടെ നടത്തിപ്പുമായി നടക്കുകയായിരുന്ന ഹൈദർ. മുള്ളൻമമ്മദ് ഹാജിയുടെ നേതൃത്വത്തിൽ 200 പേരടങ്ങുന്ന സംഘം നടുവത്ത് മന ആക്രമിക്കാൻ വന്നു. തന്റെ ആത്മമിത്രമായ പുലിക്കാട്ടിൽ ഹൈദർ മനയുടെ പടിപ്പുരക്കൽ കാവൽ നിൽക്കുന്നതു കണ്ട് മുള്ളൻ ഹാജി അമ്പരന്നു. ''മുള്ളനാളീ.. ഖിലാഫത്ത് വാളണ്ടിയർമാക്ക് പലപ്പോഴുംഅരിയും നാളികേരവും വെള്ളി ഉറുപ്പികയും കൊടുക്കുന്ന വലിയ തമ്പുരാനെ കൊല്ലരുത്, കൊല്ലണമെങ്കിൽ ആദ്യം എന്നെ വെടിവെയ്ക്കൂ..'' എന്ന് പറഞ്ഞ് ഹൈദർ മാറ്കാട്ടി കൊടുത്തു. അവസാനം മനയ്ക്കിലുണ്ടായിരുന്ന നാലു തോക്കെടുത്ത് തമ്പുരാൻ മുള്ളൻഹാജിക്ക് കൊടുത്തു. അക്രമം ഉപേക്ഷിച്ച് മുള്ളൻഹാജിയും സംഘവും സ്ഥലംവിട്ടു. ഒമ്പത് മാസത്തേക്ക് മനയിൽ നിന്ന് നമ്പൂതിരിപ്പാടും കുടുംബവും തളിപ്പറമ്പിൽപോയി താമസിച്ചു.

അവർ തിരിച്ചു വരുന്നതു വരെ മന നോക്കി നടത്തിയിരുന്നത് ഹൈദരായിരുന്നു. ഈ സംഭവങ്ങളെല്ലാം നടുവത്ത് മനക്കിലെ വലിയ കുമ്പൻ നമ്പൂതിരിപ്പാട് ഇന്നും വ്യക്തമായി ഓർമ്മിക്കുന്നു.

വെള്ളയ്ക്കാട്ട് മനക്കിലേക്ക്

ഇതുപോലെ, ലഹളക്കാരായ കുഞ്ഞഹമ്മദ് ഹാജിയും ശിഷ്യനായ മുള്ളൻഹാജിയും വെള്ളയ്ക്കാട്ട് മനയ്ക്കൽ ദാമോദരൻ നമ്പൂതിരിപ്പാടിന്റെ (വി.എം.എസ്) അടുത്ത് ചെന്ന്നെല്ലും പണവും ചോദിക്കുകയുണ്ടായി. രണ്ടു തവണ 200ലധികം മാപ്പിളമാർ അന്ന്അവിടെ ചെന്നു. ആശ്രിതൻമാരായ എടപ്പെറ്റ ചേക്കുവും അലവിയും മീശപിരിച്ച്നെഞ്ചും വിടർത്തി മനയുടെ പടിപ്പുരയിൽ കത്തിയും പിടിച്ച് നിന്നുകൊണ്ട് പറഞ്ഞു. ''ജീവനിൽ കൊതിയുണ്ടെങ്കിൽ മടങ്ങി

1922 ജനുവരി 6ന് കാളികാവ് പോലീസ് സ്റ്റേഷനിൽ ഹാജരാവുകയും ചെയ്തു. അവരെ അറസ്റ്റ് ചെയ്ത് അന്നു തന്നെ വണ്ടൂർ ടി.ബി.യിൽ കൊണ്ടുവന്നു. ചങ്ങലുയും കൈയാമവും ധരിപ്പിച്ച് മലപ്പുറത്തേക്ക് നടത്തികൊണ്ടുപ്പോയി. അതുകാണാൻ നിരത്തു വഴികളിൽ നാനാജാതി മതസ്ഥരായ ജനങ്ങൾ കൂട്ടംകൂട്ടമായി നിന്നിരുന്നു. ഹാജിയാരും തുക്ടികച്ചേരിയിൽ വെച്ച് മാർഷ്യൽലോ കോടതി, സമ്മറിയായി വിചാണ ചെയ്യുകയും വെടിവെച്ചു കൊല്ലുവാൻ വിധിക്കുകയും ചെയ്തു. കോട്ടക്കുന്നിന്റെ വടക്കേ ചെരിവിൽ വെച്ച് 1922 ജനുവരി 20-10 തീയ്യതി വിധി നടപ്പിലാക്കി എന്ന് മാധവൻ നായരുടെ മലബാർ കലാപത്തിൽ കാണുന്നു. ഈ ഐതിഹാസിക സംഭവങ്ങൾക്കെല്ലാം വണ്ടൂരും സാക്ഷിയാണ്.

ചാത്തങ്ങോട്ടു പുറത്തു നിന്ന് പൊറ്റിയിൽ കോയ മുസ്ലിയാരും പാണ്ടിക്കാട് ഭാഗത്ത് ഖിലാഫത്ത് പ്രവർത്തകരും കൂട്ടമായി വണ്ടൂർ രജിസ്ട്രാഫിസിനുള്ളിലേക്ക് തള്ളിക്കയറിഇതു കണ്ടു നിന്ന ഏലാട്ടുപറമ്പൻ പക്കർ കാക്ക ഓടി വന്ന് ഹെഡ് ക്ലർക്ക് ശങ്കരൻ കുട്ടിനായരെ ഓഫിസിന്റെ പിൻവശത്തേക്ക് വലിച്ചു കൊണ്ടുപോയി. റിക്കാർഡ് റൂമിന്റെ താക്കോൽ വാങ്ങി പക്കർ കാക്ക ശങ്കരൻകുട്ടി നായരോട് ഓടി രക്ഷപ്പെട്ടുകൊള്ളാൻ പറഞ്ഞു. താക്കോൽ കോയ മുസ്ല്യാർക്കും സംഘത്തിനും കൊടുത്തു. വെള്ളക്കാരന്റെ ചെരുപ്പു നക്കികളായ ജന്മിമാർ അന്യായമായി കൈവശം വെച്ചിരിക്കുന്ന ഭൂമികളുടെ രേഖകൾ നശിച്ചു വെണ്ണീറാകട്ടെ" എന്നു മുദ്രാവാക്യം മുഴക്കിക്കൊണ്ട് റിക്കാർഡ് റൂം തുറന്ന് എല്ലാ ആധാരങ്ങളും രേഖകളും രജിസ്ട്രാഫീസിമു മുമ്പിൽ കൊണ്ടുവന്ന് തക്ബീ മുഴക്കിക്കൊണ്ട് തീ കൊടുത്ത് ചുട്ടു ചാമ്പലാക്കി. തക്ബീർ വിളിച്ചുകൊണ്ടുതന്നെ അവർ മടങ്ങിപോവുകയും ചെയ്തു.

കലാപം ചില വ്യത്യാസ ചിത്രങ്ങൾ

വണ്ടൂർ രജിസ്ട്രാഫീസിലെ ശിപായി പി. പി. സുലൈമ്മാൻ, മഞ്ചേരി ട്രഷറിയിൽ പണമടയ്ക്കാൻ പോവുകയായിരുന്നു. പൂക്കോട്ടൂരിൽനിന്നും ആയുധമേന്തി നിലമ്പൂർ കോവിലകത്തേക്ക് മാർച്ച് ചെയ്യുകയായിരുന്ന കലാപകാരികൾ സുലൈമാനെ വഴിയിൽവെച്ചു കണ്ട് തടഞ്ഞു നിർത്തി. അവരെക്കണ്ട വിവരം ആരോടും പറയുരുതെന്ന് പറഞ്ഞു. സുലൈമാൻ കണ്ടത് ആരോടും പറയുന്ന കൂട്ടത്തിലായിരുന്നു. ജീവനുണ്ടെങ്കിൽ പറയും' എന്നായി സുലൈമാൻ. അപ്പോൾ ലഹളക്കാർ സുലൈമാന്റെ നാവരിഞ്ഞു. പതറാതെ നിന്ന സുലൈമാൻ വിവരമറിയിക്കുമെന്ന് ആംഗ്യത്തിലൂടെവീണ്ടും കാണിച്ചു. അപ്പോൾ അവർ സുലൈമാനെ കൈയ്യും കാലും അറുത്തു കൊന്നു. സുലൈമാന്റെ മകനായ സുലൈയെ പിന്നീട് റജിസ്ട്രാഫീസിലെ ശിപായിയായി നിയമിച്ചിരുന്നു.

കാലാപത്തിൽ പങ്കെടുത്തിട്ടില്ലാത്ത കവി നെച്ചിക്കാടൻ കുഞ്ഞഹമ്മദ് മാസ്റ്ററെ പോലീസുകാർ കുതന്ത്രം ഉപയോഗിച്ച് തടവിലാക്കി. വണ്ടൂരിലെ ഒരു നായർ ജന്മിയെക്കൊണ്ടാണ് മാസ്റ്റർ രാജ്യദ്രോഹം ചെയ്യുന്നതായി ഒരു ഹരജി നിർബന്ധിച്ച്എഴുതി വാങ്ങിച്ചത്. പോലിസുകാരെ വിമർശിച്ചതിനുള്ള പ്രതികാരമായിരുന്നു ഇത് എന്ന് ദ' രായിൻ പറയുന്നു. ബല്ലാരി ജയിലിൽ തടവുക്കാരനായിരുന്ന അദ്ദേഹമാണ് സുഹൃത്തായ പുലികോട്ടിൽ ഹൈദരിന് അദ്ദേഹവും കുടെയുള്ള വണ്ടൂർക്കാരും അനുഭവിച്ച ക്രൂരമായ പീഢാനുഭവങ്ങൾ ജയിലിൽവെച്ച് രചിച്ച മാപ്പിളപ്പാട്ടു രൂപത്താൽ അയച്ചുകൊടുത്തത്.

വാഗൺ ട്രാജഡിയിൽ മരിക്കാതെ രക്ഷപ്പെട്ട വണ്ടൂർക്കാരാണ് മധുരക്കറിയൻ ചേക്കു. അദ്ദേഹത്തിന്റെ പുറത്ത്, കാറ്റു കടക്കാത്ത വാഗണിൽ പപലരും ശ്വാസം കിട്ടാതെ പിടഞ്ഞു മരിക്കുമ്പോൾ വാഗണിന്റെ നിലത്ത് കമിഴ്ന്ന് കിടന്ന് ഒരു ആണി പോയ ഭാഗത്ത് മൂക്കിന്റെ ഒരു ദ്വാരം വെച്ച് തിരൂർ മുതൽ പോത്തനൂർ വരെ അദ്ദേഹം ജീവൻ നിലനിർത്തി. എന്ന് ദരായിൻ പരയുന്നു. തടവുക്കാരെ പുറത്തിറക്കിയപ്പോൾ ചേക്കുവിന് ബോധം ഉണ്ടായിരുന്നില്ലെങ്കിലും ജീവൻ പോയിരുന്നില്ല. ജയിൽ വിമോജിതനായ ശേഷംഒരു പാടു കാലം ചേക്കു വണ്ടൂരിൽ ജീവിച്ചു. വണ്ടൂരിലെ മണ്ണിക്കൊടവൻ കുടുംബത്തി

1922 ജനുവരി 6ന് കാളികാവ് പോലീസ് സ്റ്റേഷനിൽ ഹാജരാവുകയും ചെയ്തു. അവരെ അറസ്റ്റ് ചെയ്ത് അന്നു തന്നെ വണ്ടൂർ ടി.ബി. യിൽ കൊണ്ടുവന്നു. ചങ്ങലയും കൈയാമവും ധരിപ്പിച്ച് മലപ്പുറത്തേക്ക് നടത്തികൊണ്ടുപ്പോയി. അതുകാണാൻ നിരത്തു വഴികളിൽ നാനാജാതി മതസ്ഥരായ ജനങ്ങൾ കൂട്ടംകൂട്ടമായി നിന്നിരുന്നു. ഹാജിയാരും തുക്കടികച്ചേരിയിൽ വെച്ച് മാർഷ്യൽലോ കോടതി, സമ്മറിയായി വിചാണ ചെയ്യുകയും വെടിവെച്ചു കൊല്ലുവാൻ വിധിക്കുകയും ചെയ്തു. കോട്ടക്കുന്നിന്റെ വടക്കേ ചെരിവിൽ വെച്ച് 1922 ജനുവരി 20-10 തീയ്യതി വിധി നടപ്പിലാക്കി എന്ന് മാധവൻ നായരുടെ മലബാർ കലാപത്തിൽ കാണുന്നു. ഈ ഐതിഹാസിക സംഭവങ്ങൾക്കെല്ലാം വണ്ടൂരും സാക്ഷിയാണ്.

ചാത്തങ്ങോട്ടു പുറത്തു നിന്ന് പൊറ്റിയിൽ കോയ മുസ്ലിയാരും പാണ്ടിക്കാട് ഭാഗത്ത് ഖിലാഫത്ത് പ്രവർത്തകരും കൂട്ടമായി വണ്ടൂർ രജിസ്ട്രാഫിസിനുള്ളിലേക്ക് തള്ളിക്കയറിഇതു കണ്ടു നിന്ന ഏലാട്ടുപറമ്പൻ പക്കർ കാക്ക ഓടി വന്ന് ഹെഡ് ക്ലർക്ക് ശങ്കരൻ കുട്ടിനായരെ ഓഫിസിന്റെ പിൻവശത്തേക്ക് വലിച്ചു കൊണ്ടുപോയി. റിക്കാർഡ് റൂമിന്റെ താക്കോൽ വാങ്ങി പക്കർ കാക്ക ശങ്കരൻകുട്ടി നായരോട് ഓടി രക്ഷപ്പെട്ടുകൊള്ളാൻ പറഞ്ഞു. താക്കോൽ കോയ മൂസ്യാർക്കും സംഘത്തിനും കൊടുത്തു. വെള്ളക്കാരന്റെ ചെരുപ്പുനക്കികളായ ജന്മിമാർ അന്യായമായി കൈവശം വെച്ചിരിക്കുന്ന ഭൂമികളുടെ രേഖകൾ നശിച്ചു വെണ്ണീറാകട്ടെ" എന്നു മുദ്രാവാക്യം മുഴക്കിക്കൊണ്ട് റിക്കാർഡ് റൂം തുറന്ന് എല്ലാ ആധാരങ്ങളും രേഖകളും രജിസ്ട്രാഫീസിനു മുമ്പിൽ കൊണ്ടുവന്ന് തക്ബീ മുഴക്കിക്കൊണ്ട് തീ കൊടുത്ത് ചുട്ടു ചാമ്പലാക്കി. തക്ബീർ വിളിച്ചുകൊണ്ടുതന്നെ അവർ മടങ്ങിപോവുകയും ചെയ്തു.

കലാപം ചില വ്യത്യാസ ചിത്രങ്ങൾ

വണ്ടൂർ രജിസ്ട്രാഫീസിലെ ശിപായി പി. പി. സുലൈമാൻ, മഞ്ചേരി ട്രഷറിയിൽ പണമടയ്ക്കാൻ പോവുകയായിരുന്നു. പൂക്കോട്ടൂരിൽനിന്നും ആയുധമേന്തി നിലമ്പൂർ കോവിലകത്തേക്ക് മാർച്ച് ചെയ്യുകയായിരുന്ന കലാപകാരികൾ സുലൈമാനെ വഴിയിൽവെച്ചു കണ്ട് തടഞ്ഞു നിർത്തി. അവരെക്കണ്ട വിവരം ആരോടും പറയുരുതെന്ന് പറഞ്ഞു. സുലൈമാൻ കണ്ടത് ആരോടും പറയുന്ന കൂട്ടത്തിലായിരുന്നു. ജീവനുണ്ടെങ്കിൽ പറയും' എന്നായി സുലൈമാൻ. അപ്പോൾ ലഹളക്കാർ സുലൈമാന്റെ നാവറുത്തു. പതറാതെ നിന്ന സുലൈമാൻ വിവരമറിയിക്കുമെന്ന് ആംഗ്യത്തിലൂടെവീണ്ടും കാണിച്ചു. അപ്പോൾ അവർ സുലൈമാനെ കൈയും കാലും അറുത്തു കൊന്നു. സുലൈമാന്റെ മകനായ സുലൈയെ പിന്നീട് റജിസ്ട്രാഫീസിലെ ശിപായിയായി നിയമിച്ചിരുന്നു.

കാലാപത്തിൽ പങ്കെടുത്തിട്ടില്ലാത്ത കവി നെച്ചിക്കാടൻ കുഞ്ഞഹമ്മദ് മാസ്റ്ററെ പോലീസുകാർ കുതന്ത്രം ഉപയോഗിച്ച് തടവിലാക്കി. വണ്ടൂരിലെ ഒരു നായർ ജന്മിയെക്കൊണ്ടാണ് മാസ്റ്റർ രാജ്യദ്രോഹം ചെയ്യുന്നതായി ഒരു ഹരജി നിർബന്ധിച്ച്എഴുതി വാങ്ങിച്ചത്. പോലിസുക്കാരെ വിമർശിച്ചതിനുള്ള പ്രതികാരമായിരുന്നു ഇത്. എന്ന് ദ' രായിൻ പറയുന്നു. ബല്ലാരി ജയിലിൽ തടവുക്കാരനായിരുന്ന അദ്ദേഹമാണ് സുഹൃത്തായ പുലിക്കോട്ടിൽ ഹൈദരിന് അദ്ദേഹവും കൂടെയുള്ള വണ്ടൂർക്കാരും അനുഭവിച്ച ക്രൂരമായ പീഢാനുഭവങ്ങൾ ജയിലിൽവെച്ച് രചിച്ച മാപ്പിളപ്പാട്ടു രൂപത്താൽ അയച്ചുകൊടുത്തത്.

വാഗൺ ട്രാജഡിയിൽ മരിക്കാതെ രക്ഷപ്പെട്ട വണ്ടൂർക്കാരാണ് മധുരക്കറിയൻ ചേക്കു. അദ്ദേഹത്തിന്റെ പുറത്ത്, കാറ്റു കടക്കാത്ത വാഗണിൽ പപലരും ശ്വാസം കിട്ടാതെ പിടഞ്ഞു മരിക്കുമ്പോൾ വാഗണിന്റെ നിലത്ത് കമിഴ്ന്ന് കിടന്ന് ഒരു ആണി പോയ ഭാഗത്ത് മൂക്കിന്റെ ഒരു ദ്വാരം വെച്ച് തിരൂർ മുതൽ പോത്തനൂർ വരെ അദ്ദേഹം ജീവൻ നിലനിർത്തി. എന്ന് ദരായിൻ പരയുന്നു. തടവുക്കാരെ പുറത്തിറക്കിയപ്പോൾ ചേക്കുവിന് ബോധം ഉണ്ടായിരുന്നില്ലെങ്കിലും ജീവൻ പോയിരുന്നില്ല. ജയിൽ വിമോജിതനായ ശേഷംഒരു പാടു കാലം ചേക്കു വണ്ടൂരിൽ ജീവിച്ചു. വണ്ടൂരിലെ മണ്ണിക്കൊടവൻ കുടുംബത്തി

ല ഏഴുപേർ വാഗൺ ട്രാജഡിയിൽ മരിച്ചിരു
തു.

മലബാർ കലാപത്തിൽ വണ്ടൂരിനോട് ബന്ധ
പ്പെട്ട സംഭവങ്ങൾ ചില സത്യങ്ങൾ വിളിച്ചു പറ
യുന്നു. ലഹളക്കാർ മുസ്ലീംങ്ങളെയും ഭീഷണി
പ്പെടുത്തിയിട്ടുണ്ട്: വധിച്ചിടുണ്ട്. ലഹളക്കാരിൽ
നിന്നും ഹിന്ദുക്കളെ മുസ്ലീങ്ങൾ രക്ഷപ്പെടുത്തി
യിട്ടുണ്ട്. വെറു വർഗ്ഗീയ ലഹളയായി മലബാർ
കലാപത്തെ കാണുന്നവർക്കുള്ള മറുപടി ഇവി
ടെയുണ്ട്.

1971ൽ മുഖ്യമന്ത്രി സി. അച്ച്യുതമേനോൻ
മലബാർ സമരവും പുന്നപ്ര-വയലാർ സമരവും
സ്വാതന്ത്ര്യസമരമായി അംഗീകരിക്കുകയും സമരം
നടത്തിയവർക്കും ആശ്രിതർക്കും സംസ്ഥാന ഗവ
ൺമെൻറിൻെറ പെൻഷനൻ നൽകുവാൻ തീരു
മാനിക്കുകയും ചെയ്തു. 1980 ജൂൺ 16-ാം
തിയ്യതി കേന്ദ്രസർക്കാറും മലബാർകലാപം
സ്വാതന്ത്ര്യസമരമായി അംഗീകച്ചു. ഇതുമൂലം
വണ്ടൂർ പഞ്ചായത്തിലെ 100ൽപ്പരം ആളുകൾക്ക്
സംസ്ഥാന ഗവൺമെൻറിൻെറയും കേന്ദ്രഗവ
ൺമെൻറിൻെറയും പെൻഷൻ ലഭിച്ചു വരുന്നു.

വിദ്യാലയങ്ങൾ ആരംഭിക്കുന്നു

മലബാർ കലാപത്തിൽ നിന്നും ബ്രിട്ടീഷ്
ഗവൺമെൻറ് ഒരു പാഠം പഠിച്ചു. മതപരമായി
ആദർശവും വൈകാരികതയും കൂടുതലായ മാപ്പി
ളമാർ കലാപങ്ങൾക്ക് അടിമപ്പെടാതിരിക്കാൻ
അവർക്ക് വിദ്യാഭ്യാസം നൽകി സംസ്ക്കാരസമ്പ
ന്നരാക്കി മാറ്റുക എന്നതായിരുന്നു അത്. ഇതത്ര
എളുപ്പമുള്ള കാര്യമായിരുന്നില്ല. അതിന് ബ്രിട്ടീ
ഷുകാർഒരു തന്ത്രം മെനഞ്ഞെടുത്തു. മദ്രസക
ളിലെ മൗലവിമാരെയും മൊല്ലാക്കമാരെയും ഉപ
യോഗപ്പെടുത്താൻ അവർ തീരുമാനിച്ചു. മാപ്പിള
മാർക്ക് സ്ക്കൂളിൽ വെച്ച് മലയാളലിപിയുടെ മതം
പഠിപ്പിക്കുകയെന്നതായിരുന്നു തന്ത്രം.

ഓത്തുപള്ളികളിലെ മൊല്ലാക്കമാരെ
കൊണ്ട് ഇത്തിരി മലയാളം അക്ഷരം കൂടി പഠി
പ്പിച്ച് ഗവൺമെൻറിൽ നിന്ന് ഗ്രാൻഡ് വാങ്ങി
കൊടുക്കുകയും ചെയ്തു. ഒടുവിൽ ഓത്തുപള്ളി
യുടെ പേർ എയ്ഡഡ് മാപ്പിള സ്ക്കൂൾ എന്നാക്കി
മാറ്റി. ഇന്ന് മലബാറിൽകാണുന്ന മുസ്ലീം സ്ക്കൂ
ളുകളിൽ ഒരമ്പതു ശതമാനമെങ്കിലും ഓത്തുപള്ളി
കൾ പരിവർത്തനം ചെയ്ത് സ്ക്കൂളാക്കിയതാണ്.

വി.എം.സി ഹൈസ്ക്കൂൾ

1948 വരെ വണ്ടൂരിൽ ഹൈസ്ക്കുൾ ഉണ്ടാ
യിരുന്നില്ല. അന്നത്തെ ഗവ.യു.പി സ്ക്കൂളായ
ബോർഡ് സ്ക്കൂളിൽ 8-ാം ക്ലാസ്സ് പാസ്സായാൽ
പഠിപ്പ് നിർത്തുകയായിരുന്നു പതിവ്. കഴിവുള്ള
വർ മലപ്പുറത്തുപോയി പഠിച്ചിരുന്നു. 1947ൽ
ആഗസ്റ്റ് 15-ാം തിയ്യതി നടന്ന സ്വാതന്ത്ര്യദിനാ
ഘോഷത്തിൻെറ ചിലവിൽ ബാക്കി വന്ന 18 രൂപ
മുടക്കു മുതലാക്കികൊണ്ട് ഒരു ഹൈസ്ക്കൂൾ
തുടങ്ങുന്നതിനേ പറ്റി വി.എം.സി ബട്ടതിരിപ്പാട്
ആലോചിച്ചു. നമ്പൂതിരിമാരുടെ ഒരു 7 അംഗക
മ്മിറ്റി രൂപീകരിച്ചു. നടുവത്ത് മനക്കൽ നമ്പൂതി
രിപ്പാട് (പ്രസിഡൻറ്), വി.എം.സി (സെക്രട്ടറി കം
കറസ്പോൻഡൻറ്), ചിത്രം നമ്പൂതിരിപ്പാട്, കെ.
വി. വാസുദേവൻ നമ്പൂതിരി (കിടങ്ങഴി മന),
യു.സി. നാരായണൻ നമ്പൂതിരിപ്പാട്, എം.എസ്.
നമ്പൂതിരിപ്പാട്, കരുമാരപ്പറ്റ നീലകണ്ഠൻ നമ്പൂ
തിരി, വാതിരിശ്ശേരി നമ്പൂതിരി എന്നിവരായിരു
ന്നു അംഗങ്ങൾ. സ്ക്കൂളിൻെറ അംഗീകാരത്തി
നുവേണ്ടി പല തവണ മദ്രാസ്സിൽ പോയി. 1948
ജൂലായ് 24-ാം തിയ്യതി 24 കുട്ടികളൊടെസ്ക്കൂൾ
ഷെഡ്ഡു കെട്ടി ആരംഭിച്ചു. 35,000 രൂപയും 10
ഏക്കർ സ്ഥലവും നൽകിയാൽസ്ക്കൂൾ ഏറ്റെടു
ക്കാമെന്ന് മലബാർ ഡിസ്ട്രിക് ബോർഡ് അറി
യിച്ചു. വി.എം.സിയുടെ ശ്രമഫലമായി കെ.വി.
വാസുദേവൻ നമ്പൂതിരിപ്പാട് 10 ഏക്കർ സ്ഥലം
സംഭാവന ചെയ്തു. തുക 24,000രൂപയാക്കി
ചുരുക്കി കൊടുത്തു. സ്ക്കൂൾ ആരംഭിച്ച് 4
വർഷത്തിനു ശേഷം ഡിസ്ട്രിക്ക് ബോർഡ് ഏറ്റെ
ടുത്തു. 1954 മുതൽ തന്നെ ഇപ്പോൾ നിൽക്കു
ന്ന സ്ഥലത്തേക്ക് മാറ്റിയിരുന്നു. 1955ൽ നാലു
കെട്ട് ബിൽഡിങ്ങ് 1990 മുതൽ ഈ സ്ക്കൂളിൽ
+2 കോഴ്സ് ഉണ്ട്.

ബോർഡ് സ്ക്കൂൾ ഗേൾസ് ഹൈസ്ക്കൂൾ
ആക്കുന്നു.

1919 മുതൽ വണ്ടൂർ പുളിക്കൽ 4-ാം ക്ലാസ്സു
വരെയുള്ള എൽ.പി.സ്ക്കൂൾ ഉണ്ടായിരുന്നു. ഹിന്ദു

സ്ക്കൂൾ എന്നായിരുന്നു ഇതിന്റെ പേർ. കെട്ടിടം പുതുക്കി നിർമ്മിക്കാൻ ഡിസ്ട്രിക്ക് ബോർഡ് ആവശ്യപ്പെട്ടപ്പോൾ കെട്ടിട ഉടമ തയ്യാറായില്ല. അതിനാൽ 1940 ൽഈ സ്ക്കൂൾ നിർത്തലാക്കി.

സ്ത്രീ വിദ്യാഭ്യാസം നിഷിദ്ധമായി കരുതിയിരുന്ന കാലത്ത് സ്ത്രീകളെ ആധുനിക വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കാൻ വേണ്ടി മലബാർ ഡിസ്ട്രിക്ക് ബോർഡിന്റെ 1930മുതൽ 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള ഒരു സ്ക്കൂൾ ടി.ബി. റോഡിലെ പള്ളി ഇടവഴിയിൽ നിലവിൽ വന്നു. ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് മറിയം മിസ് ആയിരുന്നു. വെള്ളക്കാച്ച്ധരിച്ച മുസ്ലീം വനിതയെ നാട്ടുകാർ അന്ന് അൽഭുതത്തോടെ നോക്കികണ്ടു. മതം പഠിപ്പിക്കാൻ വെള്ളാമ്പുറത്തു നിന്ന് തയ്യുമ്മയെയും കൊണ്ടു വന്നു. പെണ്ണ് സ്ക്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം 1947ൽ പൂക്കുളത്തിലേക്ക് മാറ്റി. ഈ സ്ക്കൂളിലെഎല്ലാ അധ്യാപകരും വനിതകളായിരുന്നു.

1918ൽ വണ്ടൂർ ടി.ബി. റോഡിലെ പഴയ ചന്തക്കുന്ന് റോഡിൽ പൂലാടൻ മൊയ്തീൻ എന്നഎളാപ്പ ഒരു മദ്രസ്സ തുടങ്ങി. നവോത്ഥാന പ്രസ്ഥാനമായ കേരളാ മുസ്ലിം ഐക്യ സംഘത്തിന്റെ പ്രവർത്തകനായിരുന്നു. മൊയ്തീൻ സാഹിബ്. 1926ൽ ഈ മദ്രസ്സക്ക് എൽ.പി. സ്ക്കൂൾ ആയി സർക്കാറിന്റെ അംഗികാരം ലഭിച്ചു. 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ഈ സ്ക്കൂൾ ഇപ്പോൾ മുജാഹിദ് പള്ളി മാനേജ്മെന്റിന്റെ കീഴിൽ നടന്നു വരുന്നു. മദ്രസ്സ എ. എം. എൽ.പി.സ്ക്കൂൾ എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂൾ 1921ലെ മലബാർ സമരത്തിന്റെ ഭാഗമായും ഉണ്ടായ പ്രത്യാഘാതങ്ങളും തരണം ചെയ്യുവാൻ ബ്രിട്ടീഷ് സർക്കാർ മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസം നൽകി സംസ്ക്കരിക്കുവാൻ, രൂപം നൽകിയ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചതാണ്.

റവ. ഓട്ടനും കരുണാലയ ഹോസ്പിറ്റലും

വണ്ടൂരിലെ പാദർ ഡാമായനായിരുന്നു റവ. ഓട്ടൻസായിപ്പും അദ്ദേഹം സ്ഥാപിച്ച കരുണാലയ ഹോസ്പിറ്റലും വണ്ടൂരിന്റെ ആരോഗ്യരംഗത്ത് ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉണ്ടാക്കി. ലൂഥരൻ മിഷന്റെ ഭാരവാഹികൾ റവ. ഹെൻറി ജെ. ഓട്ടനോടൊപ്പം ആശുപത്രി സ്ഥാപിക്കുവാൻ യോജിച്ച ഒരു സ്ഥലം അന്വേഷിച്ച് 1951ൽ പൂല്ലങ്കോട് എസ്റ്റേറ്റിലെത്തി. അവരുടെ നിർദ്ദേശ പ്രകാരം പൊലീസ് സ്റ്റേഷന്റെ മുമ്പിലുള്ള കെട്ടിടം വാടകക്ക് എടുത്ത് അവിടെയാണ് ഹോസ്പിറ്റൽ തുടങ്ങിയത്. 1952ൽഏപ്രിൽ 3-ാം തിയ്യതി 'കരുണാലയ ഹോസ്പിറ്റൽ' ഉൽഘാടനം ചെയ്തു. ഓട്ടിന്റെ ഭാര്യ പരിശീലനം സിദ്ധിച്ച ഒരു 'ബാക്ടീരിയോളജിസ്റ്റ്' ആയിരുന്നു. റവ. ഓട്ടൻ നാഷണൽക്രിസ്ത്യൻ കമ്മിറ്റിയോ റിലീഫ് ചർച്ച് വേൾഡ് സർവ്വീസ് ആൻറ് ലൂഥരൻ വേൾഡ് റിലീഫ്എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പാൽപ്പൊടി, ചീസ്, ഗോതമ്പ്, അരി, കമ്പപ്പൊടിഎന്നിവ വരുത്തി പഞ്ഞമാസങ്ങളിൽ പാവങ്ങൾക്ക് വിതരണം ചെയ്തു. ആദ്യം മടിച്ചു നിന്നെങ്കിലും പിന്നെ പിന്നെ സ്ത്രീകളും ആശുപത്രിയിലേക്ക് വന്നു. തിരവല്ല സ്വദേശിനിയായ ഡോ. മേരി എബ്രഹാം ആദ്യത്തെ ലേഡി ഡോക്ടറായിരുന്നു. വണ്ടൂർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ കെ.വി. ദേവസ്യ മാസ്റ്ററുടെ സഹായത്തോടെ മിസ്റ്റർ ഓട്ടൻ മലയാളം പഠിച്ചു. കെ.വി. നമ്പൂതിരിപ്പാടിൽ നിന്നും 7.85 ഏക്കർ സ്ഥലം വാങ്ങി 1954ആഗസ്റ്റ് 29-ാം തിയ്യതി ഇന്നു നിൽക്കുന്ന സ്ഥലത്ത് ആശുപത്രി പ്രവർത്തനം ആരംഭിച്ചു. അന്ന് ജനസംഖ്യയിൽ 61%ത്തിനും ക്ഷയ രോഗം ബാധിച്ചിരുന്നവെന്ന് വിശദമായ പരിശോധനയിൽ കണ്ടെത്തി. മി. ഓട്ടന്റെ പരിശ്രമ ഫലമായി അമേരിക്കയിൽ നിന്നും ക്ഷയ രോഗികൾക്ക് ഭക്ഷണം, മരുന്ന് എന്നിവ സൗജന്യമായി നൽകുകയും വീടുകളിൽ പോയി പരിശോധിച്ച് മരുന്നും ഇഞ്ചക്ഷനും നൽകുകയും ചെയ്തു. ക്ഷയരോഗത്തിനെതിരെഅദ്ദേഹം നടത്തിയ തീവ്രയജ്ഞം നിമിത്തമാണ് വണ്ടൂർ ക്ഷയ രോഗ വിമുക്തമാവുന്നത്. ആശുപത്രിയിൽ വെച്ചുള്ള പ്രസവം നാട്ടുകാരെ പഠിപ്പിച്ചത് കരുണാലയയിലെ റവ. ഓട്ടനുമാണ്. പാമ്പു വിഷമേറ്റവർക്ക് ആശുപത്രി ചികിൽസ ഏർപ്പെടുത്തിയതും കരുണാലയയിലാണ്. പഞ്ഞ മാസങ്ങളിൽ ഗോതമ്പും പാൽപ്പോടിയും വിതരണം

ചെയ്ത്പട്ടിണി പാവങ്ങളെ സഹായിച്ചതിനു പുറമേ കമ്പിളി വസ്ത്രങ്ങളും കൊടുത്തിരുന്നത് പലരും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. 50കളുടെ ആദ്യത്തിൽ ചീഞ്ഞളിഞ്ഞ കാലുകളുമായി വന്നിരുന്ന രോഗികളുടെ വ്രണങ്ങൾ വൃത്തിയാക്കി വെച്ചുകെട്ടി ഭേദമാക്കി തിരിച്ചയക്കാറുള്ള മിസിസ്സ്. ഓട്ടന്റെ സേവനം നാട്ടുകാരുടെ സ്മരണയിൽ ഇന്നുമുണ്ട്. 1963ൽ ചുറ്റുമുള്ള കുറച്ചു സ്ഥലം കൂടി വാങ്ങി ഉഭഛം സൗകര്യങ്ങളും ഓപ്പറേഷൻ തിയ്യേറ്ററും കൂടുതൽ കിടക്കകളുമായി ആശുപത്രിയിലെ സൗകര്യം വർദ്ധിപ്പിച്ചു. ഓട്ടൻ സായിപ്പിന്റെ അന്ത്യാഭിലാഷപ്രകാരം ആശുപത്രി കോംമ്പോണ്ടിലുള്ള പള്ളിയിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്. അദ്ദേഹത്തിന്റെ ഭാര്യയും അവിടെത്തന്നെയാണ് അന്ത്യവിശ്രമം കൊള്ളുന്നത്.

ആരാധനാലയങ്ങൾ

വണ്ടൂർ അമ്പലപ്പടിയിലെ ശിവക്ഷേത്രം സാമൂതിരിയുടെ പതിനെട്ടരക്കാവിൽ പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. ധാരാളം ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു. പുരാതന ക്ഷേത്രമാതൃകയിൽ വർത്തുളാകാരത്തിൽ നിർമ്മിച്ച ശ്രീ കോവിലിൽ കൈലാസനാഥനായശ്രീ. പരമേശ്വരൻ കുടികൊള്ളുന്നു. സമീപം വിഷ്ണു ക്ഷേത്രവും ഗണപതി പ്രതിഷ്ഠയുമുണ്ട്. പ്രവേശന മാർഗ്ഗത്തിൽ വലതു ഭാഗത്ത് "വേട്ടക്കൊരു മകൻ" പ്രതിഷ്ഠ. നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന ഈ ക്ഷേത്രത്തിന്റെ പൂർവ്വകാല ചരിത്രത്തെ പറ്റി വളരെ കുറച്ച് അറിവു മാത്രമേ ഉള്ളൂ. കൊല്ല വർഷം 1036ൽ ക്ഷേത്രത്തിന്റെ എല്ലാ അവകാശങ്ങളും കരുമാനപറ്റ, കടവത്ത്, പുല്ലൂർ എന്നീ ഇല്ലക്കാർക്ക് കരാർ പ്രകാരം കൈമാറിയതായി രേഖകളിൽ നിന്ന് മനസ്സിലാകുന്നു. 74വർഷം മുമ്പ് നമ്പീതിരിമാർ ഇവിടെ പ്രശസ്തമായ 'വേദഘോഷം' നടത്തിയിരുന്നത്രേ. ഇപ്പോൾ വർഷംതോറും ശിവരാത്രി ആഘോഷങ്ങളും പാട്ടുൽസവവും ഭംഗിയായിനടത്തി വരുന്നു. പതിനെട്ടരകാവിൽ ഉൾപ്പെട്ട കാപ്പിൽ ക്ഷേത്രവും പ്രശസ്തമായ നിലയിൽനടന്നു വരുന്നു. കുറ്റിയിൽ (കരിമ്പട്ടി) അയ്യപ്പക്ഷേത്രം, മേലേമഠം അയ്യപ്പക്ഷേത്രം ഇവയും വാണിയമ്പലം ബാണാപുര ക്ഷേത്രവും നൂറ്റാണ്ടുകളുടെ പഴക്കമുള്ളവ തന്നെ. 80 ഏക്കർ വിസ്തീർണ്ണത്തിൽ ഉയർന്നു പരന്നു കിടക്കുന്ന, വണ്ടൂരിന്റെ എവറെസ്റ്റായി അറിയപ്പെടുന്ന വാണിയമ്പലം പാറയുടെ മുകളിൽ ചെങ്കല്ലു കൊണ്ടു പടുത്ത ക്ഷേത്രമാണിത്. ഭഗവതിത്രിപുര സുന്ദരി പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്നതായാണ് പ്രതിഷ്ഠ. പാറ മുകളിലെ കുളംഒരു കാലത്തും വറ്റാറില്ല. പ്രകൃതി സുന്ദരമായ ഈ സ്ഥലം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കാൻ പോന്നതാണ്.

കറളിക്കാട്ടിൽ തണ്ടുപാറയ്ക്കൽ മൂസ്സകുട്ടി അധികാരിയും പിതാവ് വലിയ ഹൈദർഹാജിയും സ്ഥലം നൽകി 150ഓളം വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതാണത്രേ ജുമാഅത്ത് പള്ളിയും കബർസ്ഥാനവും. വണ്ടൂരിലെ പഴക്കമുള്ള മുസ്ലീം ആരാധനാലയമാണിത്. 70 വർഷങ്ങൾക്കു മുമ്പാണ് അറേബ്യൻ ശില്പകലയുടെ മനോഹാരിതയിൽ കടഞ്ഞെടുത്ത പ്രസംഗപീഠം നിർമ്മിച്ചത്. ആ ഹാളിൽ അറേബ്യയിലെ പള്ളികളെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ നാലു വലിയ ചിത്രതൂണുകൾ ഉണ്ട്. ഇത് വണ്ടൂരിലെ നാല് പ്രബല കുടുംബങ്ങൾ നിർമ്മിച്ച് ഘോഷയാത്രയായി കൊണ്ടുപോയി സ്ഥാപിച്ചതാണ്. കേരളത്തിനകത്തും പുറത്തും അറിയപ്പെട്ടിരുന്ന കെ.കെ. സദക്കത്തുള്ള മൗലവി 1948ൽഈ പള്ളിയിലെ ഖാസിയായിരുന്നു. അദ്ദേഹം ഒരു നല്ല നാടൻ ചികിൽസകനുമായിരുന്നു. 1952ൽ സ്ഥാപിക്കപ്പെട്ട മുജാഹിദ് പള്ളിയിലാണ് സ്ത്രീകൾ പ്രാർത്ഥനക്ക് വന്നു തുടങ്ങിയത്. 1990ൽ ഇസ്ലാമിക് മിഷൺ ട്രസ്റ്റ് സ്ഥാപിച്ചു ജുമാഅത്ത് പള്ളിയോടനുബന്ധിച്ച് ഒരു ലൈബ്രറിയും ഉണ്ട്. 1940ൽ വാണിയമ്പലം പഴയ ജുമാഅത്ത് പള്ളിയും ഖബറിസ്ഥാനും തുടങ്ങി. ഒരു ക്രിസ്ത്യൻ പള്ളിയുണ്ടാകുന്നത് 1964ൽ കരുണാലയ ആശുപത്രി കോംമ്പോണ്ടിലാണ്. ഇപ്പോൾ ഒരു പെന്തക്കോസ്ത്പള്ളിയും വണ്ടൂരിലുണ്ട്. വാണിയമ്പലത്തും ഒരു കത്തോലിക്ക ക്രിസ്തീയ ആരാധനാലയമുണ്ട്..

ആഴ്ച ചന്ത

വളരെ പ്രശസ്തമായ ഒരു ആഴ്ച ചന്ത വണ്ടൂരിലുണ്ടായിരുന്നു. 1895വരെ നിലമ്പൂർറോഡിലും പിന്നീട് 1958 വരെ പള്ളിക്കുന്നിലുമാണ് ഈ ചന്ത നടന്നിരുന്നത്. മലപ്പുറം, മഞ്ചേരി, നിലമ്പൂർ, കാളികാവ്, തുവ്വൂർ ഭാഗത്തുനിന്നെല്ലാം ചൊവ്വാഴ്ച ദിവസം ആളുകൾ ചന്തക്കെത്തിയിരുന്നു. അന്ന് വണ്ടൂരിൽ ഉൽസവ പ്രതീതിയായിരുന്നു. കുടുംബ ബന്ധങ്ങൾ പുതുക്കലും രാഷ്ട്രീയ ഒത്തു ചേരലുകളും തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും മധ്യസ്ഥത പറയലും കല്യാണങ്ങൾ ഉറപ്പിക്കലും മൊഴി ചൊല്ലലുമെല്ലാം ചൊവ്വാഴ്ചകളിലെ ചന്ത ദിവസമായിരുന്നു. ടെലിഫോണും പത്രങ്ങളും ഇല്ലാതിരുന്നഒരു കാലത്ത് കമ്മ്യൂണിക്കെഷൻ ഗ്യാപ്പ് നികത്തിയിരുന്നത് ആഴ്ചയിലൊരിക്കലെ ഈ കൂടിച്ചേരലുകളായിരുന്നു. 1958ൽ പടർന്നു പിടിച്ച വസൂരി രോഗം നിമിത്തം ഭയന്ന് അന്യനാടുകളിലെ കച്ചവടക്കാർ വണ്ടൂർ ചന്തയിലേക്ക് വരാതെയായി. ക്രമേണ ഈ ചന്ത പൂർണ്ണമായും ഇല്ലാതായി തീർന്നു.

പടാളിപ്പറമ്പ്

വണ്ടൂർ ടൗണിൽ നിന്നും ഒരു കിലോമീറ്ററകലെ നിലമ്പൂർ റോഡിൽ പുളിക്കലിന്റെ കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പടാളിപ്പറമ്പ് പഴയ നാടൻ കലകളുടെ സ്റ്റേഡിയമായിരുന്നു. കമ്പിളികുളത്തിങ്ങലുള്ള ദേവസ്വം വക പത്തായപുരയിൽ താമസിച്ചിരുന്ന അവിവാഹിതനായിരുന്ന ഒരു ദ്യോഗസ്ഥൻ ഒരു ആലും മാവും പ്ലാവുംഒഴിഞ്ഞ പറമ്പിൽ ഒരിടത്ത് ഒരുമിച്ച് നട്ടു. ദിവസവും തൊഴുത് മടങ്ങുമ്പോൾ വെള്ളം കൊണ്ടുവന്ന് ഒഴിച്ചു. അവ വലുതായപ്പോൾ ഒരു തറ കെട്ടി. പിന്നീട് ആ വൃക്ഷങ്ങളുടെ ചുവട്ടിൽ നാട്ടിലെ പകിടകളി, ഓണത്തല്ല് തുടങ്ങിയ നാടൻ കലകൾ അരങ്ങേറി. പകിടകളിക്ക് പ്രശസ്തമായപ്പോൾ അത് പകിടകളിപ്പറമ്പായി. പിന്നീട് പടാളിപ്പറമ്പായി.

ജൂപിറ്റർ ചിറ്റ്ഫണ്ട്സ്

ദക്ഷിണേന്ത്യ മുഴുവൻ വണ്ടൂറിന്റെ പേർ പ്രചരിപ്പിച്ച സ്ഥാപനമായിരുന്നു ജൂപിറ്റർ ചിറ്റ്സ്. 1967ൽ വണ്ടൂർ ഹെഡ് ഓഫീസായി ഈ ചിട്ടി കമ്പനി പ്രവർത്തനം ആരംഭിച്ചു. കേരളത്തിലെ 21 ബ്രാഞ്ചുകൾക്കു പുറമേ ബാംഗ്ലൂർ, മൈസൂർ, ഹുബ്ലി, മംഗലാപുരം, മദ്രാസ്സ്, കൊയമ്പത്തൂർ, സേലം, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ ഇതിന് ബ്രാഞ്ചുകളുണ്ടിയിരുന്നു. ആയിരത്തോളം ജോലിക്കാരുണ്ടായിരുന്ന ഈ സ്ഥാപനം 1977ൽ മാനേജ്മെൻറ് അനാസ്ഥ കൊണ്ട് പൂട്ടുകയാണുണ്ടായത്.

വണ്ടൂർ ടി.ബി

1921ന് മുമ്പു തന്നെ വണ്ടൂരിൽ ടി.ബി. പ്രവർത്തിക്കുന്നുണ്ട്. ബ്രിട്ടീഷുകാരുടെകാലത്ത് കലക്ടറും, അർ.ഡി.ഒ (തുക്ടി സായിപ്പ്) തുടങ്ങിയ ഉദ്യോഗസ്ഥൻമാർ വരുമ്പോൾ താമസിക്കാൻ 3 ഏക്കറ സ്ഥലത്ത് കിഴക്കേകുന്നിന്റെ മുകളിൽ സ്ഥാപിച്ച ടി.ബി. പലചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. മലബാർ കലാപം ഒതുക്കാൻ ബ്രിട്ടീഷുകാർ വണ്ടൂരിൽ കേന്ദ്രീകരിച്ചത് ഈ ടി.ബി. പരിസരത്തായിരുന്നു. നാലുഭാഗവും കിടങ്ങു കുഴിച്ച് അതിനടുത്ത് പീരങ്കികളും വെച്ച് പട്ടാളക്കാർ സമരക്കാരെ നേരിട്ടു. പീരങ്കി വെടിയേറ്റ് കലാപകാരികൾ പലരും മരിച്ചു വീണിട്ടുണ്ട്. പിൻകാലത്ത് പി.ഡബ്ലൂ.ഡി ഓഫീസുകൾ ഇവിടെ പ്രവർത്തിച്ചു തുടങ്ങി. അര ഏക്കർ ടെലിഫോൺ എക്സ്ചേഞ്ചിനും 5 സെൻറ് റൂറൽ ലൈബ്രറിക്കും സർക്കാർ പതിച്ചു കൊടുത്തു. 30 ലക്ഷംരൂപ ചിലവിൽ പുതിയ ടി.ബി. കെട്ടിടം നിർമ്മിക്കാൻ പി.ഡബ്ല്യൂ.ഡി ടെണ്ടർ ചെയ്തിട്ടുണ്ട്.

പൊലീസ് സ്റ്റേഷൻ

1891 മേയ് 11-ാം തിയ്യതി വണ്ടൂരിൽ പൊലീസ് സ്റ്റേഷൻ ആരംഭിച്ചു. 1924 മാർച്ച് 21ന് സർക്കിൾ ഓഫീസ് സ്ഥാപിച്ചു. 8.1.90 നാണ് പുതിയ കെട്ടിടം ഉൽഘാടനം ചെയ്തത്. വണ്ടൂരിലെ ചരിത്ര സംഭവങ്ങൾ പലതിനും സ്റ്റേഷൻ രേഖകളാണ് തെളിവുകൾ.

പോസ്റ്റോഫീസ്-റെയിൽവേ

1922 മാർച്ച് മാസം 30-ാം തിയ്യതി വണ്ടൂർ ബ്രാഞ്ച് പോസ്റ്റാഫീസ് ഇൻസ്പെക്ഷൻ നടത്തിയ

യി ബന്ധപ്പെട്ട റജിസ്റ്ററിൽ കാണുന്നു. 1951 സംബർ 1-ാം തിയ്യതിടെലിഗ്രാം സിസ്റ്റം നില ൽ വന്നു. 1945 ലാണ് സബ് പോസ്റ്റോഫീസ് യി ഉയർന്നത്. റെയിൽവേ യാത്രാ സൗകര്യ ങ്ങൾ വാണിയമ്പലത്തുണ്ടാവുന്നത് 1927 ലാണ്. 41 ൽരണ്ടാം ലോകമഹായുദ്ധകാലത്ത് പട്ടാള ങ്ങൾ പൊളിച്ചു നീക്കി. 1953ലാണ് വീണ്ടും ായിൽവേ ലൈൻ സ്ഥാപിച്ച് ഗതാഗതം പുന ാരംഭിച്ചത്.

ഗവ. ആശുപത്രി

1954ൽ ആറു കിടക്കകളോടു കൂടി ഗവ. ആശുപത്രി മഞ്ചേരി റോഡിൽ സ്ഥാപിതമായി. 1960 ൽ കർളിക്കാട്ടിൽ മൂസ്സകുട്ടി ഹാജി സംഭാ വന ചെയ്ത ഒരേക്കർ സ്ഥലത്തേക്ക് പുതിയകെട്ടിടം പണിത് ആശുപത്രി അങ്ങോട്ടു മാറി. ഇപ്പോൾ 5 ഡോക്ടർമാരും 2 ഫാർമസി സ്റ്റുകളും 2 ലാബ് ടെക്നീഷ്യൻമാരും ഉണ്ട്. 1985ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തപ്പെട്ടു. 1996 ഒക്ടോബറിൽ 3 മുറിക ളുള്ള ഒരു പേവാർഡ് പി.എ.കെകുടുംബം സൗജ ന്യമായി നിർമ്മിച്ചു നൽകിയിട്ടുണ്ട്.

മറ്റു ഗവ. ഓഫീസുകൾ

1956ൽ ബ്ലോക്കോഫീസിന് കേന്ദ്രമന്ത്രി എസ്.കെ. ഡേ ശിലാസ്ഥാപനം ചെയ്തു. 1960ൽ ഇപ്പോൾ നിലവിലുള്ള കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിച്ചു തുടങ്ങി. 1960ലാണ് ഫോറസ്റ്റ്റേഞ്ച് ഓഫീസ് സ്ഥാപിക്കപ്പെടുന്നത്. 1975ൽ എ.ഇ ഓഫീസ് നിലവിൽ വന്നു. വാട്ടർ അതോറിറ്റി യുടെ കീഴിൽ വണ്ടൂരിലും വാണിയമ്പലത്തും ശുദ്ധജല വിതരണ പദ്ധതികൾ 1954 ൽ ആരംഭി ച്ചു. 1991 ഒക്ടോബർ 18 മുതൽ ഐ.സി.ഡി. എസ്. പ്രോജക്ട് ഓഫീസും വണ്ടൂരിൽ പ്രവർത്തി ക്കുന്നുണ്ട്.

യത്തീംഖാനയും അറബികോളേജും

1964ൽ വണ്ടൂരിൽ ഒരു യത്തീംഖാന സ്ഥാ പിതമായി. 1973 മുതൽ ഒരു എൽ.പി. സ്ക്കൂളു മുണ്ട്. 1990ൽ കോക്കാടൻകുന്നിൽ 3 ഏക്കർ സ്ഥലം വാങ്ങി സലഫിയ ആർട്ട്സ്ആൻറ് അറബി കോളേജ് സ്ഥാപിച്ച് പ്രവർത്തിച്ചു തുടങ്ങി.

തീരാനഷ്ടം

1964ൽ മുഖ്യമന്ത്രി ആർ. ശങ്കരൻെറ ഭരണ കാലത്ത് കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളി ൽമാത്രം ജൂനിയർ കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചു. പ്രമുഖ സമുദായ പരിഷ്കർത്താ ക്കളായ ശ്രീ. സി.എൻ. അഹമ്മദ് മൗലവി വിദ്യാ ഭ്യാസവിചക്ഷണനായ ടി.പി. കുട്ടിഅയമ്മു സാഹിബും വണ്ടൂരിൽ വന്നു. വണ്ടൂർ ടി.ബിയി ൽ ചേർന്ന യോഗത്തിൽകാര്യം അവതരിപ്പിച്ചു. 25 ഏക്കർ സ്ഥലം വണ്ടൂർക്കാർ തരണം. യൂണി വേഴ്സിറ്റ് കെട്ടിവെക്കാനുള്ള പണവും ബിൽഡിങ്ങി നുള്ള ഫണ്ടും പുറമേ നിന്ന് ഉണ്ടാക്കി കൊള്ളാംഎന്നാണ് പറഞ്ഞിരുന്നത്. അന്ന് ഭൂപ രിഷ്ക്കരണ നിയമം നടപ്പായിരുന്നില്ല. ധാരാളം ഭൂസ്വത്തുക്കൾ ഉള്ള പ്രമാണികൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. ആരും സ്ഥലം കൊടുക്കാ ൻ തയ്യാറായില്ല. നിസ്സംഗതയോടെ ഇരുന്നു കള ഞ്ഞു. അതു കൊണ്ട് ആ കോളേജ് വണ്ടൂരിന് നഷ്ടപ്പെട്ടു. ഇന്നത്തെ മമ്പാട് കോളേജാണ് അത്. വിധിവൈപരീത്യമെന്നല്ലാതെഎന്തു പറ യാൻ ! ജന്മനാടിനോട് നന്ദികേടു കാട്ടിയ ആ പണക്കാരുടെയെല്ലാം ഭൂമി 1970ലെ ഭൂപരിഷ്ക്കര ണ നിയമത്തോടെ മിച്ചഭൂമിയായി സർക്കാറിൽ ലയിച്ചു. നഷ്ടപ്പെട്ട സ്ഥാപനം പിന്നീട് ലഭി ച്ചില്ല എന്ന് വിദ്യാഭ്യാസപ്രേമികളായ നാട്ടുകാർ കണ്ണീരോടെ ഓർക്കുന്നു. ഇതു പോലെ വേറെയും ചില സർക്കാർ ഓഫീസുകൾ വണ്ടൂ രിന് നഷ്ടപ്പെട്ടിട്ടുണ്ട്. മേലിൽ അത്തരം നഷ്ട ങ്ങൾ വണ്ടൂരിന് സംഭവിക്കാതിരിക്കട്ടെ.

രാഷ്ട്രീയ സാമൂഹിക ചലനങ്ങൾ

1920 മുതൽക്കേ വണ്ടൂരിൽ ദേശീയ പ്രസ്ഥാ നം ആരംഭിച്ചിട്ടുണ്ട്. 1938 വരെ മുഹമ്മദ്അബ്ദു റഹിമാൻസാഹിബ് എന്ന വ്യക്തിമാത്രമായിരുന്നു ഒരേയൊരു രാഷ്ട്രീയസ്വാധീനകേന്ദ്രം. എ.സ. കൃഷ്ണപിള്ള, എ.കെ.ജി, സീതി സാഹിബ് എന്നി വരെല്ലാം ആ കാലഘട്ടത്തിൽ വണ്ടൂരിൽ വന്നി ട്ടുണ്ട്. ഖിലാഫത്ത് കമ്മിറ്റിയുടെ കേരളാ സെക്ര ട്ടറിയായിരുന്നു അദ്ദേഹം. എം.പി. നാരായണമേ നോൻ, കട്ടിലശ്ശേരി അഹമ്മദ് മൗലവി എന്നിവ രും വണ്ടൂരിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം

കൊടുത്തിരുന്നു. 1921 മാതൃഭൂമി പത്രം പുന പാലയിൽ വിതരണം ചെയ്തിരുന്നു. അബ്ദുറ ഹിമാൻ സാഹിബിന്റെ അൽ-അമീൻ പത്രവും 1923 മുതൽക്കു തന്നെ വണ്ടൂരിലെത്തിയിരുന്നു.

1935ൽ ആദ്യത്തെ വണ്ടൂർ കോൺഗ്രസ് കമ്മിറ്റി രൂപീകരിച്ചു. കർളിക്കാട്ടിൽ ഉണ്ണിച്ചേ ക്കു ഹാജിയായിരുന്നു ആദ്യത്തെ പ്രസിഡൻറ്, സെക്രട്ടറി നെച്ചിക്കാടൻ അവറാൻ ആയിരുന്നു.

1937 ൽ മദ്രാസ് അസംബ്ലിയിലേക്ക് അബ്ദു റഹിമാൻ സാഹിബ് വണ്ടൂരിൽ നിന്നു മൽസരി ച്ചു. മൊയ്തു മൗലവി തുടങ്ങിയവർ സാഹിബി നു വേണ്ടി പ്രസംഗിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോ ടെ സാഹിബ് ജയിച്ചു.

1940ൽ വണ്ടൂരിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വകാര്യമായി പ്രവർത്തിച്ചു തുടങ്ങി. പുഴിക്കാ ടൻ റാഹിനായിരന്നു ആദ്യത്തെ സെക്രട്ടറി. 1940ൽ ഫർക്കാ കമ്മിറ്റി രൂപീകരിച്ചു. സഖാവ് കുഞ്ഞാലിയായിരുന്നു ആദ്യത്തെ സെക്രട്ടറി.

1940 ജനുവരിയിൽ മുഹമ്മദ് അബ്ദുറഹി മാൻ സാബിബ് നിലമ്പൂരും വണ്ടൂരും ഉൾക്കൊള്ളു ന്ന വണ്ടൂർ ഫക്കയിൽ നിന്ന് മലബാർ ഡിസ്ട്രിക്ക് ബോർഡിലേക്ക് മൽസരിച്ചുവെങ്കിലും പരാജയ പ്പെട്ടു. സാഹിബ് കെ.പി.സി.സി പ്രസിഡൻറും ഇ.എം.എസ്. കെ.പി.സി.സി. സെക്രട്ടറിയുമായി രുന്ന കാലത്താണ് ഈ തിരഞ്ഞെടുപ്പ് നടന്നത്.

1940 ൽ വാഗൺട്രാജഡി കാലത്തെ പൊലീസ് സൂപ്രണ്ട് ഹിച്ച് കോക്കിന് പൂക്കോ ട്ടൂരിൽബ്രിട്ടീഷ് സർക്കാർ നിർമ്മിച്ച സ്മാരകം പൊളിക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് അബ്ദു റഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ ഒരു ജാഥ വണ്ടൂരിൽ നിന്നും പോയി. ഈ ജാഥക്കെ തിരെ ചിലർ നടത്തിയ കൂക്കുവിളികൾ സാഹി ബിന്റെ പ്രസംഗത്തോടെ കെട്ടടങ്ങി. 1943 ൽ ആനക്കയത്ത് മുഹമ്മദ് ഇസാക്ക് (അലിഗഡ് വിദ്യാർത്ഥി) ദേശാഭിമാനിക്ക് പണം പിരിക്കാൻ വണ്ടൂരിലെത്തി. കൂടെ ഇടക്കോട്ടു മുഹമ്മദും ഉണ്ടായിരുന്നു. വണ്ടൂരിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നത് അവരാണ്. 1940 ൽകെ. രായിന്റെ നേതൃത്വത്തിൽ നൗജവാൻ മാസിക പ്രസിദ്ധീകരിച്ചു. കൂടാതെ സാമൂഹിക പ്രവർത്ത നങ്ങളും നടത്തി.

1940-43 കാലഘട്ടത്തിൽ മരക്കാർ ഹാജിയും എൻ. അബ്ദു റഹിമാനും മുസ്ലീം വിദ്യാർത്ഥി ഫെഡറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭി ച്ചു.

ബീഡിത്തൊഴിലാളികളുടെ നാടായിരുന്നു വണ്ടൂർ. 1943 കാലഘട്ടത്തിൽ ഉണ്ണിഹസ്സൻ ഹാജിയുടെ വാഴമാർക്ക് ബീഡിയും അവർത്ത ന്നെ സിലോണിലേക്ക് അയച്ചിരുന്ന ഗുഡ്ഇയർ ബീഡിയും " ബീഡി എളാപ്പയുടെ" (പൂലാടൻ മൊയ്തീൻഹാജി) ജൻെറിൽ മാൻബീഡിയും സിലോണിലും വയനാട്ടിലും പ്രസിദ്ധിയാർജിച്ചി രുന്നു. പുറമേ, സ്ത്രീകളുംജോലി ചെയ്തിരുന്നു. അരയണ ഉണ്ടായിണ്ടാരുന്ന ചായക്ക് പെട്ടെന്ന് ഒരണയാക്കിയപ്പോൾ എട്ടണ കൂലി കിട്ടണമെ ന്നാവശ്യപ്പെട്ട് തൊഴിലാളികൾ സമരം തുടങ്ങി. വണ്ടൂർ ബിഡി തൊഴിലാളി യൂണിയൻ നയിച്ച സമരത്തിൽ രാഷ്ട്രീയം ഇല്ലായിരുന്നു. ലീഗ്കാ രനായ പത്തൂർതറ മുഹമ്മദ് പ്രസിഡണ്ടും കമ്മൂ ണിസ്റ്റുരക്കാരനായ രായും സെക്രട്ടറിയുമായാ ട്ടായിരുന്നു കമ്മിറ്റി, സമരം പ്രഖ്യാപിച്ചത്. സമരം ദിവസങ്ങൾ പിന്നിട്ടു. മുതലാളിമാർ വഴങ്ങിയി ല്ല. സർക്കിൾ ഇൻസ്പെക്ടർ മദ്ധ്യസ്ഥനായ നീലാമ്പ്ര കുഞ്ഞു മുഹമ്മദ് ഹാജി, സമര നേതാ ക്കൾ, ബീഡികമ്പനി ഉടമസ്ഥന്മാർ എന്നിവർ സ്റ്റേഷനിൽ വെച്ച് നടത്തിയ ചർച്ചയുടെ ഫല മായി എട്ടണ കൂലി കൊടുക്കാൻ തീരുമാനമാ യി. ആദ്യത്തെ ബീഡിതൊഴിലാളി സമരം വിജ യിച്ചു

1948 ൽ ഡിസ്ട്രിക് ബോർഡിക്ക് ലീഗ് പ്രതി നിധിയായി എൻ. അബ്ദുൾ റഹിമാൻ, കമ്മൂ ണിസ്റ്റ് പ്രതിനിധിയായി ദ രായിൻ കോൺഗ്രസ്സ് പ്രതിനിധിയായീ കുഞ്ഞുണ്ണി കുറുപ്പ് മത്സരിച്ചി രുന്നു. കുറുപ്പാണ് വിജയിച്ചത് 1954 ഒരംശ മരിച്ചുപോയ ഒഴിവിൽ മഞ്ചേരിയിൽ നിന്നും എതി രില്ലാതെ മലബാർ ഡിസ്ട്രിക് ബോർഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

1940 മുതൽ 45 വരെയുള്ള അഞ്ചു വർഷ ക്കാലം അബദ്റഹ്മാൻ സാഹിബ് ജയിലാലായി രുന്നു. ജയിൽ വിമോജിതനായ സാഹിബിന്

1945 നവംബർ 16-ാം തിയ്യതിവണ്ടൂർ ബീഡിത്തൊഴിലാളി യൂണിയൻ വമ്പിച്ച സ്വീകരണം നൽകി.

ഈ സ്വീകരണഘോഷയാത്രയാലും പൊതുചടങ്ങിലും ചൂവന്ന കൊടിയും കോൺഗ്രസ്സ് കൊടിയും ഒരുമിച്ച് കെട്ടിയതായി 1945 നാട്ടുക്കാർ ഓർക്കുന്നു. ഈ സ്വീകരണം കഴിഞ്ഞ് 7 ദിവസത്തിനകം നവംബർ 23 ന് അബ്ദ് റഹിമാൻ സാഹിബ് കൊടിയത്തൂരിൽ വെച്ച് മരണപ്പെട്ടു.

1955 ൽ നെഹൃ വണ്ടൂരിൽ വന്ന് പ്രസംഗിക്കുകയുണ്ടായി കൂടെ കാമരാജും ഉണ്ടാ4യിരുന്നു. വി.എം.സി ഭട്ടതിരിപാടാണ് നെഹൃവിന് മാലയിട്ടു സ്വീകരിച്ചത്. അതിനു തൊട്ടടുത്ത വർഷങ്ങളിദൽ ഭൂതാനുപ്രസ്ഥാനവുമായി വിനോഭാബാവയും വണ്ടൂരിലെത്തിയിട്ടുണ്ടായിരുന്നു. ക്ഷേത്ര പ്രവേശന വിളംബരത്തിനോടനുബന്ധിച്ച് ഹരിജനോദ്ധാരണ കമ്മിറ്റ പ്രസിഡണ്ട് പി.എൻ നമ്പീശൻ ഹരിജനങ്ങളെ കൊണ്ടുപോയിക്ഷേത്ര പ്രവേശനം നടത്തിക്കുകയുണ്ടായി.

വാണിയമ്പലത്ത് 1946 ൽ പി.എൻ, നമ്പീശൻ പ്രസിഡണ്ടായും യു.കെ. അപ്പുക്കുട്ടൻഎന്ന കൃഷണൻ നായർ സെക്രട്ടറിയായും കോൺഗ്രസ്സ് കമ്മിറ്റി പ്രവർത്തിച്ചിരുന്നു. വണ്ടൂരിൽ കോൺഗ്രസ്സ് പാർട്ടിയുടെ ആദ്യ കാല പ്രവർത്തകരായിരുന്നു കെ.ട്ടി. ഗോവിന്ദൻകുട്ടി നായർ, രാഘവൻ നായർ, കെ.ട്ടി. മുഹമ്മദ്, ചാത്തോലി ആലിക്കുട്ടി, ഉണ്ണീൻകുട്ടി, കെ.ട്ടി മൂസകുട്ടി ഹാജി, മക്കണ്ണൻ മുഹമ്മദ് എന്ന മാനു, അപ്പുകുട്ടൻ നായർ, വി.എം.സി ഭട്ടതിരിപ്പാട് തുടങ്ങിയ വ്യക്തികൾ.

1925 ൽ വണ്ടൂരിൽ ആർ.എസ്.എസ് രൂപീകരിച്ചിരുന്നു. ഈ ഹൈദ്രാബാദ് ആക്ഷൻ കാലത്ത്മദ്രാസ് സർക്കാർ നൈസാമിനോട് കൂറുണ്ടെന്ന് ആരോപിച്ച് വണ്ടൂരിലെ ലീഗ് നേതാക്കളായിരുന്ന നീലാമ്പ്ര മരക്കാർ ഹാജി, ബീഡി എളാപ്പ, പി. മൊയ്ദീൻ ഹാജി, പെരുകിഞ്ചിറ അയമു ഹാജി, പുളിയക്കുന്നൻ ഉണ്ണീൻ, മേത്തലയിൽ ഉണ്ണീഹസ്സൻ ഹാജി തുടങ്ങിയവരെ അറസ്റ്റ് ചെയ്ത് രണ്ടാഴ്ച കാലം കോഴിക്കോട് സബ് ജയിലിൽ തടവിലിട്ടു.

1957 ൽ കോൺഗ്രസ്സ് എം.എൽ. എ പി.പി. ഉമ്മർകോയയും ലീഗ് എം.എൽ.എ. ചടയനും വണ്ടൂരിന് നിയമസഭയിൽ പ്രതിനിധികരിച്ചു. 1960 ലും ഇവർ രണ്ടുപെർ തന്നെയായിരുന്നു. ഉമ്മർകോയ അന്ന് വിദ്യാഭ്യാസ-പൊതുമരാമത്ത് മന്ത്രിയായിരുന്നു. ഇക്കാലങ്ങളിൽ ദ്വയാങ്ക മണ്ഡലമായിരുന്നു. 1965 മുതൽ സംവരണ മണ്ഡലമായി മാറി. ഇടതുപക്ഷ സ്ഥാനാർത്ഥി ഉത്തമനായിരുന്നു എം.എൽ.എ. പക്ഷേ, നിയമസഭ ചേരാതെ പിരിഞ്ഞു. 1967 ൽ ചടയൻ, 1970ൽ കെ.പി. രാമൻ, 1977 ൽ വെള്ള ഈശ്വരൻ, 1980 ൽഎം.എ കുട്ടപ്പൻ എന്നിവരും 1982-87,91 വർഷങ്ങളിൽ പന്തളം സുധാകരനും വണ്ടൂരിന് പ്രതിനിധികരിക്കുകയുണ്ടായി. പന്തളം സുധാകരൻ സ്പോർട്സ് ഹരിജന ക്ഷേമ വകുപ്പു മന്ത്രിയായിരുന്നു. 1996 മുതൽ എൻ കണ്ണനാണ് വണ്ടൂർ എം.എൽ.എ

വണ്ടൂർ പഞ്ചായത്ത്

1956 ജനുവരിയിലാണ് വണ്ടൂർ പഞ്ചായത്ത് രൂപീകരിച്ചത്. അന്ന് വണ്ടൂർ അംശവും വാണിയമ്പലം അംശവും ഉണ്ടായിരുന്നു. വാണിയമ്പലം അംശത്തിൽപ്പെട്ടതായിരുന്നവണ്ടൂർ അങ്ങാടിയും വാണിയമ്പലം അങ്ങാടിയും വണ്ടൂർ അംശം വില്ലേജ് ആഫീസ് പെരുമുണ്ടശ്ശേരിയും വാണിയമ്പലം വില്ലേജോഫീസ് വണ്ടൂർ അങ്ങാടിയിലുമായിരുന്നു. കമ്മ്യൂണിറ്റി ഹാൾ മുതൽ കരുണാലയ ആശുപത്രിവരെയും, വെള്ളാമ്പ്രം, കാരാട്, കാപ്പിൽ ഭാഗങ്ങളും അടങ്ങുന്ന വണ്ടൂര8 അംശം മാത്രമായിരുന്നു അന്നത്തെ വണ്ടൂർ പഞ്ചായത്ത്. വാണിയമ്പലം അങ്ങാടിയും വണ്ടൂർ അങ്ങാടിയും ഉൾക്കൊള്ളുന്ന വാണിയമ്പലം അംശത്തിന് പഞ്ചായത്ത് ഉണ്ടായിരുന്നില്ല. അത് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ നേരിട്ടുള്ള ബരണത്തിൻ കീഴിലായിരുന്നു.

അസംബ്ലിയിലേക്കുണ്ടാക്കിയ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ വോട്ടർമാരായ ആളുകളെ സ്ക്കൂളിൽ ഒരുമിച്ചുകൂട്ടി കൈ പൊക്കിയായിരുന്നു തിരഞ്ഞെടുപ്പ്. കാപ്പിൽ സ്ക്കൂളിലും വെള്ളാമ്പുറം സ്ക്കൂളിലും വെച്ച് കൈ പൊക്കി തിരഞ്ഞെടുപ്പ് നടത്തുന്നവിവരം

ആളുളെ ചെണ്ട കൊട്ടി അറിയിച്ചിരുന്നു. കാപ്പിൽ സ്ക്കൂളിൽ കാപ്പിൽ-കാരാട്-തൃകൈകുത്ത് എന്നീ വാർഡുകളിലെ തിരഞ്ഞെടുപ്പ് വെള്ളാമ്പുറം സ്ക്കൂളിൽ മറ്റു രണ്ടു വാർഡുകളുടെ തിരഞ്ഞെടുപ്പുമായിരുന്നു. പ്രസിഡണ്ടിന്കൈപൊക്കി രണ്ട് സ്ക്കൂളിലേയും വോട്ടർമാർ തിരഞ്ഞെടുത്തു. പി. രാഘവൻ നായരായിരുന്നു പ്രസിഡണ്ട്. 1956-ൽ കാപ്പിൽ സ്ക്കൂളിലും വെള്ളമ്പുറം സ്ക്കൂളിലും കൈപൊക്കികൊണ്ടുള്ള തിരഞ്ഞെടുപ്പിൽ ഗോപാല പണിക്കരും കാരാട് അരിമ്പ്ര വേലു (കാരാട്) കുഞ്ഞൻ എന്ന നാരായണൻ നായർ, മമ്മദ് കാക്ക(കാപ്പിൽ) കുമാരൻ നായർ പെരുമുണ്ടശ്ശേരി എന്നിവരെ പഞ്ചായത്ത് ബോർഡ് മെമ്പർമാരായി തിരഞ്ഞെടുത്തു. പി. രാഘവൻ നായരരെ പ്രസിഡണ്ടായും പാലോളി ശങ്കരൻ നായരെ (കാരാട്) വൈസ് പ്രസിഡണ്ടായും എതിരില്ലാതെ തിരഞ്ഞെടുത്തു. വെള്ളാമ്പുറം വടക്കുംപാടം റോഡ്,ചെമ്മരം കാപ്പിൽ തൃകൈകുത്ത് റോഡ് എന്നിവയൊക്കെ ഈ കാലത്തുണ്ടായതാണ്. അന്നത്തെ പഞ്ചായത്ത് പ്രസിഡൻറിന് ഇപ്പോഴത്തെ എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാരം ഉണ്ടായിരുന്നു. പുറമേ ചെക്ക് എഴുതി ഒപ്പിടാനും ജീവനക്കാരെ നിയമിക്കുന്നതിനുമുഫള്ള അധികാരവും അന്ന് പ്രസിഡണ്ടിനായിരുന്നു. ആദ്യം വെള്ളാമ്പുറം പഞ്ചായത്തോഫീസ് ശാന്തിയിലായിരുന്നു. വണ്ടൂര8 പഞ്ചായത്തിൽ വൈദ്യുതി വിളക്കുകൾ ആദ്യമായി കത്തിയപ്പോൾ വണ്ടൂരങ്ങാടിയിലും വാണിയമ്പലം ആങ്ങാടിയിലും തെരുവു വിളക്കുകൾ കത്തിയില്ല. കാരണം അത് വണ്ടൂർ പഞ്ചായത്തിൽ ആയിരുന്നില്ല. കമ്മ്യൂണിറ്റി ഹാൾ മുതൽ കരുണാലയ വരെ വണ്ടൂർ പഞ്ചായത്തിൽ പെട്ടതായിരുന്നു. അതിനാൽ അവിടെ തിരവുവിളക്കുകല കത്തി. ഏഴു വർഷം രാഘവൻനായർ വണ്ടൂർ വില്ലേജ് മാത്രമടങ്ങുന്ന വണ്ടൂർ പഞ്ചായത്ത് ബോർഡ് ഭരിച്ചു.

കേരള പഞ്ചായത്ത് ആക്ട് പ്രകാരമുള്ള ആദ്യത്തെ പഞ്ചായത്ത് 1963 ഡിസംബർ 6-ാം തിയ്യതി ഇപ്പോഴത്തെ രീതിയിലുള്ള പഞ്ചായത്ത് തിരഞ്ഞെടുപ്പു നടന്നു. വണ്ടൂർ പഞ്ചായത്തിലെ ഏഴു വാർഡും 8 മെമ്പർ മാരുമായിരുന്നു. 6-ാം വാർഡിൽ നിന്ന് ഒരു ജനറൽ മെമ്പറും ഒരു ഹരിജൻ മെമ്പറും അടങ്ങുന്ന ദ്വയങ്കേ സീറ്റായിരുന്നു. ഒന്നാം വാർഡിൽ നിന്ന് പാപ്പറ്റ മൊയ്തീനും, രണ്ടാം വാർഡിൽ പെരുമുണ്ട കുഞ്ഞാലി, മൂന്നാം വാർഡിൽ ഏലാട്ടു പറമ്പിൽ ചെറിയ അയമുട്ടി ഹാജിയും, നാലാം വാർഡിൽ എളയപറമ്പൻ മുഹമ്മദും അഞ്ചാം വാർഡിൽ ചാത്തോലി മരക്കാർ ഹാജിയുംആറാം വാർഡിൽ ടി.പി. റഷീദ് അഹമ്മദും ഹരിജൻ സി. കറുത്തയും ഏഴാം വാർഡിൽ പ്രകീരിൽ നാരായണൻ കുട്ടിനായരും തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടിയും തമ്മിൽ തിരഞ്ഞെടുപ്പു ധാരണയുണ്ടായിരുന്നു. കോൺഗ്രസ്സിന് നാലു സീറ്റുംമുസ്ലീം ലീഗിന് രണ്ടു സീറ്റും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് രണ്ടു സീറ്റും കിട്ടിയതിനാൽ പ്രസിഡണ്ട് ഇലക്ഷനിൽ നറുക്കെടുപ്പ് വേണ്ടി വന്നു. ടി.പി . റഷിദ് അഹമ്മദ് പ്രസിഡണ്ടായും പെരുമുണ്ട കുഞ്ഞാലി വൈസ് പ്രസിഡണ്ടായും നറുക്കെടുപ്പോടെ തിരഞ്ഞെടുത്തു. വനിതാ സീറ്റിലേക്ക് വനിതയെ പഞ്ചായത്ത് ബോർഡ് നോമിനേഷൻ നടത്തേണ്ടതായിരുന്നു. ഇരു വിഭാഗവും ഓരോ നോമിനിയെ നിർദ്ദേശിച്ചപ്പോൾ നറുക്കെടുപ്പിലൂടെ മുത്തിരി പാത്തുവിന് തിരഞ്ഞെടുത്തു. അങ്ങനെ നാലു അംഗങ്ങളുള്ള പ്രതിപക്ഷവും അഞ്ചങ്കങ്ങളുള്ള ആ4ഉ5ഘ9ഇ പതിനാറു വർഷം ടി.പി. റഷീദ് അഹമ്മദ് പ്രസിഡണ്ട് ആയിക്കൊണ്ട് 1-1-1964 മുതൽ 1978 ആഗസ്റ്റ 13 വരെ ഭരണം നടത്തി. അന്നത്തെ പഞ്ചായത്തു മന്ത്രി അഹമ്മദ് കുരിക്കൾ അനുവദിച്ച ബിൽഡിംഗ് ഗ്രാൻറ് ഉപയോഗിച്ച് 1970 ൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു. വണ്ടൂർ വില്ലേജ് ഓഫീസിന് 14 സെൻറ് സ്ഥലം ഉണ്ടായിരുന്നു. അതിൽ കന്നുകാലി പൗണ്ട് നിന്നിരുന്ന 7സെൻറ് സ്ഥലം പഞ്ചായത്തിന് പതിച്ചുക്കൊടുക്കുകയും അവിടെ കെട്ടിടം നിൻമ്മിക്കുകയും ആണ് ചെയ്തത്. പുറമേ ഇപ്പോഴത്തെ ബസ്റ്റാൻറ് സ്ഥലത്ത് കെട്ടിടം അകയ്ത് ചെയ്യാൻ നടപടി ആരംഭിച്ചു.

1979 ൽ 16 വർഷത്തിനു ശേഷം പഞ്ചായ

ത്തിലേക്ക് വീണ്ടും തിഞ്ഞെടുപ്പുനടന്നു. മാർക്കിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും ഒരു ഭാഗത്തും മുസ്ലീം ലീഗും ഐ കോൺഗ്രസ്സും മറുഭാഗത്തുമായി നടത്തിയ തിരഞ്ഞെടുപ്പിൽ ഒന്നാം വാർഡിൽ നിന്ന് .പി. മുഹമ്മദ് ഹാജിയും രണ്ടാം വാർഡിൽനിന്ന് എ.പി. മുഹമ്മദും മൂന്നാം വാർഡിൽ നിന്ന് കെ ഹൈദരാലിയും നാലാം വാർഡിൽനിന്ന് എൻ അബ്ദു റഹിമാനും അഞ്ചാം വാർഡിൽ നിന്ന്ഹമീദ് മാസ്റ്ററും ആറാം വാർഡിൽ നിന്ന് കെ.ടി. ഗോപാലനും ഏഴാം വാർഡിൽ നിന്ന് ഡോ. മുകുന്ദനും എട്ടാം വാർഡിൽ നിന്ന് ശ്രീമതി മീനാക്ഷി ഭാസ്ക്കരനും ഒമ്പതാം വാർഡിൽനിന്ന്കാപ്പിൽ എം. അലവിയും പത്താം വാർഡിൽ നിന്ന് ഇ.കെ. അബുവും തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ടായി എൻ. അബ്ദു റഹിമാനേയും വൈസ് പ്രസിഡണ്ടായി ഹമ്മീദ് മാസ്റ്ററേയും തിരഞ്ഞെടു. ഈ കാലത്ത് വണ്ടൂർ ബസ്റ്റാന്റ് അകായർ പൂർത്തിയാക്കുകയും ഷോപ്പിംഗ് കോംപ്ലക്സിനും സ്ഥലം അകായർ ചെയ്യുകയും കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുകയും കുറെയേറെ വേയ്റ്റിംഗ് ഷെഡുകൾ നിർമ്മീക്കുകയും ചെയ്തിരുന്നു.

1987 ജനുവരുയിൽ മൂന്നാമത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടന്നു. കോൺഗ്രസ്സും മുസ്ലീം ലീഗും ഒരു ഭാഗത്തും മാർക്കിസ്റ്റുപാർട്ടി മറുഭാഗത്തുമായി നടന്ന ഇലക്ഷനിൽഓന്നാം വാർഡിൽ നിന്ന് എ.കെ. അബ്ദുട്ടി രണ്ടാം വാർഡിൽ നിന്ന് ശ്രീമതി ലക്ഷ്മി മൂന്നാം വാർഡിൽ നിന്ന് കെ. ഹൈദരാലിയും നാലാം വാർഡിൽ നിന്ന് വി.എ.കെ. തങ്ങളും അഞ്ചാം വാർഡിൽനിന്ന് പി.പി. റഹ്മത്തുള്ളയും ആറാം വാർഡിൽ നിന്ന് മേരിതോമസും ഏഴാം വാർഡിൽ നിന്ന് കെ. നാരായണനും എട്ടാം വാർഡിൽ നിന്ന് പി. കെ.ഹുസ്സൻ കുട്ടിയുംഒമ്പതാം വാർഡിൽ നിന്ന് ശ്രീ. എം അലവിയും പത്താം വാർഡിൽ നിന്ന് ശ്രീ . ടിപി.കാശിമും പതിനൊന്നാം വാർഡിൽ നിന്നും പി, ഗോപി നായരും പന്ത്രണ്ടാം വാർഡിൽനിന്ന് ശ്രീ. എൻ അബ്ദു റഹിമാനും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ . കെ ഹൈദരാലിയെ നറുക്കെടുപ്പിലൂടെ വണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡണ്ടായി ശ്രീ. അലവി തിരഞ്ഞെടുക്കപ്പെട്ടു.

1995 സപ്തംബർ 25-ാം തിയ്യതി 1994ലെ പുതിയ പഞ്ചായത്തു ആക്ട് പ്രകാരമുള്ള ഗ്രാമ പഞ്ചായത്തിലേക്കും ബ്ലോക്ക് പഞ്ചായത്തിലേക്കും ജില്ലാ പഞ്ചായത്തിലേക്കും തിരഞ്ഞെടുപ്പുനടന്നു. വണ്ടൂർ ഡിവി,നിൽ നിന്ന് ജിലാ പഞ്ചായത്തിലേക്ക് ശ്രീ മുഹമ്മദ് കുഞ്ഞിയും ബ്ലോക് പഞ്ചായത്തിൽവണ്ടൂർ ഡിവിഷനിൽ നിന്ന് കെ. കുഞ്ഞനും വാണിയമ്പലം ഡിവിഷനിൽ നിന്ന് അഡ്വ; ടി.പി. ഷരീഫും തിരഞ്ഞെടുക്കപ്പെട്ടു. ബ്ലോക്ക് പഞ്ചായത്തുപ്രസിഡണ്ടായി ശ്രീ. ഞ'ഫ'ജ അബ്ദുൾ ഷുക്കൂറിനേയും വൈസ് പ്രസിഡണ്ടായി ശ്രീ കെ.സി കുഞ്ഞുമുഹമ്മദിനേയും തിരഞ്ഞെടുക്കപ്പെട്ടു. വണ്ടൂർ പഞ്ചായത്തിലേക്ക് ഒന്നാം വാർഡിലേക്ക് ഹബീബ, രണ്ടാം വാർഡിൽ നിന്ന് കെ.പി ഉണ്ണികൃഷ്ണൻ മൂന്നാം വാർഡിൽ നിന്ന് അഷറഫ് പാറശ്ശേരിനാലാം വാർഡിൽ നിന്ന് വി.എ.കെ തങ്ങൾ അഞ്ചാം വാർഡിൽ നിന്ന് കെ ഹൈദരാലി ആറാം വാർഡിൽ നിന്ന് ശ്രീ. കെ നാരായണൻ ഏഴാം വാർഡിൽ നിന്ന് വി.പി. സരോജിനി എട്ടാം വാർഡിൽ നിന്ന് ലക്ഷ്മി കുമാർ ഒമ്പതാം വാർഡിൽ നിന്ന് ശ്രീമതി സത്യബാമ ഉണ്ണികൃഷ്ണൻ പത്താം വാർഡിൽ നിന്ന് ടി.പി. കാസിം പതിനെന്നാം വാർഡിൽ ശ്രിമതി എ.മുംതാംസ് പന്ത്രണ്ടാം വാർഡിൽ നിന്ന് നീലാമ്പ്ര ജലീൽ പതിമൂന്നാം വാർഡിൽ നിന്എ.കെ അബ്ദുട്ടി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. വി.എ. കെ. തങ്ങളെ പഞ്ചായത്തു പ്രസിഡണ്ടായും ശ്രീ.ടി.പി. കാസിമിന് വൈസ് പ്രസിഡണ്ടായും ശ്രീ . നീലാമ്പ്ര ജലീനെ സ്റ്റാന്റെറിംഗ് കമ്മിറ്റി ചെയർമാനായി തിരഞ്ഞെടുത്തു.

ചരിത്രങ്ങളൊന്നും അവസാനിക്കുന്നില്ല. അവ തുടർന്നുകൊണ്ടേയിരിക്കുന്നു. ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി വണ്ടൂർ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് ഇതേ വരെയുള്ള ചരിത്രം പ്രചോദനമായി മാറട്ടെ. കൂട്ടായ പ്രവർത്തനം ഈ നാടിന്റെ അഭ്യുതയത്തിലേക്ക് നയിക്കുമാറാകട്ടെ.

4

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

വണ്ടൂർ ബ്ലോക്കിന്റെ ആസ്ഥാന പഞ്ചായത്താണ് വണ്ടൂർ. വണ്ടൂർ അംശവും വാണിയമ്പലം അംശവും ചേർന്നതാണ് ഇന്നത്തെ വണ്ടൂർ വില്ലേജ്. വണ്ടൂർ വില്ലേജിന്റെ ചെറിയൊരു ഭാഗം മമ്പാട് പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്നു. വണ്ടൂർ വില്ലേജിന്റെ ഭൂരിഭാഗവും അടങ്ങുന്നതാണ് ഇന്നത്തെ വണ്ടൂർ പഞ്ചായത്ത്. (വിസ്തൃതി 45.45 സ്കയർ കീ.മി.) 1960 ൽ വണ്ടൂർ വാണിയമ്പലം വില്ലേജുകൾ സംയോജിപ്പിച്ച് വണ്ടൂർ വില്ലേജ് പുനസംഘടിപ്പിച്ചു.

മലപ്പുറം ജില്ലയുടെ വടക്കു കിഴക്കു ഭാഗത്തായി അക്ഷാംശം 11° 4′ 8″ നും 11° 8′ 28″ N ഉം രേഖാംശം 75° 49′ 35″ നും 75° 53′ 19″ E ഉം ഇടയിലാണ് വണ്ടൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് ചാലിയാറിൽ ചേരുന്ന കുതിരപ്പുഴ ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തു കൂടി കടന്നു പോകുന്നു. പടിഞ്ഞാറ് - തിരുവാലി വടക്കു പടിഞ്ഞാറ് - മമ്പാട് - കിഴക്ക് - കാളിക്കാവ് - വടക്കു കിഴക്ക് - അമരമ്പലം - തെക്ക് - പോരൂർ എന്നിവയാണ് അതിർത്തികൾ.

വണ്ടൂരിന്റെ ഭൂപ്രകൃതി വിഭാഗങ്ങളെ സംബന്ധിച്ചും മണ്ണിന്റെ സ്വഭാവത്തെ സംബന്ധിച്ചും ശാസ്ത്രീയമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പഠനപര്യടനത്തിൽ നിന്ന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിന് ഭൂപ്രകൃതി അനുസരിച്ച് ആറു വിഭാഗമായി തിരിക്കാം. ഈ പഞ്ചായത്തിലെ യതീംഖാനകുന്ന്, നരിമടകുന്ന്, വാണിയമ്പലം പാറ, കമരി എസ്റ്റേറ്റ്കുന്ന് എന്നിവ ഉയർന്ന കുന്നിൻപ്രദേശങ്ങളാണ്. ചെറുകുന്നുകളും അതിനു ചുറ്റിയുള്ള പാടശേഖരങ്ങളും അടങ്ങുന്നതാണ് ഈ പഞ്ചായത്തിന്റെ പൊതു ഭൂപ്രകൃതി.

വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗവും ചുവടെ ചേർക്കുന്നു.

ഭൂപ്രകൃതിമേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1. ഉയർന്ന സമതലം	1800	39.6
2. കുത്തനെയുള്ള ചെരിവ്	400	8.8
3. ചെറു ചെരിവ്	905	19.9
4. താഴ്വാര	415	9.1
5. സമതലം	800	17.6
6. പുഴയോരം	225	5.0
	45.45	100

വണ്ടൂർ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 69% മണൽ അധികമുള്ള ചെങ്കൽ പ്രദേശവും ഒരു ശതമാനം പാറക്കെട്ടുകളും 5% നദീതീര എക്കൽ മണ്ണും 25% മറ്റു പ്രദേശങ്ങളിൽ കാണുന്ന എക്കൽമണ്ണുമാണ്.

ഉപരിതല മൺതരങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1. ചെങ്കൽ പ്രദേശങ്ങൾ	3019	66.4
2. പാറക്കെട്ടുകൾ	45	1
3. ജലാശയങ്ങൾ	120	2.6
4. നദീതീര എക്കൽമണ്ണ്	225	5
5. മറ്റ്സ്ഥലങ്ങളിൽ കാണുന്ന എക്കൽമണ്ണ്	1136	25
	4545	100

ജലപ്രകൃതി

1981 മുതൽ 1991 വരെയുള്ള കാലഘട്ടങ്ങളിലെ മഴയുടെ തോത് പരിശോധിച്ചപ്പോൾ ശരാശരി 2970 മില്ലീമീറ്റർ മഴ ലഭിക്കുന്നതായി കാണുന്നു. മഴയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1981-1991 വരെ ലഭിച്ച മഴയുടെ തോത്

മാസം	വർഷം										
	1981	1982	1983	1984	1985	1986	1987	1988	1989	1990	1991
ജനുവരി	-	-	-	-	77.4	27.2	-	-	-	-	-
ഫെബ്രുവരി	-	-	-	50.0	-	-	-	-	-	-	-
മാർച്ച്	117.0	11.0	-	-	-	24.4	-	19.2	9.6	-	-
ഏപ്രിൽ	2.0	6.0	-	4.0	22.4	42.8	-	178.3	73.4	-	28.0
മെയ്	69.9	138.4	72.0	38.0	158.0	168.0	74.0	71.0	153.3	385.8	50.8
ജൂൺ	1105.6	595.7	434.0	886.0	977.1	759.4	579.3	576.3	799.5	497.5	1952.4
ജൂലായ്	634.8	526.0	597.0	632.1	511.8	316.0	375.5	645.9	523.8	626.2	1003.5
ആഗസ്റ്റ്	745.8	653.0	455.0	333.0	410.4	442.0	291.7	370.8	284.5	335.3	440.5
സെപ്റ്റംബർ	362.0	163.5	435.0	134.7	106.3	279.8	229.8	386.0	242.2	77.0	81.3
ഒക്ടോബർ	262.0	137.2	181.0	298.4	244.0	134.6	459.0	50.4	273.8	381.2	295.8
നവംബർ	154.0	256.0	142.0	434.0	204.0	303.4	206.6	14.5	37.2	45.6	85.6
ഡിസംബർ	24.0	-	14.0	21.4	46.6	29.3	110.3	68.2	-	-	-
	3371.8	2486.8	2336.0	2831.6	2758.0	2527.9	2326.2	2380.8	2397.3	2348.6	3937.9

ശരാശരി - 2970.29 മി.മി.

അവലംബം: കാഷ്യു റിസർച്ച് സ്റ്റേഷൻ, ആനക്കയം

ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന കുതിരപ്പുഴയുടെ 10 കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിൽ പെട്ടതാണ്. ചെറുതും വലുതുമായി 34 കി.മി. നീളമുള്ള ഈ തോടുകൾ പഞ്ചായത്തിൽ കൂടി ഒഴുകുന്നുണ്ട്.

തോടുകളുടെ ലിസ്റ്റ്

തോടിന്റെ പേര്	നീളം കി.മി.
1. വയിക്കത്തോട്	3
2. പൂക്കുളം മലവാരം കൂരിക്കുണ്ട്	4
3. കൂരിക്കുണ്ട് കാപ്പിൽതോട്	10
4. മൊടപ്പിലാശ്ശേരി ഏമങ്ങാട്	5
5. താഴെകുറ്റി - ഷാരിയിൽ	3
6. പനമ്പോയിൽ - കൂരാട് പാലം	3
7. പാണ്ടിച്ചോല - നായാട്ടുകല്ല്	3
8. എസ്റ്റേറ്റ്പടി - പുഴക്കര	3
	34

തോടുകളുടെ പാർശ്വങ്ങളിലെ ഭൂമി കയ്യേറ്റവും മനുഷ്യ ഇടപെടലും മൂലം തോടുകളുടെ വീതിയും ആഴവും കുറഞ്ഞിട്ടുണ്ട്. ഇത് സമീപപ്രദേശങ്ങളിലെ കൃഷിയെ പോലും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പരമാവധി ജലം സംഭരിച്ച് വെക്കത്തക്കവിധം ഈ തോടുകളെല്ലാം സംരക്ഷിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെയും സ്വകാര്യവ്യക്തികളുടേതുമായി 273 കുളങ്ങൾ ഉണ്ട്. ഈ കുളങ്ങൾ മിക്കതും സമീപപ്രദേശങ്ങളിലെ മണ്ണൊലിപ്പ് മൂലം നിരന്നിട്ടുണ്ട്. കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്താത്തതിന്റെ പ്രശ്നങ്ങളുണ്ട്.

പ്രധാന കുളങ്ങളുടെ ലിസ്റ്റ്

നിലവിലുള്ള കുളങ്ങളുടെ വിവരം. വാർഡ് തിരിച്ച്

വാർഡ് 1

1. നാറകുളം
2. കുയ്യംപൊയിൽ കുളം

വാർഡ് 2

3. തച്ചങ്ങോട് കുളം
4. പാറകുളം
5. പൂക്കോടംകുളം

വാർഡ് 3

6. മംഗ്ലശ്ശേരി അമ്പലകുളം
7. വെണ്ണിയംകുണ്ട് കുളം
8. കാഞ്ഞിരാട്ട് കുളം
9. തൊറ്റയിൽ കുളം

വാർഡ് 4

10. പാലക്കപള്ളികുളം
11. പുളിശ്ശേരി കുളം

വാർഡ് 5

12. പഞ്ചായത്ത് കുളം
13. ചെട്ടിയാറ തണ്ടുപാറ കുളം
14. പുല്ലുവളപ്പിൽ കുളം
15. മലംകുളം
16. പാലക്കാംപൊയിൽ കുളം

വാർഡ് 6

17. കാരാട് കുളം
18. മുടവൻകോട് കുളം
19. പാലാമഠം കുളം
20. പുത്രികര കുളം
21. മഞ്ഞിളാമൂച്ചികുളം

വാർഡ് 7

22. പാറകുളം

വാർഡ് 8

23. കരിമ്പൻതൊടി കുളം
24. പാണൻകാപ്പിൽ കുളം

വാർഡ് 9

25. തണ്ണികുളം
26. കാഞ്ഞിരംപാടം കുളം
27. കറളാംപൊയിൽ കുളം
28. കോവിലകം കുളം
29. ഒറവംകുണ്ട് കുളം

വാർഡ് 10.

30. കൂരാട് വലിയ കുളം
31. പള്ളിപടി കുളം

വാർഡ് 11.

32. ആർപ്പോയിൽ കുളം
33. കമ്പിളി കുളം
34. ഷാരിയിൽ കുളം
35. തണ്ടുപാറക്കൽ ചെറിയ കുളം
36. പുല്ലൂര് കൊളക്കാമണ്ണ് കുളം
37. ഇടിഞ്ഞാർകുണ്ട് കുളം

38. നരിമടക്കൽ കുണ്ടംകുളം

വാർഡ് 12.

39. നീലാമ്പ്രം കുളം

40 ചാത്തോലി കുളം

41. ഏലാടൻകുളം

42. മധുരകറിയൻ കുളം

നിമ്നോന്നത

പശ്ചിമഘട്ടത്തിന്റെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലെ ഭൂ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും 35 മീറ്ററിനും 150 മീറ്ററിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം വണ്ടൂർ പഞ്ചായത്തിലെ ജനസംഖ്യ 35748 ആയിരുന്നു. ഇതിൽ 17544 പുരുഷൻമാരും 18204 സ്ത്രീകളുമാണ്. 91 ലെ സെൻസസ് പ്രകാരം 6108 വീടുകളിലായി 6127 കുടുംബങ്ങൾ താമസിച്ചിരുന്നതായി കാണുന്നു. വീടൊന്നിന് ശരാശരി അംഗസംഖ്യ 5.85 ആയിരുന്നു. ആറു വയസ്സിൽ താഴെയുള്ള 6007 കുട്ടികളിൽ 3052 ആൺകുട്ടികളും 2955 പെൺകുട്ടികളും ഉണ്ടായിരുന്നു. ആകെ 26512. ഇതിൽ ആറു വയസ്സുള്ള കുട്ടികളെ ഒഴിവാക്കിയുള്ള ജനസംഖ്യയുടെ 89.14% വരും. ഇതിൽ പുരഷൻമാരുടെ സാക്ഷരതാ ശതമാനം 92.72% ഉം സ്ത്രീകളുടേത് 84.03% ഉം ആയിരുന്നു. 1990 ൽ നടത്തിയ സാക്ഷരതാ സർവ്വെ പ്രകാരം നിരക്ഷരരുടെ എണ്ണം 3317 ആയിരുന്നു. സാക്ഷരതാ കാലത്തു നടത്തിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി ഇവരിൽ 70% ത്തെയും സാക്ഷരരാക്കാൻ കഴിഞ്ഞു.

വിവിധ ജാതിമതവിഭാഗങ്ങൾ ഐക്യത്തോടും ഒത്തൊരുമയോടും താമസിച്ചു വരുന്നു. ഹിന്ദു മുസ്ലിം പട്ടികജാതി വിഭാഗങ്ങളാണ് ജനസംഖ്യിൽ ഏറെയും. മുന്നൂറോളം ക്യസ്ത്യൻ കുടുംബങ്ങളും ഒരു പട്ടികവർഗ്ഗ കോളനിയും ഈ പഞ്ചായത്തിലുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെയും സംബന്ധിച്ച് വ്യക്തമായ കണക്കുകളുണ്ടെങ്കിലും മറ്റു വിഭാഗങ്ങളെ സംബന്ധിച്ച് ജാതിമതാടിസ്ഥാനത്തിൽ സ്വാതന്ത്ര്യത്തിനു ശേഷം ഇതുവരെയും ഒരു കണക്കെടുപ്പ് നടത്തിയിട്ടില്ല.

1996 ൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വെ പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 41805 ആണ്. ഇതിൽ പുരുഷൻമാർ 20611 ഉം സ്ത്രീകൾ 21194 ഉം ആണ്. വാർഡുതല ജനസംഖ്യ പട്ടിക പെടുത്തിയിരിക്കുന്നു.

നമ്പർ	വാർഡ്	സ്ത്രീ.	പു.	ആകെ	കുടുംബങ്ങളുടെ എണ്ണം	
1.	1.	1365	1335	2700	480	
2.	2.	2086	2037	4123	730	
3.	3.	1366	1344	2710	482	
4.	4	1167	1121	2288	396	
5.	5	1110	1080	2190	385	
6.	6	1801	1742	3543	621	
7.	7	2280	2227	4507	794	
8.	8	2245	2184	4429	775	
9.	9	1908	1855	3763	665	
10.	10	1667	1641	3308	585	
11.	11	2218	2157	4375	762	
12.	12	798	777	1575	225	
13.	13	1183	1111	2294	398	
ആകെ	21194	20611	41805	7348		

ഈ പഞ്ചായത്തിന്റെ വിസ്തൃതി സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകളാണ് വിവിധ രേഖകളിൽ നിന്നും ലഭിച്ചത്. 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഇത് 59.45 ച.കി.മി. ആണ്. പഞ്ചായത്ത് രേഖകൾ പ്രകാരം 40.96 ച.കീ.മി. ആണ് വിസ്തൃതി. എന്നാൽ വണ്ടൂർ വില്ലേജാപ്പീസിൽ നിന്നും പുതുതായി തയ്യാറാക്കി തന്ന കണക്കാണ് ഏറ്റവും വിശ്വസിനീയം. ഇതു പ്രകാരം പഞ്ചായത്തിന്റെ വിസ്തൃതി 45.45 ച.കീ.മി. (4545 ഹെക്ടർ) ആണ്. ഇതനുസരിച്ച് ഇപ്പോഴത്തെ ജനസാന്ദ്രത ച.കീ.മീറ്ററിന് 920 ആണ്.

കാർഷീക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഒരു സാമ്പത്തിക വ്യവസ്തയാണ് ഈ പഞ്ചായത്തിൽ നിലനിൽക്കുന്നത്. കാർഷീക മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്ന തകർച്ച ഈ മേഖലയിൽ പണിയെടുക്കുന്ന കർഷക തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജീവിതം കൂടുതൽ ദുസ്സഹമാക്കി കൊണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ നിന്നും കൂടുതൽ ആകർഷകമായ നിർമ്മാണമേഖലയിലേക്ക് കൂടിയേറികൊണ്ടിരിക്കുന്നു. മൺപാത്രനിർമ്മാണം, കുട്ട, പനമ്പ് നിർമ്മാണം. തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലയും പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു.

ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവർ നാട്ടിലേക്കയക്കുന്ന പണത്തെ ആശ്രയിച്ച് മാറ്റങ്ങൾക്കു വിധേയമായി മാറികൊണ്ടിരിക്കുന്ന ഒരു സമ്പത്ത്വ്യവസ്ഥയാണ് ഇപ്പോൾ ഇവിടെ നിലനിൽക്കുന്നത്. 1996 ൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ നിന്നും 1406 ആളുകൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരിൽ നിന്നും ഉദ്ദേശം 2.5 കോടി രൂപ വർഷം ഇവിടേയൊക്ക് എത്തിച്ചേരുന്നുണ്ട്. അടുത്തകാലത്തായി ഗൾഫ് രാജ്യങ്ങളിൽ എമിഗ്രേഷൻ നിയമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഈ പഞ്ചായത്തിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഭൂമി ക്രയവിക്രയത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ വലിയൊരു പ്രതിസന്ധിയായി നിലനിൽക്കുന്നു. യുവജനങ്ങൾക്കിയിൽ വൈറ്റ് കോളർ ജോലികളോട് മാത്രമുള്ള ആഭിമുഖ്യത്തിനെതിരെ ശക്തമായ ബോധവൽകരണം നടത്തേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ മനുഷ്യശക്തിയെ പഞ്ചായത്തിന്റെ സർവ്വോൻമുഖമായ വികസനപ്രക്രിയയിൽ ഉപയോഗപ്പെടുത്താനുള്ള ആസൂത്രിതശ്രമം നടത്തേണ്ടിയിരക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്ത് വേണ്ടത്ര മുന്നോക്കം എത്തിയിട്ടില്ല. എസ്.എസ്.എൽ.സി. വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. മുഴുവൻ കുട്ടികളേയും സ്കൂളുകളിൽ ചേർക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കൊഴിഞ്ഞുപോക്കു പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള ശ്രമവും അനിവാര്യമാണ്.

5-1

കൃഷിയും ജലസേചനവും

കർഷകർ നാടിന്റെ നട്ടെല്ലാണ്.കൃഷിയാണ് നമ്മുടെ നിലനിൽപ്പിന്നാധാരം. ഈ ചൊല്ല് നമ്മുടെ ഗ്രാമത്തെ സംബന്ധിച്ച്അനവർത്ഥമാണ്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോകൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. എന്നാൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം അടുത്ത കാലത്തായി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 1134 കർഷകരും3795 കർഷക തൊഴിലാളികളുമാണ് ഈ പഞ്ചായത്തിലുള്ളത്. കാർഷികോൽ പ്പന്നങ്ങളുടെ വിലയിൽ കാണപ്പെടുന്ന അസ്ഥിരത കൃഷിയെ മാത്രം ആശ്രയിച്ച്ജീവിക്കാൻ കഴിയില്ല എന്ന തോന്നൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വരുമാനവും ഒരു പരിധിവരെ ജനങ്ങളെ കൃഷിയിൽ നിന്നകറ്റാൻ കാരണമായിട്ടുണ്ട്. ഇതു കൊണ്ടെല്ലാം കൃഷിയെ ഒരു അനുബന്ധ പ്രവർത്തനം എന്ന നിലയിലാണ് ഭൂരിഭാഗം ആളുകളും കാണുന്നത്.

കാർഷിക രംഗത്തും, സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലും വന്നിട്ടുള്ള പരിവർത്തനങ്ങളുടെ ഫലമായികൂടുതൽ വരുമാനം ലഭിക്കുന്ന മേഖലകളിലേക്ക് കർഷക തൊഴിലാളികൾ ചേക്കേറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി കാർഷികമേഘലയിൽ തൊഴിലെടുക്കാൻ പരിചയസമ്പന്നരായ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയുണ്ട്. നെൽകൃഷിരംഗമാണ് തൊഴിലാളികളെ കിട്ടാതെ ഏറ്റവും പ്രതിസന്ധി നേരിടുന്നത്.

കേരളത്തിന്റെ ഇതര ഭാഗങ്ങളിലെപ്പോലെ ഇവിടേയും ജൻമിത്തം കൊടികുത്തി വാണിരുന്നു. മഞ്ചേരി കോവിലകം, നിലമ്പൂർ കോവിലകം കിടങ്ങഴി മന, കരിക്കാട് ദേവസ്വം, നടുവത്ത്മന, അമരമ്പലം സമൂഹം തുടങ്ങി വളരെ കുറച്ചു ജൻമിമാരായിരുന്നു മുഴുവൻ ഭൂമിയുടെയും ഉടമകൾ. ഭൂപരിഷ്കരണം ഇവിടുത്തെ ഭൂഉടമാബന്ധത്തിൽ സമൂലമായ മാറ്റം വരുത്തി. ജൻമിമാരിൽ കേന്ദ്രീകരിച്ചു കിടന്നിരുന്ന ഭൂമി തുണ്ടവൽക്കരിക്കപ്പെടുകയും ആ ഭൂമിയിലെ കുടിയാൻമാർ ഭൂമിയുടെ ഉടമസ്ഥനും കർഷകനും ആയിത്തീരുകയും ചെയ്തു. ഇത് ഇവിടുത്തെ കാർഷിക

മേഖലയിലും സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിലും ശക്തമായ മാറ്റങ്ങൾക്ക് കാരണമായി ഇന്ന് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഇടത്തരം ചെറുകിടകൃഷിക്കാരാണ്.

പഞ്ചായത്തിലെ 7348 കുടുംബങ്ങളിൽ 298 കുടുംബങ്ങൾക്ക് മാത്രമാണ് ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുളളത്. നമ്മുടെ പഞ്ചായത്തിലെ ആളോഹരി ഭൂമിസംസ്ഥാന ശരാശരിയേക്കാൾ അല്പം കൂടുതലാണ്. സംസ്ഥാനത്ത് ആളോഹരി ഭൂമി 0.07 ഹെക്ടർ ആയിരിക്കുമ്പോൾ ഇവിടെ 0.10 ഹെക്ടറാണ്. പട്ടിക ഒന്ന് കാണുക

ഭൂപരിഷ്കരണത്തിനു മുൻപും തൊട്ട് പിൻപുംപഞ്ചായത്തിലെ മുഖ്യ കൃഷി നെല്ലായിരുന്നു. ദീർഘകാല വിള കശുമാവും. മുമ്പൊക്കെ കാ ഭൂമിയിൽ കൃഷി ചെയ്തിരുന്ന മോടൻ നെ വിത്തിനങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. മുന് വയലുകളിൽ പൂർണ്ണമായും കൃഷി നടത്തിയിരു ന്നെങ്കിലും വിവിധ കാരണങ്ങൾ കൊണ്ട് വളരെയധികം കര ഭൂമി തരിശായികിടന്നിരുന്നു.ഇന്ന് ഈ പ്രവണതയിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ട് കൂടുതൽ സ്ഥലം കൃഷിയിടങ്ങളായി മാറ്റാൻ കഴിഞ്ഞെങ്കിലും ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ

വാർഡ്	വാർഡ് 5 സെന്റ്വരെ	6 മുതൽ 10സെന്റ്വരെ	11 മുതൽ 20 വരെ	21 മുതൽ30സെന്റ് വരെ	31 മുതൽ41 വരെ	41മുതൽ50സെന്റ്വരെ	51മുതൽ100സെന്റ്വരെ	101മുതൽ 150സെന്റ്വരെ	151 മുതൽ200സെന്റ് വരെ	201 മുതൽ 250സെന്റ്വരെ	250 ന് മുകളിൽ	ഭൂമിയില്ലാത്തവർ	ആകെ
1	58	105	112	45	20	19	32	19	14	3	39	14	480
2	52	194	131	161	54	23	55	12	14	5	9	20	730
3	81	148	72	31	29	27	28	13	05	3	24	21	482
4	101	73	54	48	28	16	32	12	5	4	-	23	396
5	71	97	51	31	19	12	33	23	6	3	26	13	385
6	65	167	65	141	24	25	66	5	23	-	26	14	621
7	98	198	126	65	53	34	101	33	23	7	23	33	794
8	66	107	51	48	81	57	196	32	32	17	52	36	775
9	75	139	56	62	39	51	62	52	41	15	53	20	665
10	73	76	76	103	61	25	67	27	17	-	18	42	585
11	91	107	84	137	148	45	42	27	21	6	9	45	762
12	35	68	49	11	7	8	66	-	4	2	10	15	275
13	81	53	45	43	28	26	53	5	12	7	9	36	398
ആകെ	947	1532	972	926	591	368	833	260	217	72	298	332	7348

അവലംബം. 1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ

മുന്നോക്കം പോകാൻ കഴിഞ്ഞിട്ടില്ല. അടുത്ത കാലത്തായി നെൽകൃഷി ഉൾപ്പെടെയുള്ള ഹ്രസ്വകാലവിളകളിൽ നിന്നുംകർഷകർ ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ്, റബർ എന്നീ കൃഷികളിലേക്ക് മാറി കൊണ്ടിരിക്കുന്നു. കരഭൂമിയിൽ കശുമാവ് കൃഷി ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുന്നു. നെൽകൃഷിക്കു പയുക്തമായ സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണവും, തെങ്ങ്, കവുങ്ങ് എന്നിവയുടെ കൃഷിയും വ്യാപകമായിരിക്കുന്നു. നെൽ കൃഷിക്ക് യോഗ്യമായ 25 ഹെക്ടർ സ്ഥലം റബർ തോട്ടമായി മാറ്റപ്പെട്ട ദയനീയ സാഹചര്യവും നമ്മുടെ പഞ്ചായത്തിലുണ്ട്.

ഭൂപ്രകൃതി, മണ്ണ്

സമുദ്ര നിരപ്പിൽ നിന്ന് 35 മീറ്റർ മുതൽ 150മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ഉയർന്ന സമതലം, കുത്തനെയുള്ള ചെരിവ്, ചെറു ചെരിവുകൾ, താഴ്വര, സമതലംഎന്നിവയാണ് പഞ്ചായത്തിന്റെ പൊതു ഭൂ പ്രകൃതി. കുന്നുകളും അതിനെ ചുറ്റിയുള്ള പാടശേഖരങ്ങളും പൊതുവെ കാണാൻ കഴിയും.നിമ്നോന്നതകളിലെ വൈവിദ്ധ്യം മൂലം അതിനെ രൂക്ഷമായ മണ്ണൊലിപ്പ് മിക്ക പ്രദേശങ്ങളിലും അനുഭവപ്പെടുന്നുണ്ട്. വൈക്കത്തോടിന്റെ ഉത്ഭവ സ്ഥലമായ നരിമടക്കുന്ന്, ആർപൊയിൽകുന്ന്, യതീംഖാനകുന്ന്, മുടപ്പിലാശ്ശേരി, വടക്കുമ്പാടം, കാപ്പിൽ തുടങ്ങി ഒട്ടുമിക്ക പ്രദേശങ്ങളിലും ശക്തമായ മണ്ണൊലിപ്പ്അനുഭവപ്പെടുന്നുണ്ട്. മിക്ക കർഷകരും മണ്ണ് -ജലസംരക്ഷണത്തെ ക്കുറിച്ച് ബോധവാൻമാരല്ല. കരയിൽ ഭൂരിഭാഗവും ചെങ്കൽ പ്രദേശങ്ങളാണ് .

മണ്ണൊലിപ്പിന്റെ ഫലമായി ചരൽ അധികമുള്ള ജൈവാശം കുറവുള്ളജലസംരക്ഷണ ശേഷി കുറവുള്ള മണ്ണാണ് പെതുവെ കാണുന്നത്. വയലുകളിൽ കാണുന്ന കളിമണ്ണും പൊതുവെ ഫലഭൂയിഷ്ടമാണ്. വാണിയമ്പലം, കുരാട് പ്രദേശങ്ങളിലെ ഒരുപ്പുനിലങ്ങളിലെ മണ്ണ് ഫലഭൂയിഷ്ടത കുറഞ്ഞ മണൽ മണ്ണാണ്. ജൈവവളങ്ങളുടെ ലഭ്യതകുറവും, അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗവും മൂലം മണ്ണിന്റെ ഉത്പാതനക്ഷമത കുറഞ്ഞു വരുന്നതായി കാണുന്നു. പട്ടിക രണ്ട് കാണുക.

ക്രമ നമ്പർ	പദ്ധതിയുടെ പേർ	പദ്ധതിപ്രദേശവിസ്തീർണ്ണം ഹെക്ടർ	പദ്ധതി പ്രദേശത്തെനീർചാലുകളുടെനീളം	അടങ്കൽ തുക	ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമിയുടെവിസ്തീർണ്ണം	പ്രയോജനംലഭിച്ചകുടുംബങ്ങളുടെഎണ്ണം	ചെലവായ തുക	മറ്റു കാര്യങ്ങൾ
1.	2	3	4	5	6	7	8	9	10	11	12
1	കാഞ്ഞിരംപാടം	16		1,94000	39		25.9.95	12	39	1,61705	
2.	കൂരിക്കുണ്ട്		2കിമി	1,34,800		8.3.92	31.3.94			143113	
3	കാപ്പിൽതോട്		2കിമി	1,09087		5.3.93	31.3.94			101569	
4	നായാട്ടുകല്ല്		15കിമി	15000			31.3.95			10491	14കിമി സ്ഥലത്ത് പണി പൂർത്തിയായി
5	ഷാരിയിൽ കോളനി	3.36			40	25.2.92					ലക്ഷ്യം 3.36 ഹെക്ടർ
6.	മേലെമഠം	1.1		77000	15	4.1.93	31.3.94			70654	ഒരു ഹെക്ടർ സ്ഥലത്ത്പണിപൂർത്തിയായി
7	പഴയ വാണിയമ്പലം	3.08		160000	46	18.2.93	31.1.94			156196	

ജലലഭ്യതയും ശീതോഷ്ണാവസ്ഥയും

ശരാശരി 2970 മി.മീ. മഴ ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്ന ഏറ്റവും കുറഞ്ഞ ചൂടിന്റെ ശരാശരി 34.96 ° ഉം ഏറ്റവും കൂടിയ ചൂടിന്റെശരാശരി 24.49 ° ഉം ആണ്. നെല്ല്, മരച്ചീനി, വാഴ, മധുരകിഴങ്ങ്, ചേന, ചേമ്പ്, പൈനാപ്പിൾ, വിവിധയിനം പച്ചക്കറികൾ തുടങ്ങിയ ഹ്രസ്വകാല വിളകൾക്കും, കശുമാവ്, റബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, പ്ലാവ്, മാവ്, പുളി തുടങ്ങിയ ദീർഘകാല വിളകൾക്കും അനുകൂല കാലാവസ്ഥയുള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കൂടാതെ മുരിങ്ങ, പപ്പായ, വിവിധയിനം പഴവർഗ്ഗങ്ങളായ പേര, സപ്പോർട്ട, നെല്ലി എന്നിവയും ഇവിടെ സമൃദ്ധിയായി വളരുന്നു.

ജലസ്രോതസ്സുകൾ കൊണ്ട് സമ്പന്നാണ് നമ്മുടെ പഞ്ചായത്തെങ്കിലും പൊതുവെ മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിക്കാണ് പ്രാധാന്യം. വടക്കെ അതിർത്തിയിൽകൂടി ഒഴുകുന്ന കുതിര പ്പുഴയിലെ ജലം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.നമ്മുടെ പഞ്ചായത്തിന് അവകാശപ്പെട്ട പത്തു കിലോമീറ്റർ പുഴ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ കാഞ്ഞിരപാടം, വടക്കുംപാടം, കാരാട്, കുരാട് തുടങ്ങിയ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ജലസേചനം നടത്താൻ കഴിയും. കാപ്പിൽത്തോട്, ഏമങ്ങാട് തോട്, കാരാട് തോട് എന്നീ പ്രധാന തോടും ഇതിലേക്കു വന്നു ചേരുന്ന ക്കെതോടുകളുമടക്കം 34 കി. മീ. തോടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ അതീനതയിലുള്ളതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതായി 273 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈതോടുകളുടെയും കുളങ്ങളുടെയും ജലസംഭരണ ശേഷി കുറഞ്ഞിട്ടുണ്ട്. നീർമറി അടിസ്ഥാനത്തിലും പാടശേഖര അടിസ്ഥാനത്തിലുമുള്ള ശാസ്ത്രീ യമായ ജലമാനേജുമെന്റു വഴി ഈ തോടുകളേയും കുളങ്ങളേയും ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയും.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 4545 ഹെക്ടർ ആണ്. ഇതിൽ 860 ഹെക്ടർ നിലവും 3685 ഹെക്ടർപുരയിടവുമാണ്. കൃഷിക്കു ലഭ്യമായ സ്ഥലം 3236 ഹെക്ടർ ആണ്. ഇതിൽ തന്നെ 150 ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നു

വിവിധ വിളകളുടെ വിസ്തൃതിയും ഉത്പാദനക്ഷമതയും കൃഷി ഭവൻ രേഖകൾ പ്രകാരം ചുവടെ ചേർക്കുന്നു.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	806 ഹെക്ടർ
പുരയിടം	1952.8 ഹെക്ടർ
പുറമ്പോക്ക്	8.9 ഹെക്ടർ
കൃഷിയോഗ്യ തരിശ്	503.36 ഹെക്ടർ
കൃഷിയോഗ്യമല്ലാത്തതരിശ്	68.84 ഹെക്ടർ
ആകെ	3339.9 ഹെക്ടർ

വിള വിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണം	മൊത്ത ഉത്പാദനം	ഉത്പാദന ക്ഷമത ഹെക്ടറിൽ
നെല്ല് ഒന്നാംവിള	640	1600	2.5
നെല്ല് രണ്ടാംവിള	535	1337.5	2.5
നെല്ല്മുന്നാംവിള	1	2.5	2.5
പയർ	2	48	2.4
ഏളഉപ്പച്ചകറികൾ	1	4.48	4.48
തെങ്ങ്	12	3126000	5210
വാഴ	600	1426	6.73
മരച്ചീനി	212	4267.2	20.32
കുരു മുളക്	210	199.52	1.736
പ്ലാവ്	145	7.92	2.64
കശുമാവ്	3	1245	3.98
മാവ്	187.5	27.86	2.02
റബ്ബർ	7	1373.6	185100
കവുങ്ങ്	680	333180000	

വിള	വിസ്തീർണ്ണം
നെല്ല് ഒന്നാം വിള	240 ഹെക്ടർ
നെല്ല് രണ്ടാം വിള	400 ഹെക്ടർ
പച്ചക്കറികൾ	15 ഹെക്ടർ
മരച്ചീനി	150 ഹെക്ടർ
ഏത്തവാഴ	400 ഹെക്ടർ
മറ്റുവാഴ	2 ഹെക്ടർ
പൈനാപ്പിൾ	5 ഹെക്ടർ
തെങ്ങ്	850 ഹെക്ടർ
കവുങ്ങ്	100 ഹെക്ടർ
കശുമാവ്	263 ഹെക്ടർ
കുരുമുളക്	55 ഹെക്ടർ
റബർ	900 ഹെക്ടർ
പ്ലാവ്	90 ഹെക്ടർ
മാവ്	120 ഹെക്ടർ

നെൽ കൃഷി

ഈ പഞ്ചായത്തിൽ 240 ഹെക്ടർ സ്ഥലത്ത് നെല്ല് ഒന്നാം വിളയും, 400 ഹെക്ടറിൽ നെല്ല് രണ്ടാംവിളയും കൃഷി ചെയ്യുന്നു. കർഷകർ പരമ്പരാഗതമായി ഉപയോഗിച്ചു വന്നിരുന്ന പല നെൽ വിത്തിനങ്ങളും ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. എങ്കിലും ഭൂരിഭാഗം കർഷകരും നാടൻ നെൽ വിത്തിനങ്ങൾ ഇപ്പോഴും കൃഷി ചെയ്തു വരുന്നത്. ആര്യൻമുണ്ടകൻ, കൊട്ടാരക്കര, തെക്കൻചീര, കൊച്ചി തൊണ്ണൂറാൻ, ഓമനകുട്ടൻതുടങ്ങിയ നാടൻ നെൽവിത്തിനങ്ങളാണ് കൂടുതലായി കൃഷി ചെയതു വരുന്നത്. കൂടാതെ ത്രിവേണി, ജ്യോതി, അന്നപൂർണ്ണ, പവിഴം, ന04! ഫയൽഡ 44 തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും കൃഷി ചെയ്യുന്നു. ഹെക്ടറിന് ശരാശരി ഉത്പാദനം 2500കി.ഗ്രാം ആണ്. വേണ്ട സമയത്ത് വേണ്ടത്ര അളവിൽ വെള്ളം കിട്ടാത്ത അവസ്ഥ, കീടങ്ങളെ പ്രതിരോധിക്കാൻ കഴിയാതിരിക്കുക, ജൈവ വളങ്ങളുടെ ലഭ്യതക്കുറവ് മേൻമയുള്ള വിത്തിനങ്ങളുടെ അഭാവം, ആവശ്യമുള്ള സമയത്ത് തൊഴിലാളികളെ കിട്ടാതിരിക്കുക, തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്ക്, ഉൽപന്നത്തിന് വിലക്കുറവ്, ചെറുകിട യന്ത്രങ്ങളുടെ അപര്യാപ്തത എന്നിവയാണ് നെൽകൃഷിക്കാർ ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധികൾ.

പാടശേഖര സമിതികൾ

തുണ്ടുതുണ്ടാക്കി മാറ്റപ്പെട്ട കൃഷി ഭൂമിയിൽ കർഷകരുടെ കൂട്ടായ്മയിലൂടെ കൃഷിചെലവു കുറക്കാനും ഉത്പാതന വർദ്ധന ഉണ്ടാക്കാനും കഴിയുമെന്ന കാഴ്ചപ്പാടോടെയാണ് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായംആരംഭിച്ചത്.കൃഷിഭവൻ രേഖകളനുസരിച്ച് ഇവിടെ 20 പാടശേഖരങ്ങളിലായി 492 ഹെക്ടർ സ്ഥലത്ത് 547 കർഷകരുടെ പ്രാധിനിധ്യമുള്ള പാടശേഖര സമിതികൾ നിലനിൽക്കുന്നതായി കാണുന്നു. ഈ സമിതികൾ മിക്കതും സജീവമായി പ്രവർത്തിക്കുന്നവയല്ല. ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ച് പാടശ്ശേഖര സമിതികൾ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കാനുള്ള ഒരേർപ്പാടു മാത്രമായി അധപ്പതിച്ചിരിക്കുന്നു. കിട്ടുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ഉപഭോക്താവിൽ എത്താത്ത സ്ഥിതി വിശേഷങ്ങളുമുണ്ട്. കൃഷി ഭവൻ രേഖകൾ പ്രകാരം നിലവിലുള്ളപാടശ്ശേഖരസമിതികൾ താഴെ പറയുന്നവയാണ്.

ക്രമ നമ്പർ	പേര്	വിസ്തീർണ്ണം ഹെക്ടറിൽ	കൃഷിക്കാരുടെ എണ്ണം
1	കുയ്യാപൊയിൽ	30	28
2	കുറ്റുമുണ്ട-വരമ്പൻകല്ല്	20	15
3	കൂരാട് പളളിപ്പടി	35	27
4	പനംപൊയിൽ	45	40
5	ഷാരിയിൽ	23	17

6	മാടശ്ശേരി വാഴാനി	25	30
7	പഴേടം കല്ലിങ്ങൽപ്പാടം	20	15
8	പുത്രുക്കര	25	43
9	തൃക്കൈക്കുത്ത്	20	15
10	മുട്ടിച്ചിറ തെക്കുംപുറം	20	25
11	പെരുമുണ്ടശ്ശേരി	13	20
12	കുരുട്ടി	15	24
13	പുക്കുളം	17	34
14	തവക്കൽ എരുകളം	40	27
15	മുടപ്പിലാശ്ശേരി	15	23
16	മുടവൻകോട്	24	35
17	കാഞ്ഞിരംപാടം	20	17
18	കാപ്പിൽ	25	20
19	തെക്കുവെള്ളാമ്പുറം	50	75
20	കാരക്കാപറമ്പ്	10	17
	ആകെ 20	492	547

തെങ്ങ്

കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലമായി തെങ്ങുകൃഷിയിൽ കാര്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. 850 ഹെക്ടർസ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നുണ്ട്.ഓരോ വീട്ടു വളപ്പിലും ഏറ്റവും കുറഞ്ഞത് ഒരു തെങ്ങെങ്കിലുംകാണാൻ കഴിയും. വയലുകൾ നികത്തി ദീർഘകാല വിളവുകൾ കൃഷി ചെയ്യാൻ തുടങ്ങിയതോടെയാണ് തെങ്ങു കൃഷിയിൽ വർദ്ധന ഉണ്ടായിട്ടുള്ളത്. ഇന്ന് ആകെയുള്ള തെങ്ങ് കൃഷിയുടെ നാലിലൊന്ന് ഭാഗം വയലിലാണ് കൃഷി .ചെയ്തു വരുന്നത്. സമീപ ഭാവിയിൽ തന്നെ ഇതിലും അധികമാകാനുള്ള സാധ്യത നിലനൽക്കുന്നു. ഇതൊക്കെയാണെങ്കിലും ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഗുണമേൻമയുള്ള തെങ്ങു തൈകളുടെ അപര്യാപ്തത, ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്, രാസ വളങ്ങളുടെവില ക്കുടുതൽ കൂലി കുടുതൽ തുടങ്ങി പല പ്രശ്നങ്ങളും നിലനിൽക്കുന്നെങ്കിലും ജലസേചന സൗകര്യങ്ങളുടെ കുറവാണ് ഉൽപാദന ക്ഷമതയുടെ കാര്യത്തിൽ ഏറ്റവും വലിയ ഒരു പ്രതിസന്ധിയായി നിലനിൽക്കുന്നത്. ജലസേചനത്തോട് ഇത്രയധികം പ്രതികരിക്കുന്ന മറ്റൊരു ദീർഘകാല വിളയും ഇല്ലെന്ന് തന്നെ പറയാം. മഴവെള്ളവും, കിണറും, കുളങ്ങളും, തോടുകളും, പുഴയുംശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ ഉൽപ്പാദനക്ഷമത ഇന്നത്തേതിന്റെ ഇരട്ടിയാക്കാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. കൃഷിക്കാരന് ഉൽപന്നത്തിന്ന് ന്യായമായ വില ലഭിക്കാനുള്ള സംവിധാനവും സൃഷ്ടിക്കേണ്ടതാണ്. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷികൾക്ക് ബോധവൽക്കരണവും പ്രോൽസാഹനവും അത്യാവശ്യമാണ്.

കവുങ്ങ്

നമ്മുടെ വയലേലകളെല്ലാം അതിദ്രുതം കവിങ്ങിൻ തോട്ടങ്ങളായി മാറി ക്കൊണ്ടിരിക്കുന്നു. മുൻപ് വയലുകലുടെ പറമ്പുകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന കവുങ്ങുകളെ രണ്ടും, മുന്നും വിളയെടുക്കാൻ കഴിയുന്ന വയലുകളിലേക്ക് സ്വാഗതം ചെയ്തിരിക്കുന്നു.കുറഞ്ഞ പരിചാരണം മതി. ഉല്പന്നത്തിന് ന്യായവില ലഭിക്കുന്നു. ഇതാണ് കവുങ്ങുകൃഷിയിലേക്ക് തിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. ഇതിന്റെ ഫലമായി വർഷം തോറും പതിനായിരം കണക്കിന് കവുങ്ങിൻ തൈകൾ വലയുകളിൽ പുതുതായി നട്ടുക്കൊണ്ടുരിക്കുന്നു. ഇത് സമീപ ഭാവിയിൽ നമ്മുടെ നാട്ടിൽ ഒരു പ്രതി സന്ധിസൃഷടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഉള്ളതിൽ നിന്ന് പരമാവധി ഉല്പാദനം ഉണ്ടാക്കിയെടുക്കുന്നതോടൊപ്പം കൂടുതൽ വയലുകളിലേക്ക് ഈ കൃഷി വ്യാപിക്കാതിരിക്കാനുള്ള ബോധവത്ക്കരണവും അത്യാവശ്യമാണ്.

കുരുമുളക്

155 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു.പ്രത്യേക സംരക്ഷണം കൊടുത്ത് ഒരു കൃഷി എന്ന രീതിയിൽ പരിചരിക്കുന്നത് പളരെ ക്കുറച്ചു കൃഷിക്കാർമാത്രമാണ്. കുരുമുളക്കിന്റെ കാര്യത്തിൽ അതിന്റെ ഇനം പ്രധാനഘടകമാണ്. ഗുണമേന്മ വളരെ കുറഞ്ഞ ഇനമാണ് 90% സ്ഥലങ്ങളിലും കൃഷി ചെയ്ത വരുന്നത്. കിരിമുണ്ട പോലെ ഏറെ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ നല്ല വിളവു തരുന്നതായി കണ്ടു വരുന്നു. ഈ രംഗത്തും കുലിചെലപ്പ് വലിയൊരു പ്രശ്ന മായി നില നിൽക്കുന്നു. ചില ചെറു കിട ക്ക്യഷിക്കാർ ഉല്പന്നം വിറ്റാൽ കിട്ടുന്ന തുക്കയെക്കാൽ കൂടുതൽ വിളവെടുപ്പിന് ചിലവാകുമന്നതിനാൽ വിളവെടുപ്പ് നടത്താത്ത അവസ്ഥ പോലുമുണ്ട്. ശാസ്ത്രീയകൃഷി രീതിയിലൂടെ നമ്മുടെ പഞ്ചായത്തിലെ കുരുമുളക് ഉല്പാദനം ഇന്നത്തേതിന്റെ പത്തിരട്ടിയാക്കി വർധിപ്പിക്കാൻ കഴിയും.

കശുമാവ്

മുമ്പ് അതിപ്രതാപശാലിയായി നമ്മുടെ നാട്ടിൽ വാണിരുന്ന കശുമാവ് ഇന്ന് വംശ നാശത്തിന്റെ ഭീഷണിയിലാണ്. പുതുതായി ഒരു സെന്റെ ഭൂമിയിൽപ്പോലും ഈ കൃഷി ചെയ്യുന്നില്ല. നിലവിലുള്ള വിസ്തൃതി അതിവേഗം കുറയുകയും ചെയ്യുന്നു. വർഷത്തിലൊരിക്കൽ വിളവെടുപ്പു സമയത്ത് അടിക്കാടു വെട്ടിക്കൊടുക്കുന്നത് ഒഴികെ യാതൊരു പരിചരണവും ചെയ്യാറില്ല. 263 ഹെക്ടർ സ്ഥലത്ത് ഈ കൃഷി അവശേഷിക്കുന്നുണ്ട്.

റബർ

കഴിഞ്ഞ ഒരു പതിറ്റാണ്ട് കൊണ്ട് ഉല്പാദനം ഇരട്ടിയിലധിം വർധിപ്പിക്കാൻ കഴിഞ്ഞ ഏക വിളയാണ് രബർ. നമ്മുടെ പഞ്ചായത്തിൽ 900ഹെക്ടർസ്ഥലത്ത് റബർകൃഷി ചെയ്തു വരുന്നു. നമ്മുടെ പഞ്ചായത്തിലെ എല്ലാ പദേശങ്ങളിലും ഇന്ന് റബർ കൃഷി ആരംഭിച്ചിടുള്ളതായി കണാം.കാപ്പിൽ കാരാട്, വടക്കുപ്പാടം, ലെളളാമ്പ്രം വാണിയമ്പലം, ഏമങ്ങാട്,കൂരാട് എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ റബർ കൃഷി കണ്ടുവരുന്നത്. നമ്മുടെ സമീപ പ്രദേശങ്ങളായ കാളികാവ്, പുല്ലങ്കോട് പ്രദേശങ്ങളിൽ ലഭിക്കുന്നയത്ര ഉല്പാദക്ഷമതയില്ലെങ്കിലും, ഉല്പാദനക്ഷമതുടെ കാര്യത്തിൽ ശരാശരി നിലപാരം പുലർത്തിവരുന്നു. ശങ്കരയിനം തൈകൾ ലഭ്യമായതോടുകൂടി ഈരംഗത്തു കുതിച്ച് ചാട്ടം തന്നെ ഉണ്ടാക്കിയിടുണ്ട്.

മുമ്പ് വൻകിട മുതാലാളിമാരുടെ മാത്രം കൃഷിയായിരുന്ന റബർ ഇന്ന് ഇടത്തരക്കാരന്റെയും, ചെറകിടക്കാരന്റെയും നാമമാത്ര കൃഷിക്കാരന്റെയുമെക്കെ കൃഷിയായി മാറിയിരിക്കുന്നു. 10 സെന്റെകാരൻപ്പോലും ഇന്ന് റബർകൃഷി ചെയ്യുന്നുണ്ട്.

ആകെ ഉല്പാദനത്തിന്റെ 80 ശതമാനവും ഇന്ന് ചെറുകിട ഇടത്തരം കൃഷിക്കാരാണ് ഉല്പാദിപ്പിക്കുന്നത്.

പട്ടമരപ്പ് പോലെയുള്ള രോഗങ്ങൾ, രാസവളത്തിന്റെ വിലക്കുടുതൽ, ഉല്പാന്നങ്ങൾ, വിറ്റഴിക്കാനുള്ള വിഷമം എന്നിവയാണ് ഈ രംഗത്ത് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾഈരംഗത്ത്ഥൃക്കാപത്തായപ്രവർത്തനക്കുവച്ച

ക്കൊണ്ടിരിക്കുന്ന റബർ ഉല്പ്പാദക സഹകരണ സംഘം 1988 മുതൽ വണ്ടൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട് . ഇപ്പോൾ വാണിയമ്പലം, കാപ്പിൽ, കുരാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് ന്യായമായ വിലക്ക് കാർഷികോപാധികൾ വിതരണം ചെയ്യുകയും അവരുടെ ഉല്പന്നങ്ങൾക്ക്. ന്യായമായ വില കൊടുത്ത് ശേഖരിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. റബർ ബോർഡിൽ നിന്ന് ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ചെറിയ സാമ്പത്തിക കഹായവും മാത്രമേ ഇതിന് ലഭിക്കുന്നുള്ളു.

ഈ സംഘങ്ങളെ പരിപോഷിപ്പിച്ചുക്കോണ്ട്

കൂടുതലാക് ഉല്പാദനം ഇന്നത്തതിന്റെ പത്തിരട്ടിയാക്കി വർധിപ്പിക്കാൻ കഴിയും.

കശുമാവ്

മുമ്പ് അതിപ്രതാപശാലിയായിനമ്മുടെനാട്ടിൽവാണിരുന്ന കശുമാങ്ങാഞ്ചേരത്തിന്റെഭീഷണിയിലേക്കു മുഴുങ്ങിയുന്നതോ ഭൂമിയിൽപ്പോലുംഇന്നുകൃഷിചെയ്യുന്നില്ലനിലവിലുള്ളപിസ്യത്തി ത്തിവേഗംകുറയുകയുചെയ്യുന്നുവർഷത്തിലൊരിക്കൽവിളവെടുപ്പു സമയത്ത്അടിക്കാടുവെട്ടിക്കൊടുക്കുന്നത്ഒഴികെയാതൊരു പരിചരണവും ച്ചെയ്യാറില്ല. 263 ഹെക്ടർ സ്ഥലത്ത് ഈ കൃഷി അപശേഷികുന്നുണ്ട്.

റബർ

കഴിഞ്ഞ ഒരു പതിറ്റാണ്ടം ക്കൊണ്ട് ഉല്പാദനം ഇരട്ടിയിലധിം വർധിപ്പിക്കാൻ കഴിഞ്ഞ ഏകവിളയാണ് റബർ. നമ്മുടെ പഞ്ചായത്തിൽ 900ഹെക്ടർസ്ഥലത്ത്റബർകൃഷിചെയ്തു വരുന്നു. നമ്മുടെ പഞ്ചായത്തിലെ എല്ലാ പദേശങ്ങളിലും ഇന്ന് റബർ കൃഷി ആരംഭിച്ചിടുള്ളതായി കണാം.കാപ്പിൽ കാരാട്പടക്കുപ്പാടം,ചെള്ളാമ്പംവാണിയമ്പലം,ഏഴരക്കാട്കൂരാട് എന്നീപ്രദേശങ്ങളിലാണ്ഏറ്റവുംകൂടുതൽറബർകൃഷികണ്ടുവരുന്നത് നമ്മുടെ സമീപ പ്രദേശങ്ങളായ കാളികാവ്, പുല്ലങ്കോട് പ്രദേശങ്ങളിൽഇന്നുനടപ്പാക്കിയിട്ടുള്ളനഷ്ടത്തിന്റെകണക്കുകളിൽ ശരാശരി നിലപാരം പുലർത്തിവരുന്നു.കങ്കരയിനം ഞങ്കൾപ്രധാനമായുംകൃഷിചെയ്തുവരുന്നത്.ഇതിനുമുമ്പ് വൻകാട് മുതാലാളിമാരുടെ മാത്രം കൃഷിയായിരുന്ന റബർ ഇന്ന് ഇടത്തരക്കാരന്റെയും,ചെറുകിടക്കാരന്റെയും നന്മമാത്രകൃഷിക്കാരന്റെയുമൊക്കെകൃഷിയായിമാറിയിരിക്കുന്നു. 10 സെന്റെകാരൻപ്പോലുംമിന്നറബർകൃഷിചെയ്യുന്നുണ്ട്. ആകെ ഉല്പാദനത്തിന്റെ 80 ശതമാനവും ഇന്ന് ചെറുകിട ഇടത്തരം കൃഷിക്കാരാണ്ഉല്പാദിപ്പിക്കുന്നത്.

പട്ടമരപ്പു പോലെയുള്ള രോഗങ്ങൾ, രാസവളത്തിന്റെ വിലക്കുടുതൽ, ഉല്പാനങ്ങൾ, വിറ്റഴിക്കാൻുള്ള വിഷമം എന്നിവയാണ് ഈ രംഗത്ത് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ.ഈരംഗത്ത്മാതൃകാപരമായപ്രവർത്തനംകാഴ്ചവച്ചു ക്കൊണ്ടിരിക്കുന്ന റബർ ഉല്പാദക സഹകരണ സംഘം 1988 മുതൽ വണ്ടൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട് . ഇപ്പോൾ വാണിയമ്പലം, കാപ്പിൽ കൂരാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് ന്യായ്മായ വിലക്ക് കാർഷികോലാധികൾ വിതരണംചെയ്യുകയും അവരുടെ ഉല്പന്നങൾക്ക്ന്യായമായവിലകൊടുത്ത്ശേഖരിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം . റബർ ബോർഡിൽ നിന്ന്ലഭിക്കുന്നമാർഗ്ഗനിർദ്ദേശങ്ങളുംചെറിയസാമ്പത്തിക കഹായവും മാത്രമേ ഇതിന് ലഭിക്കുന്നുള്ളു.

ഈ സംഘങ്ങളെ പരിപോഷിപ്പിച്ചുക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ റബർ ഉല്പാദനമേഖലയിൽ ഗുണപരമായ മാറ്റങൾ ഉണ്ടാക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

മരച്ചീനി

കേരളീയരുടെ ആഹാരത്തിലെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമായിരുന്നു മരച്ചീനി, കാടുകളും മേടുകളുമൊക്കെ വെട്ടിത്തെളിച്ച് വ്യാപകമായി മരച്ചീനി കൃഷി ചെയ്തിരുന്നു. റബർ കൃഷിയുടെ വ്യാപനത്തോടുകൂടി ഈ കൃഷിയിൽ കാര്യമായകുറവു സംഭവിച്ചിട്ടുണ്ട്.

വണ്ടൂർ പഞ്ചായത്തിൽ ഇപ്പോൾ 150 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തുവരുവരുന്നുണ്ട്. രണ്ടുതരം കൃഷിയാണ് ഇവിടെ നിലില്ക്കുന്നത് കരകൃഷിയും നിലകൃഷിയും. ആകെ കൃഷിയുടെ 90%-ഉം നിലങ്ങളിലാണ് കൃഷിചെയ്യുന്നത്. ഇത് ആഹാരാവശ്യത്തിന് ഉപയോഗിക്കുന്നു. കരയിൽ കൃഷി ചെയ്യുന്ന മരച്ചീനി വ്യാവസായിക ആവശ്യത്തിനാണ്ഉപയോഗിക്കുന്നത്. മണ്ണ് സംരക്ഷണ മാർഗ്ഗങ്ങളൊന്നും അവലംബിക്കാതെ ചരിഞ്ഞ പ്രദേശങ്ങളിൽ മരച്ചീനി കൃഷി ചെയ്യുന്നത്, ഫലഭൂയിഷ്ടമായമേൽമണ്ണ് ഒലിച്ചുപോകുന്നതിനും സമീപ പ്രദേശങ്ങളിലെ ജലാശയങ്ങൾ നികന്നു പോകുന്നതിനും കാരണമാകുന്നു. ഇതു തടയുന്നതിന് സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും നല്കേണ്ടത് ആവശ്യമാണ്.

നേന്ത്രവാഴ

ഈ പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ നല്ലൊരു പങ്കുവഹിക്കുന്നവിളയാണ് നേന്ത്രവാഴ. 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. ഇതിൽ 99%-ഉം പാടങ്ങളിലാണ് കൃഷി ചെയ്യുന്നത്. കഴിഞ്ഞവർഷം ഉദ്ദേശം 2700 ടൺ നേന്ത്രക്കുല നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിച്ചതായി കണക്കാക്കുന്നു.

നേന്ത്രവാഴകൃഷി ചെയ്യുന്നവരിൽ ഭൂരിഭാഗവും നിലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നവരാണ്. ഭൂടമക്ക് കൊടുക്കേണ്ട പാട്ടത്തിന്റെ നിരക്ക് വർഷം പ്രതി വർധിച്ചുവരുന്നു. വളരെയധികം വളപ്രയോഗം ആവശ്യമുള്ള ഒരു വിളയാണ് നേന്ത്രവാഴ. ഇതു കൊണ്ടുതന്നെ ഉല്പാദനചെലവ് ഗണ്യമായിവർധിച്ചിരിക്കുന്നു.

ചില പ്രത്യേക കാലഘട്ടത്തിൽ ഒന്നിച്ച് വിളവെടുപ്പുവരുന്നതുകൊണ്ട് ഉല്പന്നത്തിന്ന് ന്യായമായ വില കിട്ടുന്നില്ല. പാട്ട ഭൂമിയായതു കൊണ്ട് ബാങ്കുകൾ വായ്പ കൊടുക്കുന്നില്ല

ഇടനിലക്കാരുടെ ചൂഷണം ഇവയൊക്കെയാണ് ഈ കൃഷിനേരിടുന്നപ്രതി സന്ധി. കുന്നിൻമേൽക്കുരു എന്നതു പോലെ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി നാശവും സാധാരണയാണ്. ഇട് നിലക്കാരെ ഒഴിവാക്കി ഇവരുടെ ഉത്പന്നങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനുമുള്ള സംവിധാനം ഉണ്ടാക്കിയാലേ ഈ പ്രതി സന്ധി പരിഹരിക്കാൻ കഴിയൂ.

പച്ചക്കറികൾ

മുൻ കാലങ്ങളിൽ ഓരോ കുടുംബവും അവരവർക്കു വേണ്ട പച്ചക്കറികളും, ചേന, ചേമ്പ് തുടങ്ങിയ കീഴ്ങ്ങു വർഗ്ഗങ്ങളും സ്വന്തമായി ഉത്പാതിപ്പിച്ചിരുന്നു. കേരളത്തിന്റെ ഇതര ഭാഗങ്ങളിലെ പ്പോലെ വണ്ടൂരും പച്ചക്കറി ആവശ്യത്തിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അടുക്കളെ ത്തോട്ടമെന്ന സങ്കൽപ്പം പോലും ഇല്ലാതായിരിക്കുന്നു. 15 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു. അതികവും വിപണനാവശ്യത്തിന് പച്ചക്കറി കൃഷി ചെയ്യുന്നവരാണ്. അജ്ഞതയും അമിത ലാഭേഛയും മൂലം നടത്തുന്ന അശാസ്ത്രീയ കീടനാശിനി പ്രയോഗം നമ്മുടെ ആരോഗ്യത്തെ അപകടപ്പെടുത്തുമെന്നതിന് യാതൊരു സംശയവുമില്ല. ശക്തമായ ബോധവത്ക്കരണത്തിലൂടെയും നിയമ നിർമ്മാണത്തിലൂടേയും ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. അതോടൊപ്പം തന്നെ അടുക്കളത്തോട്ടമെന്ന നമ്മുടെ കൈവിട്ടുപോയ ആശയം തിരികെ കൊണ്ടു വരികും വേണം.

മുരിങ്ങ

മുരിങ്ങയുടെ ഗുണ ഗണങ്ങൾ കണ്ടറിഞ്ഞ വിരാണ് വണ്ടൂർ ഗ്രാമ വാസികൾ . ഇവിടുത്തെ ഒട്ടു മിക്ക വീട്ടു വളപ്പിലും ഒരു മുരിങ്ങയെിലും ഉണ്ടാകും. പഞ്ചായത്തിലെ 40 ഹൈക്ടർസ്ഥലത്ത് മുരിങ്ങ കൃഷി ചെയ്ത് വരുന്നതായി കണക്കാകുന്നു. പക്ഷേ ഇവയിൽ 99 ശതമാനവും ഇലയുടെ ആവശ്യത്തിന് വളർത്തുന്നവയാണ്. അതുകൊണ്ട് മുരിങ്ങക്കായ്ക്ക് അന്യസംസ്ഥാന ങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇന്ന് എല്ലാക്കാലത്തും കായ്ഫലം തരുന്ന ഗുണമേന്മയുള്ള മുരിങ്ങയിനങ്ങൾ വികസിപ്പിച്ചെടുത്തിടുണ്ട്. ഇത് ഓരോവീട്ടു വളപ്പിലും നട്ടു വളർത്താനുള്ള നടപ്പടികൾ രൂപം കൊടുക്കേണ്ടതുണ്ട്.

പഴവർഗ്ഗങ്ങൾ

പൊതുച്ച സംസ്കാരത്തിന്റെ ഭാഗമായി നാട്ടറിവുകളെയും, നാടൻ രീതി കളെയുമൊക്കെ അവജ്ഞയോടെയാണ് നാം കാണുന്നത്. ഇത് നമ്മുടെ ആഹാരരീതിയിലും പ്രതിഫലിച്ചിരിക്കുന്നു. നമ്മുക്കിന്ന് ഇംഗ്ലീഷ് പഴങ്ങളോടാണ് താല്പര്യം.കീട നാശിനിയിൽ പൊതിഞ്ഞു വളർത്തി യെടുക്കുന്ന മുന്തിരി ആപ്പിൾ തുടങ്ങിയ പഴങ്ങൾ നമ്മുടെ നാട്ടിൽ വളരെ യധികം വിറ്റഴിയുന്നു. എന്നാൽ ഇതിനെക്കാൾ ഗുണമേന്മയുള്ള വിവിധ പഴവർഗ്ഗങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമായി ഉല്പാദിപ്പിക്കാൻ കഴിയും. ചക്കാമാങ്ങ പപ്പായ കൈതച്ചക്ക, പേരയ്ക്ക നെല്ലിക്ക സപ്പോട്ട, ചക്കപ്പഴം. തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. ഇക്കാര്യത്തിൽ ബോധവത്ക്കരണവും പ്രോത്സാഹനവും നടത്തേണ്ടതുണ്ട്.

കൃഷിഭവൻ

വണ്ടൂർ ബ്ലോക്ക് ആസ്ഥാന ത്തു സ്ഥിതി ചെയ്യുന്ന കൃഷി അസിസ്റ്റന്റെ് ഡയറക്ടർ ഓഫീസ് കെട്ടിടത്തിൽ ത്തന്നെ യാണ് വണ്ടൂർ പഞ്ചായത്ത് കൃഷി ഭവനം സ്ഥിതി ചെയ്യുന്നത്. ഇപിടെ ഒരു കൃഷി ആഫീസറും 3 കൃഷി അസിസ്റ്റന്റും ജോലി ചെയ്തു വരുന്നു. കഴിഞ്ഞമൂന്നു വർഷം ചെയ്തു വിവിധ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വണ്ടൂർ പഞ്ചായത്ത് കൃഷി ഭവൻ രേഖ

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	1125	399	525
കശുമാവ്	670		320
കുരുമുളക്	2350		4000
കവുങ്ങ്	520	100	250
നെൽവിത്ത്	810	500	200
പച്ചക്കറി വിത്ത് പാക്കറ്റ്		720	1200

വണ്ടൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ രേഖ പട്ടിക 7

വർഷം	പ്രയോജനപ്രദമായ വിവിധയിനം കൈക്കൂലി			വിതരണം	
	വെള്ളക്കുപ്പായം	വകുപ്പുപുസ്തകം	ഉടുപ്പൊട്ടാണി	ലഭിച്ചവരുടെ എണ്ണം	തുക
1993-94				64	17,228
1994-95				111	10,448
1995-96				6	9445

കാർഷിക വായ്പ

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സൗത്ത് മലബാർഗ്രാമീണ ബാങ്ക്, കനറാബാങ്ക്, മലപ്പുറംജില്ലാസഹകരണ ബാങ്ക്, നിലമ്പൂർ അർബൻ സഹകരണ ബാങ്ക്, വണ്ടൂർ സഹകരണ ബാങ്കിന്റെ വണ്ടൂർ വടക്കുംമ്പാടത്തുമുള്ള ശാഖകൾ, നെടുങ്ങാടി ബാങ്ക് എന്നീ ബാങ്കുകൾ കാർഷിക വായ്പ നല്കി വരുന്നുണ്ട്. വണ്ടൂർ സഹകരണ ബാങ്ക് നൽകിയ വായപയുടെ വിവരങ്ങൾചുവടെ ചോർക്കുന്നു.13 വാർഡുഗ്രാമസഭകളിൽ നിന്നു കാർഷിക മേഖല അഭിമുഖീകരിക്കുന്നപ്രശ്നങ്ങളെ സബന്ധിച്ച് ആഴത്തിലുള്ള ചർച്ചയും പരിഹാര നിർദ്ദേശങ്ങളും വരികയുണ്ടായി.

പ്രശ്നങ്ങൾ താഴെപറയും പ്രകാരമാണ്.

പ്രശ്നങ്ങൾ--

1 അശാസ്ത്രീയമായ കൃഷി രീതികളാണ് ഇന്നും തുടരുന്നത്

2 കൃഷി ഭൂമി തുണ്ടമാക്കപ്പെട്ടത് ശാസ്ത്രീയമായകൃഷിരീതികൾ അവലഭിക്കുന്നതിനു യന്ത്രവത്ക്കരണ നടത്തുന്നതിനും വിഘാതമായി നില്ക്കുന്നു.

3 കൂട്ടുകൃഷി രീതി വളർത്തി യെടുക്കുന്നതിന് വേണ്ടി ഉപകരിക്കേണ്ട പാടശേഖര സമിതി കളുടേയും കേര കർഷക സമിതികളുടെയും പ്രവർത്തനം കൃഷിക്കാരുടെ കൂട്ടായ്മ വളർത്തിയെടുക്കുന്നതിന് പകരംചിലആനുകൂല്യങ്ങൾ നേടിയെടുക്കുന്നതനുള്ളഏജൻസികളായിപരിമിതപ്പെട്ടിരിക്കുന്നു.

4 കൃഷിഭവൻ പ്രവർത്തനങ്ങൾ തൃപ്തികരമായ രൂപത്തിലല്ല വണ്ടൂർ ടൗണിലാണ് കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് എന്നത് കൊണ്ട് കൃഷിഭവനുമായി ബന്ധപ്പെടുന്നതിനും സഹായ നിർദ്ദേശങ്ങൾ പ്രയോജന പ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ പ്രധാന കാർഷിക മേഖല ഉൾപ്പെടുന്ന പ്രദേശത്തെ കർഷകർക്ക് കഴിയുന്നില്ല.

5 കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യ കുറവു. ഇടത്തട്ടുക്കാരുടെ ചൂഷണവു കർഷകന് ന്യായ മായു ലഭിക്കേണ്ട തിന്റെ വലിയ പങ്കു അപഹരിക്കുന്നു.

6 വയലുകൾ നികത്തി കെട്ടിട നിർമ്മിക്കുന്നതും തോട്ടമാക്കി മാറ്റുന്നതു വ്യാപകമായിരിക്കുന്നു.

7 നെൽകൃഷി ക്കാരുടെ എണ്ണവും നെൽകൃഷിക്ക് ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തൃതിയും വളരെ വേഗം കുറഞ്ഞു കൊണ്ടിരിക്കുന്നു.

8. പുതിയ തലമുറക്ക് കൃഷിപ്പണിയോടുള്ള താല്പര്യ കുറവിന്റെയു കർഷകത്തൊഴിലാളികൾ ഇതര തൊഴിൽ മേഖല കളിലേക്ക് ഒഴിഞ്ഞു പോക്കുന്നതിന്റെയു ഫലമായി കൃഷി പ്പണിക്ക് പരിചയസമ്പരായ തൊഴിലാളികളെ കിട്ടാൻ ബുധി മുട്ടുണ്ടാകുന്നു.

9 പാടശ്ശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിന് സൗകര്യപ്രദമായ വഴിയുടെ അഭാവം.

10. കൃഷിയിടങ്ങൾ ഉഴുന്നതിന് കന്നുകളെ കിട്ടാൻ പ്രിയാസം അനുഭവപ്പെടുന്നു.

11 ട്രാക്ടർ, ട്രില്ലർ എന്നിവയുടെ ലഭ്യതക്കുറവ്.

12 കൊയ്യാനു, മൊതിക്കാനു മറ്റു ആവശ്യമായ ഉപകരണങ്ങളുടെ പ്രചാര മില്ലായ്മയും അവയുടെ ലഭ്യത ക്കുറവും.

13ഗുണ മേന്മയുള്ള വിത്തുകളുടെയു മറ്റു നടീൽ വസ്തുക്കളുടെയു ലഭ്യത ക്കുറവ്

14 വ്യാപക മായ കീട ബാധ.

15 ചിലതരംകീടങ്ങളെ തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങളില്ല.

16 കീട നാശിനി കളുടെ ലഭ്യത ക്കുറവും ദുസ്സഹമായ വിലയും

17 മണ്ണൊലിപ്പു മൂലം തോടുകളു കുളങ്ങളും തൂർന്ന് ഉപയോഗ യോഗ്യ മല്ലാതായിരിക്കുന്നു.

18 ജല ദൗർ ലഭ്യവു ജലസേചന സൗകര്യ കുറവും

19 കാലാ വസ്ഥയിലെ അസ്ഥിരത

20 രാസ വളത്തിന്റെ അമിത വില വർധന

ജൈവ വളത്തിന്റെ ഉപ ഭോഗ ക്കുറവ് മ
ിന്റെ ഗുണ മേന്മ നഷ്ട പ്പെടുത്തുന്നു.
ജൈവ കീട നാശിനി യെക്കുറിച്ച് കർഷ കർ
ജ്ഞരാണ്.
കർഷക ത്തൊഴിലാളികളുടെ കൂലിക്കൂടുത
വൈദഗ്ദ്ധ്യ ക്കുറവും
കാർഷിക ഉല്പന്നങ്ങൾ സംസ്കരിക്കുന്നതി
ുംശേഖരിക്കുന്ന തിനും മുള്ള സൗകര്യ
ൾഇല്ല.
വൈദ്യുതിയുടെ ലഭ്യത ക്കുറവ്
കൃഷിയിൽ താല്പര്യ വർധിപ്പിക്കുന്നതിന്
ായക മായ പ്രചാരണത്തിന്റെ കുറവ്.
മണ്ണ് പരിശോധന വേണ്ടത്ര സൗകര്യങ്ങളില്ല
കൃഷി ഭവനുകളിൽ വേണ്ടത്ര സാങ്കേതിക
ിഗ്ദരില്ല
പൂക്കൃഷിക്കുള്ള സാധ്യതയെ സബന്ധിച്ച്
ണ്ടത്ര പ്രചാരണ ലഭിക്കുന്നില്ല
അടുക്കള ത്തോട്ട നിർമ്മാണത്തിന് താല്പര്യ
വ്
തെങ്ങു കയറ്റ ത്തൊഴിലാളികളെ കിട്ടാനില്ല
ിഹാര നിർദ്ദേശങ്ങൾ
ശാസ്ത്രീയവു നൂതനവുമായ കൃഷി സമ്പ്രദാ
ങ്ങളെ പ്പറ്റി കർഷകരെ പരിശീലിപ്പിക്കുക.
ു കൃഷി സമ്പ്രദായ പ്രോത്സാഹിപ്പിക്കുക.
ിഭവന്റെ പ്രവർത്തന കൂടുതൽ ജനപങ്കാ
ത മുള്ള താക്കുകയു കൃഷി അസിസ്റ്റന്റെ
ർ കൃഷിയിടങ്ങൾ സ്ഥിര മായി സന്ദർശിച്ച്
ഷകർക്ക് ആവശ്യ മായ മാർഗ്ഗ നിർദേശ ങ്ങ
ൽകുകയു ചെയ്യുക.
ായത്തിന്റെ പ്രധാന കാർഷിക മേഖലക
ള 6,7, 8, 9, വാർഡുകൾക്ക് ഉപകാര പ്രദ
ത്തക രൂപത്തിൽ ഇന്ന് പ്രവർത്തന രഹിത
ാ ശാന്തി നഗറിലെ കൃഷി ഭവൻ തുറന്നു
വർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീ
ിക്കുക
ഞ്ചായത്ത് സഹകരണ അടിസ്ഥാനത്തിലോ
ിട്ടോ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്ന
ും വിപണന നടത്തുന്നതിനു സൗകര്യമുണ്ടാ
ക്കുക. വിളവെടുപ്പ് കാലങ്ങളിൽ കാർഷിക ഉ
ല്പന്ന ങ്ങൾ സംഭരിച്ചു വയക്കുന്നതിനും
ആ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില കിട്ടുന്ന സ
മയത്ത് വില്പന നടത്താൻ സഹായിക്കുകയു ചെ
യ്യുക.

4. പഞ്ചായത്തിലെ കൃഷി യെച്ച പ്പെടുത്തുന്നതി
നു, ഉല്പാദനവും ഉല്പാദനക്ഷ മതയും വർധിപ്പി
ക്കുന്ന തിനും ആസൂത്രിതമായ ജല സേചന സൗ
കര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.

a പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂ
ടെ ഒഴുകുന്ന കുതിര പ്പുഴയിലെ ജല തടയണക
ൾ കെട്ടി തടഞ്ഞു നിർത്തി പമ്പു ചെയ്യാൻ കഴി
ഞ്ഞാൽ വളരെ യേറെ കൃഷി ഭൂമിക്ക് ജലസച
ന ഒരുക്കാവുന്നതാണ്.

b പഞ്ചായത്തിന്റെ ഏകദേശ മധ്യ ഭാഗത്തു
കൂടെ തെക്കു വടക്കായി ഒഴുകുന്ന കുരിക്കുണ്ട്
- കാപ്പിൽ ത്തോട് നിലവിലുള്ള കൂരിക്കുണ്ട്
നീർമറി പധതിയിൽ ഉൾപ്പെടുത്തി തടയണകൾ
നിർമ്മിച്ചു ജല സേചന സാധ്യത വർധി
പ്പിക്കാം.

c മൊടപ്പിലാശ്ശേരി - അമരമ്പല തോട്ടിലും
പായൻകോട് പുലിമുണ്ട ത്തോടിലു തടയണ
കൾ നിർമ്മിക്കണം

dഅങ്കപ്പൊയിൽ-താഴെ ക്കുറ്റി ത്തോടിയു മൊട
പ്പിലാശ്ശേരി -തച്ചങ്കോട് -കൂറ്റപാര ത്തോടിലു
തടയണകൾ തീർക്കേണ്ടതാണ്.

eമൂകളിൽ പ്പറഞ്ഞ തോടുകളിലു, കൊരപ ത്തോ
ട്ടിലു ആവശ്യമായ സ്ഥലങ്ങളിൽ സൈഡു കെ
ട്ടി സരക്ഷിക്കണം

f കേലേംപാടം തോട്, പൊത്തനത്തോട്, പെ
രുമുണ്ടശ്ശേരിത്തോട് എന്നിവയിൽ ആവശ്യമാ
യ സ്ഥലങ്ങളിൽ സൈഡു കൊട്ടി തടയിണക
ൾ നിർമ്മിക്കണം.

8-ാ വാർഡിലെ പൊട്ടിത്തോട്, കണ്ടിത്തോട്,
കുറുമ്പൊയിൽ ത്തോട് എന്നിവയിൽ ആവശ്യ
മായസ്ഥലത്ത് സൈഡുകെട്ടി തടയണ നിർമി
ക്കണ.

h കാപ്പിൽ മുണ്ട ത്തോട് കൊരവത്തോട്, വീ
ട്ടിക്കൽ ത്തോട് എന്നിവയിൽ ആവശ്യമായ സ്ഥ
ലത്ത് സൈഡുകെട്ടി തടയണകൾ നിർമ്മി
ക്കണം

i നിലവിലുള്ള മച്ചിങ്ങപ്പൊയിൽ മങ്ങം കുണ്ട് തോണി പ്പാറ പൊട്ടാലുങ്ങൽ തുടങ്ങിയ കാപ്പിൽ ത്തോട്ടിലെ ബണ്ടുകൾക്ക് ആവശ്യമായ അറ്റകുറ്റ പ്പണി നടത്തണ. തോണിപ്പാറ ബണ്ട് ഉയർത്തി മേ ൽപ്പാലം നിർമ്മിക്കണം.

j കൂളിപ്പറമ്പ്ത്തോട്, കലായിപ്പാറത്തോട്, മുട്ടിച്ചി റത്തോട് എന്നിവയിൽ ആവശ്യമായ സ്ഥ ലത്ത്സൈഡുകെട്ടി തടയിണകൾ നിർമ്മിക്കുക.

k കുച്ചക്കോടു പാലത്തിനു താഴെയായി തടയ ണ നിർമ്മിക്കണം

l കൂറ്റംപാറ ത്തോട്, കൂറ്റു മുണ്ട ത്തോട്, കീഴ പ്പടത്തോട് എന്നിവയിൽ ആവശ്യമുള്ള സ്ഥലത്ത് സൈഡുകെട്ടി തടയിണ നിർമ്മിച്ച് ജലസേചന സൗകര്യമുണ്ടാക്കണം.

m പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ അറ്റ കുറ്റ പ്പണി നടത്തണം. പ്രധാന കുളങ്ങളുടെ ലിസ്റ്റ് നോ ക്കുക.

5 വയലുകൾ നികത്തികെട്ടിടം നിർമ്മിക്കുന്നതും തോട്ടങ്ങളാക്കി മാറ്റുന്നതും തടയുന്നതിന് വേണ്ടി നിയമം കർശനമാക്കുന്ന തോടൊപ്പം കർഷകർക്കി ടയിൽ ബോധവൽക്കരണ നടത്താവുന്നതാണ്. നെ ൽകൃഷി ക്കാർക്ക്കൂടുതൽ പ്രോത്സാഹനവു സ ഹായവു ചെയ്യുകവഴി നെൽകൃഷി യോടുള്ള ആ ഭിമുഖ്യ വളർത്താവുന്നതാണ്.

6 കർഷക തൊഴിലാളികൾക്ക് റബർ മേഖലയിലെ തൊഴിലാളികൾക്ക് നല്കുന്നതുപ്പോലെ പഞ്ചായ ത്തിന്റെയു കൃഷിഭവന്റെയു സഹായ ത്തോടെ നെ ൽകൃഷിയിൽ പരിശീലന നല്കാവുന്നതാണ്.

8 കൃഷി യോടുള്ള ആഭിമുഖ്യ വർധിപ്പിക്കാൻ അത് പഠ്യ പദ്ധതിയുടെ ഭാഗമാക്കി മാറ്റാവുന്നതാണ്

9 പാടശ്ശേഖര ക്കമ്മറ്റികളെ സജീവ മാക്കുകയു അ വമുഖാന്തരം , ട്രില്ലർ, കെയ്യുന്നതിനു മെതിക്കുന്ന തിനുമുള്ള യന്ത്രങ്ങൾ എന്നിവ കർഷകർക്ക് ലഭ്യ മാക്കുന്നതോടൊപ്പ കാർഷിക മേഖലയിൽ നടപ്പാ ക്കേണ്ട യന്ത്രവൽക്കരണത്തെയു, നൂതന കൃഷി സമ്പ്രദായങ്ങളെ ക്കുറിച്ചു കൃ ക്കാരെ ബോധവാ ന്മാരാക്കാവുന്നതാണ്.

10. പഞ്ചായത്ത്, കൃഷിഭവൻ, കഷകസഹകര ണ സംഘങ്ങൾ ഇവയുടെ ആഭിമുഖ്യത്തിൽ വസ്തുക്കൾ, അത്യുല്പാദന ശേഷിമുള്ള വി ങ്ങൾ കീടനാശിനികൾ, രാസവള എന്നിവ യ നിരക്കിൽ കർഷകന് വിതരണം ചെയ്യാ താണ്.

11 ജൈവവളത്തിന്റെ ഉപയോഗ പ്രചരിപ്പി കയും അതിന് കർഷകർക്ക് സഹായം നല് യും ചെയ്യുവുന്നതാണ്.

12 ജൈവ കീടനാശിനിയെ ക്കുറിച്ച് കർഷക അജ്ഞത അകറ്റാൻ ആവശ്യമായ ബോധവൽ ണം നടത്താവുന്നതാണ്.

13 വിലുലമായ വാണിജ്യസാധ്യ ത കളുള്ള ക്കൃഷി വികസിപ്പിക്കുന്ന തിന് കർഷ കർക്കി ൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയു യ്യയാവുന്നതാണ്.

14 സുബ്ബറാവു പൈ ഇൻസ്റ്റിട്ട്യൂട്ടിൽ നിന്ന് ശീലനം കിട്ടി യവരുടെ നേതൃത്വത്തിൽ കൂ ലപാദന കേന്ദ്രങ്ങൾ ഉടങ്ങാവുന്നതാണ്

15 ഭാരതീയ ചികിത്സാ സമ്പ്രാദയ മായ യൂർവ്വേദത്തിന് കൂടുതൽ പ്രാധാന്യ കൈവന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്ന തിന് പ്രവ യേറെ യാണ്. പ്രോത്സാഹനവു, സാമ്പത്തി ഹായവു നല്കണ

16 പച്ചക്കറി ഉല്പാദനത്തിന് ഒരു തീവ്രയത്ന പാടി എന്നി നിലയിൽ അടുക്കള ത്തോട്ട നി ണം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ന പങ്കാളി ത്തത്തോടെ നടപ്പിലാക്കാവുന്ന

17 ജൈവ വളലഭ്യത വർധിപ്പിക്കുന്ന തിന് പഞ്ചായത്തിന്റെ അധീനത യിലുള്ള പുറമ്പ ഭൂമിയിൽ പച്ചില വളമരങ്ങൾ വച്ചു പിടി കർഷകർക്ക് വർഷ തോറു ലേല ചെയ്ത ക്കാവുന്നതാണ്.

18 മണ്ണു പരിശോധനകുള്ള മൊബൈൽ വ കൾ വർഷത്തിലൊരിക്കൽ കൃഷിയിടങ്ങ ന്തർശിച്ച് മണ്ണ്പരിശോധന നടത്തി വേണ്ട ശങ്ങൾ നല്ക്കാവുന്നതാണ്.

കിട യന്ത്രങ്ങൾ വികസിപ്പിച്ചെടുത്ത് കൃഷി
ക്ക് വിതരണ ചെയ്യാൻ കഴിയണം
ണ്ണാലിപ്പു തടയുന്നതിനും, ജല സരക്ഷി
തിനു മുളള ജൈവശാസ്ത്രീയമായ പരിശീ
ലു സാമ്പത്തിക സഹായവു ലഭ്യമാക്കണം
ചാതു സഥലങ്ങളുലും പുറ മ്പോക്കു
ങ്ങളുലു ഫലവർഗ്ഗച്ചെടികളു മറ്റു വില
പ്പുളള വൃക്ഷ ഇനങ്ങളു വച്ചു പിടിപ്പിക്കു
രിപാടി ക്ക് രൂപ നല്കണം.
ങ്ങിൻ തോട്ട ങ്ങളിലു മറ്റു വിള സാന്ദ്രത
ത പ്രദേശങ്ങളിലു ഇടവിളകൃഷികൾക്ക്
ധ വത്ക്കരണവു പ്രോത് സാഹനവു
കണം
ു11, വാർഡുകളിൽ തരിശായി ക്കിടക്കുന്ന
നകീയ സമിതികളുടെ ആഭിമുഖ്യത്തിൽ
ക്കറിക്കൃഷിക്ക് ഉപയോഗിക്കാൻ കഴിയും.
ൻ പഴവർഗ്ഗച്ചെടികൾ നട്ടു വളർത്തുന്ന
പ്രോത്സാഹനവു സഹായവും നല്കണം
സേചന ആവശ്യത്തിന് കിണർ കൂഴിക്കു
പമ്പു സെറ്റു വാങ്ങുന്നതിനു സമ്പ്സി
ഡികൂടി വായ്പ ലഭ്യമാക്കണം ഇതിനുളള
ന്നത ഒഴിവാക്കണം
ാ കൃഷിക്കാർക്കും കാർഷികാവശ്യത്തിന്
വൈദ്യുതി എത്തിച്ചുക്കൊടുക്കണം
കർഷകരെ സഹായിക്കുന്ന തിനുവേണ്ടി
സഹകരണ സഘങ്ങൾ രൂപീകരിക്ക
ഈ സഘങ്ങൾ മുഖേന ഉൽപ്പാദനോപാ
വിതരണം ചെയ്യുകയും ഉല്പന്നങ്ങൾ
ക്കുകയു ചെയ്യാവുന്നതാണ്. നാളികേര
ങ്ങൾ ശേഖരിക്കുകയും നാളികേര ഉല്പന്ന
മാറ്റുന്ന സഘവും ജില്ലാസംഘങ്ങളുടെ
സ് സ്ഥാപനവും രൂപീകരിക്കേണ്ടതാണ്.
ികേര, റബർ, കശുവണ്ടി എന്നീ വില
താങ്ങു വില നിശ്ചയിക്കണ
കുപ്പിലെ സാങ്കേതിക വൈദഗ്ദ്യ നേടി
ാഗസ്ഥന്മാരുടെ സേവന കൃഷി
ു ലഭ്യമാകുന്നതിന്നു സിധാന്തവു പ്ര
ു തമ്മൽ പൊരുത്ത പ്പെട്ടുപോകുന്നതി
കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർ കൃഷിക്കാരുമായി
നിരന്തര ബന്ധപ്പെട്ടു കൊണ്ടിരിക്കണ
31 നമ്മുടെ പഞ്ചായത്തിലെ മുഴുവൻ സസ്യ ജ
നുസ്സുകളെയു കുറിച്ച് വിശദാശങ്ങളടങ്ങുന്ന ഒരു
രജിസ്റ്റർ പഞ്ചായത്ത് തലത്തിൽ നിർമ്മിച്ചു
സൂക്ഷക്കാനുളള നടപടികൾ കൈ
ക്കൊളേളണ്ടതാണ്. ഇക്കാര്യത്തിൽ സസ്യ
ശാസ്ത്രജ്ഞന്മാരുടെയും ബഹുജനസന്നദ്ധ സഘ
ടനകളുടെയും സേവന പ്രോജനപ്പെടുത്താൻ ക
ഴിയു. നമ്മുടെ വേപ്പിനു പോലും വിദേശികൾ
പാറ്റൻറ് നേടിയെടുത്തിരിക്കുന്ന ഈ കാലഘട്ടത്തി
ൽ ഇതിൻെറ അനിവാര്യത പറഞ്ഞറിയിക്കേണ്ടതി
ല്ലല്ലോ.
ഇന്ന് വിവിധ വകുപ്പുകൾ മുഖേന കാർഷിക രം
ഗത്തു നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന വികസന
പദ്ധതികൾഏകോപിപ്പിച്ച് പഞ്ചായത്തിൻെറ ആ
ഭിമുഖ്യത്തിൽ നടപ്പാക്കേണ്ടതാണ്.ഈ പദ്ധതികളെ
സബന്ധിച്ച് വിശദ വിവരങ്ങളടങ്ങുന്ന ബുക്കു
ലെറ്റുകൾ എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം.
സ്വയം സമ്പൂർണ്ണ ഗ്രാമം എന്ന സങ്കൽപം ഇന്ന്
അപ്രസക്തമാണ് പ്രകൃതി നമുക്ക് കനിഞ്ഞു
നല്കിയ മണ്ണും ജലവും, സസ്യ ജനസ്സുകളും,
മനുഷ്യസമ്പത്തും ഫല പ്രദമായി ഉപയോഗിച്ചാ
ൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാനാവും നമ്മ
ളാൽ കഴിയുന്നത് സ്വയം ഉല്പാദിപ്പിക്കാം അധിക
മുളളത് മറ്റുളള വർക്ക് കൊടുക്കാം പോരാത്തത്
മറ്റുളള വരിൽ നിന്ന് വാങ്ങാം.

ആലസ്യത്തിൽ നിന്നുണരൂ,
നാളെയാവുകിൽ ഏറെ വൈകിടും.

5-2

മൃഗസംരക്ഷണം

ഒരു കാർഷികഗ്രാമമായിരുന്ന വണ്ടൂരിൽ വൻതൊതിൽ മൃഗങ്ങളെ വളർത്തിയിരുന്നു. ഭാരം ചുമക്കുന്നതിനും, വണ്ടി വലിക്കുന്നതിനും നിലം ഉഴുന്നതിനുമെല്ലാം മൃഗങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ജനവാസം കുറവായ കരകൃഷി വ്യാപകമാകാത്തിരുന്നഈ പ്രദേശങ്ങളിലെ വിശാലമായ പുൽപ്രദേശങ്ങളിൽ ആടുമാടുകൾ സ്വതന്ത്രരായി മേഞ്ഞുനടന്നിരുന്നു. കാർഷിക മേഖലയിലുണ്ടായ സമീലമാറ്റങ്ങൾ മൃസംരക്ഷണ മേഖലയിലും പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ട്.

ഇന്നും മൃഗസംരക്ഷണത്തിനും വിപുലമായ സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ കന്നുകാലി വളർത്തലും കോഴി വളർത്തലും മുഖ്യവരുമാന മാർഗ്ഗമാക്കി മാറ്റിയ കർഷകർപൊതുവെ കുറവാണ്. പഞ്ചായത്തിലെ കാപ്പിൽ, കാരോട്, ഏമങ്ങാട് എന്നീ പ്രദേശങ്ങളിൽ മാത്രമാണ് കറവപ്പശു വളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി മാറ്റുന്നതിന് ആസൂത്രിതശ്രമം നടത്തിയിട്ടുള്ളത്. അടുത്ത കാലത്തായി അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളിൽ പ്രധാനം പശു, ആട്, എന്നിവയാണ്. ചുരുക്കമായി എരുമ, പോത്ത് എന്നിവയും ഉഴവുകാളകളും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. നാമമാത്രമായി താറാവുകളെയും വളർത്തുന്നുണ്ട്.

പാലിന്റെ കാര്യത്തിൽ കുറേയൊക്കെ സ്വയംപര്യാപ്ത നേടാൻ കഴിഞ്ഞെങ്കിലും ഈരംഗത്തെ മുഴുവൻ സാധ്യതയും പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ആട്, കോഴി എന്നിവയുടെ എണ്ണം നമ്മുടെ ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം തുച്ഛമാണ്. കോഴിമുട്ടയും കോഴി ഇറച്ചിയും നമ്മുടെ ആവശ്യത്തിന്റെ 10% പോലുംഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല.

ഈ രംഗത്തെ നിരവധി പ്രശ്നങ്ങൾ കർഷകരെ മൃഗസംരക്ഷണ രംഗത്തു നിന്നും പിന്നോക്കംപോകാൻ പ്രേരിപ്പിച്ചിട്ടുണ്ട്. തീറ്റപുല്ലിന്റെ അപര്യാപ്തത, കാലിതീറ്റയുടെ വിലക്കൂടുതൽ,രോഗം വന്നാൽ ചികിൽസിക്കാനുള്ള സൗകര്യക്കുറവ്, പാൽ വിപണന സൗകര്യക്കുറവ് എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

മൃഗാശുപത്രി

വണ്ടൂർ പഞ്ചായത്ത് ആസ്ഥാനത്താണ് ഇപ്പോൾ മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനം മൃഗസംരക്ഷണമേഖലയിലേക്ക് മാറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ അതിന്റെഒരു ഉപകേന്ദ്രം സ്ഥാപിക്കുകയോ ചെയ്യണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും 1995-96 വർഷത്തിൽ നടത്തിയ പേ വിഷബാധ പ്രതിരോധ ചികിൽസയുടെയും, കൃതിമ ബീജസങ്കലനത്തിന്റെയും റിപ്പോർട്ടു ചെയ്യപ്പെട്ട മറ്റു രോഗങ്ങളുടെയും വിവരണം ചുവടെ കൊടുക്കുന്നു.

വണ്ടൂർ ഗ്രാമപഞ്ചായത്ത്

4.4 പേ വിഷബാധയും പ്രതിരോധ ചികിൽസയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	50	-	-	40	-	-
കടിയേറ്റതിനു ശേഷംകുത്തിവെപ്പുനൽകിയവയുടെഎണ്ണം	2	-	4	--	-	

വണ്ടൂർ ഗ്രാമപഞ്ചായത്ത്

4.5 കൃതിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃതിമ ബീജസങ്കലനംനടത്തിയവ	ഗർഭധാരണത്തിന് ശേഷവും തവണ ബീജസങ്കലനം നടത്തേണ്ടി വന്നവ
പശു	10,345	1294	94
കിടാരി	8375	570	48
എരുമ	570	39	10

1995-96 വണ്ടൂർ ഗ്രാമപഞ്ചായത്ത്

4.6 രോഗ വിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്
1	2	3	4	5
1	ദഹനസംബന്ധമായവ Digerstive disorders	915	14	210
2	ശ്വാസകോശ സംബന്ധം Respiratory Diseases	94	9	160
3	ഉപാചയ സംബന്ധം Metabolic Diseases	136	-	48
4	തൊക്ക് രോഗങ്ങൾ Skin Diseases	84	-	48
5	ധാതുലവണങ്ങളുടെ അഭാവം Oeficiency Diseases	137	-	19
6	പരാദ രോഗങ്ങൾ Parasitic Diseases	1700		351
7	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological Disorders	107		-
8	വന്ധ്യത Infertility	129		4
9	അകിടു വീക്കം Masticts	200		24
10	മുടന്തൻ പനി Sphemaral Lever	240	-	-

ക്ഷീരോൽപ്പാദക സംഘം

ഈ പഞ്ചായത്തിൽ കാപ്പിൽ, എമങ്ങാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി 2 ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ കാപ്പിൽ-കാരോട് ക്ഷീരസഹകരണസംഘം 1995-96 വർഷത്തിൽ 1,84,076 ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 15.7% കൂടുതലാണ്. മേഖലാ യൂണിയൻ ക്ഷീരോൽപ്പാദകർക്ക് സംഘങ്ങളിലൂടെ നടപ്പാക്കി വരുന്ന പദ്ധതികൾ അതിന്റെ ഗുണം ഉപഭോക്താക്കളിൽ എത്തിക്കാൻ ഈ സഹകരണസംഘം പരമാവധി ശ്രദ്ധിക്കുന്നുണ്ട്. സാധ്യമായ എല്ലാ സ്ഥലങ്ങളിലും ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ സ്ഥാപിച്ചുകൊണ്ട് കർഷകർക്ക് മൃഗസംരക്ഷണത്തിന് പരമാവധി സഹായം എത്തിച്ചു കൊടുക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നു ഉയർന്നു വന്ന പ്രശ്നങ്ങൾ

1. ക്ഷീരവിപണന രംഗത്തുള്ള സൗകര്യക്കുറവ്

2. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം കന്നുകുട്ടികളുടെ ലഭ്യതക്കുറവ്.

3. നല്ലയിനം കോഴികളെ കിട്ടാനുള്ള വിഷമം.

4. കോഴിത്തീറ്റയുടെയും കാലിതീറ്റയുടെയും വിലക്കൂടുതൽ.

5. ക്ഷീര ഉൽപ്പാദകർ ചൂഷണത്തിന് വിധേയമാവുന്നു.

6. മൃഗ ചികിൽസ വേണ്ട വിധം ലഭിക്കുന്നില്ല.

7. പ്രതിരോധ കുത്തിവെയ്പ് യഥാസമയം നൽകാൻ കഴിയുന്നില്ല.

8. പാലിന്റെ വില ഉൽപ്പാനദ ചിലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവ്.

9. കന്നുകാലികൾക്ക് വിപണന സൗകര്യം കുറവ്.

10. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്.

11. പശുകളെ വാങ്ങുന്നതിനും, ആലകൾ നിർമ്മിക്കുന്നതിനും വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

12. പഞ്ചായത്തിലെ ഏക മൃഗാശുപത്രി കർഷകർക്ക് സൗകര്യപ്രദമായ സ്ഥലത്തല്ല.

13. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തവും ഗുണനിലവാരം കുറഞ്ഞവയുമാണ്.

14. ഗോബർ ഗ്യാസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

15. വ്യാപകമായ പേപ്പട്ടി ശല്യവും, അലഞ്ഞുതിരുഞ്ഞു നടക്കുന്ന മൃഗങ്ങളുടെ ഉപദ്രവവും, വണ്ടൂർ പട്ടണപ്രദേശത്ത് അലഞ്ഞു നടക്കുന്ന കുതിരകൾ, വാഹനങ്ങൾക്കും, കാൽനടക്കാർക്കും, സ്ക്കൂൾകുട്ടികൾക്കും ഭീഷണിയായിതീർന്നിട്ടുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. വണ്ടൂർ പഞ്ചായത്തിലെ സാധ്യമായ സ്ഥലങ്ങളിലെല്ലാം ക്ഷീരസഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

2. അത്യുൽപ്പാദന ഇനം കന്നുകുട്ടികളെ കുറഞ്ഞ വിലക്ക് ലഭ്യമാക്കുകയും, ഇവയുടെ സംരക്ഷണം ചെലവേറിയ ഏർപ്പാടയതിനാൽ ഇന്നു നിലനിൽക്കുന്ന കന്നുകുട്ടി പരിപാലന പരിപാടി എല്ലാവർക്കും ലഭ്യമാകുന്ന വിധത്തിൽ പുനഃക്രമീകരിക്കുകയുംവേണം.

3. കാലിതീറ്റ തമിഴ്നാട്ടിൽ നിന്നും കൊണ്ടു വരുമ്പോൾ കൊടുക്കേണ്ട വിൽപ്പന നികുതി ഒഴിവാക്കി കടലപ്പിണ്ണാക്കും മറ്റു കാലിതീറ്റകളും വില കുറച്ചു കൊടുക്കാൻ കഴിയണം. ഇവിടത്തെ ആവശ്യത്തിനുള്ള കാലിതീറ്റ നിർമ്മിക്കുന്ന ഫാക്ടറി പഞ്ചായത്തു തലത്തിൽ സ്ഥാപിക്കണം. സാമ്പത്തിക സഹായം നൽകിയാൽ ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ ഇത് നടപ്പിലാക്കാൻ സാധിക്കും.

4. ക്ഷീര ഉൽപ്പാദകർക്ക് ഇന്നു കിട്ടുന്ന പാൽ വില ലിറ്ററിന് 7 രൂപ മുതൽ 8 രൂപ വരെയാണ്. മിൽമ പാൽ വിൽക്കുന്നത് 11 രൂപക്കും. ഇടനിലക്കാർ നടത്തുന്ന ഈ കൊള്ള അവസാനിപ്പിക്കണം. കൃഷിക്കാരന് യഥാർത്ഥ വില ലഭ്യമാക്കണം.

5. ഓരോ വീടിനും മികച്ചയിനം കോഴികുഞ്ഞുകളെ ലഭ്യമാക്കുകയും ആവശ്യമായവർക്ക് കോഴിക്കൂട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകുകയും വേണം. സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ഇറച്ചിക്കോഴി വളർത്തൽ മുട്ടക്കോഴി വളർത്തൽ എന്നിവ തുടങ്ങാവുന്നതാണ്.

6. പഞ്ചാത്തിലുള്ള മൃഗാശുപത്രിയുടെ സേവനം കാപ്പിൽ, എമങ്ങാട്, കൂരാട് ഭാഗങ്ങളിലുള്ള കൃഷിക്കാർക്ക് ഗുണം ലഭിക്കത്തക്കവിധം പുനഃസംവിധാനം ചെയ്യണം. ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടർമാർ സഹകരണസംഘങ്ങൾ സന്ദർശിച്ച് ചികിൽസ നടത്തേണ്ടതാണ്. നിലവിലുള്ള മൊബൈൽ ആശുപത്രിക്ക് വാഹനം ലഭ്യമാക്കി അവരുടെസേവനം മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ എത്തിക്കുകയോ അല്ലെങ്കിൽ അവിടേക്ക് മാറ്റി സ്ഥാപിക്കുകയോവേണം. വാണിയമ്പലത്തുണ്ടായിരുന്ന മൃഗാശുപത്രി പുനഃസ്ഥാപിക്കണം.

7. പ്രതിരോധ കുത്തിവെപ്പുകൾ യഥാസമയം നടത്താവുന്ന സംവിധാനം ഉണ്ടാകണം.

8. വണ്ടൂരിൽ ഒരു കാലിച്ചന്ത സ്ഥാപിച്ച് കന്നുകാലികളെ കൈമാറ്റം ചെയ്യുന്നതിനും വാങ്ങുന്നതിനുമുള്ള സൗകര്യം വർദ്ധിപ്പിക്കണം.

9. ക്ഷീരവികസന വകുപ്പു നടത്തുന്ന പുൽകൃഷി പദ്ധതി എല്ലാ കൃഷിക്കാരിലുമെത്തിക്കുക.

10. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി പുൽകൃഷി ചെയ്യുന്നതിന് സഹായവും ബോധവൽക്കരണവും നടത്തുക.

11. പശുക്കളെ വാങ്ങുന്നതിനുള്ള ലോൺപദ്ധതികളുടെ സങ്കീർണ്ണത ഒഴിവാക്കണം. ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മാതൃകാ കാലിത്തൊഴുത്ത് പദ്ധതിയുടെ ധനസഹായം വർദ്ധിപ്പിക്കണം. ഇത് കൂടുതൽ കൃഷിക്കാരിൽ എത്തിക്കണം.

12. മൃഗ ചികിൽസാരംഗം കാലാനുസൃതമായി പരിഷ്ക്കരിക്കുകയും, ചികിൽസാ സൗകര്യങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുക.

13. കറവപ്പശുക്കളെ സൗജന്യ ഇൻഷൂറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടു വരണം.

14. പാൽ ഉൽപ്പന്നങ്ങൾ പഞ്ചായത്തിൽ പ്രചരിപ്പിക്കുന്നതിന്, സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിപാടി പ്രകാരം സർക്കാർ നടപ്പിലാക്കി വരുന്ന പാൽ ഉൽപ്പന്ന യൂണിറ്റുകൾ വണ്ടൂർ ടൗണിൽ ബൂത്തുകൾ നൽകി നടപ്പാക്കേണ്ടതാണ്.

15. പാലു കൊണ്ടുള്ള വിവിധതരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം ലഭിച്ച നാലു വനിതകൾ കാപ്പിൽ സഹകരണസംഘത്തിന്റെ കീഴിലുണ്ട്. അവർക്ക് ഉൽപ്പന്ന വിപണനത്തിന് സൗകര്യമായ സ്ഥലം വണ്ടൂർ ടൗണിൽ അനുവദിക്കേണ്ടതാണ്.

16. ഗോബർഗ്യാസ് പ്ലാൻറിനെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കൾ അകറ്റുകയും, ആവശ്യമായ നിർദ്ദേശവും സാമ്പത്തിക സഹായവും നൽകിയാൽ ഗോബർഗ്യാസ് പ്ലാൻറിലൂടെ നമുക്ക് വേണ്ടതിലധികം ഊർജ്ജം നിർമ്മിക്കുവാൻ കഴിയും.

17. പ്രാദേശിക ക്ഷീരവികസന സംഘങ്ങൾ രൂപീകരിക്കുന്നതിന് അതാതു പ്രദേശത്തെ ക്ഷീരകർഷകർക്ക് അവകാശം നൽകേണ്ടതും ഇന്ന് മിൽമക്ക് അതിന്റെ മേലിലുള്ള നിയന്ത്രണം നീക്കേണ്ടതുമാണ്.

18. പഞ്ചായത്തിലെ കാരാട്, വെള്ളാമ്പ്രം എന്നീ പ്രദേശങ്ങളിൽ 2 ക്ഷീരവികസന സൊസൈറ്റികൾ സ്ഥാപിക്കുന്നതിന് പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി സംഘം പ്രവർത്തിക്കുന്നതിനുള്ള നടപടികൾ അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

19. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ സൂക്ഷിക്കുന്നതിനുള്ള കോംപോൺഡ് (ആല) സ്ഥാപിക്കണം.

20. പട്ടിവളർത്തലിന് ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കണം. ലൈസൻസില്ലാത്ത മുഴുവൻ പട്ടികളെയും ഉന്മൂലനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളു

ടെ ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും ഇതിനെതിരെ ബോധവൽക്കരണം നടത്തുകയും വേണം.

വണ്ടൂർ ആസ്ഥാനത്ത് അലഞ്ഞു നടക്കുന്ന കുതിരകളുടെ ഉടമകളെ കണ്ടെത്തി അവയെപിടിച്ചു കെട്ടാനുള്ള നടപടി സ്വീകരിക്കുക. ഉടമകൾ ഇല്ലെങ്കിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതു ലേലത്തിനു വിൽക്കുക. അതും കഴിയുന്നില്ലെങ്കിൽ അവയെനാടു കടത്താനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ശുദ്ധജല മൽസ്യകൃഷി

മൽസ്യം വളർത്തലിന് പര്യാപ്തമായ നിരവധി കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 13 വാർഡുകളിൽ ഇതിനുള്ള സൗകര്യങ്ങളുണ്ട്. അവശ്യമായ സാങ്കേതിക നിർദ്ദേശവും, സാമ്പത്തിക സഹായവും നൽകിയാൽ മൽസ്യകൃഷി ആരംഭിക്കാൻ താൽപ്പര്യമുള്ള നിരവധി വ്യക്തികളുണ്ട്. പഞ്ചായത്തും ബന്ധപ്പെട്ട സർക്കാർ ഏജൻസികളും, ആസൂത്രിതമായപദ്ധതി തയ്യാറാക്കിയാൽ ഈ രംഗത്ത് വൻനേട്ടമുണ്ടാക്കാൻ കഴിയും. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുളങ്ങൾ സ്വകാര്യ വ്യക്തികൾക്ക് മൽസ്യവളർത്തലിന് പാട്ടത്തിന് നൽകുന്ന പദ്ധതിയും ആലോചിക്കാവുന്നതാണ്.

5-3

വ്യവസായം

വ്യവസായ മേഘലയിൽ നമ്മുടെ പഞ്ചായത്തിൽ മുൻ കാല ഘട്ടങ്ങളിൽ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ബീഡി വ്യവസായ രംഗത്താണ് ആദ്യ കാലഘട്ടങ്ങളിൽ വൻ മുന്നേറ്റം ഉണ്ടായിട്ടുള്ളത്. വിദേശ രാജ്യങ്ങളിലേക്ക് പോലും വണ്ടൂർ പഞ്ചായത്തിൽ നിന്ന് ബീഡി കയറ്റി അയക്കപ്പെട്ടിരുന്നു. പ്രധാനമായും നാല് സ്വകാര്യ വ്യക്തികളുടെ ബീഡി കമ്പനികളാണ് ഇവിടെ നില നിന്നിരുന്നത്. സഹകരണ മേഘലയിലും ഈ രംഗത്ത് വലിയ രണ്ട് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇവ ഇപ്പോൾ നിലവിലില്ല .

മരത്തടി വ്യവസായവും അതുപോലെ ചെറുകിട വ്യവസായ യൂണിറ്റായ തുകൽ സംസ്കരണ യൂണിറ്റും ഈ പഞ്ചായത്തിൽ നില നിന്നിരുന്നു. ചെറിയ ഒരു അലക്കു സോപ്പ് നിർമ്മാണ യൂണിറ്റും ഇവിടെ പ്രവർത്തിച്ചിരുന്നു. കൂടാതെ ഒരു കൈത്തറി നിർമ്മാണ യൂണിറ്റും ഇവിടെ ഉണ്ടായിരുന്നു.

ഇപ്പോൾ വൻകിട വ്യവസായ യൂണിറ്റുകൾ പൊതു മേഗലയിലും സ്വകാര്യ മേഖലയിലും ഇല്ല. മുൻ കാലങ്ങളിൽ വൻ വ്യവസായ ചന്ത പോലും ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ രണ്ട് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ , പത്തു തടി മില്ലുകൾ, ഒരു തീപ്പെട്ടി കമ്പനി, ഒരു ലെതർ പേപ്പർ നിർമ്മാണ യൂണിറ്റ്, ഏഴ് ഫർണ്ണിച്ചർ ി നിർമ്മാണ യൂണിറ്റുകൾ, രണ്ട് കൊപ്ര സംഭരണ യൂണിറ്റുകൾ, പേപ്പർ കവർ യൂണിറ്റ്, ആറ് അച്ചു കൂടങ്ങൾ , അഞ്ച് റെഡി മെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ ,ഖാദി ബോർഡിന്റെ നേതൃത്വത്തിലുള്ള കാരാട് കൈത്തറി വ്യവസായ യൂണിറ്റും, എട്ട് ബീഡി വ്യവസായ യൂണിറ്റുകൾ, ഒരു അലൂമിനിയം ഷീറ്റ് പാത്ര നിർമ്മാണ യൂണിറ്റ്

എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ പരമ്പരാകത കുടിൽ വ്യവസായങ്ങളായ മൺ പാത്ര വ്യവസായവും കുട്ട - മുറം നിർമ്മാണ വ്യവസായവും ബാംബൂ കോർപ്പറേഷന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മൊത്തം വ്യവസായ യൂണിറ്റുകളിൽ .....പുരുഷൻമാരും ..... സ്ത്രീകളും ജോലി ചെയ്യുന്നു. നിവിലുള്ള സ്ഥാപനങ്ങളുടേയും തൊഴിലാളികളുടേയും എണ്ണം താഴെ കൊടുക്കുന്നു.

വ്യവസായ യൂണിറ്റുകളിൽ , കൂടുതൽ ജോലി ചെയ്യുന്നവർ ബീഡി വ്യവസായ മേഖലയിലാണ്. ഇവിടുത്തെ പ്രധാന ഉൽപന്നങ്ങളായ നാളികേരം, റബർ ഇവയെ ആശ്രയിച്ച ഒരൊറ്റ വ്യവസായ യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നില്ല. വ്യവസായത്തിന് ആവശ്യമായ വൈദ്യുതിയുടെ അഭാവം ഉണ്ട്. ഗതാഗത സൗകര്യം ഏറെക്കുറെ സന്തുഷ്ടമാണ്. ഈ പഞ്ചായത്ത് എല്ലാ വസ്തുക്കളുടേയും നല്ല ഒരു ചന്തയാണ് . പക്ഷേ അവയൊന്നും ഉത്പാദിപ്പിക്കുന്ന ഒരു വ്യവസായ യൂണിറ്റുപോലും പഞ്ചായത്തിലില്ല. ഒരാഴ്ചയിൽ ഒരു ലക്ഷം കോഴിമുട്ട പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിറ്റഴിക്കുന്നതിനു വേണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. പക്ഷേ അവ ഉത്പാതിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള ഒരു വ്യവസായ യൂണിറ്റും പഞ്ചായത്തിലില്ല

പ്രധാന പ്രശ്നങ്ങൾ

ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലമർന്നിരിക്കയാണു നമ്മുടെ പഞ്ചായത്ത്. ഗൾഫ് മേഖലയിൽ 1046 പേർ ജോലി ചെയ്യുന്നുണ്ട്. ഏകദേശം 20.5 ദശ ലക്ഷം രൂപ വർഷം തോറും വിദേശ വരുമാനമായിട്ട് ഇവിടെ വരുന്നുണ്ട് പക്ഷേ അതിന്റെ ഒരു ശതമാനം പോലും വ്യവസായത്തിലേയ്ക്ക് തിരിച്ചുവിടാൻ ബോധപൂർവ മായ ശ്രമം ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അത്തരത്തിലുള്ള ഒരു പ്രേരണയോ അവബോധമോ നാം സൃടി ച്ചെടുത്തില്ല പൊങ്ങച്ച സംസ്കാരത്തിന്റെ ഉത്പന്നമായ വാങ്ങി ക്കൂട്ടൽപ്രവണത കൂടുതൽ ബാധിച്ച പ്രദേശമാണ് നമ്മുടേത്. ഉയർന്ന സാക്ഷരതാ ബോധവും ആരോഗ്യരക്ഷയും ജനക്ഷേമ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും അടിസ്ഥാന വളർച്ചയ്ക്കുതകുന്ന ഒരു പ്രവർത്തനവും കാഴ്ചവെയ്ക്കാൻ നമുക്കായിട്ടില്ല.

കാരണങ്ങൾ

1. മുഖ്യ കാർഷിക ഉത്പന്നങ്ങളായ റബ്ബർ നാളികേരം, കപ്പ, വാഴക്കുല, കശുവണ്ടി എന്നിവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല

2. സാങ്കേതിക വൈദഗ്ധ്യം കുറവ്, സാങ്കേതിക വിവരത്തിന്റെ കുറവ്

3. ബാങ്കുകളുടെ നിസ്സഹകരണം

4. വിപണനത്തിനുള്ള സാധ്യതകൾ പ്രയോചനപ്പെടുത്തുന്നില്ല

5. പരമ്പരാഗതവ്യവസായമേഖലകളിൽ പുശീലന ക്കൈമാറ്റമില്ല.

6. പ്രേരണയും പ്രോത്സാഹനവും നൽന്നില്ല.

7. വ്യവസായത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവില്ലായ്മ.

8. ഔദ്യോഗിക തലത്തിലുള്ള ഊരാംകുടുക്കുകൾ

9. കൈത്തറി - ബീഡി തൊഴിലാളികൾക്ക് പലികുറവ്

സാധ്യതകൾ

ബീഡി വ്യവസായ രംഗത്താണ് ഈപഞ്ചായത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നത് സ്ത്രീകൾക്ക് പൊതുവെകൂലി കുറവാണ്. ഇതുപരിഹരിച്ചാൽ ഈമേഖല കൂടുതൽ പുലപ്പെടുത്താൻ സാധിക്കും. പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കുറവാണ്. എങ്കിലും അവർക്ക് വിപണനത്തിനുള്ള സൗകര്യവും പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുകയും ജനങ്ങളിൽ ഈഉത്പന്നങ്ങൾ വാങ്ങുന്ന തിന് ബോധവൽക്കരണം നടത്തുകയും ചെയ്താൽ ഈരംഗത്ത് നേരിയ മുന്നേറ്റമെങ്കിലും ഉണ്ടാക്കാൻ കഴിയും. കുട്ട മുറം എന്നിവ ഉണ്ടാക്കുന്നവർക്ക് പഴയ കാലത്തേതു പോലെ ഇപ്പോൾ ച്ചുമടായി കൊണ്ടുവരാനുള്ള വാഹനൽകുകയാണെങ്കിൽ ഒരു പരിധിവരെ ഈരംഗത്തുള്ള സ്ഥംഭനാവസ്ഥ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. ലഭമായി ലഭിക്കുന്ന കർഷിക ഉത്പന്നങ്ങൾ നാളികേരവും റബ്ബറും കശുവണ്ടിയുമാണല്ലോ . ഇവയുടെ അസംസ്കൃതപദാർഥ മാക്കിക്കൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വേണ്ട നടപടികൾ

ക്കേണ്ടിയിരിക്കുന്നു. നാളികേരത്തെ ആശ്രയിച്ചു ണ്ടു മാത്രം പല തരത്തിലുള്ള വ്യവസായ യൂ ുകൾ സ്ഥാപിക്കാൻ കഴിയും.

1. ചകി, നാര്, കയർ, മറ്റുൽപന്നങ്ങൾ.
2. നാളി കേരപൊടി പാക്കറ്റ്.
3. ചിരട്ട കൊണ്ടുള്ള കര കൗശല വസ്തു ുമ്മാണം.
4. വെളിച്ചെണ്ണ, കൊപ്രപിണ്ണാക്ക് ഉത്പാത

റബ്ബർ

രബ്ബർ ഉപയോഗിച്ച് സ്പെയർ പാർട്ടുകൾ, ക ക്കാപ്പുകൾ, ആശുപത്രി ഉപകരണങ്ങൾ, ചപ്പലു എന്നിവ ഉണ്ടാക്കാം. ഇതിനു വേണ്ട പ്രത്യേക പ്രൊജക്ട് തയ്യാറാക്കി 9ചെറിയതലങ്ങളിലുള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സ കൾ ധാരാളം ഈപഞ്ചായത്തിൽ നിലനിൽക്കു അതുപോലെ അല്പം മെച്ചപ്പെട്ട കൂലി നൽകു യാണെങ്കിൽ കാരാട് പ്രവർത്തിക്കുന്ന കാരാട് യ്ത്ത് യൂണിറ്റിൽ 15 തറി യെങ്കിലും കൂടുതൽ ാപിക്കാനും കുറെപ്പേർക്കകൂടി ഈരംഗത്ത് തൊ നൽകുന്നതിനും കഴിയും. കശുവണ്ടി കശുമാ എന്നിവയും പ്രയോജനപ്പെടുത്താവുന്നതാണ് മസഭാ റിപ്പോർട്ടുകളനുസരിച്ച് വാർഡുകളിൽ ാപിക്കാൻ താൽപര്യമുള്ള വ്യവസായ യൂണിറ്റു താഴെ പറയുന്നു.

1. ചുടുകട്ട നിർമ്മാണ യൂണിറ്റ്
2. മുളക്, മല്ലി, മഞ്ഞൾ, ആട്ടപ്പൊടി പായ്കറ്റ് ർമ്മാണ യൂണിറ്റ് .
3. ഫർണീച്ചർ നിർമ്മാണ യൂണിറ്റ്.
4. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂ ിറ്റ്.
5. തീപ്പട്ടി നിർമ്മാണ യൂണിറ്റ്.
6. സോഫ്ട് വുഡ് സംസ്കരിച്ച് ഹാർഡ് വു ാക്കി ഫർണീച്ചറുകളും മറ്റും നിർമ്മിക്കുന്ന യൂ ിറ്റ്.
7. ചിപ്സ് നിർമ്മാണ യൂണിറ്റ്.
8. അലക്ക് സോപ്പ്, ടോയ്ലറ്റ് സോപ്പ് നിർമ്മാ യൂണിറ്റ്.
9. പേപ്പർ കവർ നിർമ്മാണ യൂണിറ്റ്.
10. നോട്ടു പുസ്തക നിർമ്മാണ യൂണിറ്റ്.
11. ഗോതമ്പ് നറുക്ക് നിർമ്മാണ യൂണിറ്റ്.
12. അരി പൊടിച്ച് പായ്കറ്റാക്കുന്ന യൂണിറ്റ്.
13. മെഴുകുതിരി നിർമ്മാണ യൂണിറ്റ്.
14. അടയ്ക്ക സംസ്കരണ യൂണിറ്റ്.
15. പാക്ക് നിർമ്മാണ യൂണിറ്റ്.
16. റബ്ബർ ബാൻറ് നിർമ്മാണ യൂണിറ്റ്.
17. ഹവായ് ചെരിപ്പ് നിർമ്മാണ യൂണിറ്റ്.
18. ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്.
19. കശുമാങ്ങ സംസ്കരണ യൂണിറ്റ്.
20. പേപ്പർ ബാഗ് യൂണിറ്റ്.
21. ചകരിചോറ് ഉപയോഗിച്ച് ജൈവവള നിർമാണ യൂണിറ്റ്.
22. മിൽമയുടെ ചോക്ലൈറ്റ് നിർമ്മാണ യൂ ണിറ്റ്.
23. അച്ചാറ്, കൊണ്ടോട്ടം നിർമ്മാണ യൂണിറ്റ്.
24. ഇലക്ട്രോണിക് വ്യവസായ യൂണിറ്റ്.
25. ഫൈബർ യൂണിറ്റ്.
26. കളിമൺ വ്യവയ യൂണിറ്റ്.
27. മെഡിക്കൽ ഷോപ്പിലേക്കാവശ്യമായ ചെ റിയ പേപ്പർ കവർ യൂണിറ്റ്.
28. കൊപ്ര സംസ്ക്കരണ യൂണിറ്റ്.
29. പ്ലസ്റ്ററിക്ക് .

വൈദ്യുതി വിടുകളിൽ എത്തിട്ടുണ്ട്. ശ രാശരി ഒരു വിട്ടിൽ ആറ് ബൾബുകൾ പ്രകാശി ക്കുന്നുണ്ട്.

പഞ്ചായത്തും KSEBയും സബ്സിഡി നൽകികൊണ്ട് ഫ്യൂറസനറ് ലാംബുകൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകിയാൽ അതി ൽ മിച്ചം വരുന്ന വൈദ്യുതി ഏകദേശം യൂ ണിറ്റ് വരും. അത് പഞ്ചായത്തിലെ വ്യവസായ യൂ ണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ പ്രയോജന പ്പെടുത്താം. ഒമ്പതാം പദ്ധതിയിൽ ഇതിൻ മുൻഗ ണന നൽകി തീവ്രയന്ത പരിപാടിയായി നടപ്പി ലാക്കേണ്ടതാണ്.

30. പഞ്ചായത്തിലുള്ള മിച്ച ഭൂമി ഉപയോഗ പ്പെടുത്തി വ്യവസായ സ്റ്റേറ്റ് തുടങ്ങാവുന്ന താണ്.

31. സർക്കാർ ഏജൻസികൾ ഇപ്പോൾ നല്കി ക്കൊണ്ടിരിക്കുന്ന വ്യവസായ ധന സഹായ സം രഭങ്ങൾക്കള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

സർക്കർ നൽകുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

32. വ്യവസായം തുടങ്ങുന്നതിന് താൽപ്പര്യമുള്ളവരുടെ രജിസ്ററർ പഞ്ചായത്തിൽ സൂക്ഷിക്കുക. ഇവർക്കു വേണ്ട സാങ്കേതികവും ഔദ്യോഗികവുമായ പരിജ്ഞാനം നൽകുകയും. പ്രോജക്ട് തയ്യാറാക്കാൻ ആവശ്യമായ ഉപദേശ സഹായങ്ങൾ നല്കുകയും വേണം.

33. വാഴ നാരു കൊണ്ട് കര കൗശല വസ്തുക്കൾ നിർമ്മിക്കാൻ കഴിവുള്ള പരിശീലനം നേടിയ വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിലെ വനിതകൾക്കു മാത്രമായി പരിശീലനം നൽകുകയും. കര കൗശല വസ്തുക്കൾ നിർമിച്ച് വിപണനം നടത്താവുന്ന ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യുക.

334. ഗൾഫ് പണം വ്യവസായത്തിലേക്ക് തിരിച്ചു വിടാൻ വേണ്ട ആസൂത്രിത മായ നടപടികൾ സ്വീകരിക്കുക.

35. മൺ പാത്ര നിർമാണം ആധുനികവൽക്കരിക്കാൻ ആവശ്യമായ പരിശീലനം നൽകുക.

36.ഈപ്രദേശത്തെ പരമ്പരാഗതവും തൊഴിൽപരവുമായ കഴിവുകൾ മനസ്സിലാക്കി കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുക, കൈതൊഴിൽചെയ്യുന്നവർക്കും കരകൗശലപ്പണിയിൽയ ഏർപ്പെട്ടിരിക്കുന്നവർക്കും സാങ്കേതിക പരിശീലനം നൽകുക. വൈദഗ്ദ്ധ്യ പോഷണ പരിപാടി നടപ്പിലാക്കുക.ഗ്രാമീണ വ്യവസായങ്ങക്കും അവയുടെ ഉല്പന്നങ്ങൾക്കും ജനങ്ങളുടെ ഇടയിൽ പ്രചാരമുണ്ടാക്കുക.

വണ്ടൂർ പഞ്ചായത്ത് വ്യവസായികമായി വളരെ,വളരെ പിന്നോക്കമാണ്. ബീഡി തെറുപ്പ് ഒരു കുടിൽവ്യവസായമായി നിലനിന്നിരുന്നു. ശ്രീലങ്കയിലേക്ക്, സിങ്കപൂരിലേക്ക്, ബർമ്മയിലേക്കും ബീഡി കയറ്റി അയച്ചിരുന്ന ഈ വ്യവസായ മേഖല ഇന്ന് ക്ഷയത്തുകമാണ്. ആയിരം ബീഡിതെ മുത്താൽ കിട്ടുന്ന കൂലി തുച്ഛമാണ്. ബീഡിതെറുക്കുന്ന തൊഴിലാളികൾ ഇന്ന് ലവിധ രോഗങ്ങളാൽ പ്രയാസമനഭവിക്കുന്നു. കൂലികുറവ്, പോഷകാഹാരക്കുറവിന് ഇടയാക്കുന്നു. ജീവിതയാഥാർത്ഥങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതെ ഈ രംഗത്തുള്ളവർ മറ്റുതൊഴിൽ മേഖകൾ തേടുന്ന അവസ്ഥയും നിലനിൽക്കുന്നത്.

നടപ്പിലാക്കാവുന്ന നിലവിലുള്ള പദ്ധതികൾ

1. പട്ടികജാതി വികസന പദ്ധതി
2. പട്ടികജാതി വ്യവസായ സംരഭങ്ങൾ.
3. കരകൗസല രംഗത്ത് പരിശീന പരിപാടി.
4. ഗ്രാമീണ കൈത്തൊഴിലുകൾക്കു പ്രോത്സാഹന പരിപാടി.
5. കരകൗസല മുൾപ്പെട്ട ചെറുകിട വ്യവസായം.
6. കൈത്തറി വ്യവസായം
7. ഖാദിയും ചെറുകിട വ്യവസായവും.

സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിക്കുന്നവയിൽ നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ പദ്ധതികളാണ് മുകളിലുദ്ധരിച്ചത്.

ഇവ നടപ്പിലാക്കാൻ തയ്യാറായി മുമ്പോട്ടുവരുന്നവർക്ക് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകണം. സർക്കാർ ഏജൻസികളിൽ നിന്നും പരമാവധി സഹായസഹകരണങ്ങൾ ലഭ്യമാക്കണം. സബ്സിഡി പരമാവധി ലഭ്യമാക്കണം.

വ്യവസായ സംരഭകരെ സഹായിക്കാൻ പഞ്ചായത്തലത്തിൽ പഞ്ചായത്ത് ബോർഡിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കണം. വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും പഞ്ചായത്ത് തല ഉദ്യോഗസ്ഥരും പ്രധാന വ്യവസായികളും സാമൂഹ്യപ്രവർത്തകരും സെല്ലിൽ അംഗങ്ങളായിരിക്കണം.

ചാർട്ട്

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലക്ഷ്യമാക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

1. ശാസ്ത്രീയമായി കോഴി വളർത്തൽ
2. കോഴിതീറ്റ- കാലിത്തീറ്റ നിർമ്മാണം.
3. പ്രകൃതി ഔഷധ നിർമ്മാണം.
4. ഓർക്കിഡ്, കുറ്റിമുല്ല കൃഷി
5. മരം ഫർണീച്ചർ
6. സ്ക്കൂൾബാഗ് നിർമ്മാണം.
7. ഹവായ് ചെരുപ്പ് നിർമ്മാണം.
8. ക്ലീനിംഗ് പൗഡർ നിർമ്മാണം.
9. റേഡിയോ-TV ഉപകരണങ്ങളുടെ നിർമ്മാണം.
10. ഡിഷ് ആൻറിന നിർമ്മാണം.
11. അലക്ക് സോപ്പ് .

12. പ്ലാസ്റ്റിക് മുടച്ചിൽ നിർമ്മാണം.

13. റെഡിമെയ്ഡ്സ് വസ്ത്ര നിർമ്മാണം.

മുകളിൽ പറഞ്ഞ ചെറുകിട വ്യവസായങ്ങൾക്ക് വിദഗ്ധമായ ഉപദേശനിർദേശങ്ങളും ആവശ്യമായ പ്രോത്സാനങ്ങളും പരിശീലനങ്ങളും നൽകുന്നതായാൽ നമ്മുടെ പഞ്ചായത്തിൽ കാർഷിക വ്യവസായ രംഗത്ത് വലിയ മുന്നേറ്റം തന്നെ കാഴ്ചവെയ്ക്കുവാൻ നമ്മുക്ക് സാധിക്കും.

ബോറിക് ട്രീറ്റ്മെന്റ് ഫാക്ടറി വണ്ടൂരിൽ സ്ഥാപിക്കണം.

ടാപ്പിംഗ് അവസാനിപ്പിച്ച റബ്ബർ മരങ്ങളുടെ തടികൾ ഉറപ്പുകൂടിയ ഹാർഡുവുഡാക്കി മാറ്റുന്ന ബോറിക് ട്രിറ്റ്മെന്റ് ഫാക്ടറി വണ്ടൂരിൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞതാണ്. അതിന്റെ തുടർ പ്രവർത്തനം നടത്തുകയും ഈ ഫാക്ടറി സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തനത്തിൽ പഞ്ചായത്ത് മുൻകൈയ്യെടുക്കുകയും ചെയ്യേണ്ടതാണ്.

വണ്ടൂർ പഞ്ചായത്തിൽ നിന്നും ആയിരത്തിലധികം പേർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നുണ്ട്.

ഗൾഫിൽ ജോലിചെയ്യുന്നവരുടെ വാർഡ് തിരിച്ചുള്ള ചാർട്ട്

വാർഡു നമ്പർ	എണ്ണം
I	153
II	85
III	104
IV	59
V	96
VI	68
VII	80
VIII	36
IX	26
X	74
XI	102
XII	92
XII	71
ആകെ	1046

അവലംബം:-

സാമൂഹ്യ സാമ്പത്തിക സർലവ്വെ 1996

പ്രതിവർഷം ഉദ്ദേശം 20.5 ദശലക്ഷം രൂപ ഗൾഫിൽ നിന്നും വണ്ടൂർ പഞ്ചായത്തിലെ വിവിധ വീടുകളിൽ എത്തുന്നു. ഈ തുകയുടെ 25% മെങ്കിലും വ്യവസായ രംഗത്തേക്ക് തിരിച്ചുവിടാനുള്ള പ്രവത്തനങ്ങൾ നടത്തേണ്ടതാണ്. വണ്ടൂർ പഞ്ചായത്തിലെ ദേശാത്കൃ ബാങ്കുകൾ ഡെപോസിറ്റിന്റെ 30% ത്തിൽ താഴെയാണ് ലോൺ നെൽകുന്നത്. ഇത് ഒരു 60% മായെങ്കിലും ഉയർത്തിയാൽ വ്യവസായ രംഗത്ത് വികസനം സാധ്യമാക്കാവുന്നതാണ്.

FOREST INDUSTRIES TRAVANCORE

(FIT)യുടെ കീഴിൽ വണ്ടൂരിൽ ഒരു യൂണിറ്റ് തുടങ്ങുവാൻ നടപടി ആരംഭിച്ചിരുന്നു. അതിനുള്ള പ്രൊജക്റ്റ് റിപ്പോർട്ടും തയ്യാറാക്കിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിൽ നിന്ന് യഥാസമയം അനുമതി ലഭിക്കാതിരുന്നതിനാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ആയിരത്തോളം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്ന ഈ വ്യവസായിക യൂണിറ്റ് ആരംഭിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ബോർഡിന് പ്രത്യേക താത്പര്യമുണ്ട്.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നും അതിൽ വരുന്ന മാറ്റങ്ങൾ മനുഷ്യരുടെ പ്രകൃതത്തെത്തന്നെ മാറ്റുമെന്നും തിരിച്ചറിയുന്നു.

5-4

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ശരാശരി നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. വിവിധ മതവിഭാഗങ്ങൾ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ തങ്ങളുടെ മതപ്രവർത്തനോടൊപ്പം വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നു. സംഘടിത വിദ്യാഭ്യാസ പ്രക്രിയ വളരെ മുമ്പുതന്നെ തുടങ്ങിയിട്ടുണ്ട്. 1919 ൽ സ്ഥാപിച്ച ഹിന്ദു സ്ക്കൂൾ ആണ് ആദ്യ സ്ഥാപനം.[പിന്നീടത് നടുവത്ത് ചടങ്ങാംകുളം എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു.] തൊട്ടടുത്ത കാലങ്ങളിൽ മദ്രസ എൽ.പി.സ്ക്കൂൾ 1924 ൽ തുടങ്ങി.

സമൂഹത്തിന്റെ ഉന്നതിക്ക് ഏറ്റവും അനുപേക്ഷണീയമായ ഘടകമാണ് വിദ്യാഭ്യാസം. സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഇന്ന് ആരെയും പ്രത്യേകിച്ച് ബോധ്യപ്പെടുത്തേണ്ടതില്ല. സ്ത്രീകൾ ഏറ്റവും പിന്നോക്കം നിന്നിരുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. സ്ത്രീകളുടെ അറിവില്ലായ്മ കുടുംബത്തെ മാത്രമല്ല സമൂഹത്തെ മൊത്തത്തിൽ പുറകോട്ടു നയിക്കുന്നതിന് കാരണമാണ്. ആയതിനാൽ സ്ത്രീ വിദ്യാസത്തിന് പ്രാധാന്യം നൽകുന്നതിനുവേണ്ടി 1930-ൽ പെൺ പള്ളിക്കൂടം [പെണ്ണ് സ്ക്കൂൾ എന്ന പേരിൽ തന്നെ] ടി.ബി. റോഡിൽ പള്ളി ഇടവഴിയിൽ സ്ഥാപിച്ചിരുന്നു. പിന്നീട് 1947-ൽ ഈ പെണ്ണ്സ്ക്കൂൾ പൂക്കളത്തേക്കുമാറ്റി അതാണ് ഇന്നത്തെ പൂക്കളം C.P സ്ക്കൂളായി മാറിയത്. മത പഠനത്തോടൊപ്പം ഭൗതിക വീദ്യഭ്യാസവും നൽകിവന്നിരുന്നു. ആയതിനാൽ കുറെയൊക്കെ സ്ത്രീകൾ ഈ പാഠശാലയിൽ വന്നിരുന്നു. വേണ്ടത്ര പെൺകുട്ടികളെ ലഭിക്കാത്തതിനാൽ ആൺകുട്ടികൾക്കും പ്രവേശനം നൽകിയിരുന്നു.

പ്രൈമറി വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾക്ക് ഉണ്ടായ ഈ സൗകര്യങ്ങൾ ഈ കാലഘട്ടങ്ങളിൽ ഉയർന്ന വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിരുന്നില്ല. മറ്റു സാമൂഹികവും മതപരവുമായ പ്രശ്നങ്ങളാൽ വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ വളരെ പിന്നോക്കം തന്നെ നിലനിന്നു പോന്നു. 1948 ലാണ് വി.എം.സി യുടെ നേതൃത്വത്തിൽ ഹൈസ്കൂൾ സ്ഥാപിച്ചത്. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാന പ്രക്രിയക്ക് ആക്കം കൂട്ടാൻ വി.എം.സി. ഭട്ടതിരിപാടിന്റെ പ്രവർത്തനങ്ങൾ സഹായിച്ചു. കെ.വി. നമ്പൂതിരിപാടാണ്ഈ സ്ക്കൂളിനു വേണ്ടി 10 ഏക്കർ സ്ഥലം സംഭാവനയായി നൽകിയത്. ഇവരുടെ സേവനങ്ങളെ നമ്മുക്ക് നന്ദിപൂർവം സ്മരിക്കാം.

വിദ്യാഭ്യാസരംഗത്ത് വലിയ പ്രക്ഷോഭ സമരങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ലെങ്കിലും സ്ത്രീ വിദ്യാഭ്യാസത്തിനും വേണ്ടി പുരോഗമന ചിന്താഗതിക്കാരായമുസ്ലീം മത സംഘടനകളടക്കം ഒട്ടേറെ നല്ല പ്രവർത്തകർ യത്നിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ബി.എ. ക്കാരൻ ശ്രീ. പി.പി. മൂസക്കുട്ടി സാഹിബ് ആണ്. [ജനകീയാസൂത്രണത്തിന്റെ ഭാഗമായി പ്രാദേശിക ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട് കാരണവ സംഗമത്തിൽ ആദ്ദേഹം പങ്കെടുത്തിരുന്നു. ഇദ്ദേഹം 13-11-96 ന് നിര്യാതനായി.]

1981 ലാണ് നിലവിലുണ്ടായിരുന്ന മാപ്പിള യു.പി.സ്ക്കൂൾ ഗവ: ഗേൾസ് ഹൈസ്ക്കൂളായി ഉയർത്തിയത്. പ്രസ്തുത സ്ഥാപനം 1995 ഒക്ടോബർ 1 ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു.

1990 ൽ വി.എം.സി ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു. 1980 ൽ വാണിയമ്പലം ഹൈസ്ക്കൂൾ സ്ഥാപിച്ചു. ഇപ്പോൾ പഞ്ചായത്തിൽ ഒരു ഹയർ സെക്കണ്ടറി സ്ക്കൂൾ, ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, ഒരു ഹൈസ്ക്കൂൾ,ഒരു ഗവ: യു.പി. സ്ക്കൂൾ, ഒരു എയ്ഡസ് യു.പി. സ്ക്കൂൾ, ഒരു അൺ എയ്ഡ്സ് യു.പി. സ്ക്കൂൾ, അംഗീകാമില്ലാത്ത CBSE സിലബസ് നിലവിലുള്ള ഒരു ഇംഗ്ലീഷ് മീഡിയം യു.പി. സ്ക്കൂൾ, നാല് ഗവ: എൽ.പി. സ്ക്കൂൾ, മൂന്ന് എയ്ഡസ് എൽ:പി. സ്ക്കൂൾ എന്നീ വിദ്യായങ്ങൾ നിലവിലുണ്ട്. അൺ എയ്ഡസ് എൽ. പി. സ്ക്കൂൾ ഉണ്ട്.(ഇംഗ്ലീഷ് മീഡിയം)ഒരു ആർട്സ് & സയൻസ് കോളേജ് 1964 ൽ പഞ്ചായത്തിൽ സ്ഥാപിക്കാൻ അനുമതി ലഭിച്ചിരുന്നു. സി.എൻ. അഹമ്മദ് മൗലവിയുടേയും വണ്ടൂർ നിവാസിയായ മർഹൂംമദാരി അബ്ദുള്ളയുടെ ശ്രമഫലമായിരുന്നു അത്. പക്ഷേ സ്ഥലം വിട്ടു കൊടുക്കാൻആരും തയ്യാറാകാതിരുന്നതുക്കൊണ്ട് പ്രസ്തുത സ്ഥാപനം മമ്പാട് പഞ്ചായത്തിൽ സ്ഥാപിക്കേണ്ടി വന്നു.ത

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളുടെ പേരുവിവരവും വിദ്യാർത്ഥികളുടെ എണ്ണവും. ചാർട്ട്.

ഇത്രയേറെ സൗകര്യങ്ങളുണ്ടായിട്ടും ആശാവാഹമായ ഒരു മുന്നേറ്റം വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ വിദ്യാലയങ്ങളിലെ പഠന നിലവാരം പരിതാപകരമാണ്. അക്കദമിക് സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും സർക്കാർ സ്ക്കൂളുകളിൽ വളരെ ദയനീയമാണ്.

അക്കാഡമിക് സൗകര്യങ്ങളുടെ ചാർട്ട്

ഭൗതിക സാഹചര്യങ്ങളുടെ ചാർട്ട്.

സ്കൂളുകളുടെ പൊതുവിവരം

സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത					കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെഎണ്ണം						
	hs/up/lp/ Pre.pri./ hss	സർക്കാർ	എയ്ഡഡ്	അൺഎയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	അനുവദിച്ച തസ്തിക പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	സ്കൂൾ കോമ്പസിനകത്തെ മൊത്തം വിസ്തീർണ്ണം	കളി സ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റു കുറിപ്പുകൾ
GLPS വാണിയമ്പലം	LP	വാടക				416	347	763	20	191	-	42സെൻറ്	ഇല്ല	10സെ	ഭാഗികമായി ചുറ്റുമതിൽഉണ്ട്.
GLPS പൂക്കളം	LP					154	157	311	10	10	-	- 50സെൻറ്	20സെ	-	-
GVHS ForGirls വണ്ടൂർ	VHSS					227	2996	2823	78	72	6-	1.10ഏക്കർ	ഇല്ല	1ഏക്കർ	-
GLPS ശാന്തിനഗർ	LP					167	185	352	11	11	-	- 1ഏക്കർ	-	-	മൂന്നുഭാഗവും
മതിൽ ഉണ്ട്.															
GUPS കാപ്പിൽകാരാട്	UP					204	203	407	16	15	1	5ഏക്കർ	20സെ	2ഏക്കർ	-
ALPS വെള്ളാമ്പുറം	LP					130	147	277	9	9	--	75സെൻറ്	30സെ	-	
SVAUPS കാപ്പിൽ	UP					321	299	620	22	22	-	1 2.85ഏക്കർ	1.15ഏ	-	-
OALPS വണ്ടൂർ	LP					127	89	216	7	7	-	- 3ഏക്കർ	52.5സെ		1.50 ഏക്കർ -
മദ്രസ്സ ALPSവണ്ടൂർ	LP					134	138	272	10	10	-1	22സെൻറ്	1 1/2	-	-
GLPS പനമ്പൊയിൽ	LP					192	201	393	8	8	--	1ഏക്കർ	-	-	-
GHSവാണിയമ്പലം	LP					1743	1302	3045	69	59	10	1ഏക്കർ	2.78ം	-	-
OUPS വണ്ടൂർ	UP					61	12	73	4	4	-	- 3ഏക്കർ	1ഏക്കർ		- -
VMCGHSS വണ്ടൂർ	HSS					1616	-	1616	56	53	3	12.52 ഏക്കർ	2ഏക്കർ	-	-
OttenEnglish SchoolWandoor	UP					138	118	256	1313	-	-	5ഏക്കർ	-	-	-
						5630	5794	11424	333	312	21				

ഡിവൈർത്ഗിക്കുടെ കാസ്റ്റ് തിരിച്ചുള്ള വിവരം

സ്ക്കൂളുകളുടെ അക്കാഡമിക് നിലവാരം

സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതുനിലവാരം					s.s.l.c വിജയശതമാനം				
		30%ൽതാഴെ മാർക്ക്നേ ടുന്നവർ	30-40% മാർക്ക് നേടുന്നവർ	40-50% മാർക്ക് നേടുന്നവർ	50-60% മാർക്ക നേടുന്നവർ	60%ൽ കൂടുതൽ നേടുന്നവർ	91-92	92-93	93-94	94-95	95-96
VMCGHSSവണ്ടൂർ	1616	1164	273	78	48	53	-	16%	25%	18%	18%
GHSവാണിയമ്പലം	3045	1563	610	407	309	156	-	17%	13	20	24
GVHSSForGirls വണ്ടൂർ	2584	1015	722	356	271	220	28	27	32	32	29
GLPS പൂക്കുളം	311	45	50	115	59	42	-	-	-	-	-
GLPSവാണിയമ്പലം	397	138	43	40	44	132	-	-	-	--	
GLPS ശാന്തിനഗർ	181	ഇല്ല	60	60	40	21	-	-	-	-	-
GUPSകാപ്പിൽ കാരാട്	292	31	54	129	45	33	-	-	-	--	
SVAUPS കാപ്പിൽ	615	247	65	56	43	204	-	-	-	-	-
AlPS വെള്ളാമ്പുറം	143	28	19	22	16	58	-	-	-	--	
OALPS വണ്ടൂർ	115	11	14	11	40	39	-	-	-	-	-
മദ്രസ്സ ALPS വണ്ടൂർ	128	108	15	3	2	-	-	-	-	--	
OUPS വണ്ടൂർ	73	1	8	13	22	29	-	-	-	-	-
OttanEnglish Schoolവണ്ടൂർ	139	-	03	13	24	99	-	-	--	-	
GLPS പനമ്പൊയിൽ	203	92	25	28	33	25	-	-	-	--	
	9842	4443	1961	1331	996	1111					

സ്ക്കൂൾ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SCകുട്ടികൾ			തോറ്റുപഠിക്കുന്ന കുട്ടികൾ						പഠനം നിർത്തിയവർ						പഠനം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ		നിർത്തിയവർ	
സ്കൂളിന്റെ പേര്	B	G	T	B	G	T	B	G	T	B	G	T	B	G	T	b	g	t	ആകെ
GLPS വാണിയമ്പലം	416	347	763	51	50	101	1	-	1	17	12	29	-	-	-	8	10	18	18
GHS വാണിയമ്പലം	1743	1302	3045	226	196	422	15	28	43	144	60	204	10	12	22	33	13	46	68
GLPS പൂക്കുളം	154	157	311	13	22	35	3	3	6	9	918	-	-	-	-	-	-		
GVHSS For Girls വണ്ടൂർ	227	2596	2823	42	401	443	3	43	46		148		15	15	-	68	68	83	
GLPS ശാന്തി നഗർ	167	185	352	28	27	55	-	-		-	6	612	-	-	-	-	-	-	-
GUPS കാപ്പിൽ കാരാട്	204	203	407	31	45	76	-	-		-	11	-	-	-	1	-	1	1	
ALPS വെള്ളാമ്പുറം	130	147	277	28	35	63	2	3		5	43	7	-	-	-	-	-	-	
SVAUPS കാപ്പിൽ	321	299	620	94	87	181	12	9		21	12	416	1	-	1	3	-	3	4
OALPS വണ്ടൂർ	127	89	216	16	13	29	-	-		-	-	--	2	-	2	8	4	12	14
OUPS വണ്ടൂർ	61	12	73	4	1	5	-	-		-	-	--	-	-	-	-	-	-	-
Ottan English School വണ്ടൂർ	138	118	256	4	1	5	-	-		--	-	-	-	-	-	-	-	-	-
VMCGHSS വണ്ടൂർ	1616	-	1616	230	-	230	31	-		31	133-	133	8	-	8	22	-	22	30
Madrass ALPS വണ്ടൂർ	134	138	272	18	20	38	1	2		3	25	7	-	-	-	1	1	2	2
GLPSപനമ്പൊഴിയിൽ	192	201	393	26	19	45	-	-		-	--	-	-	-	-	-	-	-	-
Grand Total	5630	5794	11424	811	917	1728	68	88		156	327248	575	21	27	48	76	96	172	220

എസ്.എസ്.എൽ.സി വിജയ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ്. വിജയിക്കുന്ന കുട്ടികളിൽ മഹാഭൂരിപക്ഷവും സ്വകാര്യ ട്യൂഷനേയോ പാരലൽ കോളേജുകളേയോ ആശ്രയിക്കുന്നവരാണ്. ഇവിടെ ആറു പാരലൽ കോളേജുകളും ആറുടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നു. പാരലൽ കോളേജുകളിൽ ഡിഗ്രി ക്ലാസുകൾ നാമമാത്രമാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ചുവെങ്കിലും നമ്മുടെ പഞ്ചായത്തിൽ തുടർ സാക്ഷരതാ പ്രവർത്തനം ജനകീയവും കാര്യക്ഷമവുമല്ലാത്തതിനാൽ നിരക്ഷരുടെ എണ്ണം വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. സ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കിടയിൽ മുപ്പുതു ശതമാനം നിരക്ഷരുണ്ട്. ജനങ്ങളുടെ ബോധപൂർവ്വമായ ഇടപെലില്ലായ്മയും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ പ്രക്രിയ ബോധ്യപ്പെടാത്തതിനാലും ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സ്വാധീനവും ഗൾഫ് പണത്തിന്റെ ദുസ്വാധീനവും പഠനനിലവാരം കുറയ്ക്കാൻ കാരണമായിരിക്കുന്നു. മാത്രമല്ല അധ്യാപകരുടെ ആത്മാർത്ഥതക്കുറവും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക-അക്കാഡമിക സാഹചര്യങ്ങളുടെ അപര്യാപ്തതയും പഠനനിലവാരത്തകർച്ചക്ക് കാരണമായിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം വളരെ പുറകിലാണ്. സ്ത്രീ വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ വളരെ മുമ്പുതന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1930 - ൽ സ്ഥാപിച്ച പെണ്ണ് സ്ക്കൂളിൽ അധ്യാപകർപോലും പൂർണമായും സ്ത്രീകളായിരുന്നു. മറിയം മിസ്ട്രസ് ആയിരുന്നു പ്രധാന അധ്യാപിക. പൂർണമായും വനിതാ അധ്യാകരായിട്ടുപോലും വേണ്ടത്ര വിദ്യാർത്ഥിനികളെ ലഭിക്കാത്ത സാഹചര്യം അന്നുണ്ടായിരുന്നു. ഇതിനൊരു മാറ്റം വരുത്താൻ കുറെയൊക്കെ കഴിഞ്ഞിട്ടുണ്ടെങ്കിലുംഒരു സമൂർത്തമായ പരിവർത്തനം ഈ രംഗത്തുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനപ്പുറത്തേക്ക് പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിക്കാൻ ഇന്നും വ്പല രക്ഷിതാക്കളും വിമുഖരായിക്കാണുന്നു. ബാല്യ വിവാഹവും അമ്മമാരുടെ അജ്ഞതയും വിമുഖതയും ഇതിനു കാരണമായിട്ടുണ്ട്.

വിദ്യഭ്യാസരംഗത്ത് പഞ്ചായത്ത് ശക്തമായി ഇടപെടാൻ തുടങ്ങിട്ടില്ല. അതുക്കൊണ്ടുത്തന്നെ ജനകീയ തലത്തിൽ സാമൂഹ്യ ഇടപ്പെടലിലൂടെ ആധ്യാപക ബഹുജന സംഘടനകളുടെ സഹായത്തോടെ ഈ രംഗത്ത് കാര്യക്ഷമമായി പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാ പ്രവർത്തന കാലഘട്ടത്തിൽ 'അമ്മതൻ മണിക്കുട്ടൻ' ലൂടെ പ്രവർത്തനത്തിന്തുടക്കം കുറിച്ചുവെങ്കിലും ഫലപ്രദമായില്ല. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള ഒരു ജനകീയ പ്രവർത്തനത്തിന്റെ ആവശ്യകത വിളിച്ചോതുന്നുണ്ട്. പഞ്ചായത്ത് ആകെക്കൂടെചെയ്തു കൊണ്ടിരിക്കുന്നത് എസ്.എസ്.എൽ.സി യിൽ ഉന്നത മാർക്കുകിട്ടുന്ന കുട്ടികൾക്ക്ക്യാഷ് അവാർഡ് നൽകുന്നു എന്നതാണ്. ഇത്തരത്തിലുള്ള പ്രോത്സാഹനങ്ങൾ എല്ലാതലത്തിലുള്ള വിദ്യാർത്ഥികൾക്കും നൽകേണ്ടതാണ്. നാട്ടിലെ ബഹുജന സംഘടനകളേയും ഇത്തരം സംഘടനകൾക്ക് പ്രേരിപ്പിക്കേണ്ടതാണ്. പി.ടി.എ യുടെ നേതൃത്വത്തിലും ഇത്തരത്തിലുള്ള പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

പ്രശ്നങ്ങൾ :-

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ചർച്ചകളുടെ ക്രോഡീകരണത്തിൽനിന്നാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. പതിമൂന്നു ഗ്രാമസഭകളിൽനിന്നും താഴെ പറയുന്ന പ്രശ്നങ്ങൾ ഏകരൂപമായി ഉന്നയിക്കപ്പെട്ടു.

1. സ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾ പര്യാപ്തല്ല.

2. പി.ടി.എ യുടെ പ്രവരത്തനം ഫലപ്രദമല്ല

3. അധ്യാപകർ കൃത്യനിഷ്ടപാലിക്കുന്നില്ല. കാര്യക്ഷമമായി പ്രവരത്തിക്കുന്നില്ല.

4. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല.

5. പഠനോപകരണങ്ങൾ ലഭ്യമല്ല.

6. അധ്യാപക നിയമനം യഥാസമയം നടക്കുന്നില്ല

7. അധ്യാപക വിദ്യാർത്ഥി അംശബന്ധം വളരെ കൂടുതലാണ്.

8. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്.

9. ഉച്ചക്കഞ്ഞി പല സ്ക്കൂളുകളിലും നൽകുന്നില്ല. ആ കാര്യത്തിൽ രക്ഷിതാക്കളും അപകരും (പി.ടി.എ) കുറ്റകരമായ അനാസ്ഥ കാണിക്കുന്നു.

10. എൽ. പി. സ്ക്കൂളിൽപോലും ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു.

11. അധ്യാപക പുന:പരിശീലനം കൃത്യമായി നടക്കുന്നില്ല.

12. അധ്യാകർക്കുള്ള കൈ പുസ്തകം ലഭ്യമല്ല.

13. പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

14. നിലവിലുള്ള ലൈബ്രറി ലബോറട്ടറി പഠനോപകരങ്ങൾ സ്പോർട്സ് സാമഗ്രികൾഎന്നിവ ഉപയോഗിക്കുന്നില്ല. ഉള്ളവ പര്യാപ്തവുമല്ല.

15. മാതൃ സംഗമം യഥാസമയം വിളിച്ചു ചേർക്കാറില്ല.

16. അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല.

17. പഞ്ചായത്തിലെ ഏക പട്ടികവർഗ കോളനിയിലെ (പണിയൻ കോളനി) കുട്ടികളാരും സ്ക്കൂളിൽ പോകുന്നില്ല.

18. ഒരു തരത്തിലുള്ള മോണിറ്റിംഗും നടക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. ജനകീയ വിദ്യാഭ്യാസ പ്രക്രിയക്ക് തുടക്കം കുറിക്കണം. അതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക സന്നദ്ധ യുവജനവനിതാ മതസംഘടനകളുടെയും അദ്ധ്യാപക സംഘടനകളുടെയും കൂട്ടായ പ്രവർത്തനംഇവ പരിഹരിക്കുന്നതിനുവേണ്ടി നടത്തേണ്ടതാണ്. പഞ്ചായത്തുതല വിദ്യാഭ്യാസ കോംപ്ലക്സുകൾ പ്രവർത്തനോന്മുഖമാക്കണം.

2. ആദ്യമായി ഇവരുടെ നേതൃത്വത്തിൽ ഒന്നാംതരം ഒന്നാന്തരമാക്കണം.

3. അദ്ധ്യാപക പുന:പരിശീലനം നടക്കണം

4. പ്രതിമാസ അദ്ധ്യാപക സംഗമങ്ങൾ നടക്കണം.

5. സമഗ്രമായ മൂല്യ നിർണ്ണയം നടക്കണം.

6. അക്കാഡമിക് മോണിറ്റിംഗ്, അക്കാഡമിക് സന്ദർശനം എന്നിവ യഥാസമയം നടക്കണം.

7. പാഠാനുബന്ധ പ്രവർത്തനങ്ങൾ നടത്തണം.

8. പഠനോപകരണ ശിൽപശാല സംഘടിപ്പിക്കണം.

9. ക്ലാസ്സുകളിൽ പ്രതിവാര സാഹിത്യ സമാജം സംഘടിപ്പിക്കണം.(L.P. ക്ലീസ്സുകളിൽ ബാലസഭ നടത്തൽ)

10. വിദ്യാർത്ഥികളുടെ ചുമർമാസിക, കയ്യെഴുത്തുമാസിക, ക്ലാസ്സു റൂം അലങ്കാരം എന്നിവ പ്രാവർത്തികമാക്കണം.

11. വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനം സംഘടിപ്പിക്കണം. (ഉദാ:- ഗ്രീൻ ക്ലബ്ബ്,പൂന്തോട്ട നിർമ്മാണം) അഗ്രികൾച്ചറൽ ക്ലബ്ബ്, സയൻസ് ക്ലബ്, ഗണിത ശാസ്ത്ര ക്ലബ്ബ്, ക്ലീൻക്ലബ്ബ്.

12. ബാല മാസികകളുടെ വായനാ കോർണർ സംഘടിപ്പിക്കൽ.

13. പഞ്ചായത്തുതല പഠനയാത്ര നടത്തൽ

14. പരിസര ശുചീകരണ പ്രവർത്തനം നടത്തൽ.

15. ദേശീയ ദിനാചരണമാഘോഷിക്കൽ.

ഭൗതിക സാഹചര്യം നന്നാക്കാൻ ജനകീയ പ്രവർത്തനം സംഘടിപ്പിക്കണം. മാതൃകസംഗമം ശക്തിപ്പെടുത്തണം. പഠനോത്സവങ്ങൾ നടത്തണം. ക്ലാസ്സ് റൂം P.T.A.കൾ സജീവമാക്കണം. ഇത്തരത്തിൽ ഒട്ടേറേ ജനകീയ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകുകയും അവ വിലയിരുത്തുകയും മോണിറ്റിംഗ് നടത്തുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ:

1. രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന വാണിയമ്പലം സർക്കാർ എൽ.പി. സ്ക്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവും ആവശ്യമാണ്.

2. വാർഡ് 7 ൽ ഉള്ള എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളാക്കിമാറ്റണം.

3. വാർഡ് 13 ൽ ഒരു സ്ക്കൂളുപോലുമില്ല. പ്രൈമറി വിദ്യാഭ്യാസത്തിന് മൂന്ന് കിലോമീറ്ററിലധികം ദൂരം കുട്ടികൾക്ക് യാത്ര ചെയ്യേണ്ടതായിട്ട് വരുന്നു. ഒരു എൽ.പി. സ്ക്കൂളെങ്കിലും സ്ഥാപിക്കണം.

4. വാർഡ് 8 ൽ കരിമ്പൻ തൊടി ഭാഗത്ത് (പഞ്ചായത്തിൽ ഏക പട്ടിക വർഗ്ഗ കോളനിയുടെ ഭാഗത്ത്) നിർബന്ധമായും ഒരു എൽ.പി. സ്ക്കൂളെങ്കിലും സ്ഥാപിക്കണം.

5. വാർഡ് 9 ലെ കാപ്പിൽ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണം.

6. കൂരാട് പനമ്പൊയിൽ എൽ.പി. സ്ക്കൂൾ യു.പി.സ്ക്കൂളായി ഉയർത്തണം.

7. 4-ാം വാർഡ് കുറ്റിയിൽ പുതിയ L.P. സ്ക്കൂൾ വേണം.

പരിഹാര നിർദ്ദേശങ്ങൾ

(1) വാണിയമ്പലം സർക്കാർ എൽ.പി. സ്ക്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമ ഒരേക്കർ സ്ഥലം വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യമുള്ള സ്ഥലത്ത് ഒരേക്കർ സ്ഥലംപുതിയ സ്ക്കൂൾ സ്ഥാപിക്കുന്നതിന് തരുവാൻ തയ്യാറാണ്.

(2) 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വെള്ളാമ്പുറം എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുവാൻ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ നൽകുവാൻ നാട്ടുകാർ തയ്യാറാണ്.

(3) 13-ാം വാർഡിൽ പുതിയ എൽ.പി. സ്ക്കൂൾ നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം നൽകുവാൻ തയ്യാറാണ്. അതോടൊപ്പം ബിൽഡിംഗ് നിർമ്മിക്കുവാനും നാട്ടുകാർ തയ്യാറാണ്.

(4) 8-ാം വാർഡിൽ കരിമ്പൻ തൊടി ഭാഗത്ത് പുതിയ എൽ.പി. സ്ക്കൂളിന് സ്ഥലം നൽകുവാൻ നാട്ടുകാർ തയ്യാറാണ്.

(5) കാപ്പിൽ നിലവിലുള്ള യു.പി. സ്ക്കൂൾ മാനേജ്മെന്റ് സ്ക്കൂളാണ്. ഗവ: ഹൈസ്ക്കൂൾ അനുവദിച്ചാൽ സ്ഥലം നാട്ടുകാർ നല്കും.

(6) കൂരാട് എൽ.പി. സ്ക്കൂൾ, യു.പി.ആയും, ഹൈസ്ക്കൂളായും അപ്ഗ്രേഡ് ചെയ്യുന്നതിന് സ്ഥലം നാട്ടുകാർ നൽകും.

(7) 4-ാം വാർഡിൽ കുറ്റിയിൽ ഗവ: എൽ.പി. സ്ക്കൂൾ തുടങ്ങുവാൻ നാട്ടുകാർ തയ്യാറാണ്. സ്ഥലം വിട്ടുതരുവാനും തയ്യാറാണ്.

നിലവിലുള്ള വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

(1) വാണിയമ്പലം എൽ.പി. സ്ക്കൂളിൽ കുടിവെള്ളമില്ല. മൂത്രപുരയില്ല. ഷിഫ്റ്റ് സമ്പ്രദായം നിലനില്ക്കുന്നു.

(2) വാണിയമ്പലം ഹൈസ്ക്കൂളിന്റെ സ്ഥല പരിമിതി , ഫർണീച്ചറുകളുടെ അപര്യാപ്തത, മൂത്ര പുര, കുടിവെള്ളം സൗകര്യം ഇവ ഏർപ്പെടുത്തണം.

(3) കൂരാട് പനമ്പൊയിൽ ഗവ: എൽ.പി. സ്ക്കൂളിന്റെ നിലവിലുള്ള കെട്ടിടംപോലും സുരക്ഷിതമല്ല. ഇടഭിത്തിയില്ല, മൂത്രപുരയില്ല, കുടിവെള്ളമില്ല, ആവശ്യത്തിന് ഫർണീച്ചറില്ല. റോഡിനോട് തൊട്ടു ചേർന്ന ഈ വിദ്യാലയത്തിന് റോഡ് ഭാഗത്ത് മതിൽ അത്യാവശ്യമാണ്.

(4) കാപ്പിൽ കാരാട് ഗവ: യു.പി. സ്ക്കൂളിന് ആവശ്യത്തിന് സ്ഥലമുണ്ട്. കെട്ടിടമില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് 8 കിലോമീറ്ററിലേറെ സഞ്ചരിക്കണം.

(5) വണ്ടൂർ ഗവ: ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിൽ സ്ഥലപരിമിതി രൂക്ഷമാണ്. 2 ഷിഫ്റ്റിലായി പ്രവർത്തിക്കുന്നു. എൽ.പി. ക്ലാസ്സുകൾക്ക് തീരെ ശ്രദ്ധ കിട്ടുന്നില്ല.

(6) വണ്ടൂർ വി.എം.സി. ഗവ: ഹയർ സെക്കണ്ടറി സ്ക്കൂളിൽ സ്ഥല പരിമിതിയുണ്ട്. ഫർണീച്ചറിന്റെ അപര്യാപ്തത രൂക്ഷമാണ്. കുടിവെള്ള സംവിധാനമില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ തറ മണ്ണാലിപ്പു മൂലം അപകടാവസ്ഥയിലാണ്. ഹയർ സെക്കണ്ടറിക്ലാസ്സിന് പ്രത്യേക കെട്ടിമില്ല. ഹൈസ്ക്കൂൾ ഗ്രൗണ്ട് മണ്ണ് വന്ന് നിറയുന്നു.

(7) പൂക്കുളം ഗവ: എൽ.പി. സ്ക്കൂളിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. നിലവിലുള്ള കെട്ടിടത്തിൽ സ്ഥലപരിമിതിയുണ്ട്. മൂത്രപുര വേണം. കുടിവെള്ള ക്ഷാമംഇവ പരിഹരിക്കണം.

നിലവിലുള്ള മേൽപ്പറഞ്ഞ അപര്യാപ്തതകളും പരിമിതികളും നമ്മുടെ പഞ്ചായത്തതിർത്തിയിലുള്ള മൂന്ന് ഹൈസ്ക്കൂളുകളിലേയും വിജയ ശതമാനം V.M.C 20%, G.G.H.S. 28%, G.H.S 23% ആണ്. വിജയിക്കുന്ന കുട്ടികളുടെ മാർക്കും കുറവാണ്. അതുമൂലം റഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നവരുടെ എണ്ണം കുറവാണ്. നൂറിലധികം കുട്ടികളും പാരലൽ കോളേജുകളെയാണ് ഉപരിപഠനത്തിന് ആശ്രയിക്കുന്നത്.

കമ്പ്യൂട്ടർ പരിശീലനത്തിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ല. മറ്റ് സാങ്കേതിക പരിശീലനത്തിനുള്ള സ്ഥാപനങ്ങളും പഞ്ചായത്തിലില്ല.

പഞ്ചായത് ഏഴ് നേഴ്സിംഗ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ അഞ്ചും ഇംഗ്ലീഷ് മീഡിയമാണ്. 35 അങ്കണവാടികൾ പഞ്ചായത്തിൽ

പ്രവർത്തിക്കുന്നുണ്ട്. ആയിരം ജനസംഖ്യക്ക് ഒരു അങ്കണവാടി എന്ന കണക്കിൽ 6 അങ്കണവാടിയെങ്കിലും പുതിയതായി സ്ഥീപിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ഭൂരിഭാഗം വിദ്യാർത്ഥികളും പൊതു വിദ്യാലയങ്ങളിലാണ് വിദ്യ അഭ്യസിക്കുന്നത്.

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോട് ചെറിയ തോതിൽ അഭിനിവേശം ഇപ്പോൾ നാട്ടിൻ പുറങ്ങളിൽ പോലും കണ്ടുവരുന്നു.

L.B.S ന്റെ കീഴിലുണ്ടായിരുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രം വണ്ടൂർ പഞ്ചായത്തിൽ 1വർഷം പ്രവർത്തിച്ചിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥാപനം വണ്ടൂരിന് നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോൾ പരിശീലനം നേടുന്ന വിദ്യാർത്ഥികൾ 20 കിലോ മീറ്റർ അകലെയുള്ള മഞ്ചേരിയിൽ പോവേണ്ട അവസ്ഥയാണുള്ളത്.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളെ പഠനവിമുഖരാക്കുവാൻ നേരിയ തോതിലെങ്കിലും കാരണമായിട്ടുണ്ട്. കൂടുതൽ വിദ്യാ സമ്പന്നർ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും നിരക്ഷതയും ഉണ്ട്. തുടർ വിദ്യാഭ്യാസത്തിന്റെ അഭാവമാണ് നിരക്ഷതക്ക് കാരണം.

വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് 1.73 % മാണ്. പട്ടികജാതി വിഭാഗത്തിൽ 2.65 %മാണ്. പട്ടിക വർഗ്ഗ വിഭാഗത്തിൽ കൊഴിഞ്ഞുപോക്ക് 100 % മാണ്. അതായത് പട്ടിക വർഗ്ഗ കോളനിയിലെ മുഴുവൻ മുഴുവൻ കുട്ടികളും സ്ക്കൂളിൽ പോയവരടക്കം ഇന്ന് വിദ്യാലയങ്ങളിൽ പോകുന്നില്ല. പഞ്ചായത്തിലെ മുഴുവൻ മുനുഷ്യ സ്നേഹികളുടെയും പൊതുപ്രവർത്തകരുടേയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ പതിയണം.

നിലവിലുള്ള വിദ്യാഭ്യാസ രംഗം രസകരമാകാൻ അദ്ധ്യാപനം അതി മധുരവും പഠനം പാൽപ്പായസവുമാകണം. അതിന് അക്കാഡമിക് സൗകര്യങ്ങൾ വളരെ പ്രധാനമാണ്. നാലു ചുമരുകൾക്കുള്ളിൽ ചതഞ്ഞരയുന്ന വിദ്യാഭ്യാസ പ്രക്രിയക്ക് പകരം ദൃശ്യശ്രാവു ഉപകരണങ്ങൾ ഉപയോഗിച്ച് ചുമരുകൾക്കു പുറത്ത് പ്രകൃതിയെ കണ്ടെറിഞ്ഞ് അദ്ധ്യാപനം നടത്തിയേ പറ്റൂ. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപന റപ്രഷർ കോഴ്സുകൾ നടത്തണം. വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കുകയും വേണം.

പാഠപുസ്തകങ്ങളുടെ വിതരണം സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പൂർത്തിയാക്കണം. ഉച്ച ഭക്ഷണ വിതരണത്തിന്റെ ഉത്തരവാദിത്വം പഞ്ചായത്തിന്റെ അധികാര പരിധിയിൽ കൊണ്ടുവരണം.

സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തണം. P.T.Aകളുടെയും മാതൃസംഗമങ്ങളുടേയും പ്രവർത്തനം സജീവമാക്കണം. മഴക്കാലം വേനൽ അവധിക്കാലത്ത് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നോട്ടു പുസ്തക നിർമ്മാണ പരിശീലനവും നോട്ടുപുസ്തക നിർമ്മാണ യൂണിറ്റും സ്ഥാപിക്കണം.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് യഥാസമയം പഞ്ചായത്ത് ഭരണസമിതിയെ അറിയിക്കണം. പഞ്ചായത്തിന്റെ മുൻകയ്യോടുകൂടി അവ പരിഹരിക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം.

സ്പോർട്ട്സ് സ്ക്കൂൾ

വണ്ടൂർ പഞ്ചായത്തിലെ പാലാമഠം പ്രദേശത്ത് നാട്ടുകാർ ആദ്യമായി നൽകിയ സ്ഥലത്ത് സ്പോർട്ട്സ് സ്ക്കൂൾ ആരംഭിക്കുവാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിച്ചു. 95 മാർച്ചിൽ 15 ലക്ഷം രൂപ ഈ സ്ഥാപനത്തിനു വേണ്ടി അനുവദിച്ചിരുന്നു. സ്പോർട്സ് കൗൺസിലും വിദ്യഭ്യാസ വകുപ്പും തമ്മിലുള്ള അധികാര വടെവലി മൂലം ഈ സ്ഥാപനം നിലവിൽ വന്നിട്ടില്ല. വണ്ടൂരിന് കായികരംഗത്ത് ലഭിച്ച വലിയ ഒരു അംഗീകാരവും പരിശീലവേദിയും ഇതോട് നഷ്ടപ്പെട്ട സാഹചര്യമാണ് നിലനില്ക്കുന്നത്.

1964 കാലഘട്ടത്തിൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോൾ വണ്ടൂരിന് ലഭിക്കുമായിരുന്ന പ്രീഡിഗ്രി കോളേജ് നഷ്ടപ്പെട്ട അതേ ചരിത്രത്തിന്റെ ആവർത്തനം 32 വർഷങ്ങൾക്കു ശേഷവും വണ്ടൂരിനെ പിന്തുടരുന്നുവോ എന്ന് സംശയിക്കുവാൻ ഈസംഭവം അവസരമേകുന്നു.

സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ നിയമനം സ്വകാര്യമാനേജ്മെന്റുകൾ നേരിട്ട് നടത്തുന്നതിനാൽ മാനേമെന്റെ വിദ്യാലയങ്ങളുടെ നടത്തിപ്പിൽ ജനങ്ങൾക്ക് താല്പര്യമില്ല. വിദ്യാഭ്യാസ നിലവാരം ഉയർത്തണമെന്നും, വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടണമെന്ന് ആഗ്രഹമുള്ള വിദ്യാലയത്തി

ന്റെ നടത്തിപ്പിൽ ശ്രദ്ധിക്കാത്തതിനാൽ മെച്ചപ്പെടുന്നില്ല. ഭാഗ്യ നിർഭാഗ്യങ്ങൾക്കെല്ലാം മാനേജ്മെന്റാണ് ഉത്തരവാദിയെന്ന സമീപനം ആത്മഹത്യ പരമാണ്. ബഞ്ചിന് കാലില്ലാത്ത, ബോർഡില്ലാത്ത, കാറ്റടിച്ചാൽ ഉലയുന്ന മേൽക്കൂരയുള്ള ചുറ്റുപാടുകളിൽ അദ്ധ്യായനം നടത്തിയാൽ എല്ലാ അർത്ഥത്തിലും നാം പിന്തള്ളപ്പെടും. ഇവിടെ മാനേജരും അദ്ധ്യാപകരും, രക്ഷിതാക്കളും പഞ്ചായത്ത് ഭരണസമിതിയുമായി ചേർന്ന് കൂട്ടായിപ്രവർത്തിച്ചാൽ മാത്രമേ നമ്മുക്ക് ഈ രംഗത്ത് ഗുണപരമായ മാറ്റം കൈവരിക്കാൻ കഴിയൂ.

പതിമൂന്ന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. 13 ഗ്രാമസഭകളിലും വിദ്യാഭ്യാസം സജീവ ചർച്ചക്ക് വിഷയീഭവിച്ചു. പൊതുവായി എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞത് അക്കാഡമിക് നിലവാരം താഴ്ന്നു പോകുന്നു. ഭൗതിക സാഹചര്യങ്ങൾ ഇല്ല. കൂട്ടായ ഇടപെടലിലൂടെ മാത്രം നമ്മുക്ക് വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ കഴിയൂ.

വണ്ടൂർ വി.എം.സി. ഗവ: ഹയർ സെക്കണ്ടറി സ്ക്കൂൾ സ്ഥാപിതമായതിന്റെ 50-ാം വാർഷികം ആഘോഷിക്കാൻ 2 വർഷം ബാക്കി നിൽക്കുന്ന ഈ സന്ദർഭത്തിൽ പ്രസ്തുത സ്ക്കൂളിന്റെ പഠന, കായിക,കലാ രംഗങ്ങളിൽ പുലർത്തിയിരുന്ന പ്രതാപം വീണ്ടെടുക്കാനുള്ള സംഘടിത ശ്രമവും ഉണ്ടായേതീരൂ.

പഞ്ചായത്ത് തലത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസ സ്ക്കൂൾ കോംപ്ലക്സ് സംവിധാനം പുന:സ്ഥാപിക്കുകയും സജീവമാക്കുകയും വേണം. മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നി വിദ്യാർത്ഥികളുടെ പ്രവർത്തന ക്ഷമതയെ ത്വരിതപ്പെടുത്തണം. അതുവഴി പഠനപ്രവർത്തനങ്ങൾക്ക് അവരെ നയിക്കുകയും ചെയ്യേണ്ടതാണ്. മുൻ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം പ്രാവർത്തികമാക്കുകയാണെങ്കിൽ ഒരുനല്ല തലമുറയെ വാർത്തെടുക്കാൻ നമ്മുക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം.

വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള വിവരം

	ആകെ കുട്ടികൾ			എസ്സി കുട്ടികൾ		
ക്ലാസ്സ്	B	G	T	B	G	T
1	499	463	962	76	88	164
2	450	467	917	73	78	151
3	495	479	974	74	68	142
4	477	467	944	72	78	150
5	538	469	1007	80	79	159
6	514	536	1050	74	89	163
7	538	540	1078	88	102	190
8	844	914	1758	124	178	302
9	690	843	1533	82	89	171
10	585	616	1201	68	68	136
GrandTotal	5630	5794	11424	811	917	1728

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരം.

സ്കൂളിന്റെ പേര്	അനുവദിച്ചിട്ടുള്ള തസ്തിക				ഉള്ള തസ്തിക			ഉള്ളത്															ആവശ്യമായ കെട്ടിടം				
	അനുവദിച്ചിട്ടുള്ള തസ്തിക	സ്ഥിരം	താൽക്കാലികം	നോൺ ടീച്ചിങ്	സ്ഥിരം	താൽക്കാലികം	അധികമായുള്ള തസ്തിക	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ഉള്ളതിൽ ഉപയോഗിക്കുന്നത്	ഉള്ളതിൽ ഉപയോഗിക്കാത്തത്	ആവശ്യമായ കെട്ടിടം	നിലവിൽ ഉള്ളത്	ആവശ്യമായ കെട്ടിടം	നിലവിൽ ഉള്ളത്	
VHSS വണ്ടൂർ	37	8	—	—	28	—	—	13	ഓഫീസ്	1	5	3	1	2	ഓഫീസ്	ലാബ്	ലാബ്	ലാബ്	ലാബ്	150	120	15	15	ആഫീസ് - 1, ലൈബ്രറി 2				
GVHSS For Girls വണ്ടൂർ	53	4	2	—	25	2	—	26	ഓഫീസ്	1	16	15	2	—	ഓഫീസ്	ലാബ്	ലാബ്	ലാബ്	ലാബ്	260	260	26	26	—	—			
GHS വാണിയമ്പലം	45	3	5	—	7	20	—	45	ഓഫീസ്	2	20	2	2	1	ഓഫീസ്	ലാബ്	ലാബ്	ലാബ്	ലാബ്	142	105	15	30	ആഫീസ് - 5				
GLPS കുരിക്കുത്ത്	8	2	—	—	8	—	—	2	ഓഫീസ്	2	2	2	2	1	ഓഫീസ്	ലാബ്	ലാബ്	ലാബ്	ലാബ്	50	50	5	5	ആഫീസ് - 2, ലൈബ്രറി A, സിങ്കിൾ ടോയ്ലറ്റ് - 1				
GLPS വാണിയമ്പലം	8	2	1	—	7	2	—	9	ലാബ്	ലാബ്	1	2	1	ലാബ്	ഓഫീസ്	ലാബ്	ലാബ്	ലാബ്	ലാബ്	മറ്റിതരം	50	1	1	1				
GLPS ചാത്തിനഗർ	17	2	1	—	9	—	1	ലാബ്	—	2	10	—	1	ലാബ്	ഓഫീസ്	ഓഫീസ്	ഓഫീസ്	ലാബ്	ലാബ്	ലാബ്	—	20	3	3	ആഫീസ് - 1, ലൈബ്രറി - 2				
GUPS കാഞ്ഞിൽക്കാവ്	9	3	—	1	3	—	8	13	ഓഫീസ്	1	1	15	ലാബ്	1	ലാബ്	ലാബ്	ലാബ്	ലാബ്	ലാബ്	ലാബ്	50	100	15	20	ലാബ്				
SVAUPS കാഞ്ഞിൽ	11	1	—	1	3	—	8	17	—	2	20	4	—	ലാബ്	ഓഫീസ്	ലാബ്	ഓഫീസ്	ഓഫീസ്	ഓഫീസ്	—	—	—	—	—				
ALPS വെള്ളാനൂർ	15	4	1	—	5	—	—	—	—	2	4	—	—	—	ഓഫീസ്	ഓഫീസ്	ലാബ്	ലാബ്	മറ്റിതരം	30	—	—	—	ടൈലറ്റ് - 1				
CALPS വണ്ടൂർ	8	1	2	—	—	3	3	—	—	2	6	2	2	ലാബ്	ഓഫീസ്	ഓഫീസ്	ഓഫീസ്	ലാബ്	മറ്റിതരം	20	—	—	—	—				
മറ്റുള്ള ALPS വണ്ടൂർ	6	2	—	—	6	—	—	1	ഓഫീസ്	2	10	—	1	1	ഓഫീസ്	ലാബ്	ഓഫീസ്	ഓഫീസ്	മറ്റിതരം	—	—	—	—	—				
OUPS വണ്ടൂർ	8	1	2	—	10	—	1	—	ഓഫീസ്	1	5	5	1	—	ഓഫീസ്	ഓഫീസ്	—	ലാബ്	ലാബ്	5	5	2	2	—				
മൊട്ടൻ ഇംഗ്ലീഷ് സ്കൂൾ വണ്ടൂർ	2	1	—	1	—	—	3	2	ഓഫീസ്	1	5	4	1	—	ഓഫീസ്	ലാബ്	ഓഫീസ്	ലാബ്	ലാബ്	—	40	4	4	ലൈബ്രറി - 1				
GLPS പനയംപാടിൽ	10	1	1	1	8	15	5	—	—	3	9	—	5	—	ഓഫീസ്	ഓഫീസ്	ഓഫീസ്	ഓഫീസ്	മറ്റിതരം	—	—	—	—	—				
	5	1	1	—	1	4	—	5	ഓഫീസ്	1	5	4	1	—	ഓഫീസ്	ലാബ്	ഓഫീസ്	ലാബ്	ലാബ്	—	40	4	4	ലൈബ്രറി - 1				

ആവലംബം: 1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ.

വിദ്യാലയങ്ങളുടെ അക്കാദമിക് സൗകര്യങ്ങൾ.

സ്കൂളിന്റെ പേര്.	ഹൈസ്കൂൾ/ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി/ടെക്നിക്കൽ ഹൈസ്കൂൾ/ഓറിയന്റൽ ഹൈസ്കൂൾ.	സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സ്പെഷ്യൽ സ്കൂൾ.	പ്രവേശനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും/ആൺകുട്ടികൾക്ക് മാത്രം/പെൺകുട്ടികൾക്ക് മാത്രം.	ലൈബ്രറി	റീഡിംഗ് റൂം	T.V സെറ്റ്	VCR/VCP	സിഡി പ്ലെയർ	ടെലിഫോൺ	കമ്പ്യൂട്ടർ		കുട്ടികളുടെ എണ്ണം	ടീച്ചർമാരുടെ എണ്ണം	2005-06 ലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം	സയൻസ് ഗ്രൂപ്പ് ഉണ്ടോ	ഹയർസെക്കൻഡറി വിഭാഗത്തിൽ കൊമേഴ്സ് ഗ്രൂപ്പ് ഉണ്ടോ	ഹയർസെക്കൻഡറി വിഭാഗത്തിൽ ഹ്യൂമാനിറ്റീസ് ഗ്രൂപ്പ് ഉണ്ടോ	ഓപ്പൺ സ്കൂൾ സൗകര്യം ഉണ്ടോ
V.M.C.G.H.S.S വണ്ടൂർ	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	പ്രവേശനം ഉണ്ട്.	ഉണ്ട്.	1	—	—	1	1	1	—	39	26	201	12	—	സയൻസ്	—
G.H.S വാണിയമ്പലം	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	പ്രവേശനം ഉണ്ട്.	ഉണ്ട്.	ഉണ്ട്	—	—	ഉണ്ട്.	—	—	—	26	16	212	—	2	സയൻസ്	= ഉണ്ട്.
G.V.H.S.S For Girls വണ്ടൂർ.	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	ഹൈസ്കൂൾ. സ്വാശ്രയ വിഭാഗം.	ഉണ്ട്.	ഉണ്ട്	ഉണ്ട്	—	—	ഉണ്ട്	ഉണ്ട്	ഉണ്ട്	—	52	27	213	—	2	സയൻസ്	ഹയർസെക്കന്ററി വിഭാഗം.
G.L.P.S കുരുക്കൾ	ഹൈസ്കൂൾ.	സ.ഡബ്ല്യു.എഫ് നിയന്ത്രണത്തിൽ	ഉണ്ട്.	ഉണ്ട്	ഉണ്ട്	—	—	—	—	—	—	10	6	189	—	6	സയൻസ്	ഉണ്ട്.
G.L.P.S വാണിയമ്പലം	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്.	ഉണ്ട്.	—	—	—	—	—	—	—	9 ##	9 ##	214	—	—	സയൻസ്	ഉണ്ട്.
G.L.P.S ശാന്തിനഗർ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്.	ഉണ്ട്	—	—	—	—	—	—	9	5	184	—	—	സയൻസ്	ഹയർസെക്കന്ററി വിഭാഗം.
G.U.P.S കാപ്പിൽക്കാരാട്	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്.	ഉണ്ട്	—	—	—	—	—	—	15	15	194	—	6	സയൻസ്	സയൻസ്
S.V.A.U.P.S കാവിൻ	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	—	—	—	—	—	—	—	—	17	17	193	—	—	ഹൈസ്കൂൾ	ഹൈസ്കൂൾ.
A.L.P.S വെള്ളാമുണ്ടം.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്.	ഉണ്ട്	—	—	—	—	—	—	8	8	194	—	6	ഹൈസ്കൂൾ	ഹൈസ്കൂൾ.
O.A.L.P.S വണ്ടൂർ	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്	ഉണ്ട്	—	—	—	—	—	—	6	6	185	—	7	സയൻസ്	ഹൈസ്കൂൾ.
2 ടീച്ചർ A.L.P.S വണ്ടൂർ.	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്	ഉണ്ട്	—	—	—	—	—	—	10	8	180	—	7	സയൻസ്	ഹൈസ്കൂൾ.
O.U.P.S വെള്ളുവർ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്	—	—	—	—	—	—	—	2	2	160	—	16	സയൻസ്	ഹൈസ്കൂൾ.
പൊട്ടൻ ചെറിച്ച് സ്മാരക വണ്ടൂർ.	ഹൈസ്കൂൾ. ഹയർസെക്കന്ററി വിഭാഗം.	ഹൈസ്കൂൾ.	ഹൈസ്കൂൾ.	ഉണ്ട്	ഉണ്ട്	—	—	—	—	—	—	11.	11	196	5	10	ഹൈസ്കൂൾ	ഉണ്ട്

5-5

കുടിവെള്ളവും പൊതുജനാരോഗ്യവും

ഇ നിച്ചു വീഴുന്ന കുഞ്ഞിനും മരിക്കുന്നവനും ഒരു തുള്ളി ജലമാണ് നൽകുന്നത്. അതിൽ നിന്ന് തന്നെ കുടിവെള്ളവും മനുഷ്യനും തമ്മിലുള്ള ബന്ധവും പ്രാധാന്യവും മനസ്സിലാക്കാമല്ലോ. ജീവന്റെ തുടിപ്പുകൾ തന്നെ ജലത്തിൽ നിന്നാണ്. ദ്രാവകാവസ്ഥയിൽ ജലമുള്ള ഏക ഗ്രഹവും അറിഞ്ഞിടത്തോളം ഭൂമിയാണല്ലോ. ജീവനുള്ളതും ഈ ഗ്രഹത്തിലാണല്ലോ. ജീവൻ നിലനിൽക്കാൻ ജലം ആവശ്യമാണ്. കുടിവെള്ളം മനുഷ്യന്റെ ആവശ്യത്തിലുപരി അവകാശം കൂടിയാണ്.

നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഏറിയും കുറഞ്ഞും കുടിവെള്ളക്ഷാമമുണ്ട്. വൻ പദ്ധതിക നമുക്ക് പ്രാവർത്തികമാക്കാൻ വിഷമമുണ്ട്. ആയതിനാൽ കുടിവെള്ളക്ഷാമമുള്ള കൊച്ചു പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ഗുണഭോക്താക്കളിൽ നിന്നും വിഭവസമാഹരണം നടത്തി പഞ്ചായത്തിന്റെ സഹായത്തോടെ ചെറുപദ്ധതികൾ ആവിഷ്കരിക്കുന്നതാണ് നമുക്ക് ഉത്തമം. നമ്മുടെ പഞ്ചയാത്തിന്റെ ഭൂപ്രകൃതി പൊതുവെ ഒരു ചെറിയ കുന്ന്, തൊട്ടു താഴ്ന്ന പ്രദേശം, അവിടെ വയൽ, വീണ്ടും കുന്നിൻ പ്രദേശം ഇങ്ങനെയാണ്. കുന്നിൻ പ്രദേശങ്ങളിലാണ് പൊതുവെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ആയതിനാൽ തൊട്ടടുത്തുള്ള സമതല പ്രദേശവും താഴ്ന്ന പ്രദേശവുമായ വയലുകളിൽ കിണർ അല്ലെങ്കിൽ കുളം കുഴിച്ച് കുന്നിൻ പ്രദേശങ്ങളിൽ

കൊച്ചു ടാങ്ക് കെട്ടി ഒരു 5 എച്ച്.പി. മോട്ടോർ വെച്ചാൽ ഏറെകുറെ നമ്മുടെ വാർഡുകളിൽ നിന്നും ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന കുടിവെള്ളക്ഷാമം പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. വിഭവസമാഹരണം മാത്രമല്ല, ഓരോ പൈപ്പും അതിന്റെ സമീപവാസികളും ഗുണഭോക്താക്കളും അടങ്ങുന്ന സംരംക്ഷണ സമിതികളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണം നടത്തേണ്ടത്. ചെറിയ ഒരു റിപ്പേർ നടത്തുവാൻ പഞ്ചായത്ത് ഭരണ സമിതി വരട്ടെ, ചെയ്യട്ടെ എന്ന ചിന്ത മാറുകയും മറിച്ച് ജനകീയ സംരക്ഷണ സമിതിയുടെ പൂർണ്ണ നിയന്ത്രണത്തിലും നടത്തിപ്പിലും അറ്റകുറ്റ പണികൾ ചെയ്യേണ്ടതാണ്. പൊതുവെ ഇത്തരം പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടക്കുമ്പോൾ ഈ രീതിയാണ് അവലംബിക്കുവാൻ ആഗ്രഹിക്കുനത്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ മനുഷ്യരുടെ ആവശ്യങ്ങളിൽ പ്രധാനമാണ്. അതിനേക്കാൾ പ്രഥമമാണ് വായുവും വെള്ളവും. സ്വതന്ത്ര ഭാരതമായിട്ടും ഭൂരിപക്ഷ ഗ്രാമങ്ങളിലും ജനങ്ങൾക്ക് കുടവിവെള്ളക്ഷാമം അനുഭവപ്പെടുന്നു. 24% കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിൽ കുടിവെള്ളത്തിനായി കിണർവെള്ളത്തെ ആശ്രയിക്കുന്നവർ 90.5% ഉം പൈപ്പ് വെള്ളത്ത ആശ്രയിക്കുന്നവർ 9.5% ആണ്. പൂർണ്ണമായും വാട്ടർ അതോരിറ്റി പൈപ്പുകളെ ആശ്രയിക്കുന്ന പ്രദേശങ്ങൾ ഇവയാണ്. കൊട്ടമ്പാറകുന്ന്, പുല്ലുപറമ്പ്, ടി.ബി. കുന്ന്, നായാടികുന്ന്, തണ്ടുപാറ, കോണംകുന്ന്.

ആരോഗ്യരംഗത്ത് സുപ്രധാനമായി പരിഗണന നൽകേണ്ടുന്ന ഒരു ഘടകമാണ് കുടിവെള്ളലഭ്യത. ഏറ്റവും കൂടുതൽ രോഗികളെ സൃഷ്ടിച്ചേക്കാവുന്ന ഒരു ഘടകമാണ് കുടിവെള്ള ദൗർലഭ്യം.

1995-96 വർഷത്തിൽ മാത്രം നമ്മുടെ പഞ്ചായത്തിൽ 1025 ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. കുടിവെള്ള ശേഖരിക്കുവാൻ വാട്ടർ അതോരിറ്റിയുടെ പൈപ്പുകൾക്ക് മുന്നിൽ മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം അറുനൂറാണ്. തങ്ങളുടെ ജീവിതത്തിന്റെ ഭൂരിപക്ഷ സമയവും വെള്ളം ശേഖരിക്കാൻ വേണ്ടി നീക്കിവെയ്ക്കേണ്ട ഗതികേടിലാണ് ഇവർ.

ഗ്രാമസഭയിൽ നിന്നും ജനങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾ

വാർഡ് 1

1. വാണിയമ്പലം അങ്ങാടിപ്പാറക്ക് മുകളിൽ താമസിക്കുന്നവർക്ക് കുടിവെള്ള ദൗർലഭ്യമുണ്ട്.

വാർഡ് 2

1. ചെമ്മാനം, തച്ചങ്ങോട്, മങ്ങംപാടം ഹരിജൻ കോളനി, നത്തലക്കുന്ന്, അങ്കപൊയിൽ, മൊടപ്പിലാശ്ശേറി, വാണിയമ്പലം ഹൈസ്കൂൾ, കുട്ടിപാറയിലും കാരക്കാപറമ്പിലും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 4

കൊട്ടംപാറകുന്ന്, കോക്കാടൻകുന്ന് എന്നിവിടങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. കുറ്റിയിൽ, മഠത്തിൽകുന്ന്, പാലക്കാട്ട്കുന്ന്, 4 സെൻറ് കോളനി, താഴെ കുറ്റി പ്രദേശങ്ങളിലും മുണ്ടാണി പ്രദേശത്തും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 5

1. പൊട്ടകുന്ന്, കാപ്പിച്ചാൽ, ഭാഗങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 6

അത്താണി, ഏമങ്ങാട് ഭാഗത്ത് കുടുവെള്ളക്ഷാമമുണ്ട്.

2. പാത്തിച്ചാൽ സമീപപ്രദേശത്ത് കുടിവെള്ളക്ഷാമമുണ്ട്.
3. പാലേമഠം, കാരാട് പ്രദേശത്ത് കുടിവെള്ളക്ഷാമമുണ്ട്.
4. ശാന്തിനഗർ, ഒരയിലംപാടം സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 7

1. കളപ്പാട് കുന്നിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

2. ചെമ്പോത്തുംപൊയിൽ കോളനി നിവാസികൾ 15 ഹരിജൻ കുടുംബങ്ങളടക്കം മൊത്തം 50 കുടുംബങ്ങൾ താമസിക്കുന്ന ഈ മേഖലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.
3. കുവ്വക്കോട് ഭാഗത്ത് കുടിവെള്ളക്ഷാമമുണ്ട്. തുള്ളിശ്ശേരി കോളനിയിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. വെള്ളാമ്പ്രം അമ്പലകുന്ന് കോളനിയിൽ വെള്ളക്ഷാമമുണ്ട്.
4. പഴയ വാണിയമ്പലം 4 സെൻറ് കോളനിയിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 8

1. കാരാട് കരിമ്പൻതൊടിയിലെ കുഴൽകിണർ ഉപയോഗ്യമല്ല.
2. ചേരിമലയിൽ കുടിവെള്ളക്ഷാമമുണ്ട്.
3. കരിക്കപ്പോയിൽ വടക്കുമ്പാടം, കാരാട് പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 9.

1. കാഞ്ഞിരംപാടം, കാപ്പിൽ, കളരികുന്ന്, പാറശ്ശേരി, കൈപഞ്ചോല എന്നിവിടങ്ങളിൽ വേനൽകാലങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്.
2. തൃക്കൈക്കുത്ത് ഭാഗത്ത് കുടിവെള്ള ക്ഷാമമുണ്ട്.
3. പൊട്ടിപ്പാറ ഭാഗത്ത് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നു.
4. അരിപ്പമാട് ഭാഗത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്.

വാർഡ് 10

1. കക്കുങ്ങ് കോളനിയിലും പൊട്ടിക്കുന്ന് കോളനിയിലും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 11

1. പുല്ലുപറമ്പിൽ നാല് മാസം കുടിവെള്ളക്ഷാമമുണ്ട്.
2. നരിമടക്കൽ കുഴർകിണർ ഉപയോഗ ശൂന്യമാണ്.
3. പുല്ലൂർ കോളനിയിൽ കുടിവെള്ള ക്ഷാമമുണ്ട്.
4. പുളിക്കൽ അംഗൻവാടി പ്രദേശത്ത് കുടിവെള്ളക്ഷാമമുണ്ട്.
5. യതീംഖാന കുന്നിൻപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.
6. തണ്ടുപാറ, കോതകുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമുണ്ട്.

വാർഡ് 12

1. ടിബി കുന്നത്തെ കിണർ ഉപയോഗ്യമല്ല.
2. നെച്ചിക്കാടൻ അബ്ദുറാക്കയുടെ വീടിനു സമീപമുള്ള പൊതുകിണർ ഉപയോഗ്യമല്ല.

നിർദ്ദേശങ്ങൾ

വാർഡ് 1

1. തൊട്ടടുത്ത താഴ്ന്ന വയൽ പ്രദേശത്ത് കിണർ കുഴിക്കുകയും ടാങ്ക് ഇവർ താമസിക്കുന്ന കുന്നിൻപുറത്ത് സ്ഥാപിക്കുകയും ചെയ്ത് വെള്ളം പമ്പ് ചെയ്താൽ ഇവരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
2. കിണർ കുഴിക്കാനും ടാങ്ക് കെട്ടാനുംവേണ്ട മനുഷ്യാദ്ധ്വാനം ഗുണഭോക്തൃക്കൾ നൽകാൻ തയ്യാറാണ്.
3. മാടശ്ശേരി റോഡിൽ പൈപ്പ് സ്ഥാപിക്കണം.

വാർഡ് 2

1. വാണിയമ്പലം ഹൈസ്കൂൾ കുന്നിൻമേൽ ഉയർന്ന ടാങ്ക് കെട്ടി സ്കൂളിൻെറ താഴെയുള്ള വയലിൽ വലിയ കുളം കുഴിച്ച് വെള്ളം ടാങ്കിൽ ശേഖരിച്ച് പൈപ്പ്ലൈനുകൾ പരമാവധി പത്തെണ്ണം ഇട്ടാൽ ഈ പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. മനുഷ്യാധ്വാനം വിഭവമായി നൽകാൻ തയ്യാറാണ്.

വാർഡ് 4

1. കൊട്ടംപാറ കുന്നിൻെറ താഴെയുള്ള മോയിക്കൽ പാടത്ത് വലിയൊരു കിണർ കുഴിക്കുകയും ഉയർന്ന സ്ഥലമായ ഐ.പി.പി. സെൻറിൻെറ പ്രദേശത്ത് ടാങ്ക് കെട്ടി നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പിലൂടെ തന്നെ വെള്ളം ലഭ്യമാക്കാവുന്നതാണ്. കോക്കാടൻ കുന്നിലെ കുടിവെള്ള പ്രശ്നവും ഇതുകൊണ്ട് തന്നെ

പരിഹരിക്കാവുന്നതാണ്.

വാർഡ് 5

1. പൊട്ടകുന്നിന്റെ താഴെയുള്ള വയലിൽ കിണർ കുഴിക്കണം.
2. സെന്റ് ഭൂമി നൽകാൻ ഈ പ്രദേശത്തുകാർ തയ്യാറാണ്. പൂർണ്ണമായും വാട്ടർ അതോരിറ്റിയുടെ പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നവരാണ് ഇവർ. ആയതിനാൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാതെ കിടക്കുന്നു. ഏറ്റവും മുൻഗണന നൽകേണ്ടുന്ന പ്രദേശങ്ങളിൽ ഒന്നാണിത്.

വാർഡ് 6

1. പാത്തിച്ചാൽ കേന്ദ്രഭാഗത്ത് ടാങ്ക് സ്ഥാപിക്കണം. ഇതിന് വേണ്ട വിഭവങ്ങൾ ജനങ്ങൾ നൽകാൻ തയ്യാറാണ്.
2. വാട്ടർ അതോരിറ്റിയുടെ പൈപ്പ്ലൈൻ പാത്തിച്ചാൽ വരെ നീട്ടണം.
3. ഒരയിലംപാടം അക്കരെ വയൽഭാഗത്ത് കിണർ കുഴിച്ച്, ശാന്തിനഗർ സ്കൂൾ കുന്നിൻപുറത്ത് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്താൽ വെള്ളം സുലഭമായി ലഭിക്കുന്നതാണ്. 40% ഇതിന് വേണ്ട വിഭവങ്ങൾ ജനകീയമായി ശേഖരിക്കാവുന്നതാണ്.

വാർഡ് 7

1. പഴയ വാണിയമ്പലം 4 സെന്റ് കോളനിയിൽ കിണർ കുഴിക്കാൻ വേണ്ട നടപടി എടുക്കണം.
2. കളപ്പാട് കുന്നിൻ താഴെ വിശാലമായ വയൽപ്രദേശമാണ്. പഞ്ചായത്തിൽ മൂന്ന്വിള കൃഷി നടത്തുന്ന സ്ഥലമാണ്. അവിടെ കിണർ കുഴിക്കാൻ സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്. കളപ്പാട് കുന്നിന്റെ മേൽഭാഗം ടാങ്ക് കെട്ടി ടാപ്പിട്ടാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇതിന് വേണ്ട മനുഷ്യാധ്വാനം പൂർണ്ണമായും ഗുണഭോക്താക്കൾ നൽകാൻ തയ്യാറാണ്.
3. ചെമ്പോത്തുംപൊയിൽ ഹരിജൻ കോളനിയിലെ താഴെ വയൽഭാഗത്ത് കിണർ കുഴിക്കണം. ഇപ്പോൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന പഞ്ചായത്ത് കിണറിന്റെ ഭാഗത്ത് ടാങ്ക് കെട്ടി ടാപ്പുകൾ സ്ഥാപിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
4. അമ്പലകുന്ന് പ്രദേശത്ത് ഒരു പൊതു കിണർ സ്ഥാപിക്കണം.സ്ഥലം കൊടുക്കാൻ നാട്ടുകാർ തയ്യാറാണ്.
5. ഷാരിയിലെ പൊതുകുളം വൃത്തിയാക്കി അവിടെയുള്ള ടാങ്ക് പ്രവർത്തനക്ഷമമാക്കുകയും നിലവിലുള്ള വാട്ടർ അതോരിറ്റിയുടെ പൈപ്പിലൂടെ വെള്ള വിതരണം ചെയ്യുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

വാർഡ് 8

1. അറ്റകുറ്റപണി ചെയ്ത് ഉപയോഗയോഗ്യമാക്കണം.
2. പൊതുകിണർ കുഴിക്കണം.. സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്.
3. വടക്കംപാടം പുഴയിൽ പമ്പ് ഹൗസ് സ്ഥാപിക്കണം. ഈ പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടണം. ഗിരിജൻ കോളനിയിലെ പൊതുകിണർ അറ്റകുറ്റപണി നടത്തി ഉപയോഗയോഗ്യമാക്കണം. പഞ്ചായത്തിലെ ഏക ഗിരിജൻ കോളനിയിലെ കുടിവെള്ള പ്രശ്നം പോലും പരിഹൃതമായിട്ടില്ല. കിണറ്റിൽ വെള്ളം ഉണ്ടെങ്കിലും ഉപയോഗ്യമല്ല. അഴുക്ക്വെള്ളം കിണറ്റിൽ വീണടിയുന്നു.

വാർഡ് 9

1. ഇവയുടെ സമീപപ്രദേശങ്ങലിലെല്ലാം വെള്ളം ലഭിക്കുന്ന പ്രദേശങ്ങളുണ്ട്. ഇവിടങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കണം.
2. പൊതുകിണർ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.
3. പൊതുകിണർ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലമുണ്ട്. കുഴിക്കുവാൻ മനുഷ്യാധ്വാനം നൽകാൻ ജനം തയ്യാറാണ്.

4. പൊതുകിണർ സ്ഥാപിക്കണം.

വാർഡ് 10

1. അവിടെ പൊതുകിണർ സ്ഥാപിക്കണം.

വാർഡ് 11

1. പുല്ലുപറമ്പ് പ്രദേശത്ത് പൊതുകിണർ കുഴിക്കണം.
2. വാട്ടർ അതോരിറ്റിയുടെ പൈപ്പ്ലൈൻ അതുവഴി നീട്ടണം.
3. പുല്ലൂർ ഭാഗത്തേക്കു പൈപ്പ്ലൈൻ നീട്ടണം.
4. വാട്ടർ അതോരിറ്റിയുടെ പൈപ്പ്ലൈൻ അതുവഴി നീട്ടണം. കൂരിയാടംപൊയിൽ അതിർത്തിവരെ പൈപ്പ്ലൈൻ നീട്ടണം.
5. യതീംഖാന കുന്നിൽ ടാങ്ക് സ്ഥാപിക്കുക. താഴെ വയലിൽ കിണർ കുഴിക്കുക. ആ പ്രദേശങ്ങളിലുള്ള വാട്ടർ അതോരിറ്റി പൈപ്പുകളിലേക്ക് കണക്ഷൻ നൽകി പ്രശ്നം പരിഹരിക്കാൻ സാധിക്കും. പതിനൊന്നാം വാർഡിലെ തണ്ടുപാറ ഭാഗത്ത് കുഴൽകിണർ ഉപയോഗയോഗ്യമാക്കണം.

വാർഡ് 12

1. കുടിവെള്ളക്ഷാമം പരിഹരിക്കാൻ പറ്റിയ രീതിയിൽ അറ്റകുറ്റപണി ചെയ്യണം.
2. അൾമിറ കെട്ടി അറ്റകുറ്റ പണി ചെയ്ത് ഉപയോഗയോഗ്യമാക്കണം.

സാധ്യതകൾ

അമരമ്പലം പുഴയിൽ ഒരു പമ്പ് ഹൗസ് സ്ഥാപിച്ച് വാണിയമ്പലം പാറക്ക് മുകളിൽ ഒരു ടാങ്ക് കെട്ടി കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിലേക്ക് മുഴുവനായും ജലവിതരണം നടത്താൻ വേണ്ട പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് പരിഗണന നൽകണമെന്ന നിർദ്ദേശവും പൊതുവെ ഗ്രാമസഭകളികളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്. നിലവിലുള്ള പമ്പ് ഹൗസിൽ ജനറേറ്റർ സ്ഥാപിക്കുക.

പൊതുജനാരോഗ്യം

ഒന്നാം പഞ്ചവൽസര പദ്ധതികാലത്ത് 1954 ലാണ് പഞ്ചായത്തിൽ ആദ്യമായി സർക്കാർ ആശുപത്രി സ്ഥാപിച്ചത്. ഇതിന് മുമ്പ് 1952 ൽ ആത്മീയ ഇവാഞ്ചയലിക്കൽ ലൂഥറൻ ക്രൈസ്തൃൻ മിഷന്റെ കരുണാലയ ആശുപത്രി പ്രവർത്തിച്ചിരുന്നു. ഇപ്പോഴും പ്രവർത്തിക്കുന്നു. ഇതിന് മുമ്പ് വണ്ടൂരിൽ പാരമ്പര്യ വൈദ്യ ചികിൽസാ സമ്പ്രദായമാണ് നിലനിന്നിരുന്നത്. വിഷ ചികിൽസാ രംഗത്തും മർമ്മചികിൽസാ രംഗത്തും പ്രശസ്തമായ വൈദ്യകുടുംബങ്ങളുടെ സേവനവും ഈ നാട്ടുകാർക്ക് ലഭിച്ചിരുന്നു. മർമ്മചികിൽസ ഇപ്പോഴും അവരുടെ പിൻതലമുറക്കാർ തുടരുന്നുണ്ട്. പുതുയത്ത് കമ്മുകാക്കയുടെ സേവനം ഈ രംഗത്ത് വളരെ ശ്രദ്ധേയമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നുപോലും ചികിൽസക്ക് ഇവിടെ വന്നിരുന്നു.

1952 ൽ ഇവിടെ സ്ഥാപിച്ച കരുണാലയ ആശുപ്ത്രിയാണ് പ്രധാനമായും ആ കാലഘട്ടത്തിലെ ചികിൽസാ ആശ്രയ കേന്ദ്രം. ആ കാലഘട്ടത്തിലെ പ്രസ്തുത സ്ഥാപനത്തിന്റെ സേവനം നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്. റവ. ഫാദർ ഓട്ടൻ ആണ് ഈ സ്ഥാപനം സ്ഥാപിച്ചത്. പാവപ്പെട്ടവർക്ക് ഭക്ഷണം, പാൽ എന്നിവ വിതരണം ചെയ്തിരുന്നു. അരി, മറ്റു ധാന്യങ്ങൾ ഇവയും വിതരണം ചെയ്തിരുന്നു. ദരിദ്രരോഗമായ ക്ഷയരോഗം പടർന്നു പിടിച്ച കാലഘട്ടമായിരുന്നു അത്. അന്ന് പ്രസ്തുത സ്ഥാപനത്തിൽ ക്ഷയ രോഗികൾക്ക് പ്രത്യേക വാർഡ് സ്ഥാപിച്ചു. രോഗികൾക്ക് ഭക്ഷണം, മരുന്ന്, ചികിൽസ ഇവയെല്ലാം പൂർണ്ണമായും സൗജന്യമായിരുന്നു. രോഗികളുടെ വീട്ടിലേക്ക് അന്വേഷിച്ച് ചെന്ന് മരുന്നും ചികിൽസയും എത്തിക്കുമായിരുന്നു. ബോധവത്കരണം ഭക്ഷണം, ആവശ്യ മരുന്ന് ലഭ്യമാക്കൽ എന്നിവയെല്ലാം അർപ്പണ ബോധത്തോടെ ഈ സ്ഥാപനം ചെയ്ത് വന്നിരുന്നു. നന്ദിപൂർവ്വം ആ പഴയകാല സേവനം ഓർമ്മി ക്കുന്നു.

സർക്കാർ ആശുപത്രി

1954 ൽ സ്വകാര്യകെട്ടിടത്തിലാണ് സർക്കാർ ആശുപത്രി പ്രവർത്തിച്ചിരുന്നത്. 1958 ൽ ആണ്

ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത്. അന്ന് വെറും ആറ് കിടക്കകളായിരുന്നു അനുവദിച്ചിരുന്നത്. 1980 ൽ ഇത് 12 കിക്കകളായി ഉയർത്തി. 1991 ൽ പി.പി.എസ് വാർഡും 10 കിടക്കകളും ലഭിച്ചു. 1994 ൽ 20 കിടക്കകൾ കൂടി വർദ്ധിപ്പിച്ചു. (ഐ.പി.പി. III) ഇപ്പോൾ 42 കിടക്കകളുണ്ട്. 1.1.96 ൽ ഇത് കമ്മ്യൂണിറ്റി ഹെൽത്ത് സൻററായി ഉയർത്തപ്പെട്ടു. ഇപ്പോൾ 5 ഡോക്ടർമാർ, 9 സ്റ്റാഫ് നെഴ്സസ്, രണ്ട് ഫാർമസിസ്റ്റ്, രണ്ട് ലാബ് ടെക്നീഷ്യൻ എന്നിവർ ഉണ്ട്.

ഏഴ് ആയുർവേദ ഏജൻസികൾ, 6 ഹോമിയോ ക്ലിനിക്കുകൾ എന്നിവയുണ്ട്.

ഇപ്പോഴത്തെ അവസ്ഥ

സി.എച്ച്.സി യിൽ ഗൈനക്കോളജിസ്റ്റ് ഇല്ല. നിലവിൽ രണ്ട് ലേഡി ഡോക്ടർമാർ ഉണ്ടെങ്കിലും അവരുടെ സേവനം ലഭ്യമാവുന്നില്ല. ഗ്രാമപ്രദേശങ്ങളായ കാരാട്, കൂരാട്, കരിമ്പൻതൊടി, കുഴിച്ചിൽ കോളനി, കുവ്വക്കോട്, പ്രദേശത്തുകാർക്ക് ആരോഗ്യസേവനം ലഭിക്കുവാൻ 8 കിലോമീറ്ററെങ്കിലും സഞ്ചരിക്കേണ്ടി വരുന്നു. സബ്സെൻറ

ക്രമ നമ്പർ	സ്ഥാപനത്തിൻെറ പേര്	ഇനം	കെട്ടിടം സ്വന്തം വാടക	ഉദ്യോഗസ്ഥരുടെഎണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1.	കമ്മ്യൂണിറ്റി ഹെൽത്ത്സെൻറർ വണ്ടൂർ	അലോപതി	സ്വന്തം	48	1954	Detailed report enclosed
2.	സബ്സെൻറർ കുറ്റിയിൽ	"	സ്വന്തം	1/48	1986	-Do-
3.	സബ്സെൻറർ കുയ്യംപൊയിൽ	"	സ്വന്തം	1/48	1986	-Do-
4.	സബ്സെൻറർ കൂരാട്	"	സ്വന്തം	1/48	1986	-Do-
5.	സബ്സെൻറർ വെള്ളമ്പറം	"	സ്വന്തം	1/48	1986	-Do-
6.	സബ്സെൻറർ കാരാട്	"	സ്വന്തം	1/48	1986	-Do-
7.	സബ്സെൻറർ കാപ്പിൽ	"	സ്വന്തം	1/48	1986	-Do-
8.	സബ് സെൻറർ വടക്കുമ്പാടം	"	സ്വന്തം	1/48	1986	-Do-

ഇപ്പോൾ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന് പുറമെ ഏഴ് സബ് സെൻററുകളും ഒരു ഹോമിയോ സർക്കാർ ഡിസ്പൻസറിയും ഇവയ്ക്ക് പുറമെ ഒരു സ്വകാര്യ ആശുപത്രി, ഒരു മിനി സ്വകാര്യ ക്ലിനിക്, രണ്ട് ഡെൻറൽ ക്ലിനിക്, 19 പാരമ്പര്യ വൈദ്യൻമാർ, റുകളിൽ 3 എണ്ണം പൂർണ്ണമായും പ്രവർത്തിക്കുന്നില്ല. ഇവിടങ്ങളിൽ ജീവനക്കാരുടെ സേവനം ലഭ്യമല്ല. മറ്റു കേന്ദ്രങ്ങളിൽ തന്നെ ഭാഗികമായി മാത്രമേ സേവനം ലഭിക്കുന്നുള്ളൂ. ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ്മാരുടെ ഗൃഹ സന്ദർശനം ഒട്ടും നടക്കുന്നില്ല. ജൂനിയർ ഹെൽത്ത്

ഇൻസ്പെക്ടർമാരുടേയും സേവനം തൃപ്തികരമല്ല. സാധാരണ കണ്ടുവരുന്ന രോഗങ്ങൾ, വയറിളക്കം, ത്വക്ക് രോഗങ്ങൾ, വാതരോഗങ്ങൾ മറ്റു പകർച്ചവ്യാധികൾ എന്നിവയുണ്ട്. നമ്മുടെ സി.എച്ച്.സി ചോക്കാട്, കാളിക്കാവ്, കരുവാരകുണ്ട്, തുവ്വൂർ, പാണ്ടിക്കാട്, പോരൂർ, മമ്പാട്, തിരുവാലി എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ മാതൃസ്ഥാപനമാണ്.

പഞ്ചായത്തിൽ രൂക്ഷമായ പരിസരമലിനീകരണ പ്രശ്നങ്ങൾ നേരിടുന്നു. എല്ലിൻകുഴികൾ, ഹോട്ടലുകളിലെ അവശിഷ്ടം തുറന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കൽ, മൽസ്യ മാംസ മാർക്കറ്റുകളിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കൽ റബർ റാട്ടയിൽ നിന്നുള്ള അവശിഷ്ടങ്ങൾ പുറംതള്ളൽ, പ്ലാസ്റ്റിക് കവറുകളുടെ നിക്ഷേപങ്ങൾ അതുപോലെ കക്കൂസുകളുടെ അപര്യാപ്തത, എന്നിവയാണ് ഇതിന് കാരണം. അംഗീകൃത അറവുശാലകൾ പഞ്ചായത്തിൽ ഇല്ല. ഇവ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. ആരോഗ്യരംഗത്ത് ശ്രദ്ധ പതിക്കുക എന്നത് പ്രധാനമായും ഭക്ഷണം, പരിസര ശുചീകരണം തുടങ്ങിയ ആവശ്യങ്ങൾ കഴിഞ്ഞാണല്ലോ ചികിൽസ വരുന്നത്. ആയതിനാൽ പരിസര ശുചീകരണത്തിന് പഞ്ചായത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾക്കും ഉപരിയാണ് പരിസര ശുചീകരണത്തിന്റെ പ്രധാന്യം. അതിന് തൂപ്പുകാരെ നിയമിക്കുന്നതിലാവണം പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടത്. പ്ലേഗ് പടർന്നപ്പോൾ ഗുജറാത്തിലെ സേവനസന്നദ്ധനായ ഡോക്ടറുടെ പരാമർശം നാം മുഖവിലയ്ക്കെടുക്കണം. ''മെഗാ ഹോസ്പിറ്റലിന് പകരം നൂറ് തൂപ്പുകാരെ നഗരസഭ വെച്ചിരുന്നെങ്കിൽ ഈ മാരക രോഗം ഇവിടെ പടരുമായിരുന്നില്ല. ജനങ്ങളുടെയും പഞ്ചായത്ത് ഭരണസമിതികളുടേയും വ്യാപാരി വ്യവസായികളുടെയും കൂട്ടായ ശ്രമം ഈ രംഗത്ത് അനിവാര്യമായും ഉണ്ടാവണം.

ആരോഗ്യസംരക്ഷണ കാര്യത്തിൽ മരുന്നുകളെക്കാൾ പ്രഥമമായി വേണ്ടത് ബോധവൽകരണ പ്രവർത്തനമാണ്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗം ജീവിനക്കാരും നിഷ്ക്രിയരാണ്. നമ്മുടെ പഞ്ചായത്തിലെ സി. എച്ച്.സി. യുടെ ഉള്ളടക്കം ഇന്ന് ഏകദേശം സംതൃപ്തമാണ്. അടുത്ത കാലത്തായി സ്ഥാപനത്തിനകത്ത് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. പക്ഷേ ഫീൽഡ് വർക്ക് ക്രോഡീകരിക്കുകയും അവയ്ക്ക് മാതൃകാപരമായ നേതൃത്വം നൽകുകയും ചെയ്യേണ്ടതുണ്ട്. എച്ച്.ഡി.സി. യുടേയും ആശുപത്രി സൗഹൃത സമിതിയുടേയും സഹായത്താൽ അവശ്യമരുന്നുകൾ ലഭ്യമാക്കാനും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും സാധിച്ചിരിക്കുന്നു. സോഷ്യൽ സേഫ്റ്റി നെറ്റ് വർക്ക് പദ്ധതിയിൽപെടുന്ന ഒരു സ്ഥാപനമാണ് നമ്മുടേത്. ഈ പദ്ധതിയിൽ വന്നതിനാൽ 2.5 ലക്ഷം രൂപയുടെ നിർമ്മാണം നടത്താൻ സാധിച്ചു. ആശുപത്രി എൻഡ്രൻസ് പാസ്സേജ്, ലേബർ റൂം എന്നിവയാണ് നിർമ്മിച്ചത്. 25000 രൂപ വിലയുള്ള ഓട്ടോക്ലാവ് വാങ്ങിച്ചു. 20000 രൂപ വിലയുള്ള ഫ്രിമെച്ചർ ഇൻക്യുബേറ്റർ, 75000 വിലയുള്ള മരുന്നുകൾ എന്നിവയും വാങ്ങിച്ചു. ഒരു ആമ്പുലൻസും ഈ പദ്ധതി പ്രകാരം നമുക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ എസ്.എസ്.എൻ.എസ്. 40000 രൂപ വിലയുള്ള ജനറേറ്റർ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വണ്ടൂർ പൗരസമിതി സി.എച്ച്.സി. ക്ക് 7 സെൻറ് ഭൂമി വാങ്ങി രേഖകൾ കൈമാറിയിട്ടുണ്ട്. പി.എ.കെ. കുടുംബം 3 മുറികളുള്ള ഒരു പേവാർഡ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇപ്പോൾ ഇതെല്ലാം ഉണ്ടെങ്കിലും പറയത്തക്ക ആശാവഹമായ ഒരു ആരോഗ്യ മുന്നേറ്റം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഡോക്ടർമാരുടെ എണ്ണം വർദ്ധിക്കലും ചികിൽസാ സൗധങ്ങൾ വളരലും ചികിൽസാരംഗത്തെ വളർച്ചയല്ല കാണിക്കുന്നത്. വയറിളക്ക രോഗങ്ങൾ തൊട്ട് ദാരിദ്രജന്യ രോഗങ്ങൾ, പരിസരജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ എന്നിവ ഇന്നും കൂടുതലായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാവുന്നുണ്ട്.

വർഷം	ഇൻ പേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം							
			ത്വക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)		പകർച്ച വ്യാധി കൾ	വിഷ ചികിൽസ	മറ്റുള്ള രോഗങ്ങൾ	
1992-93	2305	32567	321	882		1526	3	32149	34872
1993-94	2239	26849	278	746		1671	11	26382	29088
1994-95	2258	24354	241	908		1398	8	24057	26612
1995-96	2453	34881	736	864		1774	4	33956	37334
ആകെ	9255	118651	1567	3400		6369	26	116544	127906

രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം എണ്ണം ആകെ

നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിനനുസരിച്ച് പാരാമെഡിക്കൽ സ്റ്റാഫിൻെറ എണ്ണം വളരെ കുറവാണ്. വിശിഷ്യാ ക്ലിനിഗ് ജോലിക്കാർ വളരെ കുറവാണ്. ആയത്കൊണ്ട്. ഡോക്ടർമാരുടെ മുഴുവൻ സമയ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതോടൊപം ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സുമാർ ഇതര ജില്ലകളിൽ നിന്ന് ജോലിക്കായി എത്തുന്നവരാണ്. അവർ ജോലിയിൽ പ്രവേശിച്ചാലുടൻ സ്ഥലമാറ്റം വാങ്ങുവാനുള്ള ശ്രമമാണ് തുടങ്ങുന്നത്. ഒരു കേന്ദ്രത്തിൽ ചുരുങ്ങിയത് 3 വർഷം ജോലി ചെയ്യണം എന്ന നിയമം നിർബന്ധമാക്കണം.

തദ്ദേശവാസികളായ യുവതീയുവാക്കളെ ഇത്തരം പരിശീലനത്തിനയക്കണം.

പരിസര ശുചിത്വം

വ്യവസായ വൽക്കരണത്തിൻെറ ഒരു ദോഷവശവും ഈ പ്രദേശത്തിനില്ല. പരിസര മലിനീകരണത്തിന് കാരണമാകുന്ന ഒരു വ്യവസായ സ്ഥാപനം ഈ മേഖലയിൽ ഇല്ല. എങ്കിലും മുകളിൽ സൂചിപ്പിച്ചത് എപോലെ പഞ്ചായത്തിൻെറ കേന്ദ്രഭാഗത്തു തന്നെ അംഗീകാരം ഇല്ലാത്ത അറവുശാലകളുടെ ബാഹുല്യം ഉണ്ട്. ഹോട്ടലുകളിലെ പാഴ്വസ്തുക്കളും മലിനജലവും പൊതുഓടകളിലേക്കാണ് ഒഴുക്കി വിടുന്നത്. പൊതുമരാമത്ത് വകുപ്പുകളുടെ അഴുക്ക് ചാലുകൾ, സ്വകാര്യമാലിന്യങ്ങൾ ഒഴുക്കി വിടാനുള്ള ഒരു കേന്ദ്രമായിട്ടാണ് അവർ കാണുന്നത്. ഇത് കർശനമായി നിരോധിക്കേണ്ടതാണ്. വാണിയമ്പലം അങ്ങാടിയിലും മൽസ്യമാംസ മാർക്കറ്റുകൾ മാലിന്യനിബിഡമാണ്.

നമ്മുടെ പഞ്ചായത്തിൽ 2414 കുടുംബങ്ങൾക്ക് കക്കൂസുകളില്ല. ആളുകൾ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നു. ഇതൊരു വലിയ പരിസരമലിനീകരണ പ്രശ്നമായി നിലനിൽക്കുന്നു. ആയതിനാൽ വിരശല്യം, വയറിളക്ക രോഗങ്ങൾ എന്നിവ വ്യാപകമായി കണ്ടു വരുന്നു. 1995-96 ൽ പഞ്ചായത്തിൽ 1764 പകർച്ചവ്യാധികൾ 1025 ജലജന്യ രോഗങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന് രൂക്ഷമായ വിമർശനത്തിന് വിധേയമായിട്ടുണ്ട്. വർഷകാലത്തും വരൾച്ച കാലത്തും പകർച്ചവ്യാധികൾ പടർന്ന് പിടിക്കുക സാധാരണമാണ്. ഈച്ച, കൊതുക്, ജലം ഇവയിലൂടെയാണ് ഇവ പടരുന്നത് കൊതുകുകളെ പ്യൂപാവസ്ഥയിലല്ലാതെ നഷിപ്പിക്കാൻ ഇന്നോരു വദ്യയും ഇല്ല. പെരുകി കൊണ്ടിരിക്കുന്ന ഈച്ചകൾ ഇതിനേക്കാൾ കൂടുതൽ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. ഈ രംഗത്ത് ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. വീടുകളിൽ നാം എറിഞ്ഞു കളയുന്ന ചിരട്ടയിൽ വെള്ളം നിറഞ്ഞാൽ ആ വെള്ളത്തിൽ 10 ലക്ഷത്തിലധികം കൂത്താടികൾ ഉണ്ടാവുമെന്നാണ് ശാസ്ത്രമതം. ഇങ്ങനെ അലക്ഷ്യമായി എറിയുന്ന ചിരട്ടകല കമിഴ്ത്തിയിട്ടാൽ തന്നെ ഇത്രയും കൊതുകുകളെ

നശിപ്പിക്കാൻ സാധിക്കും. അതുപോലെ മറ്റു ചപ്പു ചവറുകളും കമ്പോസ്റ്റാക്കണം. ഇതിനെല്ലാം ഫീൽഡ് പ്രവർത്തകരുടേയും സന്നദ്ധപ്രവർത്തകരുടേയും കൂട്ടയ പ്രയ്ത്നം ആവശ്യമാണ്. പരിസരമലിനീകരണ വിഷയത്തിൽ അതിഗുരുതരമായി നിലനിൽക്കുന്നതും പ്രത്യേക ശ്രദ്ധ പതിയേണ്ടതുമായ പ്രശ്നം വണ്ടൂർ ടൗൺ കേന്ദ്രത്തിലാണ്. കാരണം കച്ചവടക്കാരും തട്ടുകടക്കാരും അക്ഷ്യമായ വളരെ ലാഘവത്തോടെ പൊതുസ്ഥലത്തും വൈക്കത്തോട്ടിലും അഴുക്കുചാലുകളിലും നിക്ഷേപിക്കുന്ന അവശിഷ്ടങ്ങളും മാലിന്യകൂമ്പാരങ്ങളും കോളറ പോലുള്ള രോഗങ്ങളെ മാടിവിളിക്കുന്ന ഒന്നാണ്. പച്ചക്കറി കടക്കാർ അവരുടെ ചീഞ്ഞളിഞ്ഞ പച്ചക്കറി വസ്തുക്കൾ എളുപ്പത്തിൽ നിക്ഷേപിക്കുന്നത് അഴുക്ക് ചാലുകളിലാണ്. പഞ്ചയാത്ത് നാല് റോഡിന്റെയും വശങ്ങളിൽ സ്ഥാപിച്ച മാലിന്യ നിക്ഷേപ സംഭരണികളും തങ്ങളുടെ കടകളിൽ നിന്നുള്ള അവശിഷ്ടം കൊണ്ടുവന്നിടാൻ കൂടുതൽ പേരും തയ്യാറാവുന്നില്ല. തയ്യാറായിട്ടുള്ളവർ നിക്ഷേപിക്കുന്ന മാലിന്യ കൂമ്പാരങ്ങൾ പ്രതിവാരമെങ്കിലും നീക്കം ചെയ്യുന്നില്ല. ഈ കാരണങ്ങളാൾ അതിരൂക്ഷമായ പരിസരമാലിന്യരോഗജന്യ സാഹചര്യം ടൗൺ കേന്ദ്രീകരിച്ച് നിലനിൽക്കുന്നുണ്ട്. ഗുരുതരമായ ഈ പ്രശ്നം കൂട്ടായ ചർച്ചക്കും ബദൽ നിർദ്ദേശങ്ങൾക്കും മാറ്റത്തിനും വഴി തെളിയിക്കേണ്ടതുണ്ട്. ഇതേ പ്രാധാന്യത്തോടെ കാണേണ്ട മറ്റൊരു ഗുരുതരപ്രശ്നമാണ് അംഗീകാരവും ലൈസൻസുമില്ലാത്ത മൽസ്യ മാംസ മാർക്കറ്റുകൾ. നിലവിലുള്ള അധികാരങ്ങൾ ഉപയോഗിച്ച് പോലും ഇവിടെ വിൽക്കുന്ന മൽസ്യമാംസ്യങ്ങൾ പരിശോധിക്കുന്നില്ല. നിലവിലുള്ള പബ്ലിക് ഹെൽത്ത് ആക്ട് പര്യാപ്തമല്ല. അത് പുനക്രമീകരിക്കേണ്ടതുണ്ട്. ഇന്നത് തികച്ചും അശാസ്ത്രീയമാണ്.. കാലഘട്ടത്തിനനുസരിച്ച് അത് പുതുക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷണ ശീതളപാനീയ വിൽപന കേന്ദ്രങ്ങളും കർശനമായ ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ എല്ലാം തന്നെ ഏറിയും കുറഞ്ഞും വാണിയമ്പലം ടൗണിലും നിലനിൽക്കുന്നു.

പഞ്ചായത്ത് തലത്തിൽ ആരോഗ്യരംഗം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുമായി ബന്ധപ്പെട്ട ഭൗതിക പ്രശ്നങ്ങൾ, പരിഹാരങ്ങൾ

1. വണ്ടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ പ്രധാനമായും ട്രൈനേജ് സംവിധാനത്തിന്റെ അഭാവമുണ്ട്. ഇത് പരിഹരിക്കണം.
2. ആശുപത്രിക്ക് കോമ്പൗണ്ട് വാൾ, ഗേറ്റ് ഇല്ല. ആയതിനാൽ പലപ്പോഴും സാമൂഹ്യ ദ്രോഹികളുടെ ഉപദ്രവമുണ്ട്. പരിഹരിക്കണം.
3. ആശുപത്രിയിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 300 മീറ്റർ ദൂരത്താണ്. റോഡ് ഗതാഗത യോഗ്യമല്ല. ഗതാഗതയോഗ്യമാക്കണം.
4. കുയ്യംപൊയിൽ സബ് സെൻറർ (അത്താണി)ചോർച്ച അനുഭവിക്കുന്നു. ഭിത്തികൾ സുരക്ഷിതമല്ല.
5. സബ്സെൻറർ വടക്കുംപാടം (കരിമ്പൻതൊടി)വെള്ളമില്ല, വെളിച്ചമില്ല, ഓടുകൾ ഇളകിയിട്ടുണ്ട്, ചോരുന്നു. ഭിത്തികൾ ഇളകിയിരിക്കുന്നു. അത് പരിഹരിക്കണം.
6. സബ്സെൻറർ കുരാട്. വെള്ളമില്ല, വെളിച്ചമില്ല. ഒറ്റപ്പെട്ട സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്
7. സബ്സെൻറർ കൊട്ടംപാറ വെള്ളമില്ല, കുടിവെള്ളക്ഷാമമുള്ള പ്രദേശമാണ്.
8. സബ്സെൻറർ വെള്ളാമ്പുറം വെളിച്ചമില്ല. വൈദ്യുതീകരിക്കണം. ചോർച്ചുയുണ്ട്. സി.എച്ച് സി. യിൽ നഴസിംഗ് കോട്ടേഴ്സില്ല. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നേഴ്സിംഗ്

കോർട്ടേഴ്സായി ഉപയോഗിക്കാവുന്നതാണ്. കാരണം 300മീറ്റർ ദൂരത്തായതിനാൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് അവിടെ സൗകര്യപ്രദമല്ല. അല്ലെങ്കിൽ എക്സ്-റേ ബിൽഡിംഗ് ആയി ഉപയോഗിക്കാവുന്നതാണ്. ബ്ലഡ് ബാങ്ക് സ്ഥാപിക്കാവുന്നതാണ്.

സർജനെ നിയമിക്കേണ്ടതാണ്. കാരണം ഓപ്പറേഷൻ തിയേറ്റർ ആധുനിക രീതിയിൽ തയ്യാറായിട്ടുണ്ട്. ഇന്ന് ഉപയോഗശൂന്യമായി നിൽക്കുന്നു.

സർക്കാർ ഹോമിയോ ഡിസ്പൻസറി

വളരെ അനുയോജ്യവും ഗ്രാമീണർക്ക് ഏറ്റവും ഗുണപരവുമായ സ്ഥലത്താണ് ഈ സ്ഥാപനം നിൽക്കുന്നത് (കൂരാട്). എന്നാൽ സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമുണ്ടായിട്ടില്ല. നാല് ജീവനക്കാർ ജോലി ചെയ്യുന്നു. മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാവണം. മറ്റു ഗ്രാമീണ വാർഡുകളായ വെള്ളാമ്പുറം കാരാട് ഭാഗങ്ങളിലും ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള ഹോമിയോ ഡിസ്പൻസറിയിലെ രോഗികളുടേയും രോഗവിവരങ്ങളുടെയും പട്ടിക താഴെ നൽകുന്നു.

കൂടുതൽ സൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ ലഭ്യമാകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ആയുർവ്വേദ ആശുപത്രി

സമീപ പഞ്ചായത്തുകളിൽ ഒരു ആയുർവ്വേദ ആശുപത്രി ഇല്ലാത്ത പഞ്ചായത്താണ് നമ്മുടേത്. 93-94 വർഷങ്ങളിൽ 20 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രി നമ്മുടെ പഞ്ചായത്തിന് അനുവദിച്ചുവെങ്കിലും നേടിയെടുക്കാനും സ്ഥാപിക്കുവാനും നമുക്ക് സാധിച്ചില്ല. വീണ്ടും ഈ സ്ഥാപനം ലഭ്യമാക്കാനും സ്ഥാപിക്കുന്നതിനും കൂട്ടായ ശ്രമം ഉണ്ടാവണമെന്നാഗ്രഹിക്കുന്നു.

വിഷചികിൽസാ രംഗത്തും പാരമ്പര്യമർമ്മ ചികിൽസാ രംഗത്തും പ്രസിദ്ധിയാർജ്ജിച്ച ചികിൽസാ സമ്പ്രധായം നിലനിന്നിരുന്നു എങ്കിലും ഇവ തലമുറകൾക്ക് കൃത്യമായി കൈമാറാൻ കഴിയാത്തതിനാൽ അന്യം നിന്ന് പോയ സംഭവങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ആയതിനാൽ ഇത്തരം അവസ്ഥ ഇനി ഉണ്ടാവാതിരിക്കുവാൻ ബോധപൂർവ്വമായ ഇടപെടൽ ഈ രംഗത്ത് ഉണ്ടാവണമെന്നും ആഗ്രഹിക്കുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 20 കുടുംബങ്ങൾ പാരമ്പര്യ വൈദ്യരംഗത്ത് പ്രവർത്തിക്കുന്നു. വാമൊഴിയും വരമൊഴിയും മറ്റു താളിയോല ഗ്രന്ഥങ്ങളുടെ സംഗ്രഹങ്ങളുമാണല്ലോ ഈ രംഗത്തുള്ളത്. ഇവരുടെ കൂട്ടായ സംയോജനം കൂടിച്ചേരൽ, അനുഭവങ്ങൾ പങ്കുവെയ്ക്കൽ എന്നിവ സാധിച്ചാൽ പാരമ്പര്യ വൈദ്യരംഗത്ത് കുതിച്ച്ചാട്ടം നടത്തുവാനും പഞ്ചായത്തിലെ ജനങ്ങൾക്ക് വലിയ ആരോഗ്യസംരക്ഷണം ലഭ്യമാക്കുവാനും സാധിക്കും. തീർച്ച. ആയതിനാൽ ഈ രംഗത്ത് പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്.

പൊതുജനാരോഗ്യ രംഗത്ത് നാം നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ - നിർദ്ദേശങ്ങൾ - സമീപനങ്ങൾ

ലക്ഷ്യങ്ങൾ

1. ആട്ടിപ്പായിച്ച രോഗങ്ങൾ ഒരിക്കലും തിരിച്ച് വരരുത്. ഉദാഹരണം മലമ്പനി.

2. വയറിളക്ക രോഗം കൊണ്ട് ഒരു ദിവസം ഇന്ത്യയിൽ 300 കുട്ടികൾ മരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു കുട്ടി പോലും മരിക്കാൻ ഇടവരരുത്.

3. കേരളീയരുടെ ആരോഗ്യ വഴർച്ചക്ക് ഒരു കാരണം പൊതുവിതരണശൃംഗലയുടെ കാര്യക്ഷമതാണ്. നമ്മുടെ പഞ്ചായത്തിലും പൊതുവിതരണ ശൃംഗത ശക്തമാക്കുക.

4. ദരിദ്രജന്യ രോഗങ്ങൾ കുറക്കുക. അതിന് ദരിദ്രരിൽ ശ്രദ്ധ കൂടുതൽ ഊന്നണം.

5. പ്രാഥമിക ചികിൽസാ സൗകര്യം എല്ലാവർക്കും ഉറപ്പു വരുത്തുക.

6. ശുദ്ധജല വിതരണവും പരിസര

ശുചീകരണവും നടപ്പിലാക്കൽ.

7. പകർച്ചവ്യാധികൾ തടയുക.

8. പൊതുമരണനിരക്ക് കുറയ്ക്കുക.

9. ശിശുമരണനിരക്ക് കുറയ്ക്കുക.

10. പ്രതിരോധ കുത്തിവെയ്പ് നടത്താത്തൊ ഒരു കുഞ്ഞുപോലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാവരുത്.

11. സൗജന്യ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുക. (പാവപ്പെട്ടവർക്ക്)

12. പോഷകാഹാര പോഷണം സമൃദ്ധമാക്കുക.

13. വൃദ്ധരുടെ ക്ഷേമ പ്രവർത്തങ്ങൾ നടപ്പിലാക്കുക.

14. സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണം.

15. എല്ലാ വീട്ടിലും ഓരോ കക്കൂസ് എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുക.

16. ആരോഗ്യപരമായി ജീവിക്കാനും ചിന്തിക്കാനും സ്വപ്നം കാണാനുമുള്ള അവസ്ഥ ഗ്രാമതലത്തിൽ ഉണ്ടാക്കൽ. ആത്മവിശ്വാസം നേടിയെടുക്കൽ.

17. അവശ്യ മരുന്നുകളുടെ ലഭ്യത.

18. അനാവശ്യ മരുന്നുകലുടെ തിരസ്കാരം ഉറപ്പു വരുത്തുക.

19. രക്തദാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.

20. ആരോഗ്യ വിദ്യാഭ്യാസം വ്യാപകമാക്കൽ.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനത്തിന്റെ 15% പണം ആരോഗ്യപ്രവർത്തിക്ക് വേണ്ടി നീക്കി വെയ്ക്കുക.

2. ആരോഗ്യവിദ്യാഭ്യാസം വ്യാപകമാക്കുക.

3. പഞ്ചായത്തിന്റെ ആരോഗ്യസ്ഥിതിയിലുന്നിയ സ്ഥിതിവിവര റിപ്പോർട്ടിംഗ് ആരോഗ്യ ബോധവൽകരണം പ്രൈമറി വിദ്യാലങ്ങളിൽ നടത്തണം. (ശുചീകരണത്തിന് പ്രാധാന്യം നൽകണം)

4. വാരഡ് തലത്തിൽ ആരോഗ്യ പദ്ധതി സമ്പൂർണ്ണ വാർഡ് തല ജനകീയരോഗ്യ പദ്ധതി നടപ്പിലാക്കണം.

5. സമ്പൂരണ്ണ പ്രതിരോധ കുത്തിവെയ്പ് നടത്തി എന്ന് ഉറപ്പ് വരുത്തുക.

6. സബ്സെൻററുകളെ കേന്ദ്രീകരിച്ച് സംരക്ഷണസമിതി രൂപം കൊള്ളുകയും വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ദൈവാര നിവ്യൂ നടത്തുകയും ചെയ്യണം.

7. പാനീയ ചികിൽസയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. പ്രഥമ ശുശ്രൂഷയുടെ ഭാഗങ്ങൾ .അമ്മാരെ പഠിപ്പിക്കൽ.

8. പകർച്ചവ്യാധികൾക്കെതിരെയുള്ള സമയാസമയങ്ങളിലെ ബോധവൽകരണം. പ്രതിരോധപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

9. ശുദ്ധജല വിതരണം കാര്യക്ഷമവും അർത്ഥപൂർണ്ണവുമാക്കുക.

10. മലമൂത്ര വിസർജ്ജനം ചെയ്താൽ പൂച്ചയുടെ ജോലിയെങ്കിലും ചെയ്യേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ - കക്കൂസ് സ്ഥാപിച്ച് കൊടുക്കൽ.

11. നിലവിലുള്ള സി.എച്ച്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ. ജനങ്ങളുടെ സൗകര്യത്തിനനുസരിച്ച് ഒ.പി. സമയം ക്രമീകരിക്കണം.

12. രോഗാതുരത കുറക്കണം.

13. നിലവിലുള്ള സി.എച്ച്.സി. യുടെ ആശുപത്രി വികസന സമിതി, സൗഹൃദ സമിതി ഇവയുടെ പുറമെ പുതിയതായി സംരക്ഷണ സമിതി ഉണ്ടാക്കി 3 സമിതികളുടേയും കൂട്ടായ പ്രവർത്തനം - സംയോജനം നടത്തണം. ഇവരുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

14. സി.എച്ച്.സി. യുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും ആഭിമുഖ്യത്തിൽ ജനകീയരോഗ്യ പദ്ധതിക്ക് തുടക്കം കുറിക്കണം.

15. സി.എച്ച്സി. യിൽ വരുന്ന രോഗികൾക്ക് അവശ്യമരുന്നുകൾ ലഭ്യമാകുമെന്ന് ഉറപ്പു വരുത്തണം. ആരോഗ്യ ജീവിനക്കാരുടെ സേവനം ഉറപ്പു വരുത്താൻ രോഗികളോട് മാന്യമായ പെരുമാറ്റം ഉണ്ടാവണം.

16. പ്രത്യേകം പ്രത്യേകം രോഗപ്രതിരോധ ക്യാമ്പുകൾ സംഘടിപ്പിക്കണം.

17. സ്കൂൾ ആരോഗ്യപരിപാടി സമർത്തവും

ുടർച്ചയുള്ളതുമാക്കുക. വിദ്യാർത്ഥികൾക്ക് ആരോഗ്യ പരിശോധനയോടൊപ്പം ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കണം.

18. ആരോഗ്യ സർവ്വെ സംഘടിപ്പിക്കണം.

19. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കണം.

പൊതു നിർദ്ദേശങ്ങൾ

1. മൂന്ന് സ്ഥലങ്ങളിലായിപൊതു ശ്മശാനം സ്ഥാപിക്കുക.

2. വ്യദ്ധസദനങ്ങൾ തുടങ്ങുക. (പൂർണ്ണസമയം പ്രവർത്തികുകുന്നതല്ല ഉദ്ദേശിക്കുന്നത്. മറിച്ച് മാനസിക ഉല്ലാസത്തിനും വ്യായാമത്തിനും ഉതകുന്ന സമയങ്ങളിൽ പ്രവർത്തിക്കുക.)

3. പഞ്ചായത്ത്വാസികളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ മുറുക്ക്, പുകവലി, മദ്യപാനം, പാൻപരാഗ് പോലുള്ളവയുടെ ഉപയോഗം ബോധവൽകരണത്തിലൂടെ നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. അടുപ്പിൽ നിന്നും പുകയും ചൂടും തട്ടി രോഗികളാകുന്ന വനിതകൾക്ക് മോചനം ലഭിക്കാൻ പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുകയും പുകയില്ലാത്ത പഞ്ചായത്തിലൂടെ വനിതകൾക്ക് പൂർണ്ണ ആരോഗ്യ പദ്ധതി നടപ്പിലാക്കുകയും ചെയ്യണം.

4. എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാവണം.

നിലവിലുള്ള സൗകര്യങ്ങളും സാഹചര്യങ്ങൾ പൂർണ്ണമായും ചൂഷണം ചെയ്ത് സന്നദ്ധസംഘടനകളുടെയും പൊതുപ്രവർത്തകരുടേയും കൂട്ടായ സംരംഭത്തിലൂടെയും ശുചിത്വഗ്രാമം, സമ്പൂർണ്ണാരോഗ്യ പഞ്ചായത്ത്, ക്ലീൻ പഞ്ചായത്ത് എന്ന പദ്ധതി കൂടി നടപ്പിലാക്കി പൂർണ്ണമായും ആരോഗ്യ പഞ്ചായത്ത് സുന്ദര പഞ്ചായത്ത് വണ്ടൂർ പഞ്ചായത്ത് എന്നാക്കി മാറ്റുവാൻ അടുത്ത പദ്ധതി കാലത്തെ പ്രവർത്തനത്തിന്റെ ഭാഗമായി നമുക്ക് കഴിയും. ഈ ശ്രമം വിജയിക്കുമെന്ന് പ്രതീക്ഷിക്കാം.

ഇന്ന് ഏറ്റവും കൂടുതൽ ഭീതിജനകമായ ആരോഗ്യപ്രശ്നം തന്നെയാണ് എയ്ഡ്സ്. രണ്ടായിരം ആണ്ടോടുകൂടി 200 പേരിൽ ഒരാൾക്ക് ഈ രോഗം ഉണ്ടാകുമെന്നാണ് കണക്ക്. ആധുനികവൽകരണത്തിന്റെയും ഉദാരവൽകരണത്തിന്റെയും ടൂറിസസംസ്കാരത്തിന്റെയും അനിയന്ത്രിതമായ സുഖഭോഗജീവിത ശൈലിയുടേയും ഉൽപ്പന്നമായി മാറിയിരിക്കുന്ന ഒരുവലിയ വിപത്താണിത്. നമ്മുടെ പഞ്ചായത്തിൽ ഒരു എയിഡ്സ് രോഗിപോലും ഉണ്ടാവരുതെന്ന ശക്തമായ ആഗ്രഹം നമുക്കുണ്ട്. ഈ രോഗത്തിനെതിരെ ശക്തമായ ബോധവൽകരണം മാത്രമാണ് പ്രതിവിധി. കൂട്ടായി നമുക്കതിന് യത്നിക്കാം.

5-6

ഗതാഗതം, ഊർജ്ജം, മർക്കറ്റ്

1963 ലാണ് ഇന്ന് നിലവിലുള്ള വണ്ടൂർ പഞ്ചായത്ത് നിലവിൽ വന്നത്. കാളികാവ്, മഞ്ചേരി, നിലമ്പൂർ, പാണ്ടിക്കാട്ട് PWD റോഡുകൾ മാത്രമായിരുന്നു ആരംഭക്കാലത്ത് പഞ്ചായത്തിലെ ഗതാഗതത്തിന്റെ ചലന നാടികൾ. പഞ്ചായത്തിലെ ഏറ്റവും പുരാതന റോഡ് ടിപ്പു സുൽത്താൻ റോഡാണ്. വാണിയമ്പലം - അമരമ്പലം റോഡ്, പുളിക്കൽ - നായാട്ടുകല്ല് റോഡ്, നടുവത്ത്-വടക്കമ്പാട്ട് കാരാട് റോഡ്, അത്താണി കയറ്റം, കാരാട് സ്കൂൾ റോഡ് - തച്ചങ്ങോട് - പനമ്പൊയിൽ റോഡ്, പള്ളിക്കുന്ന്-കാരപറമ്പ് റോഡ്-കുറ്റിയിൽ റോഡ്, കുറ്റിയിൽ-പഴയ വാണിയമ്പലം, ഷാരിയിൽ എന്നിവ പഞ്ചായത്തിലെ പുരാതന റോഡുകളാണ്.

1968 മുതൽ നാളിതുവരെയുള്ള കാലഘട്ടങ്ങളിൽ ഘട്ടംഘട്ടമായി വിവിധ റോഡുകൾ കാലികമായപ്രവർത്തികളിലൂടെ ഒരുവിധം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. വണ്ടൂർ ടൗണിനോട് ചേർന്നുള്ള ചില പ്രദേശങ്ങൾ പോലും ഇന്നും ഗതാഗത സൗകര്യങ്ങൾ ഇല്ലാതെ വിഷമിക്കുന്നു. താമരശ്ശേരി മഠം, കോളനി പ്രദേശം, പുല്ലു പറമ്പ്, നരിമട പ്രദേശം, തണ്ടുപാറ തച്ചുണ്ണിഒപായിൽ പ്രദേശം, മുത്തശ്ശികുന്ന് പ്രദേശം, പൊട്ടകുന്ന് പ്രദേശം എന്നിവ ഇതിൽ ചിലത് മാത്രമാണ്.

പഞ്ചായത്തിൽ നിന്നും അകന്ന് കിടക്കുന്ന മൊടവൻ കോട്, കാരാട് സ്കൂൾപടി, വെള്ളാമ്പുറം, കാരാട്, വടക്കുമ്പാടം, കാഞ്ഞീരംപാടം, കരിമ്പൻതൊടി, തൃക്കൈകുത്ത്, മൊടപ്പിലാശ്ശേരി, പഴയ വാണിയമ്പലം, കാപ്പ്ചാൽ പ്രദേശങ്ങളിലേക്കുള്ള റോഡുകൾ ടാർ ചെയ്യാനും ബസ്സ് സർവ്വീസ് തുടങ്ങുവാനും ഇനിയും കാലവിളംബം ഉണ്ടാവാൻ പാടില്ല.

നിലവിലുള്ള റോഡുകൾ

വാർഡ് 1

പേര്	നീളം
1. വരമ്പൻകല്ല് - ഏമങ്ങാട്	0.790 കി.മി.
2. ഓമൻ ചേരി നടവഴി -	0.160 കി.മി.
3. കണ്ണംകുളവൻ കടശ്ശേരി റോഡ്	0.450 കി.മി.
4. പാറക്കുളം കൂളിക്കാംപൊയിൽ റോഡ്	0.400 കി.മി.
5. പഴയ വാണിയമ്പലം - കുയ്യംപൊയിൽ റോഡ്	0.375 കി.മി.
6. കുറ്റുമുണ്ട - മുസ്ല്യാർപടി റോഡ്	0.500 കി.മി.
7. പാറക്കുളം - പൂച്ചപൊയിൽ റോഡ്	0.400 കി.മി.
8. വാണിയമ്പലം പാറ റോഡ്	1.500 കി.മി.
9. പാറക്കുളം - ഏമങ്ങാട് റോഡ്	1.500 കി.മി.
10. തച്ചംങ്ങോട് ചെമ്മാനം റോഡ്	0.500 കി.മി.
11. വെള്ളാരംകുണ്ട് കിഴക്കുവരമ്പൻ ക്ല റോഡ്	0.500 കി.മി.
12. ചന്ദ്രത്തിൽ മാടകുണ്ട് റോഡ്	0.300 കി.മി.
13. മാടശ്ശേരി ശ്മശാനം റെയിൽ റോഡ്	0.400 കി.മി.
14. മാടശ്ശേരി ഹരിജൻ കോളനി റോഡ്	0.600 കി.മി.
15. മാടശ്ശേരി വാണിയമ്പലംപാറ റോഡ്	0.200 കി.മി.
16.മാടശ്ശേരി തണ്ടുപാറകുണ്ട് റോഡ്	0.600 കി.മി.
17. കുയ്യംപൊയിൽ ഗ്രൗണ്ട് റെയിൽ റോഡ്	0.500 കി.മി.

വാർഡ് 2

1. ചായിച്ചൻ ഉണ്ണിഹസ്സൻ റോഡ്	0.176 കി.മി.
2. പുളിക്കൽ - വണ്ടൂർ അമ്പലം നടവഴി	0.322 കി.മി.
3. മങ്ങംപാടം - മാടശ്ശേരി റോഡ്	1.157 കി.മി.
4. റിക്രിയേഷൻ സെൻറർ നടവഴി	0.200കി.മി.
5. കാരപറമ്പിൽ - നെടുമ്പൊയിൽ റോഡ്	0.270 കി.മി.
6. വാണിയമ്പലം റെയിൽവെ സ്റ്റേഷൻ റോഡ്	0.350 കി.മി.
7. മൊടപ്പിലാശ്ശേരി കുന്ന് റോഡ്	0.550 കി.മി.
8. തച്ചങ്ങോട് - മൊടപ്പിലാശ്ശേരി റോഡ്	0.670 കി.മി.
9. നായപ്പല്ലി - കാരക്കാപറ്റപ റോഡ്	0.500കി.മി.
10. കുന്നംകുളം പോരൂർ പഞ്ചായത്ത് അതിർത്തിറോഡ്	0.300 കി.മി.
11. കുറ്റിയിൽ അങ്കപ്പൊയിൽ റോഡ്	0.450 കി.മി.
12. കിഴക്കെപ്പൈടം മെയിൻ റോഡ് - മങ്ങംപാടം ഹരിജൻ കോളനി റോഡ്	0.330 കി.മി.
13. മൊടപ്പിലാശ്ശേരി ബാലവാടി വരെ നടവഴി	0.100 കി.മി.
14. മൊടപ്പിലാശ്ശേരി അമ്പലക്കുളം നടവഴി	0.50 കി.മി.
15. മൊടപ്പിലാശ്ശേരി - വാരിയാർപടി നടവഴി	0.50 കി.മി.

	16. പള്ളിക്കര - വെട്ടിപ്പറമ്പ് നടവഴി	0.50 കി.മി.
	17. മൊടപ്പഇലാശ്ശേരി യു.കെ. പടി നടവഴി	0.50 കി.മി.
	18. വാണിയമ്പലം സിനിമാഹാൾ റോഡ്	0.250 കി.മി.
	19. കുറ്റി ഓണിക്കകെല്ല്യം റോഡ്	0.150 കി.മി.
	20. നെല്ലികുന്ന് റോഡ്	0.500കി.മി.
	21. കാരക്കാപറമ്പ് - കോട്ടകുന്ന് റോഡ്	0.553 കി.മി.
വാർഡ് 3		
	1. പ്രീ പ്രൈമറി ഹെൽത്ത് സെൻറർ റോഡ്	0.356 കി.മി.
	2. മരക്കുലം കുന്ന് റോഡ്	
	3. പള്ളികുന്ന് കുറ്റിയിൽ റോഡ് മുതൽ	
	ചെട്ട്യാറമ്മൽ ചാള വരെ.	0.200കി.മി.
	4. വണ്ടൂർ ഹെൽത്ത് സെൻറർ -	
	മരക്കലംകുന്ന് ഫുട്പാത്ത്	0 .065 കി.മി.
	5. കാളിക്കാവ് റോഡ് മുതൽ	
	ഹൽത്ത് സെൻറർ നടവഴി	0.150 കി.മി.
	6. ഹെൽത്ത് സെൻറർ - പഴയ ചന്തകുന്ന് റോഡ്	0.200 കി.മി.
	7. ഹെൽത്ത് സെൻറർ - നെല്ലേങ്ങര നടവഴി.	0.150 കി.മി.
	8. പള്ളിക്കുന്ന് പഴയ ചന്തപ്പുര നടവഴി	0.100 കി.മി.
	9. കൂട്ടക്കാത്തിരം റോഡ് 0.100കി.മി.	
	10. ചെട്ട്യാറമ്മൽ - വെണ്ണിയാംകുന്ന് ഹരിജൻ കോളനി	0.250കി.മി.
	11. മേലെ ചെട്ട്യാറമ്മൽ - വെണ്ണിയംകുന്ന് നടവഴി	0.100കി.മി.
വാർഡ് 4		
	1. കുറ്റിയിൽ കരിമ്പെട്ടി റോഡ്	0.558 കി.മി.
	2. പഴയ ചന്തക്കുന്ന് റോഡ്	0.548 കി.മി.
	3. പഴയ ചന്തകുന്ന് നടവഴി	0.43 കി.മി.
	4. കുറ്റിയിൽ ഹരിജൻ റോഡ്	0.375കി.മി.
	5. കൊട്ടംപാറ ഹരിജൻ കോളനി മുതൽ	
	ചന്തപ്പാടം ഹരിജൻ കോളനി വരെ	0.750 കി.മി.
	6. പുളിശ്ശേരി - കോക്കാടൻകുന്ന്	1.00കി.മി.
	7. കിഴക്കെതല പള്ളി നടവഴി	0.150 കി.മി.
	8. ടി.ബി. റോഡ് നടവഴി	0.100കി.മി.
	9. മഠത്തിൽകുന്ന് റോഡ്	0.100കി.മി.
	10. കൊട്ടംപാറ ഹരിജൻ കോളനി റോഡ്	0.120കി.മി.
വാർഡ് 5		
	1. ചെട്ട്യാറമ്മൽ പാലക്കാംപൊയിൽ റോഡ്	0.294കി.മി.
	2. പൊട്ടകുന്ന് - പള്ളികുന്ന് റോഡ്	0.602കി.മി.
	3. പൂക്കുളം കാപ്പിച്ചാൽ റോഡ്	1.00കി.മി.

4. യാറത്തിങ്ങൽ കല്ലുമല റോഡ് 0.480കി.മി.
5. തച്ചുണ്ണിമ്മൽ റോഡ് 0.270കി.മി.
6. ചെട്ട്യാറമ്മൽ - എരമംഗലം റോഡ് 0.500കി.മി.
7. ശാന്തിനഗർ ഏമംങ്ങാട് ഹരിജൻ കോളനി റോഡ് 0.500കി.മി.
8. ഏമങ്ങാട് അമരമ്പലം റോഡ് 1.00കി.മി.
9. വീട്ടികുന്ന് ചെനപ്പടി റോഡ് 0.350കി.മി.
10. തച്ചങ്ങോട്ട് കൊല്ലം മദ്രസ്സ റോഡ് 0.100കി.മി.
11. കാരാട് - മൊടവൻകോട്ട് കോളനി റോഡ് 0.250 കി.മി.
12. ഭജനമഠം റെയിൽവെ റോഡ് 0.200കി.മി.
13. കുയ്യംപൊയിൽ പിടി റോഡ് 0.150 കി.മി.
14. അത്താണിക്കൽ തടിപൊയിൽ രോഡ് 0.150കി.മി.
15. കുയ്യംപോയിൽ ട്രാൻസ്ഫോർമർ റോഡ് 0.635കി.മി.

വാർഡ് 6.

1. കൂറ്റംപാറ റോഡ് 0.248കി.മി.
2.. വരിയങ്ങാട്ടു റോഡ് 0.339 കി.മി.
3. പെരുമുണ്ടശ്ശേരി - ഒരലപാടം റോഡ് 0.278
4. മഞ്ഞളാം മൂച്ചിക്കൽ റോഡ് 0.640കി.മി.
5. വണ്ടൂർ പഞ്ചായത്ത് ആതിർത്തി കാരാട് റോഡ് 0.550കി.മി.
6. ഏമംങ്ങാട് നടവഴി 0.150കി.മി.
7. അത്താണിക്കൽ - ഒരെലംപാടെ റോഡ് 0.320കി.മി.
8. കുയ്യംപൊയിൽ റോഡ് 3.500കി.മി.
9. കേലെപാടം - മൊടമ്പൻ കല്ല് റോഡ് 0.600കി.മി.
10. പൂശാൻകുന്ന് കൂരാട് റോഡ് 0.120കി.മി.
11. കൂരോട് - പുഴ റോഡ്
12. ഏമങ്ങാട് ഹരിജൻ കോളനി റോഡ് 0.120കി.മി.
13. വെള്ളാമ്പുറം കാരാട് റോഡ്

വാർഡ് 7

1. നരിപ്പറമ്പ് നടവഴി 0.058കി.മി.
2. ശാരിയിൽ ഏക്കുളങ്ങര റോഡ് 0.131കി.മി.
3. മാടശ്ശേരി മുഹടത്ത് 0.241കി.മി.
4. പഴയ വാണിയമ്പലം ഷാരിയിൽ റോഡ് 0.635കി.മി.
5. വി.കെ.എസ്. റോഡ് - കാടായിക്കോട് റോഡ് 0.131കി.മി.
6. മുതുപ്പൊയിൽ റോഡ് 0.510കി.മി.
7. ശാരിയിൽ - എടപ്പൊയിൽ റോഡ് 0.225കി.മി.
8. വെള്ളുവമ്പ്രം നായാട്ട്കല്ല് കുവ്വക്കോട് റോഡ് 0.800കി.മി.
9. നായാടികുന്ന് കോളനി റോഡ് 0.875കി.മി.
10. നായാട്ട്കല്ല് - കുവ്വക്കോട് റോഡ് 0.250 കി.മി.

	11. കരുമാരപ്പറ്റ തുള്ളിശ്ശീരി റോഡ്	0.200കി.മി.
	12. തുള്ളിശ്ശീരി-പ്പൊട്ടിപ്പാറ റോഡ്	0.100കി.മി.
	13. ചെമ്പോത്തുംപൊയിൽ - അമ്പലകുന്ന് റോഡ്	0.200കി.മി.
	14. കുവ്വക്കോട് പാലാട്ടുപാറ റോഡ്0.100കി.മി.	
	15. വെള്ളാമ്പ്രം കരുമംപൊയിൽ രോഡ്	
	16. വെള്ളാഓമ്പം കാലിക്കുളം റോഡ്	
	17. വെള്ളാമ്പ്രം ഞാറത്തോട് രോഡ്	
	18. നായാട്ടുകല്ല് മേലെമഠം റോഡ്	
	19. കുളുകുന്ന് - പുല്ലൂർ റോഡ്	
	21. വെള്ളാമ്പ്രം അമ്പലകുന്ന് റോഡ്	
വാർഡ് 8		
	1. തൃക്കൈകുത്ത് കാഞ്ഞീരംപാടം റോഡ്	0.950കി.മി.
	2. ചെന്നായപൊയിൽ കല്ലെമൂലകുന്ന് റോഡ്	0.315കി.മി.
	3. കാഞ്ഞീരംപാടം മച്ചിങ്ങാപൊയിൽ റോഡ്	0.600കി.മി.
	4. കാരാട്ട് - കരിക്കാപൊയിൽ റോഡ് റോഡ്	
	5. വലിയപൊയിൽ മുതുക്കാട് റോഡ്	
	6. വടക്കുംപാടം മരക്കാർകുന്ന് കോളനി റോഡ്	
	7. കാരാട്ട് - ഊട്ടുംപുറം കുതിരപ്പുഴ റോഡ്	
	8. കരിക്കപൊയിൽ കറുമ്പൊയിൽ റോഡ്	
	9. എസ്റ്റേറ്റ്പടി - പാണംകാപ്പിൽ റോഡ്	
വാർഡ് 9		
	1. കാപ്പിൽ തോണിപ്പാറ റോഡ്	0.700കി.മി.
	2. കാഞ്ഞീരംപാടം - വടക്കെകര റോഡ്	0.950കി.മി.
	3. കാപ്പിൽ പാറക്കൽ റോഡ്	0.800കി.മി.
	4. കാപ്പിൽ വടക്കേകര റോഡ്	0.850
	5. തണ്ണികുളം അരിപ്പമാട് ഹരിജൻ കോളനി റോഡ്	1.000
	6. പാലകുളമ്പ് - പുല്ലമണ്ണ റോഡ്	0.500കി.മി.
	7. തൃക്കൈകുത്ത് - മന്തംകുന്ന് റോഡ്	1.000കി.മി.
	8. താമരകുളം എ.കെ.ജി ഹരിജൻ ഖോളനി റോഡ്	0.200കി.മി.
	9. മച്ചിങ്ങപ്പൊയിൽ - തൃക്കൈകുത്ത് കടവ് റോഡ്	0.300 കി.മി.
	10. കാഞ്ഞീരംപാടം - ചെമ്പ്രമ്മൽ റോഡ്	0.500കി.മി.
	11. വർക്കിപ്പടി - പുല്ലുമണ്ണ് റോഡ്	1.000
	12. വടക്കെകര തൊണ്ടിയാം റോഡ്	0.800കി.മി.
	13. കരികണ്ടം ചെല - കരിങ്കാലി പ്പൊയിൽ റോഡ്	
	14. പള്ളിയാളിപാറശ്ശേരിപ്പടി കോളനി റോഡ്	1.000
	15. ബംഗ്ലാവുംകുന്ന് - കോവിലകം റോഡ്	
	16. പൊട്ടിപാറ തോട്ടിങ്ങൽ റോഡ്	0.800 കി.മി.

	17. കാപ്പഇൽ കൊരവത്തോട് റോഡ്	0.300കി.മി.
	18. നാട്ടുകല്ല് - കുടിയുംകുന്ന് റോഡ്	
വാർഡ് 10		
	1. കൂളിപറമ്പ് പനംപൊയിൽ റോഡ്	1.818
	2. തെക്കുംപുറം കൂരിപ്പൊയിൽ റോഡ്	1.458
	3. കൂളിപറമ്പ് കാട്ടികുണ്ട് റോഡ്	0.650
	4. കൂരാട് - പള്ളി സ്രാമ്പി റോഡ്	0.600
	5. മൂലശ്ശേരി - കോരൻകുണ്ട് റോഡ്	0.500
	6. മൂലശ്ശേരി തെക്കുംപുറം റോഡ്	0.450
	7. ചെമ്പങ്കൊല്ലി ഒലക്കച്ചോല റോഡ്	0.700
	8. കല്ലിങ്ങപ്പാടം മുട്ടിച്ചിറ റോഡ്	0.320
	9. പനംപൊയിൽ - കൊടക്കാടംകുന്ന് റോഡ്	
	10. പനംപൊയിൽ കൂരാട് റോഡ്	
	11. പനംപൊയിൽ അത്താണിക്കൽ റോഡ്	
	12. കൂളിപ്പറമ്പ് കലായ് റോഡ്	
	13. കൂളിപറമ്പ് തണ്ടുങ്ങൽ റോഡ്	
	14. തെക്കുംപുറം മൂലശ്ശേരി റോഡ്	
	15. തെക്കുംപുറം പനംപൊയിൽ റോഡ്	
	16. ഒലിക്കച്ചോല - പൊട്ടകുണ്ട് വിരിച്ചാർ കോളനി റോഡ്	0.600
	17. പള്ളി സാമ്പ്രികല്ല് ഹരിജൻ കോളനി റോഡ്	
	18. പനംപൊയിൽ മൂടിപൊയിൽ റോഡ്	
വാർഡ് 11		
	1. പിരിയങ്ങാട്ട് റോഡ്	0.339
	2. മേലെമഠം റോഡ്	0.280
	3. പുളിക്കൽ അമ്പലപ്പടി റോഡ്	0.190
	4. ടെമ്പ്ൾ ഗേറ്റ് ഫുട്പാത്ത്	0.350
	5. ശ്മശാനം റോഡ്	
	6. പുളിക്കൽ ഇടിഞ്ഞാറം കുണ്ട് റോഡ്	0.750
	7. പുളിക്കൽ മദ്രസ്സ റോഡ്	0.190
	8. വണ്ടൂർ അമ്പലപ്പടി പുല്ലൂർ ചാള റോഡ്	
	9. പണ്ടൂർ അമ്പലപ്പടി പടാളിപറമ്പ് റോഡ്	
	10. പടാളിപറമ്പ് മേലെമടം ചാള ആകൊയപ്പൻചാള	
	11. സിനിമാപടി നായാട്ടികുന്ന് റോഡ്	
	12. കരുണാലയ ആശുപത്രി റോഡ്	
	13. മേലെമഠം മേനോൻപടി റോഡ്	
	14. വണ്ടൂർ അമ്പലപ്പടി - പുല്ലൂർ മൂച്ചിക്കൽ റോഡ്	
	15. പടയാളിപറമ്പ - ആപ്പീസ് റോഡ്	0.150

16. മേലെമഠം - കമ്പിളികുളം റോഡ് 0.170
17. തണ്ടുപാറ റോഡ് - യത്തീംഖാന 0.345
18. തൊണ്ടിയിൽ - ടിപ്പു സുൽത്താൻ റോഡ് 1.000
19. തെക്കുംപുറം കുരിപ്പൊയിൽ റോഡ് 1.452
20. വണ്ടൂർ യത്തീംഖാന - നരിമഠം റോഡ്
21. നരിമഠം തൊണ്ടിയിൽ നടവഴി റോഡ് 1.000

വാർഡ് 12

1. പഴയ വാണിയമ്പലം കരിമ്പെട്ടി റോഡ് 0.225
2. പഴയ വാണിയമ്പലം - ഷാരിയിൽ റോഡ് 0.635
3. പഴയ വാണിയമ്പലം - റെയിൽവെ ലൈൻ റോഡ് 0. 300
4. വെള്ളാമ്പ്രം റെയിൽവെ ഗേറ്റ് റോഡ്
5. ഷാരിയിൽ കൊട്ടംപാറ റോഡ്
6. ഷാരിയിൽ കാലികുളം റോഡ്
7. പഴയ വാണിയമ്പലം ഹരിജൻ കോളനി തെക്ക്, കിഴക്ക് റോഡ്
8. പഴയ വാണിയമ്പലം തെക്ക് -പടിഞ്ഞാറ് റോഡ്
9. പഴയ വാണിയമ്പലം കിണർ റോഡ്
10. ശാന്തി, പുതുക്കര റോഡ്
11. പാലാമഠം കോളേജ് സൈറ്റ് റോഡ്
12. അത്താണിക്കൽ റെയിൽവെ ലൈൻ റോഡ്

ബൈപ്പാസ് റോഡ്

വണ്ടൂർ ടൗണിലെ നാല് PWD റോഡുകളിൽ മൂന്ന് എണ്ണത്തിൽ ബൈപ്പാസ് സൗകര്യമുണ്ട്. എന്നാൽ പാണ്ടിക്കാട് റോഡിൽ നിന്നും മഞ്ചേരി റോഡുമായി ബന്ധപ്പെടാൻ ബൈപ്പാസ് റോഡില്ല. ആയതിനാൽ കാരപ്പുറത്ത് പൊയിൽ മുതൽ വികസന ബ്ലോക്ക് വഴി ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കേണ്ടതാകുന്നു.

നിലമ്പൂർ - കാളികാവ് - ബൈപ്പാസ് റോഡ്

വണ്ടൂർ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിലെ നിലമ്പൂർ റോഡിൽ പുളിക്കൽ നിന്നു തുടങ്ങുന്ന വെള്ളമ്പ്രം റോഡിന്റെ മേലെമഠം കുന്നുമ്മൽ നിന്നും കമ്പിളികുളം റോഡു വഴി വയൽ മുറിച്ച് ആ200 മീറ്റർഇ 12-ാ വാർഡിൽ ചന്തകുന്ന് റോഡിലേക്ക് കടന്ന് ചന്തകുന്ന് വഴി കാളിക്കാവ് റോഡിലേക്ക് പ്രവേശിക്കണം. ഇതുവഴി വണ്ടൂർ ടൗണിലേക്ക് ഗതാഗത സ്തംഭനമുണ്ടാകുമ്പോൾ എല്ലാ റോഡിലേക്കും ഗതാഗത സൗകര്യത്തിന് സൗകര്യപ്രദമായിരിക്കും.

പുതുതായി വരേണ്ട റോഡുകൾ

1. കൂറ്റംമ്പാറ ശാന്തിനഗർ - അംഗണവാടി റോഡ്
2. മുജാഹിദ് പള്ളിപ്പടി - ചോയിപ്പടി റോഡ് 2. കി.മി.
3. ട്രാൻസ്ഫോർമർ - മാടശ്ശേരി അംഗണവാടി റോഡ്. 200 മീറ്റർ

4. കോട്ടക്കൽ മാസ്റ്റർ - റെയിൽ റോഡ് 1k.m.
5. മാട്ടകുളം - റെയിൽ റോഡ് 2 k.m.
6. മാടശ്ശേരി- പാറ റോഡ് 150 മീറ്റർ
7. ഹരിജൻ ശ്മശാനം- റെയിൽവേ ലൈൻ റോഡ്
8. കൊമ്പൻകല്ല് റോഡ് 2 k.m.
9. ചെനൂന്നിൽ - കോച്ചറ റോഡ് 1k.m.
10. താഴെകുറ്റി - അങ്കപ്പൊയിൽ റോഡ്
11. കറുത്തേനി - റെയിൽവെ സ്റ്റേഷൻ റോഡ്
12. കൊട്ടക്കാട്ട് പൊയിൽ - പൂങ്ങോട് റോഡ്
13. താഴെ കുറ്റിയിൽ - കാരക്കാപറമ്പ് റോഡിൽ മുണ്ടാണി ഗ്രൗണ്ടിൽ നിന്ന് കുറ്റിയിലേക്കുള്ള നടപ്പാത റോഡ്.
14. പാലക്കാട് കുന്ന്-കുറ്റിയിൽ റോഡ്
15. കൊടക്കാട്ട് പൊയിൽ പൂങ്ങോട് റോഡ്
16. കാരക്കാപറമ്പ് നായിപ്പല്ലി റോഡ്
17. അങ്കപ്പൊയിൽ റോഡ്
18. കാരക്കാപറമ്പ്- പോരൂർ അതിർത്ഥി റോഡ്
18. കമ്മ്യൂണിറ്റി ഹാൾ-തച്ചുണ്ണി പൊയിൽ റോഡ്
19.പള്ളികുന്ന്-പുല്ലുവളപ്പ്-തച്ചുണ്ണിപൊയിൽ റോഡ്.
20. കളിക്കാട്ടുപടി- കാപ്പിച്ചാൽ ഹരിജൻ കോളനി റോഡ്
21. പൊട്ടകുന്ന് - തണ്ടുപ്പാറ റോഡ്
22. പൊട്ടകുന്ന്-കാരപ്പുറത്തു പൊയിൽ റോഡ്.
23. ചൊട്ട്യാറമ്മൽ - പാലക്കാപൊയിൽ എരമംഗലം റോഡ്
24. പൂക്കളം കാപ്പിച്ചാൽ റോഡ്
25. കാരപ്പുറത്ത് പൊയിൽ-പള്ളി ശ്മശാനറോഡ്
26. കാപ്പിച്ചാൽ പൊട്ടകുന്ന് റോഡ്
27. പൊരുമുണ്ടശ്ശേരി അത്താണി റോഡ്
28. അത്താണിക്കൽ - റെയിൽവെ റോഡ്
29. പുതുക്കര കോളനി റോഡ്
30. അത്താണി-തളിപ്പൊയിൽ കോളനി റോഡ്
31. ഒരലംപാടം-മിച്ചഭൂമി - ഏമങ്ങാട് റോഡ്
32. പഴയ വാണിയമ്പലം - ചേരിങ്ങൽ പൊയിൽ റോഡ്
33. പഴയ വാണിയമ്പലം 4 സെൻറ് കോളനി
34. പറയൻകുന്ന് - എടപ്പൊയിൽ റോഡ്
35. പുല്ലൂർ - തുള്ളിശ്ശേരി റോഡ്
36. ഭൂതക്കാട് കുന്ന് - കോളനി റോഡ്
37. കുവ്വക്കോട് - നായാട്ടകല്ല് റോഡ്
38. കരിക്കപ്പൊയിൽ പൊട്ടാലുങ്ങൽ റോഡ്

39. കരിമ്പൻതൊടി - കുരുട്ടികടവ് റോഡ്
40. വടക്കുംമ്പാടം-കുരുട്ടികടവ് റോഡ്
41. കരിമ്പൻതൊടി - കാരാട് റോഡ്
42. വടക്കുംമ്പാടം - മുതുകാട് റോഡ്
43. ഊട്ടുപുറം - റെയിൽവെ റോഡ്
44. വടക്കുമ്പാടം - മലക്കാരുകുന്ന് റോഡ്
45. കുവ്വക്കോട് റോഡ്
46. വടക്കുമ്പാടം - കരിമ്പൻതൊടി റോഡ്
47. താടിപ്പൊയിൽ - കുഴിച്ചിൽ റോഡ്
48. കരിമ്പൻതൊടി - കുറ്റിച്ചിൽ കോളനി റോഡ്
49. ഓട്ടുപുറം - വളയംകുന്ന് റോഡ്
50. കൈപ്പംച്ചോല എസ്റ്റേറ്റ് പടി - മംഗലം റോഡ്
51. കാഞ്ഞിരംപാടം - കരളാപ്പൊയിൽ റോഡ്
52. കാഞ്ഞിരംപാടം - മന്തംകുന്ന് റോഡ്
53. കമരി എസ്റ്റെറ്റ് - കാഞ്ഞിരംപാടം - മച്ചിങ്ങപ്പൊയിൽ - തൃക്കൈകുത്ത് റോഡ്
54. കാഞ്ഞിരംപാടം - എരലോക്ക് റോഡ്
55. സോമൻപടി - പാടംറോഡ്
56. കാഞ്ഞിരംപാടം - താളിത്തോട്ടം റോഡ്
57. കാഞ്ഞിരംപാടം - വടക്കെകര റോഡ്
58. കാപ്പിൽ - പാറക്കൽ റോഡ്
59. കാപ്പിൽ - കുടുലംകുന്ന് റോഡ്
60. കാപ്പിൽ കളരിപ്പറമ്പ് റോഡ്
61. ചൗക്കി - തോണിപ്പാറ റോഡ്
62. ചൗക്കി - കരിങ്കാളിപൊയിൽ റോഡ്
63. ചൗക്കി - കൊരവൻതോട് റോഡ് ആടിപ്പൂസുൽത്താൻ റോഡ്ഇ
64.പള്ളിപടി - കുന്നുമ്മൽപടി റോഡ്
65. കുന്നുമ്മൽപടി - കോളനി റോഡ്
66. കുന്നുമ്മൽ - കൂളികുന്ന് കോലോംപടി റോഡ്
67. പൊട്ടിപ്പാറ - ആനാംപാറ റോഡ്
68. പൊട്ടിപാറ - കൊഴിത്തിരിപാടം റോഡ്
69. പൊട്ടിപാറ - ചൊട്ടിത്തൊടി റോഡ്
70. അരിപ്പമാട് - അരമാടിപ്പൊയിൽ റോഡ്
71. തൃക്കൈകുത്ത് - കാഞ്ഞിരംപാടം ഐ.എച്ച്.ഡി.പി. റോഡ്
72. കാപ്പിൽ അരിമാട് റോഡ്
73. ചെല്ലക്കൊടി - തോട്ടുപുറം റോഡ്
74. കൊടക്കാടൻ തെക്കുംപുറം റോഡ്
75. തെക്കുംപുറം - കാർത്യാനി റോഡ്

76. കൂളിപറമ്പ് - പള്ളിപടി റോഡിൽ നിന്ന് കക്കുണ്ട്, ആമപെട്ടി, ചെല്ലക്കുടി റോഡ്
77. പനമ്പൊയിൽ - ഉസ്മാൻപടി റോഡ്
78. തെക്കുംപുറം - പള്ളിപടി റോഡ്
79. വരമ്പംകല്ല് - തെക്കുമ്പുറം റോഡിൽ നിന്ന് കൂളിപറമ്പ് പനമ്പൊയിൽ റോഡിലേക്ക് ലിങ്ക് റോഡ്
80. പഴയ വാണിയമ്പലം മദ്രസ്സപടി - കൊട്ടംപാറ റോഡ്
81. പൊത്തംകോടംപടി - കോക്കാടൻപടി റോഡ്
82. പഴയ വാണിയമ്പലം കോളനി - താഴെകുറ്റി റോഡ്
83. പളയ വാണിയമ്പലം - റെയിൽവെ ഗേറ്റ് റോഡ്
84. വെള്ളാമ്പുറം - കരിമ്പനാംപൊയിൽ വഴി കുവ്വക്കോട് റോഡ്
85. തളിശ്ശീരി - വടക്കേകര - തെക്കേകര റോഡ്
86. പൂതക്കാട് കുന്ന് - കളപ്പാട് കുന്ന് റോഡ്
87. നരിപറമ്പ് - അമ്പലകുന്ന് റോഡ്
88. ചെമ്പോത്തുംപൊയിൽ പാലേങ്കര റോഡ്,
88. പറയൻകുന്ന് - കുന്നുമ്മൽപടി റോഡ്
89. കൂളിപറമ്പ് ഗ്രൗണ്ട് വഴി പുഴയിലേക്കുള്ള റോഡ്
90. കൂളിപറമ്പ് - കാട്ടികുണ്ട് റോഡ്
91. പനംപൊയിൽ ആമംപൊട്ടി റോഡിൽ നിന്നും പള്ളിപടിയിലേക്കുള്ള ലിങ്ക് റോഡ്
92. പനംപൊയിൽ - കൂരാട്ട് പള്ളി റോഡ്
93. കൊട്ടേക്കാടൻ - ചിങ്ങാക്കോട്ട് റോഡ്
94. ചിങ്ങംകോട് - കുതിരപ്പുഴ റോഡ്
95. പനംപൊയിൽ റോഡും അത്താണിക്കൽ റോഡും തമ്മിൽ ലിങ്ക് റോഡ്
96. ഹൈസ്കൂൾപടി - തച്ചുണ്ണി യത്തീംഖാന റോഡ്
97. ഹൈസ്കൂൾപടി - ആർപൊയിൽ റോഡ്
98. കമ്മ്യൂണിറ്റി ഹാൾ - തച്ചുണ്ണിപൊയിൽ തണ്ടുപാറ റോഡ്
99. പുല്ലുപറമ്പ് പൊയിൽറോഡ്
100. പുളിക്കൽ - പിരിയംങ്ങാട്ട് റോഡ് - താമരശ്ശേരി മഠം റോഡ്
101. മേലെമഠം കോളനി - കളപ്പാട്ട് കുന്ന് കോളനി റോഡ്
102. പുളിക്കൽ മില്ലുപടി - ചോലക്കാട് റോഡ്
103. ലുബ്നാ തിയേറ്റർ ഇൻഡസ്ട്രിയൽ - ഹൈസ്കൂൾഗ്രൗണ്ട് അമ്പലപ്പടി റോഡിലേക്ക് ലിങ്ക് റോഡ്. ലുബ്നാ ഹൈസ്കൂൾഗ്രൗണ്ട് റോഡിൽ നിന്ന് ശ്രീധന്യ റോഡ്, കരുണാലയാ ആശുപത്രി പിൻഭാഗം റോഡ്
104. അലൂമിനിയം ഫാക്ടറി - യതീംഖാന - പുല്ലുപറമ്പ റോഡ്
104. ടി.ബി. കുന്ന് - നെച്ചികുന്ന് റോഡ്
105. കിഴക്കേതല സി.എച്ച്. സി. റോഡ്
106. ടി.ബി. കുന്ന് - തെച്ചിക്കുന്ന് റോഡ്
107. ചന്തക്കുന്ന് ഹംസപ്പടി ചോലകുണ്ട് റോഡ്

108. കൂരികുണ്ട് -മരക്കുലംകുന്ന് റോഡ് ആപാടം വഴിഇ
109. ശാന്തിനഗർ - പാറകുളം തച്ചങ്ങോട് റോഡ്
110. ഏമങ്ങാട് വെള്ളാളംകുണ്ട് രോഡ്
111. പാറക്കുളം - പൂച്ചപൊയിൽ റോഡ്
112. ഏമങ്ങാട് ഹരിജൻ കോളനി റോഡ്
113. ചേനപ്പടി - മാട്ടകുളം റോഡ്
114. കീഴ്പട- പൂസ്സാൻകുണ്ട് റോഡ്
115. മരക്കുലം കുന്ന് കോളനി റോഡ്
116. കമ്മാംപറ്റ ശ്മശാനം റോഡ്
117. മുത്തശ്ശികുന്ന് മരക്കുലംകുന്ന് റോഡ്
118. മരക്കുലംകുന്ന് - കൂരികുണ്ട് റോഡ്
119. മരക്കുലം കുന്ന് - കോട്ടേഴ്സ് റോഡ്
120. ചന്തപുര - ആശുപത്രി റോഡ്
121. ചന്തപ്പുര - പള്ളികുന്ന് റോഡ്
122. മില്ലുപടി - പുല്ലുപറമ്പ ചെട്ട്യാറമ്മൽ ഹരിജൻ കോളനി റോഡ്
123. കാഞ്ഞിരാട്ടുകുളം - ആശുപത്രി റോഡ്
124. നെല്ലേങ്കര റോഡ്
125. കൂട്ടകാഞ്ഞിരം - ചെട്ട്യാറമ്മൽ റോഡ്
126. ചെട്ട്യാറമ്മൽ - മേലെപീടിക വെള്ളിയൻകുന്ന് - ഹരിജൻ കോളനി റോഡ്
127. ആശുപത്രി കുന്ന് - ചന്തപ്പുറ റോഡ്
128. പള്ളികുന്ന് - തോപ്പു റോഡ്
129. ശ്മശാനം റോഡ് ആമരക്കുലം കുന്ന്
130.പുളിശ്ശീരി - കൊട്ടംപാറ കുന്ന് റോഡ് കൊക്കാടൻകുന്ന് റോഡ്. ടി.ബി. റോഡ്
131. കരിക്കുണ്ട് - പാലക്കാട്കുന്ന് 4 സെൻറ് കോളനി റോഡ്
132. കുറ്റിയിൽ പഴയ വാണിയമ്പലം റോഡ്
133. കൊട്ടുംപാറകുന്ന് കോളനി മഠത്തിൽ കുന്ന് റോഡ്
134. പുളിശ്ശീരി മഠത്തിൽ കുന്ന് റോഡ്
135. കൊട്ടംപാറ കുന്ന് ആശാരികുന്ന് റോഡ്
136. കൊട്ടംപ്പാറ തേരിയിൽപടി പഴയ വാണിയമ്പലം റോഡ്
137. കോക്കാടൻകുന്ന് - പഴയ വാണിയമ്പലം റോഡ്
138. കോക്കാടംകുന്ന് ഷാരിയിൽ റോഡ്
139. പാലക്കാട്ടുകുന്ന് കുറ്റിയിൽ റോഡ്
140. കുറ്റിയിൽ മുണ്ടിതൊടി വഴി പഴയ വാണിയമ്പലം റോഡ്
141. മഠത്തിൽകുന്ന് എടപറ്റ റോഡ്
142. പാലക്കാട്ടുകുന്ന് - കാരക്കാപറമ്പ് റോഡ്
143. കരിമ്പെട്ടിയിൽ പാറക്കൽ വഴി പഴയ വാണിയമ്പലം റോഡ്
144. താഴെകുറ്റി പഴയ വാണിയമ്പലം റോഡ്

145. പാലാട്ടുപാറ കരിക്കൊപൊയിൽ റോഡ്
146. താന്നിപൊയിൽ - കുറുമ്പൊയിൽ റോഡ്
147. കുവ്വക്കോട് - കരിക്കപ്പോയിൽ റോഡ്
148. വടക്കുമ്പാടം കൂരിട്ടി റോഡ്
149. പാണൻ കാപ്പിൽ വളക്കോട്ടിരി റോഡ്
150. ചെട്ടിയാറമ്മൽ എരമങ്ങലം റോഡ്. പോരൂർ പഞ്ചായത്തിലെ ചാത്തങ്ങോട്ടുപുറവുമായി ബന്ധിപ്പിക്കുന്ന റോഡ്
151. ചെട്ടിയാറമ്മൽ എരമങ്ങലം റോഡിൽ നിന്ന് കാപ്പിച്ചാൽ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
152. വരമ്പൻകല്ല് - പുഴമൂല റോഡ്
153. മിൽക്ക് സൊസൈറ്റി - ഫോറസ്റ്റ് റോഡ്
154. കുറ്റുമുണ്ട കോളനി റോഡ്
155. കുയ്യംപൊയിൽ പള്ളിപടി പാലേങ്ങര റോഡ്
156. മാടശ്ശേരി ഹരിജൻ കോളനി - ചേലപ്പടി റോഡ്
157. പാണക്കാടംപടി ഹരിജൻ കോളനി റോഡ്
158. വടക്കുംപാടം ഗിരിജൻ കോളനി റോഡ്
159. മങ്ങംപാടം ഹരിജൻ കോളനി റോഡ്
160. മുടപ്പിലാശ്ശേരി മങ്ങംപാടം റോഡ്
161. ബാലവാടി പാടിഫീൽഡ് റോഡ്
162. വെള്ളാരംകുണ്ട് വരമ്പംകല്ല് റോഡ്
163. കുറ്റുമുണ്ട കാഞ്ഞിരംപാറ റോഡ്
164. കുറ്റംപാറ ചേനപാടി റോഡ്
165. ഏമങ്ങാട് കോളനി മുക്കിൽ റോഡ്
166. പുളിക്കൽതോട് റോഡ്
167. പുളിക്കൽ - വീട്ടികുന്ന് റോഡ്
168. വണ്ടൂർ ഹൈസ്കൂൾ ഗ്രൗണ്ട് പുല്ലുപറമ്പ് റോഡ്
169. കുയ്യംപൊയിൽ നാലുകെട്ട് റോഡ്

പ്രശ്നങ്ങൾ

റെയിൽവെ ഗതാഗതം

1922 ലാണ് വണ്ടൂർ പഞ്ചായത്തിലെ ആദ്യത്തെ റെയിൽവെ സ്റ്റേഷൻ വാണിയമ്പലത്ത് നിലവിൽ വന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് പട്ടാളക്കാരെ എത്തിക്കാനും നിലമ്പൂർ കാടുകളിലെ മേത്തരം തടിയും ഉൽപ്പന്നങ്ങളും കൊണ്ടുപോകുന്നതിനും വേണ്ടിയാണ് ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ പാത നിർമ്മിച്ചത്. പിന്നീട് വെള്ളാമ്പുറത്ത് ഒരു റെയിൽവെ ഹാൾട്ട് ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ കാരാട് വെള്ളാമ്പ്രം പ്രദേശത്ത് ഉള്ളവർക്ക് ബാഹ്യലോകവുമായി ബന്ധപ്പെടുവാനുള്ള ഏക ഗതാഗത മാർഗ്ഗം ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ലൈൻ ആയിരുന്നു.

വള്ളുവനാടിന്റെ തലസ്ഥാനമായ

അങ്ങാടിപ്പുറത്ത് റെയിൽവെ സ്റ്റേഷൻ ഉണ്ടായിരുന്നതിനാൽ കിഴക്കൻ ഏറനാട്ടിലെ ആളുകൾക്ക് അത് വലിയ അനുഗ്രഹമായിരുന്നു. 8 കിലോമീറ്റർ റെയിൽവെ ലൈനാണ് വണ്ടൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നത്. വാണിയമ്പലം റെയിൽവെ സ്റ്റേഷന് 500 മീറ്റർ തെക്കു നിന്ന് ആരംഭിച്ച് വടക്ക് നിലമ്പൂരിനടുത്ത് കുതിരപുഴ റെയിൽവെ പാലം വരെയാണ്. വാണിയമ്പലം റെയിൽഒവ സ്റ്റേഷനിൽ നിന്ന് ഡൽഹി. ബോംബെ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടിക്കറ്റ് റിസർവ് ചെയ്യാൻ കഴിഞ്ഞിരുന്നു. എന്നാൽ നിലവിൽ തിരുവനന്തപുരത്തേക്കുള്ള നാല് സീറ്റുകൾ മാത്രമാണ് വാണിയമ്പലത്തുനിന്നും ബുക്ക് ചെയ്യുവാൻ കഴിയുന്നത്. അതും ഇടക്കാലത്ത് നിർത്തൽ ചെയ്തിരുന്നു. സമ്മർദ്ദങ്ങളുടെ ഫലമായാണ് നാല് സീറ്റെങ്കിലും റിസർവ് ചെയ്യാനുള്ള സാഹചര്യം നിലനിൽക്കുന്നത്. വാണിയമ്പലം റെയിൽവെ സ്റ്റേഷൻ തരം താഴ്ത്താനും ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ മാത്രമാക്കി നടത്തിപ്പിന് ഏജൻസി വെയ്ക്കുവാനുള്ള ശ്രമവും നടന്നിരുന്നു. പുഷ്പുൾ ട്രെയിൻ അനുവദിക്കുവാൻ പുതിയ റെയിൽവെ ബജറ്റിൽ തുക വകകൊള്ളിച്ചുവെങ്കിലും മേലാറ്റൂർ -നിലമ്പൂർ വരെയുള്ള റെയിൽപാതയുടെ ദുർബലത ആ പ്രഖ്യാപനം വെറും ജലരേഖയായി മാറുമോ എന്ന് ഈ പ്രദേശങ്ങളിലെ ജനങ്ങൾ ഭയപ്പെടുന്നു. തടിവ്യവസായ കേന്ദ്രമായ വാണിയമ്പലത്തുനിന്നും മരം ഉൽപ്പന്നങ്ങൾ കയറ്റി അയക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ റെയിൽവെ അധികാരികൾ ശ്രദ്ധിക്കണം. നിലവിലുള്ള ട്രെയിൻ 2 സർവ്വീസ് മാത്രമാണ് നടത്തുന്നത്. പുഷ്പുൾ ട്രെയിൻ വന്നാൽ അത് കുറഞ്ഞത് 4 സർവ്വീസ് നടത്തുകയും ഗുരുവായൂർക്ക് സർവ്വീസ് നടത്തുകയും വേണം. മറ്റ് ദീർഘദൂര ട്രെയിനുകൾക്ക് കണക്ഷൻ ട്രെയിൻ കിട്ടത്തക്ക വിധത്തിൽ ടൈംഷെഡ്യൂൾ മാറ്റുകയും വേണം.

ഷൊർണ്ണൂർ - നിലമ്പൂർ പാത, ചുങ്കത്തറ - എടക്കര - മരുത വഴി ബത്തേരിയിലൂടെ ഗുണ്ടൽപേട്ട, മൈസൂർ ലൈനുമായി ബന്ധിപ്പിച്ചാൽ അത് ഈ പ്രദേശത്തുള്ളവർക്ക് ദീർഘദൂരയാത്രക്ക് പ്രയോചനപ്രധമാകും, അതിനും പുറമെ മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർക്ക് വലിയൊരു ഗതാഗത മാർഗ്ഗമായിത്തീരുകയും ചെയ്യും.

ഷൊർണ്ണൂർ - നിലമ്പൂർ പാത ഫറോക്ക് ലൈനുമായി ബന്ധിപ്പിക്കുക.

ഇപ്പോഴത്തെ ടൈംഷെഡ്യൂളിൽ ആവശ്യമായ മാറ്റം വരുത്തി, രാവിലെ നിലമ്പൂരിൽ നിന്നും പുറപ്പെട്ട് കോയമ്പത്തൂർ ട്രെയിനിന് കണക്ഷൻ കിട്ടത്തക്കവിധം ഷൊർണ്ണൂരിൽ എത്തിയാൽ ഈ സർവ്വീസ് ഇന്നത്തേക്കാൾ ലാഭകരമായിരിക്കും.

വെള്ളാമ്പുറത്ത് നിന്ന് എടുത്തുപോയ ഹാൾട്ടിംഗ് സ്റ്റേഷൻ പുനസ്ഥാപിക്കുകയും, വാണിയമ്പലത്ത് നിന്നും കൂടുതൽ റിസർവ്വേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. വാണിയമ്പലം സ്റ്റേഷനിൽ ഫോൺ കണക്ഷൻ ഏർപ്പെടുത്തുക.

സമഗ്ര ഊർജ്ജാസൂത്രണം

ഊർജ്ജാസൂത്രണം എന്ന് പറയുമ്പോൾ വൈദ്യുതി ഉൽപ്പാദനവും വിതരണവും എന്നാണ് പൊതുവെ മനസ്സിലാക്കുന്നത്. വിറക്, ചാണവരളി, ചപ്പുചവറുകൾ മറ്റു ജൈവവാതകം , മണ്ണെണ്ണ, പാചകവാതകം, പെട്രോൾ മുതലായ പെട്രോളിയം ഉൽപ്പന്നങ്ങൾ, കൽക്കരി, പ്രകൃതി വാതകം തുടങ്ങി ഊർജ്ജസ്രോതസ്സുകളെ നാം ഉപയോഗപ്പെടുത്തുന്ന നമ്മുടെ പഞ്ചായത്തിൽ കൂടുതലും വിറക്, മണ്ണെണ്ണ, പാചക വാതകങ്ങൾ ആണ് ഉപയോഗിക്കുന്നത്. കാര്യക്ഷമത കൂടിയ വിറകടുപ്പിന്റെ പ്രാധാന്യം മറന്നു കൊണ്ടുള്ള ഒരു ഊർജ്ജാസൂത്രണം വ്യർത്ഥമായിരിക്കും നമ്മുടെ പഞ്ചായത്തിൽ.

വൈദ്യുതി ലഭിക്കാത്ത വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്രയും വീടുകളിൽ മണ്ണെണ്ണ വിളക്ക് ആണ് വെളിച്ചത്തിന് വേണ്ടി ഉപയോഗിക്കുന്നത്. ഇവയെയെല്ലാം കണക്കിലെടുത്ത് സംരംക്ഷണം മറ്റും ലാക്കാക്കി ഒരു ആസൂത്രണം നടത്തേണ്ടിയിരിക്കുന്നു.

ആറാം പദ്ധതി കാലത്ത് രൂപീകരിച്ച ഐ.ആർ.ഇ.പി. പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കെടിപ്പിക്കാത്ത പദ്ധതിയായതിനാൽ ഈ പദ്ധതിക്ക് വിജയം കണ്ടെത്താൻ സാധിച്ചില്ല. ഊർജ്ജാസൂത്രണ പദ്ധതിയായിരുന്നുവത്രെ ഇത്.

ഊർജ്ജാസൂത്രണം ഒറ്റപ്പെട്ട പ്രക്രിയയാകുമ്പോൾ ഉണ്ടായേക്കാവുന്ന പ്രധാന അപകടം ഊർജ്ജത്തിന്റെ അമിത ഉപയോഗം ശ്രദ്ധിക്കപ്പെടുന്നില്ല എന്നതാണ്. നാം ഉപയോഗിക്കുന്ന ഊർജ്ജം എത്ര ശതമാനം നമുക്ക് ഉപകരിക്കുന്നു എന്നായിരിക്കണം നാം ചിന്തിക്കേണ്ടത്. ആദിമ മനുഷ്യൻ മൂന്ന് കല്ലിൽ ഉപയോഗിച്ച അതേ അടുപ്പു സംവിധാനമാണ് നാമിന്നും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നൂറു ചിരട്ട കത്തിച്ചാൽ കിട്ടുന്ന ഊർജ്ജം ശരിക്കും ഈ മൂന്ന് കല്ലടുപ്പ് ഉപയോഗിക്കുന്നത് കൊണ്ട് നമുക്ക് ഉപയോഗ്യമാകുന്നത് വെറും 8 ചിരട്ടയിൽ താഴെയുള്ള ചിരട്ടയുടെ ഊർജ്ജം മാത്രമാണ്. ദക്ഷത കൂടിയ അടുപ്പ് ഉപയോഗിക്കുന്നത് കൊണ്ട് മാത്രം നമുക്ക് നാലിരട്ടിയെങ്കിലും ഊർജ്ജം ലാഭിക്കാൻ കഴിയും. അപ്പോഴേ നമ്മുടെ വീടുകളിൽ പാഴായി പോകുന്ന ഊർജ്ജത്തിന്റെ അളവൊന്ന് ഊഹിച്ച് നോക്കൂ. നമ്മുടെ പഞ്ചായത്തിൽ 90% ൽ അധികം വീടുകളിലും ഉപയോഗിക്കുന്നത് ഈ ആദിമകാല വിറകടുപ്പാണ്. ഇവിടേയും സാധാരണക്കാരൻ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് ചോർന്ന് പോകുന്നത്. ധനനഷ്ടവും അവർക്ക് തന്നെ. വിറകടുപ്പിന്റെ അഞ്ചിരട്ടി ദക്ഷതയുണ്ട് ഗ്യാസ് സ്റ്റൗവിന്. നമ്മുടെ പഞ്ചായത്തിൽ ഗ്യാസ് സ്റ്റൗ ഉപയോഗിക്കുന്നവരുടെ എണ്ണം കേവലം മൂന്ന് ശതമാനത്തിൽ താഴെയാണ്. ഇതിൽ നിന്നു തന്നെ ദക്ഷത കൂടിയ വിറകടുപ്പിന്റെ പ്രചാരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുമല്ലോ. ഇതോടൊപ്പം ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്കരണവും പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതുണ്ട്.

ഒരു ഊർജ്ജസർവ്വേയിലൂടെ കൃത്യമായ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഊർജ്ജാസൂത്രണ പരിപാടിക്ക് തുടക്കം കുറിക്കാം.

വൈദ്യുതി

1960 ൽ ആണ് വണ്ടൂരിൽ ആദ്യമായി വൈദ്യുതി ലഭിച്ചത്. ആദ്യമായി മണലുമ്മൽ വീട്ടിലാണ് വണ്ടൂരിൽ വൈദ്യുതി വന്നത്.

പഞ്ചായത്തിൽ വൈദ്യുതി വിതരണം ആരംഭിച്ച വർഷങ്ങൾ പലത് കഴിഞ്ഞെങ്കിലും നാളിതുവരെ ഒരു വാർഡിലും വൈദ്യുതീകരണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. 2,5,6,7,8,9,10,11,13 വാർഡുകളിൽ വളരെ കൂടുതൽ പ്രദേശങ്ങളിൽ വൈദ്യുതി എത്താൻ ബാക്കിയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ മേജർ സെക്ഷൻ ഓഫീസ് വണ്ടൂരിൽ പ്രവർത്തിക്കുന്നു.

നിലമ്പൂർ 110 കെ.വി. സബ്സ്റ്റേഷനനിൽ നിന്നാണ് വണ്ടൂർ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ആകെയുള്ള 4859 ഉപഭോക്താക്കളിൽ 81.7% പേരും ഗാർഹിക ഉപഭോക്താക്കാളാണ്. കാർഷിക ഉപഭോക്താക്കൾ 2.17 ശതമാനവും വ്യാപാര ഉപഭോക്താക്കൾ 14.67 ശതമാനവും വ്യാവസായിക ഉപഭോക്താക്കൾ 1.46 ശതമാനവുമാണ്.

വണ്ടൂർ പഞ്ചായത്തിൽ 345 സ്ട്രീറ്റ് ലൈറ്റുകളും 20 സോഡിയം വേപ്പർ ലാമ്പുകളും ഉണ്ട്. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം 5525 രൂപ പഞ്ചയാത്ത് അടക്കുന്നുണ്ട്.

വണ്ടൂർ പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

നമ്പർ	കപ്പാസിറ്റി	സ്ഥലപേര്
1.	66 kVA	വാണിയമ്പലം (പാപ്പറ്റ)
2.	100 "	വാണിയമ്പലം (പാറക്കോട്ടിൽ)
3.	160 "	വാണിയമ്പലം (സി.കെ. മിൽ)
4.	66 "	വാണിയമ്പലം (ശാന്തി റോഡ്)
5.	66 "	കുയ്യംപൊയിൽ
6.	100 "	ശാന്തിനഗർ
7.	100 "	ഏമങ്ങാട്
8.	100 "	മുടവങ്ങാട്
9.	100 "	പഴയ വാണിയമ്പലം
10.	100 "	കുറ്റിയിൽ
11.	100 "	കൊട്ടംപാറ
12.	100 "	വണ്ടൂർ
13.	100 "	"
14.	100 "	"
15.	100 "	"
16.	100 "	"
17.	100 "	"
18.	100 "	"
19.	66 "	മരക്കാർകുന്ന് (നിലമ്പൂർ)
20.	66 "	കാരക്കാപറമ്പ്
21.	66 "	കുറുമ്പയാൽ
22.	100 "	കൂരാട്
23.	100 "	കരിമ്പൻതൊടി
24.	100 "	തച്ചങ്ങോട്
25.	100 "	കാരാട് ജംഗ്ഷൻ

വൈദ്യുതീകരിച്ച കോളനികൾ

		സൗജന്യസ്സാബിൽ ഉപഭോക്താക്കൾ	അല്ലാത്തവർ
കൂരാട്, കക്കുണ്ട്	11 വീട്	10	1
അരിപ്രമാട്	16	14	2
മുടവങ്ങാട്	20	20	-
കൊട്ടംപാറകുന്ന്	22	20	2
മേലെമാം	10	10	-
പ്പാരിയിൽ	28	28	-

നടപ്പുവർഷത്തിൽ 105 ഓർഡിനറി കണക്ഷനുകളും 300 ഓ.വൈ.ഇ.സി. കണക്ഷനുകളും വണ്ടൂർ പഞ്ചായത്തിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകർ

ഓർഡിനറി - 150

ഓ.ടി.പി. - Nil

പഴഞ്ഞ - 115

പഞ്ചായത്ത് പ്രദേശത്തെ 21 കിലോമീറ്റർ 11 കെ.വി. ലൈനുകളും 76 കിലോമീറ്റർ ത്രീ ഫൈസ് ലൈനുകളുമുണ്ട്.

പ്രശ്നങ്ങൾ

1. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ് അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.
2. 11 കെ.വി. ലൈനുകൾ പലയിടത്തും മരങ്ങളുള്ള പറമ്പുകളിലൂടെ കടന്നു പോകുന്നതിനാൽ പ്രസരണ നഷ്ടം ഉണ്ടാകുന്നു.
3. സിംഗിൾ ഫൈസ് ലൈനുകൾ യാതൊരു തത്വദീക്ഷയുമില്ലാതെ പാടങ്ങൾ, പറമ്പുകൾ എന്നിവയിലൂടെ വളഞ്ഞു പുളഞ്ഞു പോകുന്നു. ഇത് പോസ്റ്റുകൾ, കമ്പികൾ എന്നിവ കൂടുതലായി ചിലവാകുന്നതിനും പ്രസരണ നഷ്ടത്തിനും ഇടവരുന്നു.
4. പഞ്ചായത്തിൽ മുപ്പത് പട്ടികജാതി കോളനികളും ഒരു പട്ടിക വർഗ്ഗ കോളനിയും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്. കോളനികളായി അംഗീകരിക്കാത്ത പ്രദേശങ്ങൾ 12 എണ്ണമാണ്. അവിടെയും വൈദ്യുതി എത്തിക്കണം.
5. പഞ്ചായത്തിലെ ചില വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് തീരെ ഇല്ല.
6. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശങ്ങളും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.
7. പാടങ്ങളിൽ തെങ്ങുകൃഷി വന്നതോടു കൂടി പാടങ്ങളിലൂടെ കടന്നു പോയിരുന്ന ലൈനുകളിലും പ്രസരണ നഷ്ടം അനുഭവപ്പെടുന്നു.

സാധ്യതകൾ - നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ മുഴുവൻ സ്ഥലത്തും വൈദ്യുതി എത്തിക്കാൻ 26 കിലോമീറ്റർ 11 കെ.വി. ലൈനുകളും 68 കീ.മി. ത്രീഫൈസ് ലൈമുകളും 117 കീ.മി. സിംഗിൾ ഫൈസ് ലൈനുകളും വലിക്കേണ്ടതുണ്ട്.

മിക്ക ഗ്രാമസഭകളിലും വൈദ്യുതി കണക്ഷനുകൾക്ക് വേണ്ടിയുള്ള നീണ്ട പട്ടിക സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാർ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കേണ്ടിയിരിക്കുന്നു.

പറമ്പുകളിലൂടെ കടന്നുപോകുന്ന 11 കെ.വി. ലൈനുകളിൽ ഭൂരിഭാഗവും മെയിൻ റോഡിലേക്ക് മാറ്റുവാൻ കഴിയും.

കൂരാട് പ്രദേശത്ത് പുതിയ വൈദ്യുതി ലൈൻ വലിക്കുവാൻ 1 ലക്ഷം രൂപവരെ സംഭാവന നൽകുവാൻ ആ പ്രദേശത്തുള്ളവർ തയ്യാറാണ്.

ഒ.വൈ.ഇ.സി. യിൽ പണമടച്ചവരുടെ മുൻഗണനാ ക്രമമനുസരിച്ചുള്ള ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചാൽ ഉപഭോക്താക്കൾക്ക് ബോർഡിലുള്ള വിശ്വാസം വർദ്ധിക്കും.

വൈദ്യുതീകരിക്കുവാൻ ബാക്കിയുള്ള കോളനികൾ വൈദ്യുതീകരിക്കാൻ പഞ്ചായത്ത് വയറിംഗ് ചാർജ്ജ് കൊടുക്കാനുള്ള കോളനികൾ വൈദ്യുതീകരിക്കുവാൻ പഞ്ചായത്ത് വയറിംഗ് ചാർജ്ജ് കൊടുക്കുവാനുള്ള - സാധ്യതകൾ ആരായണം.

വണ്ടൂർ പഞ്ചായത്തിലെ വൈദ്യുതി കണക്ഷനുകൾക്ക് മാത്രമായി ഇലക്ട്രിസിറ്റി ഓഫീസിൽ പ്രത്യേകമായ ബില്ലിംഗ് സെക്ഷൻ ഏർപ്പെടുത്തണം. വ്യാവസായിക കണക്ഷനുകൾ, കാർഷിക കണക്ഷനുകൾ, എന്നിവ എളുപ്പത്തിൽ തരംതിരിക്കാൻ കഴിയുന്ന റിക്കാർഡിംഗ് സിസ്റ്റവും ഉണ്ടാക്കണം.

പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിൽ

പഞ്ചായത്ത് ഭരണസമിതിക്ക് നിയന്ത്രണം ഉണ്ടായിരിക്കണം.

വണ്ടൂർ പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതിയാണ് വിതരണം ചെയ്യുന്നത്. ഉപഭോക്താക്കളുടെ ആവശ്യത്തിന്റെ അൻപത് ശതമാനം പോലും വൈദ്യുതി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

വണ്ടൂർ-തിരുവാലി പഞ്ചായത്തുകളുടെ അതിർത്ഥിയിലുള്ള പുല്ലൂർ വളവിലെ മിച്ചഭൂമി പ്രദേശത്ത് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള സ്ഥലസൗകര്യമുണ്ട്. ഇവിടെ നിന്നുള്ള വൈദ്യുതി, വണ്ടൂർ - തിരുവാലി,

പോരൂർ, കാളികാവ്, പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുവാൻ കഴിയും.

അനർട്ട്

പഞ്ചാത്തിലെ 96% ജനങ്ങളും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ, പാചകവാതകം എന്നിവ ഉപയോഗിക്കുന്നവർക്ക് 4% മാത്രമാണ്. ഈ 4% ത്തിൽ തന്നെ മണ്ണെണ്ണ, പാചക വാതകം എന്നിവ ഉപയോഗിക്കുന്നവർ വിറകും പാചകാവശ്യത്തിന് ഉപയോഗിക്കുന്നു.

വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ദക്ഷത കൂടിയതും പുകശല്യമില്ലാത്തതുമായ അനർട്ടഡ് അടുപ്പുകളെ പറ്റി ബോധവത്കരണം നടത്തുവാൻ കഴിഞ്ഞാൽ അത് ഈ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തും.

കേന്ദ്രസർക്കാറിന്റെ അനർട്ടിന് മലപ്പുറം ജില്ലയിൽ രണ്ട് ഓഫീസുകൾ മാത്രമാണ് നിലവിലുള്ളത്. ഇവ അരീക്കോട്ടും എടവണ്ണപ്പാറയിലുമാണ് സ്ഥിതി ചെയ്യുന്നത്.

സൗര ടെലിവിഷൻ, സൗര വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര അടുപ്പുകൾ, സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾ, സൗര പാനലുകളും സെല്ലുകളും സോളാർ ഡ്രയർ, സോളാർ കുക്കറുകൾ തുടങ്ങി ഊർജ്ജത്തിന്റെ വലിയോരു സ്രോതസ്സ് അനർട്ട് നമുക്ക് മുന്നിൽ തുറന്നിട്ടിരിക്കുന്നു. പക്ഷേ ഇവ ഒന്നും നമ്മുടെ പഞ്ചായത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഇവ പ്രയോജനപ്പെടുത്തണമെങ്കിൽ അനർട്ടിന്റെ ഒരു ഓഫീസ് അടിയന്തിരമായി വണ്ടൂരിൽ സ്ഥാപിക്കണം. ഈ ഓഫീസ് നിലവിൽ വന്നാൽ അനർട്ട് സൗരോർജ്ജ ഉപകരണങ്ങൾക്ക് വേണ്ടി സബ്സിഡി ഇനത്തിൽ ചിലവഴിക്കുന്ന സംഖ്യയുടെയൊരുപങ്ക് നമ്മുടെ പഞ്ചായത്തിന് ലഭ്യമാക്കുവാനും കഴിയും. മാത്രമല്ല പാഴായി പോകുന്ന സൗരോർജ്ജത്തിന്റെ ചെറിയോരു അംശം ഉപയോഗപ്പെടുത്തുവാനും കഴിയും.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും തടവില്ലാതെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും തെരുവു വിളക്കുകൾക്കുമായി സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു ബദൽ സംവിധാനം നടപ്പിലാക്കാവുന്നതാണ്.

വരാനിരിക്കുന്ന അഞ്ച് വർഷകാലത്തെ വൈദ്യുതി രംഗത്തെ പുരോഗതിയിലെക്കുള്ള കാൽവെയ്പ് കുറഞ്ഞത് അൻപത് വർഷക്കാലത്തിന് പ്രയോജനപ്പെടും വിധം രൂപകൽപ്പന ചെയ്യുവാൻ കഴിയണം.

സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ് അപ് ഉപയോഗം, ബോർഡ് ജീവിനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി, പ്രസരണ നഷ്ടം (സംസ്ഥാനശരാശരിയേക്കാൾ കൂടുതലാണ്.) (മുപ്പത് ശതമാനത്തിലധികം പ്രസരണ നഷ്ടം), ഇവയെല്ലാം ശാസ്ത്രീയമായും ജനകീയമായും ഇടപെട്ടാൽ ശരിയാക്കാവുന്നതെയുള്ളൂ. ഉദാ- വൈദ്യുതി ഓഫീസിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ ഉപഭോഗം.

ബോർഡ് ജീവിനക്കാരിൽ പലരും സാമൂഹിക പ്രതിബന്ധതയില്ലാത്തവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥ കാണിക്കുന്നവരും ആണെന്ന അർത്ഥം വരുന്ന ധ്വനികൾ മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത് ബന്ധപ്പെട്ടവർ പരിശോധിക്കാൻ മിനക്കൊടാത്ത അവസ്ഥയുണ്ട്. ആയതിനാൽ തന്നെ പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറിന്റെ

നേതൃത്വത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ള ഒരു ജനകീയ സമിതിയുടെ ആവശ്യം വിളിച്ചോതുന്നു. ബോർഡിന്റെ പരിമിതികളെ കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനും ഇത്തരം സമിതികൾ സഹായകമാണ്. ചുരുക്കത്തിൽ ബോർഡിന്റെ പ്രവർത്തനം സുതാര്യമാകണം.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുലൂടെ അടുത്ത പദ്ധതി കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഇതിന് ഉപോദ്ബലകമായി സംസ്ഥാനതല ഊർജ്ജാസൂത്രണ സമിതിയുടെ സഹായവും പ്രതീക്ഷിക്കുന്നു.

നിർദ്ദേശങ്ങൾ

അടുപ്പു സർവ്വേ നടത്തണം.

വീട്ടമ്മാരുടെ അയൽകൂട്ടയോഗം വിളിച്ച് ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണം, ഗുണമേൻമ എന്നിവയെ കുറിച്ച് ക്ലാസ്സ് എടുക്കണം. ചർച്ച ചെയ്യണം.

മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പ് വ്യാപനം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കി ജില്ലയിലെ ആദ്യത്തെ പുകയില്ലാ പഞ്ചായത്ത് നമ്മുടെതാവണം. അതിന് അനർട്ടുമായി ബന്ധപ്പെടണം. സബ്സിഡി കിഴിച്ച് ഗുണഭോക്താവ് നൽകേണ്ടുന്ന തുക പഞ്ചാ-വാർഡ് തലത്തിൽ ശേഖരിക്കണം. വാർഡുതല സമിതികളെ കൊണ്ട് അടുപ്പ് വ്യാപന പ്രവർത്തനം നടത്തണം.

മാർക്കറ്റ്

വണ്ടൂരിലേയും സമീപപ്രദേശങ്ങളിലെയും കാർഷീകോൽപ്പന്നങ്ങളുടേയും വിപുലമായ ആഴ്ചചന്ത സർവ്വവിധ പ്രതാപങ്ങളോടും കൂടി നിലനിന്നിരുന്ന പ്രദേശമാണ് വണ്ടൂർ. നിലമ്പൂർ റോഡിനും കാളിക്കാവ് റോഡിനും ഇടയിൽ ഇന്ന് പഴയ ചന്തകുന്ന് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശത്തായിരുന്നു വണ്ടൂരിലെ ആദ്യകാല ചന്ത നിലനിന്നിരുന്നത്. പിൽകാലത്ത് പാണ്ടിക്കാട് റോഡിൽ പള്ളിക്കുന്നിലേക്ക് ചന്ത മാറി. പ്പോയ് പോയ വ്യാപാര പ്രതാപത്തിന്റെ സ്മാരകമെന്നോണം ഇന്നും പള്ളികുന്നിൽ ചന്തപ്പുര നിൽക്കുന്നു.

കാർഷീകോൽപ്പന്നങ്ങളായ ചേന, ചേമ്പ്, കാവുത്ത് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും പച്ചക്കറി ഉൽപ്പന്നങ്ങളായ പയർ, മത്തൻ, ഇളവൻ തുടങ്ങിയവയും വെറ്റില, അടക്ക എന്നിവയും ഇവിടെ വിപണനം നടന്നിരുന്നു.

ഉണക്ക മത്സ്യം, പണി ആയുധങ്ങൾ എന്നിവയുടെയും വിപുലമായ വിപണനം ഇവിടെ നടന്നിരുന്നു.

വണ്ടൂരിന്റെ പുരാതന കാലം മുതൽക്കെ കാലി ചന്തയും നില നിന്നിരുന്നു.

1945-60 കാലഘട്ടത്തിൽ വണ്ടൂരിലും പരിസരപ്രദേശങ്ങളിലുമുണ്ടായ വസൂരിരോഗം എല്ലാവിധ വിപണനങ്ങളും നശിപ്പിച്ചു എന്നാണ് വസ്തുത.

വണ്ടൂരിലെ ആഴ്ചചന്തയുടെ ഒരു ഭാഗം പിൻകാലത്ത് വാണിയമ്പലത്തേക്ക് മാറി.

ഇന്ന് വണ്ടൂരിൽ ചൊവ്വാഴ്ച്ച ദിവസങ്ങൾ ചന്ത ദിവസങ്ങളാളെന്ന് പറയപ്പെടുന്നു എന്ന് രേഖപ്പെടുത്തേണ്ട അവസ്ഥയാണ്.

ചൊവ്വാഴ്ച ദിവസങ്ങളിൽ വണ്ടൂരിലെത്തുന്ന കടച്ചിക്കല്ലുകാരും കത്തിമൂർച്ച കൂട്ടുന്നവർ വെറ്റില, അട?ക്ക കച്ചവടക്കാരും കഴിഞ്ഞ കാലഘട്ടത്തിൽ മെയ്ക്കുവന്ന പ്രവർത്തികളുടെ ഒരു അനുഷ്ഠാനം ഏന്നോണം ഇന്നും എത്തുന്നു. അവരുടെ കാലവും കഴിഞ്ഞാൽ വണ്ടൂരിലെ ആഴ്ചചന്ത പ്രായമായ ഏതാനും ആളുകളുടെ സ്മൃതിപഥങ്ങളുൽ ഓർമ്മകൾ മാത്രമായി അവശേഷിക്കും.

മത്സ്യം, മാംസ മാർക്കറ്റ്

വണ്ടൂരിൽ പാണ്ടിക്കാട് റോഡിൽ വഴിക്കത്തോട് ഭാഗത്തായിരുന്നു മത്സ്യ മാർക്കറ്റ് 9 വർഷം മുമ്പ് സ്ഥിതി ചെയ്തിരുന്നത്. പിൽകാലങ്ങളിൽ മത്സ്യമാർക്കറ്റ് ഇന്നത്തെ പെട്രോൾ പമ്പിന് അപ്പുറത്തേക്ക് അവിടെ നിന്ന് ഗവ. ആശുപത്രി ജംഗ്ഷനിലേക്കും മാറ്റി സ്ഥാപിക്കുകയുണ്ടായി. 1987-88 കാലഘട്ടത്തിൽ മത്സ്യ മാർക്കറ്റ് വണ്ടൂർ ബസ്റ്റാൻറിന് പിൻഭാഗത്ത് ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപി

ക്കുകയുണ്ടായി. എന്നാൽ ഇന്നും വണ്ടൂരിൽ അംഗീകൃത മത്സ്യമാർക്കറ്റ് ഇല്ല. തികച്ചും വൃത്തിഹീനമായ സാഹചര്യങ്ങളിൽ മത്സ്യവിപണനം നടക്കുന്ന അവസ്ഥയാണ് ഇന്നും കാണാൻ കഴിയുന്നത്.

മാംസവിൽപനയുടെ കാര്യത്തിൽ വണ്ടൂർ വളരെ മുമ്പിലാണ്. വണ്ടൂർ ടൗണിൽ ഏല്ലാ ദിവസവും പ്രവർത്തിക്കുന്ന 6 ഇറച്ചികടകളുണ്ട്(ബസ്സ്റ്റാൻറ് 3, പെട്രോൾ പമ്പിന് സമീപം 1, പള്ളികുന്ന് 2) വാണിയമ്പലത്ത് എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്ന രണ്ട് ഇറച്ചികടകളുണ്ട്.

വെള്ളിയാഴ്ച ദിവസങ്ങളിൽ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 20 ഇറച്ചികടകൾ പ്രവർത്തിക്കുന്നു. ആഴ്ചകളിൽ 2 ദിവസങ്ങളിൽ ഇറച്ചികച്ചവടം നടത്തുന്ന 10 കടകളും പഞ്ചായത്തതിർത്ഥിയിൽ ഉണ്ട്. ഇത്രയേറെ ഇറച്ചികച്ചവടം നടത്തുന്ന വണ്ടൂർ പഞ്ചായത്തിൽ അംഗീകൃത മത്സ്യ മാംസ മാർക്കറ്റ് ഇല്ലാ എന്നത് വലിയൊരു പോരായ്മ തന്നെയായി കാണേണ്ടതാണ്.

നിർദ്ദേശങ്ങൾ

വണ്ടൂർ പഞ്ചായത്ത് ആസ്തനത്ത് പച്ചക്കറി സ്റ്റാളുകൾ, മത്സ്യ,മാംസ മാർക്കറ്റുകൾ എന്നിവ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി നർമ്മിക്കണം.

വണ്ടൂർ പഞ്ചായത്തിലെ മറ്റോരു അങ്ങാടിയായ വാണിയമ്പലത്ത് പച്ചക്കറി സ്റ്റാളുകളും മത്സ്യ മാംസ മാർക്കറ്റുകളും സ്ഥാപിക്കണം.

വണ്ടൂർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നേന്ത്രവാഴ കൃഷിയുണ്ട് ഇവിടെ ഉൽപ്പന്നങ്ങൾ വാങ്ങി വിപണനം നടത്തുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം സ്ഥാപിക്കുകയും വാർഡുതോറും ഇവയുടെ സംഭരണ കേന്ദ്രങ്ങൾ തുറക്കുകയും വേണം.

അത്താണിക്കൽ, കാരാട്ട് വെള്ളാമ്പുറം, കാപ്പിൽ, വടക്കുമ്പാടം, വാണിയമ്പലം, വണ്ടൂർ എന്നീ പ്രദേശങ്ങൾ അടുത്ത അഞ്ചു വർഷ കാലത്ത് കൈവരിക്കാവുന്ന പുരോഗതി കണക്കിലെടുത്ത് പച്ചക്കറി സംഭരണ, വിപണനശാലകൾ സ്ഥാപിക്കണം.

വണ്ടൂർ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായതത്രയും നാളികേരം പഞ്ചായത്തതിർത്ഥിയിൽ നിന്നും ലഭ്യമാണ്. എന്നാൽ ഇവയുടെ സംഭരണ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതോടൊപ്പം കൊപ്പം സംഭരണ സംവിധാനം ഉണ്ടാവണം.

ഇറച്ചിക്കോഴി വ്യാപാരം

സമ്പന്നതയുടെയും സുഖഭോഗത്തിന്റേയും ഉപസൃഷ്ടി എന്ന് നാമകരണം ചെയ്യാവുന്ന ഒരു പുതിയ വ്യാപാരമേഖലയാണ് ഇറച്ചിക്കോഴി വ്യാപാരം. കല്ല്യാണ സൽകാര പന്തലുകളിൽ തീൻമേശകളിൽ ഇഷ്ടവിഭവമായി, ഇറച്ചിക്കോഴി മാറിയിരിക്കുന്നു. വണ്ടൂർ പഞ്ചായത്തിൽ ശാന്തിനഗറിൽ മാത്രമാണ് ഇറച്ചിക്കോഴി വളർത്തൽ ഉള്ളത്.

പഞ്ചായത്തതിർത്ഥിയിൽ ലഭ്യമായ കണക്കനുസരിച്ച് ഒരു ദിവസം ശരാശരി 960 കിലോഗ്രാം കോഴി ഇറച്ചി ചിലവാകുന്നുണ്ട്. വിവാഹാവസരങ്ങളിലെ കണക്ക് എടുത്താൽ ഇതിന്റെ തോത് ഇതിലും വലുതാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ

വണ്ടൂർ ടൗണിലും വാണിയമ്പലത്തുമായി നിലവിൽ ആറ് ഇറച്ചിക്കോഴി വില്പന സ്റ്റാളുകൾ ഉണ്ട്. ഒന്നും അംഗൂകൃതം അല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇവിടെ നിന്നുള്ള അവശിഷ്ടങ്ങൾ പരിസര മലിനീകരണത്തിന് ഇടയാകുന്നു. കാക്കകൾ ഇവിടെ നിന്നുള്ള അവശിഷ്ടങ്ങൾ കിണറുകളിൽ പോലും നിക്ഷേപിക്കുന്നു.

പരിഹാര മാർഗ്ഗം

പഞ്ചായത്ത് വക സ്ലോട്ടർഹൗസ് നിർമ്മിക്കണം. കന്നുകാലികളെ പരിശോധിച്ച് അറക്കുന്നതിനുള്ള സൗകര്യെ ഏർപ്പെടുത്തണം. അറവുശാലയിൽ കോഴിയുടെ അവശിഷ്ടങ്ങൾ കൂടി സംസ്കരിച്ച് കംബോസ്റ്റാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

5-7

പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസ പരമായും സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന വണ്ടൂരിന്റെ ആദ്യ കാല ഘട്ടങ്ങൾ ഓർമ്മിപ്പിക്കുമ്പോൾപാർപ്പിട രംഗത്ത് വണ്ടൂർ ബഹു ദൂരം മുന്നോട്ട് വന്നിരിക്കുന്നു എന്ന് കാണാൻ കഴിയും

ഏതാനും നമ്പൂതിരി ഇല്ലങ്ങളും, പുരാതന തറവാടുകളും മാറ്റി നിർത്തിയാൽ സാധാരണ ജനങ്ങളുടെ പാർപ്പിടങ്ങളുടെ അവസ്ഥ ദയനീയമായിരുന്നു.

പകലന്തിയോളം പണിയെടുത്താലും അർദ്ധ പട്ടിണിയും മുഴു പട്ടിണിയും മാത്രം സമ്പാദ്യമുണ്ടായിരുന്ന അവർക്ക് നല്ലൊരു വീടിനെ പറ്റിപ്പോലും ആദ്യകാലഘട്ടങ്ങളിൽ ചിന്തിക്കാനാവില്ലായിരുന്നു.

ബീഡി തെരുപ്പ്തൊഴിലാളികൾ, അനുബന്ധ രോഗങ്ങളുടെ നെരിപ്പോടിൽജീവിതം പോലും എരിച്ചടക്കുകയായിരുന്നു.

കർഷക തൊഴിലാളികളും , പരമ്പരാഗത തൊഴിലാളികളും നിത്യ വൃത്തിക്കുപോലും വിഷമിച്ചിരുന്നു.

വണ്ടൂരിൽ നിന്നും ധാരാളം യുവാക്കൾ ജോലി

തേടി പോയിട്ടുണ്ട്. ഗൾഫ് നാടുകളിൽ അവിടെ നിന്നുള്ള വരുമാനമാണ് പാർപ്പിട, കെട്ടിട നിർമ്മാണരംഗങ്ങളിൽ ഇന്ന് കാണുന്ന മാറ്റങ്ങളുടെ 95 ശതമാനവും.

മെയിൻ റോഡുകളുടേയും പഞ്ചായത്ത് റോഡുകളുടേയും ഓരങ്ങളിലാണ് പുതിയ വീടുകൾ ഉയർന്നു വരുന്നത്. പുതിയ വീടുകളിൽ 40 % വും കോൺക്രീറ്റ് സാധനങ്ങളാണ്. വയലുകൾ നികത്തി വീട് നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നു. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണതക്ക് കടിഞ്ഞാണിട്ടേ മതിയാകൂ.

നിലമ്പൂർ കോ - ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തന മേഖലയിലാണ് വണ്ടൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും ലോണെടുക്കുന്നവരുടെ എണ്ണം കൈവിരലുകളിൽ ഒതുക്കാവുന്ന അവസ്ഥയാണ്.

വണ്ടൂർ പഞ്ചായത്തിന് മാത്രമായി ഒരു ഹൗസിംഗ് സൊസൈറ്റി തുടങ്ങേണ്ടതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഉദാരമായ വ്യവസ്ഥകളോടെ ഭവന നിർമ്മാണത്തിന് ലോൺ ലഭ്യമാക്കിയാൽ ഭവന നിർമ്മാണ മേഖലയിൽ വണ്ടൂർ പഞ്ചായത്തിന് ബഹു ദൂരം മുന്നോട്ട് പോകാൻ കഴിയും.

വണ്ടൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ മേകലയിലും സർക്കാർ ഉദ്യോഗങ്ങളിലും ആദ്യ കാലത്ത് ഭൂരിഭാഗം ജീവനക്കാരും അന്യ പ്രദേശങ്ങളിൽ നിന്നുള്ളവരായിരുന്നു. ഭവന നിർമ്മാണം, കെട്ടിട നിർമ്മാണ മേകലയിലെ വിദഗ്ധ തൊഴിലാളികളുടെ കാര്യത്തിൽ പോലും ഈ പ്രവണത ദർശിക്കാവുന്നതാണ്. നിലവിൽ കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധ തൊഴിലാളികളിൽ 60% വും അന്യ നാടുകളിൽ നിന്ന് എത്തിയവരാണ്.

ഗൾഫ് നാടുകളിൽ നിന്ന് ലീവിലെത്തുന്ന വർ ഒരു കോൺട്രാക്ടറെ സമീപിക്കുകയും പണമെത്രയായാലും വേണ്ടില്ല ചെലവ് കുറഞ്ഞ വീട് ഉണ്ടാക്കണം എന്ന രീതിയിലാണ് ഭവന നിർമ്മാണ പ്രവർത്തനത്തെ കാണുന്നത് . ആതായതു ചെലവു കുറഞ്ഞ വീടുകൾ പോലും പരിഷ്കാരത്തിന്റെയും ധാടിയുടേയും മോടിയുടേയും ഭാഗമായി മാറുന്നു എന്നതാണ് അവസ്ഥ.

ഭവന നിർമ്മാണ രംഗത്ത് പുത്തൻ പ്രവണതകൾക്ക് രൂപം നൽകുന്ന മലപ്പുറം ജില്ലയിലെ നിർമ്മിതി കേന്ദ്രം വണ്ടൂർ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. നിർമ്മിതി കേന്ദ്രത്തിൽ നിന്ന് പരിശീലനം ലഭിക്കുന്ന തൊഴിലാളികളുടെ സേവനം വണ്ടൂർ പഞ്ചായത്തിൽ ഉപയോഗപ്പെടുത്താൻ കഴിയും. നിലവിൽ ഇവരുടെ സേവനം ലഭ്യമാവുന്നില്ല.

ഗ്രാമസഭയിൽ ഓരോ വാർഡിനും പുതിയതായി ആവശ്യമുള്ള വീടുകളുടെ എണ്ണത്തെ സംബന്ധിച്ച് നിർദ്ദേശം വന്നിട്ടുണ്ട്. ഈ വീടുകൾദുർബല വിഭാഗങ്ങളെ മാത്രം ഉദ്ദേശിച്ചുള്ളവയാണ്. ഇത്തരക്കാരായ ആളുകൾ പുതിയ വീടുകൾ നിർമ്മിക്കുന്ന രംഗത്തേക്ക് എത്തി നോക്കാൻ പോലും ഭയപ്പെടുന്നു. കാരണം നിർമ്മാണ രംഗത്ത് സാധനങ്ങളുടെ വില വർദ്ധനവും നിരയമ്മാണ തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്കും എല്ലാസിമകളേയും അതിലംഘിച്ച് കഴിഞ്ഞിരുന്നു.

ഭവന നിർമ്മാണ മേഖലയെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകം ഹൗസിംഗ് പ്ലോട്ടുകളുടെ അമിതമായ വില വർദ്ധനയാണ്. അത്യാവശ്യ സൗകര്യങ്ങളുള്ള പ്ലോട്ടുകൾക്ക് സാധാരണക്കാരന് താങ്ങാൻ കഴിയാത്ത വിലയാണുള്ളത്. ഇത്തരത്തിൽ സ്ഥലത്തിന് വിലയുണ്ടെങ്കിലും രജിസ്ട്രേഷൻ കാണിക്കുന്ന തുക തുലോം തുച്ഛമാണ്.

നിലവിലുള്ള വീടുകളുടെ ചാർട്ട്.

വാർഡ്	കുടുംബങ്ങളുടെ എണ്ണം	വീടിന്റെ മേൽക്കൂര			വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം
		ഓട്	കോൺക്രീറ്റ്	പുല്ല്/ഓല	
1	480	385	35	60	40
2	730	522	93	83	32
3	482	383	36	25	38
4	396	314	23	27	32
5	385	308	47	4	26
6	621	540	37	9	35
7	794	704	15	48	27
8	778	605	42	50	78
9	665	591	23	41	10
10	585	494	32	34	25
11	762	553	140	24	25
12	275	212	62	-	10
13	398	357	17	14	10
ആകെ	7348	5968	602	419	359

വിവിധ സ്കീമുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ ലഭിച്ച വീടുകളുടെ എണ്ണം 264 ആണ്. ഇവയിൽ 232എണ്ണം പൂർത്തീകരിച്ചു. ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സഹായങ്ങളും വായ്പയും വർ ദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലി നിരക്കിലെ വർദ്ധനവു നിമിത്തവും പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന സ്വപ്നം വെറും സ്വപ്നമായി ത്തന്നെ ശേഷിക്കുന്നു. കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥ നിലനൽക്കുന്നു.

72-73 ൽ വിദഗ്ധ തൊഴിലാളികൾക്ക് 10 രൂപ കൂലി ഉണ്ടായിരുന്നപ്പോൾ അവിദഗ്ധതൊഴിലാളിക ൾക്ക് 6 രൂപ ആയിരുന്നു നിരക്ക് കൂലി 75 - 76 കാലയളവിൽ വിദഗ്ധ തൊഴിലാളികൾക്ക് 15 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 8 രൂപയുമാ.ഇരുന്നു കൂലി നിരക്ക്. 92- 93 ൽ യഥാക്രമം 80-90 രൂപയും 40- 50 രൂപയുമായിരുന്നു കൂലിനിരക്ക്. 95-96 110-150 രൂപയും അവിദഗ്ധതൊഴിലാളികൾക്ക് 80-90 രൂപയുമായി കൂലി നിരക്ക് എത്തി നിൽക്കുന്നു. അവിദഗ്ധ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്.

കെട്ടിടനിർമ്മാണസാമഗ്രികളായ സിമന്റിന് 87-88 ൽ 70 രൂപയും 89 ൽ 100 രൂപയും 92-94 ൽ 130 രൂപയും 95-96 ൽ 180-190 രൂപയും ആണ് വില. 87-88 ൽ ഒരു കിലോഗ്രാം കമ്പിക്ക് 13 രൂപ ആയിരുന്നു വില.96 ൽ ഇത് 16.50 ൽ എത്തി നിൽക്കുന്നു. വെട്ടു കല്ലിന്റെ വില ഓരോ പ്രദേശത്തിനുമനുസരിച്ച് വ്യത്യസ്തമാണ്യ കരിങ്കല്ലിന്റെ വില പിന്നിട്ട പത്തു വർഷക്കാലം കൊണ്ട് ഇരട്ടിയായി വർദ്ധിച്ചു.

കൂലി നിരക്കിലെ ക്രമാതീതമായ വർധന, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം ഇവ കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ **RLEGP, NREP, IAY, J.R.X. MWS**എന്നീ പദ്ധതികളിലൂടെ ബ്ലോക്ക് വഴി നൽകുന്ന സഹായ വായ്പാതുകകൾ കാലോചിതമായി വർദ്ധിപ്പിക്കണം.

പഞ്ചായത്തിൽ ഇന്ന് നിലനൽക്കുന്ന കുടിലുകൾ മാറ്റിയെടുക്കണം. കുടിലുകളുടെ എണ്ണം സ്ഥാനത്ത് ഓടു മേഞ്ഞ ഭവനങ്ങൾ ഉണ്ടാവണം. ഭവന രഹിതമായ ആളുകളേയും സർവേ.ഇലൂടെ നമുക്ക് കണ്ടെത്താൻ കവിഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന സഹായധനം, വായ്പകൾ എന്നിവക്ക് പുറമെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സ്വരൂപിക്കുവാൻ കവിയുന്ന സഹായങ്ങൾ ഗുണഭോക്താക്കൾക്ക് ചിലവഴിക്കാൻ കഴിയുന്ന സംഖ്യ, അവർക്ക് നൽകാൻ കഴിയുന്ന മനുഷ്യ അദ്ധ്വാനം എന്നിവ കൂടി കണക്കിലെടുത്തും ഭവന നിർമ്മാണ പ്രവർത്തനത്തെ ചിട്ടപ്പെടുത്തുകയും വിപുലപ്പെടുത്തുകയും വേണം.

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചില നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. പഞ്ചായത്തൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.

2. എഞ്ചിനീയർ, വിദഗ്ധ തൊഴിലാളികൾ എന്നിവരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്ന വിധം പഞ്ചായത്ത് പരിതിയിൽ കൺസ്ട്രക്ഷൻ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ലിസ്റ്റ് പഞ്ചായത്തിൽ കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം. അതായത് പഞ്ചായത്തിലെ നിർമ്മാണ വിദഗ്ധരും തൊഴലാളികളും പ്രത്യേകം ലൈസൻസ് എടുക്കണം. ഇത് വിഭവ സമാഹരണമായും കാണാവുന്നതാണ്.

3. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, കമ്പി എന്നിവ സർക്കാർ ഏജൻസികളിലൂടെ വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കണം.

4. വീടുകളുടെ നിർമ്മാണച്ചിലവ് പഞ്ചായത്തതിർത്തിയിൽ പരമാവതി 5 ലക്ഷം രൂപയെന്ന് നിജപ്പെടുത്തണം. ഇതിൽ കൂടുതൽ നിർമ്മാണച്ചിലവ് വരുന്ന വീടുകൾക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങണം.

5. ഭവന നിർമ്മാണ വായ്പകൾക്ക് സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കണം.

6. ഭവന നിർമ്മാണ വായ്പാ ഫോറങ്ങൾ പഞ്ചായത്തു വഴി വിതരണം ചെയ്യണം.

7. കാല താമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകണം.

8. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകണം.

9. ഭവന നിർമ്മാമ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കണം.

10. രാജീവം ദശ ലക്ഷം പാർപ്പിട പദ്ധതിയുടെ തുക 30,000 രൂപയിൽ നിന്നും 50.000 രൂപയായി വർദ്ദിപ്പിക്കണം.

ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ തരം തിരിക്കുമ്പോൾ ഭൂരഹിതരായ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ സമീപനങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. പഞ്ചീയത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി, പുറമ്പോക്ക് ഭൂമി , പഞ്ചായത്ത് ലീസണഭൂമി എന്നിവ ഭൂ രഹിതർക്ക് വിഭജിച്ച് നൽകണം.

L.I.Cയുടെ മേൽനോട്ടത്തിലും അവരുടെ പൂർണ്ണമായ പങ്കാളിത്തത്തിലും ദുർബല വിഭാഗങ്ങൾക്കു വേണ്ടി ചുരുങ്ങിയ പലിശ നിരക്കിൽ പുതിയ ഭവന നിർമ്മാണ വായ്പാ പദ്ധതി ഏർപ്പെടുത്തണം.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദുർബല ജന വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളും പെൻഷൻ പദ്ധതികളും അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് പഞ്ചായത്തിൽ പൊതുവെ പ്രയോജനപ്പെടുന്നത്.

കേന്ദ്ര - സംസ്ഥാന ഗവൺമെൻറുകളിൽ നിന്നുള്ള സഹായ ധനം കൊണ്ടു നടപ്പിലാക്കുന്നവ, തൊഴിലാളികളുടേയും തൊഴിലുടമകളിലൂടേയും കോൺട്രി ബൂഷണിലൂടെ നടപ്പിലാക്കുന്നവ എന്നിങ്ങനെ ഇതിനെ രണ്ടായി തിരിക്കാം.

പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ പട്ടികജാതി വികസനകോർപ്പറേഷനിലൂടേയും, വനിതാക്ഷേമ പ്രവർത്തനങ്ങൾ വനിതാ വികസന കോർപ്പറേഷനിലൂടേയും പഞ്ചായത്തിൽ കുറച്ചൊക്കെ നടക്കുന്നുണ്ട്. പക്ഷേ അർഹരായവർ പൂർണ്ണമായും ഇത്തരം വായ്പകളോ സബ്സിഡികളോ ഉപയോഗപ്പെടുത്തുന്നില്ല.

നിലവിലുള്ള പദ്ധതികളിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് അധികവും സാമ്പത്തിക വർഷത്തിന്റെ അവസീന നാളുകളിലാണ് ചിലവഴിക്കുന്നത്. അതുകൊണ്ട് തന്നെ ഫണ്ട് ലാപ്സാകാതെ എങ്ങനെ ചിലവഴിക്കാം എന്നു മാത്രമേ ഉദ്യോഗസ്ഥതലത്തിൽ ചിന്തിക്കുന്നുള്ളൂ. എങ്കിൽ പോലും അനുവദിക്കുന്ന സംഖ്യയുടെ 40 %വും വിനിയോഗിക്കപ്പെടാതെ സർക്കാരിലേക്കു തന്നെ തിരിക കൂട്ടുന്ന അവസ്ഥയാണുള്ളത്.

ലോണുൾ ലഭ്യമാക്കുന്നതിനും ലഭ്യമാക്കുന്നവ പ്രയോജനപ്പെടുത്തുന്നതിനും സാങ്കേതികതയുടെ നൂലാമാലകൾ ഒട്ടനവധിയാണ്. ആളുകൾക്ക് ക്ഷേമ പദ്ധതികൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനേക്കാൾ അധികമായി പ്രയോജനപ്പെടുന്നത് എങ്ങനെ ഉഴിവാക്കാം എന്ന രീതിയിലാണ് പദ്ധതികൾ അധികവും നടപ്പിലാവുന്നത്.

തൊഴിലാളി - തൊഴിലുടമാ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും വിജയപ്രദമല്ല. ചുമട്ടുതൊഴിലാളി ക്ഷേമനിധിബീഡി തൊഴിലാളിക്ഷേമനിധി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയിലേക്ക് തൊഴിലാളികളിൽ അർഹരായവർ മുഴുവൻ അംഗങ്ങളായിട്ടില്ല. അംഗങ്ങളായവർ അവരുടെ വിഹിതം കൃത്യമായി അടവാക്കുന്നുമില്ല. തൊഴിലാളിക്ഷേമ നിധിയിൽ പണമടക്കുന്നതിന് ബാങ്കുകളിൽ എത്തിയാൽ അവരുടെ തുച്ഛമായ തുക അടവാക്കാനും ആയത് പാസ്ബുക്കിൽ വരവു വെക്കുവാനും പൊതുവെ ബാങ്കുകൾ താത്പര്യം കാണിക്കാറില്ല. തൊഴിലാളികൾക്ക് പണമടക്കുന്നതിനു വേണ്ടി തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാനും ഇട വരുന്നു

തൊഴിലാളി യൂണിയൻ നേതൃത്വം ഇത്തരം മേഖലയിലുള്ളവരുടെ ക്ഷേമനിധി വിഹിതം കൃത്യമായി പിരിച്ചു അടവാക്കാൻ ശ്രമിക്കണം.

പട്ടികജാതി വിഭാഗത്തിൽപെട്ട 5236 ആളുകൾ വണ്ടൂർ പഞ്ചായത്തിൽ വസിക്കുന്നു എന്നാണ് 1991 ലെ സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇപ്പോൾ 5923 പേരുള്ള ഈ വിഭാഗത്തിന് പട്ടികജാതി വികസന കോർപ്പറേഷന്റെ ഓഫീസുമായി ബന്ധപ്പെടണമെങ്കിൽ പാലക്കാട് പോകണം. നിലമ്പൂർ - വണ്ടൂർ മേഖലകളിലുള്ള പട്ടികജാതിക്കാർക്കുവേണ്ടി പട്ടികജാതി വികസന കോർപ്പറേഷന്റെ ഒരു സബ്ബ് ഓഫീസ് വണ്ടൂരിൽ സ്ഥാപിക്കണം.

വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. അതിന്റെ

റീജ്യനൽ ഓഫീസ് കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും വനിതാ വികസന കോർപ്പറേഷൻ വഴിയുള്ളയാതൊരു ആനുകൂല്യങ്ങളും വണ്ടൂർ പഞ്ചായത്തിലെ വനിതകൾക്ക് ലഭിക്കുന്നില്ല. പൊതു രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കംപോലും വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവില്ല.

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാന ഏജൻസി ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസാണ്. വണ്ടൂർ, വാണിയമ്പലം എന്നീ രണ്ടു ഭാഗമായി തിരിച്ചും രണ്ടുVEOമാരുടെ സേവനമാണു ലഭിക്കുന്നത്. I R D P പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് അർഹരായവരുടെ ലിസ്റ്റ് അഞ്ചു വർഷത്തിലൊരിക്കൽ പ്രസിദ്ധികരിക്കാറുണ്ട്.

നമ്പർ	സർവ്വെപ്രകാരംകണ്ടെത്തിയആകെകുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST		ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെകുടുംബങ്ങൾസഹായംലഭിച്ചവർ ഉൾപ്പെടെ
1	175	106	74	43	52	189
2	160	95	85	45	49	176
3	125	70	55	32	38	130
4	165	65	90	61	54	183
5	135	55	65	39	40	154
6	250	125	115	74	73	271
7	226	115	120	73	66	214
8	194	105	110	64	58	254
9	215	96	140	80	76	239
10	165	70	67	36	43	179
11	95	45	94	49	66	105
12	130	25	66	31	54	131
	2035	972	1081	126	669	2225

വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം പാസ്സാക്കുന്ന ആനുകൂല്യങ്ങൾ

കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിധവ പെൻഷൻ , വാർദ്ധക്യ കാല പെൻഷൻ ഇവ പാസ്സായി കിട്ടുവാൻ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് സുപ്രധാന രേഖയാണ്.

ബീഡി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല. ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയും ഇപ്പോൾ നടപ്പിലായിട്ടില്ല. നടപടികൾ തുടങ്ങീട്ടുണ്ട്.

കർഷക തൊഴിലാളി ക്ഷേമനിധി നമ്മുടെ പഞ്ചായത്തിൽ ഉണ്ട് . 1060 പേർക്ക് അംഗത്വം ലഭിച്ചിട്ടുണ്ട്.

ആർട്ടിസാൻസ് തൊഴിലാളികൾക്കുള്ള ക്ഷേമ നിധി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

പ്രസിഡൻറിന് അധികാരം നൽകേണ്ടതാണ്.

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 272 വികലാംഗരിൽ വെറും 65 പേർക്ക് മാത്രമാണ് വികലാംഗപെൻഷൻ ലഭിക്കുന്നത്. ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം വികലാംഗരുള്ള കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

ഈ പെൻഷൻ ലഭിക്കുവാൻ വികലാംഗ സർട്ടിഫിക്കറ്റ് 40 %P H എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. ബന്ധപ്പെട്ട ഈ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ജില്ലാസൂപ്രണ്ടിനാണ്. നമ്മടെ ഗ്രാമീണന് മഞ്ചേരിയിൽ പോകാനുള്ള വിഷമം നേരിടുന്നതു കൊണ്ടാണ് അവർക്ക് കൃത്യമായും പെൻഷൻ ലഭിക്കാത്തത്. ഈ പെൻഷൻറെ ഗുണഭോക്താവിനെ തിരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്ത് കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഉൾകൊള്ളുന്നു. പഞ്ചായത്ത് ബോർഡിൻെറ അംഗീകീരമുള്ള സമിതിക്കായിരുന്നത് വളരെ ഗുണപ്രദമായിരിക്കും.

കർഷക തൊഴിലാളി പെൻഷൻ

വണ്ടൂർ പഞ്ചായത്തിലെ 100 കണക്കിന് കർഷക തൊഴിലാളിക്ക് കർഷക തൊഴിലാളി പെൻഷൻ ലഭിച്ചു വരുന്നുണ്ട്. അർഹതപ്പെട്ട 60 വയസ്സ് കഴിഞ്ഞ പല കർഷക തൊഴിലാളികൾക്കും പെൻഷൻ നിഷേധിക്കുന്ന ഒരു സാഹചര്യം നിലനൽക്കുന്നുണ്ട്. പെൻഷൻ ലഭിക്കാൻ അർഹതപ്പെട്ട തൊയവിലാളികളെ തിരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്ത് ബോർഡിന് നൽകിയാൽ ഉപകാരപ്രദമായിരിക്കും

തൊഴിലില്ലായ്മാ വേതനം

വണ്ടൂർ പഞ്ചായത്തിലെ നിരവധി .ഉവതിയുവാക്കൾക്ക് ഈ ആനുകൂല്യം ലഭിച്ചു വരുന്നുണ്ട്. ചില സാങ്കേതിക നിയമ കുരുക്കൾ അർഹതപ്പെട്ടവർക്ക് ഇത് നിഷേധിക്കാൻ കാരണമാകുന്നു.

അംഗണവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനുരമായ പ്രവരയത്തനമാണ് അംഗണവാടികൾ 13 വാർഡുകളിലായി 35 അംഗണവാടികൾ പ്രവർത്തിക്കുന്നു. ആറ് അംഗണവാടികൾ കൂടി ജനസംഖ്യാനുപാതികമായി നമ്മുടെ പഞ്ചായത്തിനു ലഭിക്കണം. പരേണ്യ വിദ്യാഭ്യാസത്തിൻെറ കടന്നു കയറ്റം ചെറിയ തോതിലെങ്കിലും അങ്കണവാടി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കൃത്യവും ശാസ്ത്രീയവുമായ പരിശീലനം അങ്കണവാടി വർക്കേസിൻെറ നൽകേണ്ടതാണ്. നിലവിലുള്ള അംഗണവാടികളുടെ പരിതാപകരമായ അവസ്ഥ രക്ഷിതാക്കളിൽ പ്രത്യേകിച്ചും അസന്തുഷ്ടിയുണ്ടാക്കുന്നു. കളിത്തോപ്പുകളില്ല. ഓടിച്ചാടിക്കളിക്കാൻ സ്ഥലമില്ല, കെട്ടിടമില്ല , മറ്റു ഭൗതിക സാഹചര്യവുമില്ല ആരോഗ്യ പ്രവർത്തകർ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾ കൂടി ഇവർ ചെയ്യേണ്ടി വരുന്നതിനാലും നാമമാത്രമായ ശബളവും ഇവരുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു ഇതിനെല്ലാംപരിഹാരം കാണണം.

നിർദേശങ്ങൾ

പഞ്ചായത്തിൽ 8 അംഗണവാടികൾ പുതുതായി സ്ഥാപിക്കണം. സ്ഥലമില്ലാത്ത 18 അംഗണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയണം. കളിക്കോപ്പുകൾ, ചാർട്ടുകൾ, ദൃശ്യമാധ്യങ്ങൾ ഇവ അംഗണവാടികൾക്ക് ലഭ്യമാക്കണം. സമയാസമയങ്ങളിൽ അംഗണനവാടിക്കാർക്കും ഹെൽപ്പർമാർക്കും ശാസ്ത്രീയ പരിശീലനം നൽകണം.D.W.C.R.A യുടേയും മറ്റു സാമൂഹ്യക്ഷേമ പ്രവർത്തമങ്ങളുടേയും 5% തുക കളിപ്പാട്ട നിർമ്മാണ പ്രവർത്തനത്തിനും വാങ്ങുന്നതിനും വിനിയോഗിക്കണം.

അംഗണവാടികളിലെ പോഷകാഹാരത്തിനും വിറകിനും നീക്കിവെക്കുന്ന തുക വർദ്ധിപ്പിക്കണം. ഈ സ്ഥാപനത്തിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കണം.

പൊതു വിതരണം

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പ് പ്രവർത്തിക്കുന്നു. ഒരു മാവേലി സ്റ്റോറും പ്ര

വർത്തിക്കുന്നുണ്ട്. ഓണ ചന്തകൾ , സഹകരണബാങ്ക് വഴി നടത്താറുണ്ട്. ഓണക്കാലത്ത് ഇവരുടെ സേവനം അല്പം ആശ്വാസകരമാണ്. പഞ്ചായത്തിലെ പരമാവതി ജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന തരത്തിൽ വിവിധ വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾ തുറക്കുകയാണെങ്കിൽ അത് വളരെ ഗുണപ്രദമായിരിക്കും

റേഷൻ ഷാപ്പ് (പൊതു വിതരണ കേന്ദ്രം) 2

അപ്രതീക്ഷിതമായി റേഷൻ ഷാപ്പുകൾ നമ്മുടെ പഞ്ചായത്തിൽ നിന്നും കാണാതായി. പകരം പൊതുവിതരണ കേന്ദ്രങ്ങളായി അവ പരിണമിച്ചു. 12 പൊതു വിതരണ കേന്ദ്രങ്ങളിൽ നിന്നും അവിടുത്തെ വ്യവഹാരത്തെക്കുറിച്ച് ഒരു വിവരവും നമുക്ക് ശേഖരിക്കാൻ സാധിച്ചിട്ടില്ല. ബന്ധപ്പെട്ടവരോട് അന്വേഷിച്ചപ്പോൾ നൽകാൻ തയ്യാറാവാത്ത സമീപനമാണ് സ്വീകരിച്ചത്. പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന തരത്തിൽ നടത്താൻ കഴിയുന്ന പൊതു വിതരണ കേന്ദ്രങ്ങൾ പലപ്പോഴും ആ കടമ നിർവ്വഹിക്കാൻ സന്നദ്ധമാകാറില്ല. അർഹതപ്പട്ട ഭക്ഷ്യസാധനങ്ങൾ പോലും പലപ്പോഴും നിഷേധിക്കപ്പെടുന്നു. ഈ രംഗത്തെ പ്രവർത്തനം തികച്ചും സുതാര്യമാവേണ്ടതാണ്. പഴയ കാല റേഷൻഷാപ്പ് തന്നെ സ്ഥാപിച്ച് റേഷനിംങ്ങ് സമ്പ്രദായം അർദ്ധപൂർണ്ണമാക്കണം. അതിന് പഞ്ചായത്ത് ഭരണസമിതികളുടെ നിയന്ത്രണത്തിൽ ഈ സ്ഥാപനങ്ങൾ വരേണ്ടതാണ്. ഇന്ന് ഇത് വെറും താലൂക്ക് സപ്ലൈ ഓഫീസ് സഭയുടേയും റേഷൻ ഷാപ്പ് നടത്തുന്നവരുടേയും സ്വകാര്യ സ്ഥാപനമായി മാത്രം നിലനിൽക്കുന്നു. നിലവിലുള്ളീ സ്ഥാപനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗ്രാമസഭകളിൽ നിന്നും വ്യാപകമായ പരാതികളാണ് ഉയർന്നു വരുന്നത്.

പഞ്ചായത്തിലെ നിലവിലുള്ളഅംഗണവാടികളുടെ വിവരം.

നിലവിലുള്ള 35 അംഗനവാടികളിൽ 12 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടം പൂർത്തിയായിട്ടുള്ളു. 8 അംഗണവാടികളിൽ കെട്ടിടം പണിനടന്നു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള 15 അംഗമവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. ഇതിൽ 3 എണ്ണത്തിന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല.ബാക്കി 12 അംഗണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഒരൊറ്റ അംഗണവാടിയിൽപ്പോലും കുട്ടികളുടെ നാനാമുഖമായ വികസനത്തിനാവശ്യമായ കളിപ്പാട്ടൾ ഇല്ല. ഒരു അംഗണവാടികൾക്ക് പോലും ചുറ്റു മതിൽ സ്ഥാപിച്ചിട്ടില്ല. രണ്ട് അംഗണവീടികളിൽ മാത്രമേ കുട്ടികളുടെ ആവശ്യത്തിനു വേണ്ട കക്കൂസുകൾ നിർമ്മിച്ചിട്ടുള്ളൂ. സ്വന്തമായി കുടിവെള്ള സൗകര്യമുള്ള അംഗണവാടികളിൽ രണ്ടെണ്ണം മാത്രമാണ്. 6 അംഗണവാടികൾ മഹിളാസമാജവും പ്രവർത്തിക്കിന്നുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഇന്ന് പഞ്ചായത്തിന് ചെയ്യാവുന്നവ

നിർദേശങ്ങൾ

അംഗണവാടികളിലെ സൗകര്യങ്ങൾ- ഭൗതിക സാഹചര്യങ്ങൾ ഗുണനിലവാരം എന്നിവ തൊട്ട് ഭവന നിർമ്മാണം, ശിശു ക്ഷേമം പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ എല്ലാം ഇന്ന് ഗ്രാമപഞ്ചായത്തുകൾക്ക് നടത്തുവാൻ അവകാശമുണ്ട്. ജനകീയമായി നടത്തുവാൻ പഞ്ചായത്ത് ശ്രമിക്കുന്നതാണ് ഭവന നിർമ്മാണ പദ്ധതികൾക്ക് 12% പലിശയായി നിജപ്പെടുത്തേണ്ടതാണ്. വികലാംഗർക്ക് വീൽ ചെയർ നൽകേണ്ടതാണ്. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

K.R.E.W.Sന്റെ പ്രവർത്തനം വണ്ടൂർ പഞ്ചായത്തിലും നടപ്പിലാക്കണം.

ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി ലക്ഷ്യമിട്ടു പ്രവർത്തി

ക്കുന്ന K.R.E.W.S ന്റെ പ്രവർത്തനം ഈ പഞ്ചായത്തിലും നടപ്പിലാക്കണം.

ഈ പദ്ധതിയുടെ സംസ്ഥാന അദ്ധ്യക്ഷൻ വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മെമ്പറായ ബഹുമാനപ്പെട്ട ശ്രീ. Kഹൈദറലി സാഹിബാണ് ആയതിനാൽ പഞ്ചായത്ത് ഭരണ സമിതി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

സുബറാവു പൈസെൽഫ് എമ്പ്ലോയ്മെൻറ് ട്രൈനിംങ്ങ് അൻസ്റ്റിറ്റ്യൂട്ട്

വണ്ടൂർ പഞ്ചായത്തിൽ1992 ലാണ് ഈ സ്ഥാപനം തുടങ്ങിയത്.

2 ലക്ഷ്യം

ഈ സ്ഥാപനം പ്രധാനമായും നടത്തുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്.

1. തൊവിൽ രഹിതരായ യുവതി യുവാക്കൾക്ക് തൊഴിലധിഷ്ടമായ പരിശീലനം നൽകൽ.

2. പരിശീലനത്തിനു ശേഷം അവർ സ്വന്തമായി തൊഴിൽ സംരഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തൽ.

3. ഗ്രാമീണ ജനങ്ങളുടെ ഉന്നതിക്കുതകുന്ന വിപുലീകരണം പ്രവർത്തനങ്ങൾ നടത്തുക.

4. മറ്റു ബോധവത്കരണ പരിപാടികൾക്ക് കളമൊരുക്കുക.

5. C.B.PJRD – Trost നിർദ്ദേശിക്കുന്ന തരത്തിലുള്ള മറ്റു പ്രവർത്തന മേഖലയിൽ ഊന്നൽ കൊടുക്കുക.

ഇതുവരെ നടന്ന പരിശീലനം

119 ബാച്ചുകളിലായി 2487 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. സ്ത്രീകൾ - 1630- പുരുഷൻമാർ 857

പരിശീലനം ലഭിച്ചവർ

Sc/st -502

വനിതകൾ -1630

ഇപ്പോഴത്തെ കോഴ്സ്

താഴെ പറയുന്ന പരിശീലന പരിപാടികൾക്ക് ഇവിടെ സൗകര്യമുള്ളു

1. കൂൺ കൃഷി
2. വയറിംങ്ങ്
3. ഇലക്ട്രോണിക്സ്
4. തയ്യൽ
5. എംപ്രോയിഡറി
6. സ്ക്രീൻ പ്രിൻൻറിങ്ങ്
7. കസേര മൊടയൽ
8. ബുക്ക് ബൈൻറിങ്ങ്
9. ഗ്രാഫ്റ്റിങ്ങ്
10. ഡിഷ് ആൻറീന അസംബ്ലിംങ്ങ്
11. മോട്ടോർ വൈൻറിംങ്ങ്
12. കോഴി വളർത്തൽ
13. ടൈപ്പ്റൈറ്റിംങ്ങ്
14. ട്രൈസം കുട്ടികൾക്കുള്ള വിവിധയിനം പരിശീലനം
15. E.D.Pപരിശീലനം

മേൽ പറഞ്ഞവയിൽ ടൈലറിംങ്ങ്, കസേര മൊടയൽ, ടൈപ്പ് റൈറ്റിംങ്ങ്, ട്രൈസം, ഇലക്ട്രിക് എന്നീ പരിശീലന പരിപാടികൾ ഇവിടെ നടക്കുന്നുണ്ട്.

ഇവിടെയുള്ള സൗകര്യങ്ങൾ

കുട്ടികൾക്ക് പരിശീലനത്തിന് ഒരു ക്ലാസ്സ് റും 2ഡോർപ്പിറ്റുറിയും ഇവിടെയുള്ളു

50 ഓളം കുട്ടികൾക്ക് താമസിച്ച് പഠിക്കാൻ സൗകര്യം

ആൺ കുട്ടികൾക്കും, പെൺകുട്ടികൾക്കും വെവ്വേറെ ഡോർവിറ്റുറുകൾ.

രാത്രി താമസിക്കുന്ന കുട്ടികൾക്ക് കിടക്ക, തലയണ മറ്റു സൗകര്യങ്ങൾ.

കൂടാതെ കൂൺ പരിശീലനത്തിന് പ്രത്യേകമായുള്ള കേന്ദ്രം.

പ്രായോഗികപരിശീലനത്തിനുള്ള സൗകര്യങ്ങൾ. ഇതു കൂടാതെ പൊതു ജനങ്ങളുടെ സൗകര്യാർത്ഥം ആയുർവ്വേദ ചികിത്സ സൗകര്യവും (റൂറൽ സർവ്വീസ് ക്ലിനിക്ക്) പരിശീലനത്തിന് എത്തുന്ന കുട്ടികളുടെ ആവശ്യത്തിന് ഒരു ലൈബ്രറിയും ഇവിടെ തുടങ്ങുന്നതാണ്.

അടുത്ത 5 വർഷത്തിനുള്ളിൽ 3500 ഓളം

തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് കൂടി പരിശീലനം നൽകി ജീവിതമാർഗ്ഗം ഒപ്പിച്ചു കൊടുക്കണമെന്നുള്ളതാണ് ഞങ്ങളുടെ ഭാവി പരിപാടിയിലെ പ്രധാന ഇനം കനറാബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഇത്.

വാർഡ് 4

സമൂഹത്തിലെ ദുരിതം അനുഭവിക്കുന്ന തൊഴിലാളി വിഭാഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ബീഡി തൊഴിലാളികൾ. വണ്ടൂ പഞ്ചീയത്തിലെ 1, 12, 6, 3, 5, 7, 13, 4, 2, 11, 10 വാർഡുകളിൽ ബീഡി മേഖലയിൽ പണിയെടുക്കുന്ന നിരവധി തൊഴിലാളികളുണ്ട്. ചെറുപ്പം മുതൽക്കേ ബീഡി തിരച്ച് കുടുംബം പുലർത്തിയിരുന്ന തൊഴിലാളികൾക്ക് ഈ തൊഴിലിൽ നിന്നും ലഭിക്കുന്ന കൂലികൊണ്ട് അരപ്പട്ടണികിടക്കേണ്ട അവസ്ഥയായിരുന്നുനിലനിന്നിരുന്നത്. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ പല സഹായങ്ങളും ലഭിക്കുമ്പോഴും ഈ വിഭാഗത്തിന് സർക്കാർ തലത്തിൽ ഒരു വിധ ആനുകൂല്യവും ലഭിക്കാത്ത സാഹചര്യമാണ് നിലിനിന്നിരുന്നത്.

ഈ തൊഴിലിന്റെ ദുരവസ്ഥ കണക്കിലെടുത്ത് 60 വയസ്സ് കഴിഞ്ഞ ബീഡി തൊഴിലാളികൾക്ക് നിർബന്ധമായും പെൻഷൻ ലഭിക്കാനാവശ്യമായ നടപടി ഉണ്ടാവേണ്ടതുണ്ട് .

രോഗികളായ ബീഡിതൊഴിലാളികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കണം. അതുപോലെത്തന്നെ കർഷകത്തൊഴിലാളി, തെങ്ങ് കയറ്റ തൊഴിലാളി, ആർട്ടിസൻസ് തൊഴിലാളി, തയ്യൽ തൊഴിലാളി എന്നീ വിഭാഗങ്ങൾക്ക് നടപ്പിലാക്കിയതുപോലുള്ള ക്ഷേമനിധി പദ്ധതിയിൽ ഈ വിഭാഗം തൊഴിലാളികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ബീഡിതൊഴിലാളി രംഗത്ത് ഇന്ന് നിലനിൽക്കുന്ന കൂലി വ്യവസ്ഥ ഇന്നത്തെ സാഹചര്യത്തിൽ വളരെ കുറവാണ്. ഇതൊക്കെ തന്നെ പരിഗണിച്ചുകൊണ്ട് ഈ മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളുടെ ജീവിത നിലവാരം ഉയർത്താനാവശ്യമായ പ്രത്യേക സാമൂഹ്യ ക്ഷേമപ്രവർത്തനം ഈ മേഖലയിൽ അനിവാര്യമാണ്.

വാർഡ് 5

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളിൽ കൂടി നടപ്പിലാക്കുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയ പെൻഷനുകൾ യഥാസമയം അർഹപ്പെട്ടവർക്ക് ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും അതുപോലെ തന്നെ പെൻഷൻ ലഭിക്കാൻ അർഹതപ്പെട്ട 100 കണക്കിന് അപേക്ഷകർ ഇനിയും ഈ പഞ്ചായത്തിലുണ്ട്. അവർക്ക് അതും ലഭിക്കാനാവശ്യമായ മുൻകൈ പഞ്ചായത്ത് ബോർഡിന്റെ മുൻകയ്യോടുകൂടി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കണം. പെൻഷൻ പദ്ധതികൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ അപര്യാപ്തമാണ്. വിധവകളുടെ പെൺമക്കൾക്ക് കല്ല്യാണത്തിന് അനുവദിക്കുന്ന 2000 കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

വനിതകൾക്ക് സ്വയം തൊഴിൽ ലഭിക്കുന്നതിന് ചുരുങ്ങിയ പലിശയിൽ ലോൺ അനുവദിക്കുക. (വനിതാക്ഷേമ ബോർഡിന്റെ കീഴിൽ)

വാർഡ് 9

വാർഡിൽ ഒരു മാവേലി സ്റ്റോറും റേഷൻകടയും ആരംഭിക്കണം. അംഗനവാടി ജീവനക്കാർക്ക് സേവന വേവത വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കണം. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളുലെ അവിവാഹിതരായ പെൺകുട്ടികളെ വിവാഹം കഴിച്ച് കൊടുക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്നുംഅനുവദിക്കണം.

നിർദ്ദനരായ കുടുംബങ്ങളിലെ മന്ദബുദ്ധികളും വികലാംഗരുമായ കുട്ടികൾക്ക് ചികിത്സാ

സൗകര്യങ്ങളും സാമ്പത്തിക ആനുകൂല്യവും നൽകണം.സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ വനിതകൾക്ക് സൗജന്യമായി ചികിത്സാ സൗകര്യം ഏർപ്പെടുത്തണം.

വികലാംഗർ, മന്ദബുദ്ധികൾ എന്നിവർക്ക് റിഹാബിലിറ്റേഷൻസെൻറർ വേണം. അനുവദിക്കണം സാമൂഹ്യക്ഷേമ രംഗത്ത് റവന്യു വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറെ പേർ ആനുകൂല്യം കൈ പറ്റുന്നതായും ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു.

സാമൂഹ്യ ക്ഷേമ രമഗത്ത് സർക്കാർ മടപ്പിലാക്കുന്ന പദ്ധതികൾ സാമൂഹിക പ്രതിബദ്ധതയേടുകൂടി സമൂഹത്തിൽ നടപ്പിലാക്കാൻ സന്നദ്ധരാക്കുന്ന ബോധ വൽകരണം ഉദ്യോഗസ്ഥ മേഖലയിൽ തുടർച്ചയായി സംഘടിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യയിൽ വെച്ച് ഏറ്റവും വിപുലമായ സാമൂഹ്യസുരക്ഷിതത്വ ശൃഖല കേരളത്തിനേറതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി അസംഘടിത മേഘലയെകൂടി സുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ നേട്ടം. 60 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ ഏതാണ്ട് 30 % വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്.

രണ്ടു തരത്തിലുള്ള സ്കീമുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്.ഒന്നമത്തേത് പൂർണ്ണമായും സംസ്ഥാന ഗവൺമെൻറ് ഫണ്ടിനെ ആശ്രയിച്ചുള്ള അഗതി, വിധവാ പെൻഷനുകൾതുടങ്ങിയവയാണ്.

രണ്ടാമത്തേതാകട്ടെ തൊഴിലുടമയുടേയും പങ്കാളിത്തത്തോടെ വിവിധ ബോർഡുകൾക്ക് കീഴിൽ നടപ്പാക്കപ്പെടുന്നവയാണ്. വിവിധ വിഭാഗത്തിൽ പെട്ട തൊഴിലാളികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ക്ഷേമ പദ്ധതികളിൽ ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങയളായിട്ടുള്ളത് കർഷക തൊഴിലാളി ക്ഷേമനിധിയിലാണ്. ഏകദേശം 1000 ൽപരം തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ പദ്ധതി തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. 1991 തൊട്ട് ക്ഷേമനിധി വിഹിതത്തിലേക്ക് കർഷകരുടെ വിഹിതം അടക്കാത്തത് കൊണ്ട് ഈ ക്ഷേമനിധി ഇപ്പോൾ തകർച്ചയെ നേരിടുകയാണ് ഇത് പരിഹരിക്കുന്നതിനു വേണ്ടി കർഷകരുടെ വിഹിതം ഗ്രാമ പഞ്ചീയത്തിലെ സഹകരണ സ്ഥാപനങ്ങളിൽ കൂടി പിരിച്ചെടുക്കുന്നതിനാവശ്യമായനടപടി സ്വീകരിക്കേണ്ടതുണ്ട്.

ആർട്ടിസാൻസ് മേഖലയിലുള്ള ഏകദേശം 250 തൊഴിലാളികൾ നിർമാണ തൊഴിലാളി ക്ഷേമനിധിയിൽ ഈ പഞ്ചായത്തിൽ അംഗങ്ങളായിട്ടുണ്ട്.

90 - 91 TO95 - 96 വരെയുള്ള കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള

പെൻഷനുകളുടെ വിവരം താഴെ ചേർക്കുന്നു.

അഗതി പെൻഷൻ	24
വിധവാ പെൻഷൻ	366
വികലാംഗ പെൻഷൻ	65
വാർദ്ധക്യ പെൻഷൻ	81
ക്ഷയരോഗി പെൻഷൻ	26

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക. ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്. ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാവലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

5-8

സംസ്കാരം

ഉദാത്തമായ സാംസ്കാരിക പൈതൃകമുള്ള പ്രദേശമാണ് വണ്ടൂർ. ജന്മിത്വത്തിന്റെ തീക്ഷ്ണമായ അനുഭവങ്ങൾ വണ്ടൂരിലെ ജനങ്ങളും അനുഭവിച്ചിട്ടുണ്ട്. 1940-50 കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗമന സംഘടനകളുടെ മുന്നേറ്റങ്ങളുടെ ഫലമായി സാംസ്കാരിക സവോത്ഥാനം ഇവിടെ ഉണ്ടായിട്ടുണ്ട്. ധനിക ദരിദ്ര സംഘട്ടനത്തിന്റെയും തൊഴിൽ സമരങ്ങളുടേയും ഇതിഹാസങ്ങൾ ഈ പഞ്ചായത്തിനുണ്ട്.

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരായി ടിപ്പു സുൽത്താന്റെ പടയോട്ടത്തിന് വണ്ടൂർ ഗ്രാമവും സാക്ഷ്യം വഹിച്ചിട്ടുണ്ട്.

തൊഴിൽ സമരങ്ങൾ, കാർഷിക സമരങ്ങൾ അധ്യാപകരുടെ നേതൃത്വത്തിലുള്ള സാംസ്കാരിക നവോത്ഥാന മുന്നേറ്റങ്ങൾ എന്നിവ വണ്ടൂരിൽ ഉണ്ടായിട്ടുണ്ട്.

1921 ലെ സമരം ചിലയിടങ്ങളിലെങ്കിലും ബ്രിട്ടീഷുകാരുടെ ദുഷ്പ്രചരണത്തിന്റെ ഭാഗമായി വഴിതെറ്റിയെങ്കിലും, നമ്മുടെ പഞ്ചായത്തിന് ഐക്യത്തോടും സ്നേഹത്തോടും കൂടി സമരക്കാരെ സഹായിച്ച പാരമ്പര്യമാണുള്ളത്. ആ സാംസ്കാരിക പാരമ്പര്യം ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നു. വർഗ്ഗീയവിഷം ഒരു തുള്ളി പോലും ഈ പഞ്ചായത്തിന്റെ മണ്ണിൽ വീണിട്ടില്ല. ഏത് ആഘോഷങ്ങളും പരസ്പരം കൊണ്ടും കൊടുത്തും കൈമാറുന്ന ഒരു സംസ്കൃതിയാണ് നമ്മുടേത്. അതുകൊണ്ട് തന്നെ ആ പാരമ്പര്യം ഇന്നും നിലനിൽക്കുന്നു. ഇതാണ് സാംസ്കാരിക മുന്നേറ്റത്തിന് സഹായകമായിട്ടുള്ളത്.

1. വിദ്യാഭ്യാസം
2. വായനശാലകളും ഗ്രന്ഥശാലകളും
3. തൊഴിലാളി പ്രസ്ഥാനങ്ങൾ

4. ഔപചാരികസ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ഗ്രന്ഥശാലാ സംഘത്തിന്റെ കീഴുലുള്ള ലൈബ്രേറികൾ, പബ്ലിക് ലൈബ്രറി...
5. സന്നദ്ധ സംഘടനാ പ്രസ്ഥാനങ്ങൾ
6. സമയാധിഷ്ഠിതമായി യുവജനങ്ങൾ സംഘടിപ്പിക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയാണ്.

കായികരംഗം

ഫുട്ബാൾ രംഗത്ത് മലബാറിൽ തന്നെ ഏറ്റവും പ്രശസ്തമായ പാരമ്പര്യമുള്ളവരാണ് ഇവിടത്തുകാർ. ഈ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ് മുക്കണ്ണൻ മമ്മത്, ചെമ്പാലൻ നാണി, ചോലക്കൽ മുഹമ്മദ് എന്ന ചോലാക്ക എന്നിവർ. ഇവരുടെ പരിശീലനത്തിൻ കീഴിൽ വളർന്ന പി. അബ്ദുറഹിമാൻ, പി. ഉമ്മർ, എയർഫോഴ്സ് രാമചന്ദ്രൻ എന്നിവർക്ക് പുറമെ തൊട്ടു ജൂനിയേഴ്സായ എം.ആർ.സി. കുഞ്ഞൻ, സർവ്വീസസ്സിന്റെ വിജയൻ, എം.ആർ.സി. മൊയ്തീൻ, പാപറ്റ കുഞ്ഞിമുഹമ്മദ്, എം.ആർ.സി. മുസ്ഥഫ, അലിഗർ യൂണി. ക്യാപ്റ്റനായിരുന്ന ഉമ്മർകുട്ടി തുടങ്ങി ആ നിര നീളുന്നു. അവരെ പ്രോൽസാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത മാസ് സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനം ഇത്തരുണത്തിൽ സ്മരണീയമാണ്.

കായികരംഗത് വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനവധി ആളുകൾ നമുക്ക് അഭിമാനമായിട്ടുണ്ട്. പുരാതന കാലം മുതൽ കാളപൂട്ട് മത്സരം വളരെ പ്രശസ്തമായി നിലനിന്നിരുന്നു. പരേതനായ കറളിക്കാട്ടിൽ മൂസകുട്ടിഹാജി ഈ രംഗത്ത് ഇന്നും ഓർമ്മിക്കപ്പെടുന്ന വ്യക്തിയാണ്. ഇദ്ദേഹം ഈ ഉദ്ദേശത്തിന് വേണ്ടി ധാരാളം കാളകളെ വളർത്തിയിരുന്നു.

വണ്ടൂരിലെമാപ്പിള കവി പുലിക്കോട്ടിൽ ഹൈദർ കാളപ്പൂട്ടിനെ കുറിച്ച് പാട്ടുകൾ തന്നെ രചിച്ചിട്ടുണ്ട്.

കാളപ്പൂട്ടിൻറതിശയം - പലരുമേ
പറഞ്ഞ ചേതി - എന്റെ
ാലികൾ കൊണ്ടൊരു ദിനം
ഞാൻ ചെന്നണഞ്ഞ പൂതി
-കാള
ആള് എണ്ണം അനവധിയുണ്ട്
ആകെ വീതി അതിലൊരു കുണ്ട്
കീളെ വെള്ളം ചളി അതിലുണ്ട്
കാലികൾ മറ്റനവധിയുണ്ട് - കന്ന്
ഒരു ജോഡി തെളിച്ച് കടന്ന്
വടിയുള്ളവരൊക്കെയും വന്ന് നുകം
വെച്ച് അമച്ച് കെണിച്ച് തണിച്ച്
നേര് മൂലൻേറത് വരെ
വടി വച്ചുരച്ച് കേറ്റി
(പുലിക്കോട്ടിൽ ഹൈദറിന്റെ പ്രസിദ്ധമായ കവിതയിൽ നിന്ന്)

കലയും സാഹിത്യവും

മുൻകാലങ്ങളിൽ തന്നെ വണ്ടൂർ പ്രദേശം കലാരംഗത്ത് വളരെ മുൻപന്തിയിലായിരുന്നു. മാപ്പിളകലാരംഗത്ത് ഓർമ്മിക്കേണ്ട ശ്രദ്ധേയരായ മഹത് വ്യക്തികൾ ഇവിടെ ജീവിച്ചിരുന്നു. പുലിക്കോട്ടിൽ ഹൈദർ, പി.ടി. വീരാൻകുട്ടി മൗലവി പോക്കാവിൽ മൊല്ലാക്ക, നെച്ചിക്കാടൻ കുഞ്ഞഹമ്മദ് മാസ്റ്റർ എന്നിവ അവരിൽ പ്രഥമസ്ഥാനീയരാണ്.

ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുന്ന നാലാകത്ത് കാസിമിന്റെ സേവനം ശ്രദ്ധേയമാണ്. 1990 ൽ കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് നാലാകത്ത് കാസിമിന് ലഭിച്ചിട്ടുണ്ട്. അവശകലാകാരൻമാർക്കുള്ള പെൻഷനും അദ്ദേഹത്തിന് ലഭിക്കുന്നുണ്ട്.

മാപ്പിളപ്പാട്ട് രംഗത്ത് മാത്രമല്ല, ഒപ്പന, ദഫ് മുട്ട്, കോൽകളി, അറവന മുട്ട് എന്നീ കലകളിലും ഈ പഞ്ചായത്തിൽ മുൻകാലങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞിരുന്നു. മലയാള കവിതാ രംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന ഒരു യുവ കവിയാണ് സലാം കാരാട്ടിൽ. ഇദ്ദേഹത്തിന്റെ ധാരാളം കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1969 മുതൽ ഒരു ലക്കവും മുടങ്ങാതെ നസ്രത്തുൽ അനാം എന്ന ഒരു മാസിക വണ്ടൂരിൽ നിന്ന് പ്രസിദ്ധീകരിച്ചു വരുന്നു. അതുപോലെ 1992

മുതൽ 'ബുൽബുൽ' എന്നൊരു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. 1970 ൽ നീലാമ്പ്ര മരയ്ക്കാർ ഹാജിയുടെ ''ഹജ്ജ് യാത്ര' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1940 മുതൽ 1996 വരെ വിവിധ പത്രങ്ങളിൽ വിവിധ വിഷയങ്ങളെ കുറിച്ച് ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വണ്ടൂർ വി.എം.സി. ഐഹസ്കൂളിന്റെ സ്ഥാപക പ്രവർത്തകനായ വി.എം.സി. ഭട്ടതിരിപ്പാടിന്റെ മകൾ കെ.ബി. ശ്രീദേവിയുടെ 16 പുസ്തകങ്ങൾ, ചെറുകഥ, നോവൽ എന്നീ വിഭാങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 'യജ്ഞം' എന്ന നോവലിന് സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

മാപ്പിളകവി പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികൾ സമാഹരിച്ച് എം.എൻ. കാരശ്ശേരി എഡിറ്റ് ചെയ്ത 'പുലിക്കോട്ടിൽ കൃതികൾ' വണ്ടൂർ മാപ്പിള കലാവേദി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലബാർ കലാപത്തോടനുബന്ധിച്ച് ബ്രിട്ടീഷുകാർ അറസ്റ്റു ചെയ്ത് ഏഴു വർഷം ജയിലിൽ കിടന്ന നെച്ചിക്കാടൻ കുഞ്ഞഹമ്മദ് മാസ്റ്റർ രചിച്ച 'ബല്ലാരി ജയിലിൽ നിന്നൊരു കത്ത്' എന്ന കൃതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചെറുകഥകളെഴുതുന്ന സക്കീന ആസാദ്, 'കയ്യെത്താത്ത പൂക്കൾ' എന്ന നോവൽ എഴുതി പ്രസിദ്ധീകരിച്ച ഉമ്മർ ഫാറൂഖ് തുടങ്ങിയവർ വളർന്ന് വരുന്ന എഴുത്തുകാരാണ്.

ധാരളം നോവലുകളും ഡിറ്റക്റ്റീവ് നോവലുകളും രചിച്ച കൃഷ്ണൻ പുല്ലൂർ നമ്മുടെ പഞ്ചായത്തിലെ എഴുത്തുകാരിൽ പ്രധാനിയാണ്. കൃഷ്ണൻ പുല്ലൂർ'' റൈഫിൾ ജാക്ക് ''

എന്ന തൂലികാ നാമത്തിൽ നിരവധി അപസർപക നോവലുകൾ എഴുതിയിട്ടുണ്ട്.

1996 നവ.-23ന് ബാഗ്ലൂരിൽ നടന്ന കഥകളി അവതരിപ്പിച്ചത് കൃഷ്ണൻ പുല്ലൂരിന്റെ മകനായ സാജനാണ്.

നിരവധി വിദേശരാജ്യങ്ങളിലടക്കം ചാക്യാർകൂത്ത് അവതരിപ്പിച്ചിട്ടുള്ള കാപ്പിൽ വാര്യത്ത് രവീന്ദ്രൻ വണ്ടൂർ സ്വദേശിയാണ്.

പ്രശസ്ത നോവലിസ്റ്റും, ആക്ഷേപഹാസ്യ കലാപ്രസ്ഥാനത്തിന്റെ മുടിചൂടാമന്നനുമായ വി.കെ.എൻ. ആദ് മാസക്കാലം വണ്ടൂർ ദേവസ്വം ഓഫീസിൽ ജോലി ചെയ്തിരുന്നു.

വണ്ടൂർ സ്വദേശിനി പി.എൻ. കുമാരി 'മാലതി' എന്നൊരു നോവൽ എഴുതിയിട്ടുണ്ട്.

കെ.എൻ. മൂസ്സത് മാസ്റ്റർ 'അട്ടഹസിക്കുന്ന അസ്ഥികൂടം' എന്ന അപസർപ്പക നോവൽ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'ശൈലശ്രീ' എന്ന പേരിൽ ഒരു മാസിക വണ്ടൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.

സംസ്ഥാന യുവജനോൽസവത്തിൽ ഒന്നാം സ്ഥാനം നേടിയ ഇഷ്റത്ത് സബാ, പി. തൻസീൽ എന്നിവ വളർന്ന് വരുന്ന ഗായികമാരാണ്.

ഫ്രീലാൻറ് ഫോട്ടോഗ്രാഫറായ രവിശഹ്ഖർ വണ്ടൂർ സ്വദേശിയാണ്.

1996 മാർച്ച് രണ്ടിന് വണ്ടൂർ പഞ്ചായത്ത് ബോർഡിന്റെ ആഭിമുഖ്യത്തിൽ നീലീമ്പ്ര മരയ്കാർ ഹാജി സ്മാരക സാംസ്കാരിക നിലയം നിലവിൽ വന്നതോടെ നല്ല നിലവാരമുള്ള ഒരു ഗ്രന്ഥാലയം ഇവിടെ പ്രവർത്തിക്കാൻ തുടങ്ങി.

നാടൻ കലകൾ

ആദിവാസി നൃത്തം, കോൽകളി, ചവിട്ടുകളി, തെയ്യം, തിറ, കൈകൊട്ടികളി ഇവയുടെ സങ്കേതങ്ങൾ തന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇന്നും ഈ കലകൾ ഇവിടെ നിലനിൽക്കുന്നുണ്ട്. പക്ഷേ, വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാലും പുതിയ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനത്താലും ഇവ ക്ഷയോൻമുഖമാണ്.

ഒപ്പന എന്ന കലാരൂപം വണ്ടൂരിലെയും പരിസരപ്രദേശങ്ങളിലേയും പെൺകുട്ടികളുടെ സർഗ്ഗാത്മകതയെ പരിപോഷിപ്പിച്ച സംഘകേളിയായിരുന്നു. ഒപ്പനക്ക് സംസ്ഥാന യുവജനോൽസവത്തിൽ ഒന്നാം സ്ഥാനം നേടുവാൻ വണ്ടൂരിലെ പെൺകൊടിമാർക്ക് കഴിഞ്ഞിട്ടുണ്ട്.

ഗൃഹാതുരത്വത്തിൽ നിന്ന് മോചനം നേടുവാൻ ഇന്നും വനിതകൾക്കവസരമേകുന്നത്

ഒപ്പന പോലുള്ള കലാരൂപങ്ങളാണ്. നല്ല നിലയിൽ പരിശീലനവും പ്രോത്സാഹനവും നൽകിയാൽ ഓരോ വീട്ടുകൂട്ടങ്ങളിലും ഒപ്പന ടീം തന്നെ രൂപീകരിക്കാൻ കഴിയും.

അന്യംനിന്നു പോകുന്ന നാടൻകലാ രൂപങ്ങളെ നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനും വേണ്ടി സർക്കാർ ഉടമയിൽ ഒരു കലാ അക്കാദമി തന്നെ സ്ഥാപിക്കണം.

കലയും സാഹിത്യവും

വട്ടകളിയും ചവിട്ട്കളിയും നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന രണ്ട് നാടൻ കലാരൂപങ്ങളാണ്. നടീൽചാട്ട്, തിരുവാതിരകളി, തുടികൊട്ടിപ്പാട്ട്, മോഹിനിയാട്ടം, ഭരതനാട്യം, തോറ്റംപാട്ട്, കോലംകെട്ട്, പുലികളി, വിൽപാട്ട്, എന്നീ കലകളും പഞ്ചായത്തിന്റെ ഗ്രാമഭാഗങ്ങളിൽ നിലനിന്നിരുന്നു. കാവടിയാട്ടം ഗ്രാമീണമേഖലയിലെ ഉത്സവങ്ങൾ, പൂരങ്ങൾ, എന്നിവയോടനുബന്ധിച്ച് ഇതും നിലനിൽക്കുന്നു. മേൽ സൂചിപ്പിച്ച നാടൻ കലാരൂപങ്ങളും നാടൻ പാട്ടുകളും അന്യം നിന്ന് പോകുന്ന അവസ്ഥയാണുള്ളത്. ഇവയ്ക്ക് പ്രത്യേക പരിഗണന നൽകി ഇവയെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ഉത്സവങ്ങൾ, ആഘോഷങ്ങൾ

മാരിയമ്മൻ പൂജ, താലപ്പൊലി, കാളി പൂജ, അയ്യപ്പൻ പാട്ട്, കൊയ്ത്തുൽസവം, പാട്ടുൽസവം തേർ പൂജ തുടങ്ങിയവയാണ് വണ്ടൂരിലെ പ്രധാന ഉത്സവങ്ങൾ. എല്ലാ ഉത്സവങ്ങളും ഇന്നും വളരെ ആഘോഷമായിത്തന്നെ നടത്തപ്പെടുന്നു. വലിയ പെരുന്നാൾ, ചെറിയ പെരിന്നാൾ, ഓണം, വിഷു, ക്രിസ്തുമസ് എന്നിവ എല്ലാ വിഭാഗം ആളുകളുടേയും ആഘോഷമായാണ് നടന്നുവരുന്നത്. പെരുന്നാൾ സൽകാരങ്ങൾ, ഓണം എന്നിവ സർവ്വമതമൈത്രിയുടെ ഉത്തമദൃഷ്ടാന്തങ്ങളാണ്.

വിവാഹചടങ്ങുകളിൽ എല്ലാവരുടേയും പൂട്ടായ്മയും പങ്കാളിത്തവും ദർശിക്കുവാൻ കഴിയും. ഒരു വീട്ടിലെ കല്ല്യാണം ആ വീട്ടിലേയും പരിസരവാസികളുടേയും ഒത്തൊരുമയുടേയും സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഉദാത്തമായ ദൃഷ്ടാന്തമായി തീരുന്നു. ഈ മാതൃക ഏറെ അനുകരണീയമാണ്.

പുതിയ രീതിയിലുള്ള മാധ്യമങ്ങളുടെ സ്വാധീനം മൂല്യച്യുതിയുണ്ടാക്കാൻ കാരണമായിട്ടുണ്ട്. അശ്ലീല പോസ്റ്ററുകൾ, ദൃശ്യ മാധ്യമങ്ങൾ, പുതിയ ചൂതാട്ടക്ലബ്ബുകളുടെ ആവിർഭാവം ഇവയെല്ലാം സാംസ്കാരിക രംഗത്ത് പ്രശ്നങ്ങളായി നിലനില്കുന്നുണ്ട്.

വണ്ടൂരിലെ വായനശാലകളും സാംസ്കാരിക വേദികളും

വണ്ടൂരിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ച വായനശാല അമ്പലപ്പടിയിലുള്ള പ്രഭാത് വായനശാലയാണ്. കാരാട് എഴുത്തച്ഛൻ വായനശാല പ്രവർത്തിച്ചിരുന്നു.

കാപ്പിൽ ദേശസേവിനി വായവശാല ഇന്നും പ്രവർത്തിക്കുന്നു.

-കാരാട് ഭരത്സംസ്കാരവേദി പ്രവർത്തനം നടത്തുന്നുണ്ട്.

- കാപ്പിൽ കലാസമിതി നാടകരംഗത്ത് കനപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

- വാണിയമ്പലം ആസാദ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് വണ്ടൂർ പഞ്ചായത്തിലെ പഴക്കമുള്ള സാംസ്കാരിക വേദിയാണ്. ഈ ക്ലബ് ഇന്നും പ്രവർത്തനനിരതമാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. വാണിയമ്പലം ആസാദ് വായനശാലക്ക് 2 സെൻറ് സ്ഥലം പഞ്ചായത്ത് അനുവദിക്കണം.
2. വായനശാലകൾ സ്ഥാപിക്കണം. അതിന് വേണ്ട സഹായസഹകരണങ്ങൾ നൽകണം.
3. വെള്ളാമ്പ്രം ഉദയാ വയനശാല സജീവമാക്കാൻ വേണ്ട സഹായം നൽകണം.
4. കാപ്പിൽ വായനശാല, കാഞ്ഞീരംപാടം,

പുലരി വായനശാല ഇവ പ്രവർത്തന ക്ഷമമാക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകണം.

5. കാപ്പിൽ വായനശാലക്കും വെള്ളാമ്പുറം ഉദയാ വായവശാലയ്ക്കും പോതു ടെലിവിഷൻ, റേഡിയോ എന്നിവ വേണം.
6. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 10 ശതമാനമെങ്കിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കി വെയ്ക്കണം.
7. വാർഡ്തലം മുതൽസംസ്താനതലം വരെ കലാകായിക മത്സരങ്ങൾ നടത്തണം..
8. പരമ്പരാഗത കലകൾ പ്രോത്സാഹിപ്പിക്കണം.
9. നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ ഒരു കല്ല്യാണമണ്ഡപമാക്കി മാറ്റണം.
10. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കാൻ ഒരു ബഹുജന-വനിതാ ഐക്യനിര കെട്ടിപ്പടുക്കണം.
വായാനാശീലം വളർത്തുക.

നിലവിലുള്ള ജനങ്ങൾക്ക് പബ്ലിക് ലൈബ്രറിയിൽ കൂടുതൽ അഭിരുചിയുള്ള പുസ്തകങ്ങൾ ശേഖരിക്കുകയും വായനക്കാരെ ആകർഷിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവയും ലഭ്യമാക്കണം.

പഞ്ചായത്ത് സാംസ്കാരിക നിലയം മുഴുവൻ സമയം തുറന്നു പ്രവർത്തിക്കണം. ദിനപത്രങ്ങളും ുന്നതവിദ്യാഭ്യാസത്തിനുതകുന്ന ഗ്രന്ഥങ്ങളും വേണം. ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിച്ചുകൊണ്ട് പൂർണ്ണ സമയവും ജനങ്ങൾക്കായി തുറന്നുകോടുക്കണം. പ്രസ്തുത സാംസ്കാരിക നിലയത്തിൽ ദൃശ്യശ്രാവ്യമാധ്യമങ്ങൾ സ്ഥാപിക്കണം. കമ്മ്യൂണിറ്റി ഹാൾ പുതുക്കി പണിയുകയും മേൽ പറഞ്ഞ മാറ്റം വരുത്തുകയും ചെയ്യുമ്പോൾ അതിൽ ഒരു റൂം മിനി വായനശാലയാക്കി മാറ്റണം.

1 മുതൽ 6 വരെ വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല. ഏഴാം വാർഡിൽ പൊതു കളിസ്ഥലത്ത് കയ്യേറ്റമുണ്ട്. ടി വാർഡിലെ പട്ടികജാതി സാംസ്കാരിക നിലയം സജീവമല്ല. തുടർ സാക്ഷരതാ പ്രവർത്തനം നിർജ്ജീവമാണ്. ജനവിദ്യാ കേന്ദ്രങ്ങൾ നിർജീവമാണ്. പഴയ കലാകായികാഭ്യാസങ്ങൾ അന്യം നിന്നു പോയിട്ടുണ്ട്. ദരിദ്രരായ വിദ്യാർത്ഥികൾ കലാകായികരംഗത്ത് അവഗണിക്കപ്പെടുന്നവരാണ്. സർഗ്ഗചൈതന്യമുള്ള ദരിദ്ര വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നില്ല. വിദ്യാലങ്ങളിൽ ലൈബ്രറി സൗകര്യങ്ങളില്ല. ഉള്ളതു തന്നെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുമില്ല. പഞ്ചായത്തിൽ ഔദ്യോഗിക - അനൗദ്യോഗിക ക്ഷേമപ്രവർത്തനങ്ങളെ ക്കുറിച്ച് അറിയാനുള്ള ഒരു വിവരദായകകേന്ദ്രം പ്രവർത്തിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും ഉപകാരപ്രദമായ പഞ്ചായത്ത് ആസ്ഥാനത്തുള്ള സാംസ്കാരികനിലയം പ്രവർത്തിപ്പിക്കുക.
2. കലാകായിക വൈഭവമുള്ള ദരിദ്രവിദ്യാർഥികൾക്ക് പ്രോൽസാഹനം നൽകുക.
3. അവധികാലങ്ങളിൽ വാർഡ് തലത്തിൽ വിദ്യാർഥികൾക്ക് കൂട്ടായി രസിക്കാനും കളിക്കാനും പര്യാപ്തമായ തരത്തിൽ കലാകായിക മേളകളും ജലോൽസവങ്ങളും സംഘടിപ്പിക്കുക.
4. സാക്ഷരതാ പ്രവർത്തനം ജനകീയമാക്കി അതിന് നവജീവൻ നൽകുക.
5. ജനവിദ്യാകേന്ദ്രങ്ങളിൽ നവസാക്ഷരർക്കുള്ള പുസ്തകങ്ങൾ ലഭ്യമാക്കണം.
6. ദൈനംദിന കായിക പരിശീലനത്തിന് ഉതകുന്നവിധം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ക്ലബ് രൂപീകരിക്കണം. അതിലൂടെ കലാകായിക താരങ്ങളെ വളർത്തിക്കൊണ്ട് വരുവാനുള്ള സംവിധാന മുണ്ടാക്കണം.
7. ദിനേന നാശത്തിനു വിധേയമായികൊണ്ടിരിക്കുന്ന വണ്ടൂർ സ്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കി മാറ്റണം.
8. ഓണാഘോഷം, കേരളോൽസവം എന്നിവ

ജനപങ്കാളിത്തത്തോടു കൂടി ഏറ്റടെത്തു നടത്തണം.

സാംസ്കാരിക രംഗത്ത് ശ്രദ്ധിക്കേണ്ട ചില പ്രശ്നങ്ങൾ

അംഗീകാരമുള്ളതും ഇല്ലാത്തതുമായ ക്ലബ്ബുകൾ വണ്ടൂർ ടൗണിലും പരിസരങ്ങളിലുമുണ്ട്. മുൻകാലങ്ങളിൽ ഫുട്ബാൾ രംഗത്ത് പരിശീലനം നൽകുകയും ഫുട്ബാൾ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ക്ലബുകൾ ഇന്ന് ശീട്ടുകളി കേന്ദ്രങ്ങളായി മാറിയിരിക്കുന്നു.

രാത്രിയിലും പകലും തുടർച്ചയായി ശീട്ടുകളി നടക്കുന്ന ക്ലബ്ബുകൾ ടൗണിലുണ്ട്. ഈ ക്ലബുകളിലെത്തുന്നവർക്ക് ഭക്ഷണം, ചായ ഇവ നൽകുന്നത് രാത്രി കാലങ്ങളിൽ ടൗണിൽ പ്രവർത്തിക്കുന്ന തട്ടുകടകളാണ്.

ക്ലബ്ബുകളിലെ പണം വച്ചു ശീട്ടുകളിയിൽ സർവ്വതും നഷ്ടപ്പെട്ട് മരണത്തെ പുൽകിയവർ പോലും ഉണ്ട്. ആ കുടുംബങ്ങളുടെ കണ്ണീർ വീണ് കുതിർന്ന നൊമ്പരങ്ങൾ ഉൾകൊണ്ട ക്ലബുകളിലെയും പൂരസ്ഥങ്ങളിലേയും പണം വച്ചുള്ള ശീട്ടുകളി അവസാനിപ്പിക്കാൻ നടപടി ഉണ്ടാവേണ്ടതാണ്. ഇത്തരം ക്ലബുകളുടെ രജിസ്ട്രേഷൻ റദ്ധാക്കണം.

അന്യപ്രദേശങ്ങളിൽ നിന്നും രാത്രിയുടെ മറവിൽ വണ്ടൂരിലെത്തി അനാശാസ്യപ്രവർത്തനങ്ങൾ നടകത്തുന്ന സംഘങ്ങൾ വണ്ടൂരിന്റെ ശാപമായിനിലനിൽക്കുന്നു. പലപ്പോഴും പോലീസ് അധികാരികൾ ഇവരെ ഓടിക്കാറുണ്ട്. അപ്പോഴൊക്കെ ഓടി രക്ഷപ്പെടുന്ന ഇവർ ഒന്നോ രണ്ടോ ദിവസങ്ങൾക്ക് ശേഷം വീണ്ടും പ്രത്യക്ഷപ്പെടുന്നു. പകുതി പണി കഴിഞ്ഞ കെട്ടിടങ്ങളും അങ്ങാടിയിലെ കെട്ടിടങ്ങളുടെ ഇടനാഴികകളും വണ്ടൂർ ഹൈസ്കൂൾ ഗ്രൗണ്ടും മറ്റ് ഒഴിഞ്ഞ സ്ഥലങ്ങളും ഇവരുടെ കേളികൾക്ക് വേദിയാവുന്നു. വളർന്ന് വരുന്ന ഒരു തലമുറയെ മൂല്യച്യുതിയിലേക്ക് തള്ളിവിടാൻ ഇടയുള്ള മാരകരോഗങ്ങളും ഉണ്ടാവാൻ മേൽ സൂചിപ്പിച്ച രണ്ട് പ്രശ്നത്തിലും ഇടപെടുകയും കടുത്ത നടപടികളിലൂടെ ഇവ അവസാനിപ്പിക്കുകയും വേണം.

യുവാക്കളുടെ ചെറുസംഘങ്ങൾ ആദ്യമാദ്യം ഒരു രസത്തിനും സാഹസീകതക്കും വേണ്ടി മദ്യവും മയക്കുമരുന്നും രുചിച്ച് നോക്കുകയും പിന്നീട് ഒരു സ്റ്റാറ്റസ് സിമ്പലായും സാമൂഹ്യ അംഗീകാരം ലഭിക്കാതെ പോകുന്നവരുടെ നിരാശയെ മറക്കാനുള്ള കുറുക്കുവഴിയായും മാറുന്ന അവസ്ഥാവിശേഷവും സമൂഹത്തിൽ ദൃശ്യമാകുന്നുണ്ട്. ഇത്തരം സ്വഭാവങ്ങളെ ദൂരകാഴ്ചയോടെ കാണുവാനും ഈ ദുഷ്പ്രവണത മുളയിലെ നുള്ളുവാനും നടപടിയുണ്ടാവണം.

സ്വാതന്ത്ര്യത്തിനും മുമ്പ് 1930 കൾ മുതലും സ്വാതന്ത്രാനന്തരം 1975 വരെയും വണ്ടൂരിലെ സാമൂഹ്യരംഗത്തും സാസ്കാരിക രംഗത്തും അതതു കാലഘട്ടങ്ങളിലെ യുവതലമുറ കൂട്ടായ്മയോടെ മുമ്പോട്ട് വന്നിരുന്നു. 1948 വരെ ഇന്ന് കമ്മ്യൂണിറ്റി ഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഓഫീസേഴ്സ് ക്ലബ് സ്ഥിതി ചെയ്തിരുന്നു. പിന്നീടിവിടെ ഹൈസ്കൂളും അതിനു ശേഷം ആശുപത്രിയും പ്രവർത്തിച്ചിരുന്നു. അതിനു ശേഷം പ്രസ്തുത സ്ഥലത്ത് ക്ലബും കോഴിക്കോട് ലോക്കൽ ലൈബ്രറിയുടെ ബി.ഡി.എസ്സും. (ബുക്സ് ഡെലിവറി സ്റ്റേഷൻ)ആരംഭിച്ചു. 1970 ൽ ലൈബ്രറി പൂട്ടി. 79 ൽ ഇത് വീണ്ടും പ്രവർത്തനമാരംഭിച്ചുവെങ്കിലും 84 ൽ വീണ്ടും നിർജ്ജീവമാവുകയും 85 ൽ നാട്ടുകാരുടെ ശ്രമഫലമായി ലോക്കൽ ലൈബ്രറി ഇത് റൂരൽ ലൈബ്രറിയാക്കി ഉയർത്തപ്പെടുകയും ചെയ്തു. 1992 ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. ഡബ്ലിയു. ഡി. റെസ്റ്റ് ഹൗസ് വളപ്പിൽ ലൈബ്രറിക്ക് വേണ്ടി 5 സെൻറ് സ്ഥലം അനുവദിച്ചു. 1995 മാർച്ച് മാസത്തിൽ ലൈബ്രറി കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. മൂന്ന് ലക്ഷം രൂപയുടെ ലൈബ്രറി കെട്ടിടത്തിന്റെ പണി നടന്നു വരുന്നു.

1950 ൽ റവ. ഓട്ടൻ സായിപ്പ് വണ്ടൂരിൽ ഒരു ലൈബ്രറി സ്ഥാപിച്ചു. ക്രിസ്ത്യൻ മിഷൻ ലൈബ്രറിയാണിത്. വണ്ടൂർ ടൗണിൽ പി.ടി.

വീരാൻകുട്ടി മൗലവി മെമ്മോറിയൽ ലൈബ്രറി, പ്രഭാത് വായനശാല, വാണിയമ്പലം ആസാദ് വായനശാല, പള്ളികുന്ന് സീതിസാഹിബ് സ്മാരക വായനശാല, വെള്ളാമ്പുറം ഉദയാ വായനശാല, ടി.ബി. റോഡിലെ മുസ്‌ലിം യുവചേതനയുടെ പുലിക്കോട്ടിൽ ഹൈദർ സ്മാരക ലൈബ്രറി ഇവയൊക്കെ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. 1977 ൽ ഗൾഫ് കുടിയേറ്റം ആരംഭിക്കുകയും യുവാക്കൾ ഗൾഫിലേക്ക് പോവുകയും ചെയ്തതോടു കൂടി വായനശാലകൾ പലതും അസ്തമിച്ചു. അന്നത്തെ വായനശാലകളിൽ പ്രഭാദ് വായനശാല, കാപ്പിൽ ദേശസേവിനി വായനശാല, വെള്ളാമ്പുറം ഉദയാ വായനശാല എന്നിവയാണ് ഇന്ന് നിലനിൽക്കുന്നത്.

1925 മുതൽ 1970 വരെ 'പാടി പറയൽ' എന്ന കലാരൂപം വണ്ടൂരിലും പരിസര പ്രദേശങ്ങളിലും നിലനിന്നിരുന്നു. ഒരാൾ പാട്ടുപാടുകയും മറ്റൊരാൾ പാട്ടിന്റെ വ്യാഖ്യാനം നടത്തുകയുമായിരുന്നു രീതി. ഈ രംഗത്ത് പ്രശസ്തരായിരുന്നന്നു പോക്കാവിൽ മൊല്ലാക്ക, ചോലക്കൽ മുഹമ്മദ് (ചോലാക്ക,) പള്ളിയാളി മുഹമ്മദ്, പി.ടി. വിരാൻകുട്ടി മൗലവി, നാലാകത്ത് കാസിം എന്നിവർ പൂക്കുളം നീർച്ച, എരിമുണ്ടശ്ശേരി തേർ പൂജ, ബാണപുരം ക്ഷേത്രത്തിലെ കാർത്തിക ഉൽസവം, വണ്ടൂർ ശിവക്ഷേത്രത്തിലെ പാട്ടുൽസവം എന്നിവ പ്രസിദ്ധങ്ങളായിരുന്നു. ഇതിൽ പൂക്കുളം നേർച്ച ഇന്ന് നിലനിൽക്കുന്നില്ല. റബീഉൽ അവ്വൽ മാസത്തിലെ മുപ്പത് ദിവസവും എല്ലാ പൗർണ്ണമി രാവുകളിലും അറബി കവിതകൾ പാടി മൗലൂദ് നടത്തിയിരുന്നു.

1992 ൽ ഒരു മാസം നീണ്ടു നിന്ന അഖിലേന്ത്യാ എക്സിബിഷൻ വണ്ടൂർ പഞ്ചായത്ത്, ഹൈസ്കൂൾ ഗ്രൗണ്ടിൽ നടത്തിയിരുന്നു. അത് വണ്ടൂരിന്റെ പ്രാദേശീക ഉൽസവമായി നടത്തണം എന്ന് ജനങ്ങൾക്ക് ആഗ്രഹമുണ്ട്.

ഒപ്പന, മാപ്പിളപ്പാട്ട്, ചെണ്ട എന്നിവയ്ക്ക് സംസ്ഥാന യുവജനോൽസവത്തിൽ വണ്ടൂരിലെ കലാപ്രതിഭകൾക്ക് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. അത് നമ്മുടെ സാംസ്കാരിക രംഗത്തെ ചിലത് മാത്രമാണ്.

ഇതെല്ലാം കണക്കിലെടുത്ത് നമ്മുടെ സാംസ്കാരിക തനിമ നിലനിർത്താനാവശ്യമായ നടപടികൾ കൂടിയേ തീരൂ. നമുക്ക് അതിനായി പ്രയത്നിക്കാം.

5-9

വനിത

അടുക്കളത്തളങ്ങളിൽ മാത്രം ഒതുങ്ങിക്കൂടുന്ന വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുവേണ്ട ഒട്ടേറെ വനിതാ മുന്നേറ്റങ്ങൾ നാട്ടിൽ നടക്കുന്നുണ്ടെങ്കിലും മറ്റു പല പഞ്ചായത്തുകളിലും കാണുന്നത് പോലെത്തന്നെ നമ്മുടെ പഞ്ചായത്തിലും സ്ത്രീകൾ വീടുകളിൽ ഒതുങ്ങിക്കൂടുകയാണ്. .

1991 - ലെ സെൻസസ് പ്രകാരം 17544 പുരുഷൻമാരും 18204 സ്ത്രീകളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കേരളത്തിലെ മൊത്തം പ്രവണതപോലെത്തന്നെ നമ്മുടെ പഞ്ചായത്തിലും പുരുഷൻമാരേക്കാൾ സ്ത്രീകളാണ് കൂടുതൽ എങ്കിലും സാമൂഹ്യ പ്രക്രിയയിൽ ഒരു ശതമാനം പോലും സ്ത്രീ പങ്കാളിത്തം ഇവിടെ ഉണ്ടാകുന്നില്ല. വീടിന്റെ പിന്നാമ്പുറങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്നവരാണ് സ്ത്രീകൾ. അന്നും ഇന്നും . വിദ്യാഭ്യാസ രംഗത്തും, ആരോഗ്യ രംഗത്തും, നിയമങ്ങളുടെ മുന്നിലും, തൊഴിൽ മേഖലകളിലും, വീട്ടിലും നാട്ടിലും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണിവർ.

പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകൾ ആയത് കൊണ്ട് തന്നെ സമൂഹത്തിൽ ഉന്നത സ്ഥാനം കൊടുക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കപ്പെടുന്നു. പഞ്ചായത്തിലെ നിലവിലുള്ള ഒരു രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളിലും വനിതകളുടെ നേതൃത്വം തീരെയില്ലായെന്ന് തന്നെ പറയാം. നാലാളുകളുടെ മുന്നിൽ കൃത്യമായി പറിച്ച്

കാര്യങ്ങളവതരിപ്പിക്കാൻ പ്രാപ്തിയുണ്ടാകണമെന്ന ലക്ഷ്യബോധത്തോടെ ഒരു പ്രവർത്തനവും ഇവിടെയുണ്ടായിട്ടില്ല. എന്നാൽ പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ പിൻബലത്തിൽ വനിതകളുടെ ഒരു നേരിയ മുന്നേറ്റം കാണാൻ സാധിക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ വനിതകളുടെ മുന്നേറ്റവും കഴിവും അവർ തെളിയിച്ചിട്ടുണ്ട്. CBNSയിലൂടെ ഒട്ടേറെ വനിതകൾ രംഗത്ത് വന്നിട്ടുണ്ട്. കൃത്യമായ അവബോധവും ലക്ഷ്യബോധവും ഉണ്ടെങ്കിൽ ഇവരെ സമൂഹത്തിന്റെ മുൻനിരയിൽ കൊണ്ടുവരാൻ സാധിക്കും. പറയത്തക്ക സ്ത്രീവിമോചന പ്രസ്ഥാനം പഞ്ചായത്തിൽ ഉണ്ടാടായിട്ടില്ല. സ്ത്രീകൾ നോതൃത്വം നൽകുന്ന 6 മഹിളാസമാജങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

1925 ൽ പൊതുവിഭ്യാസ സ്ഥാപനവും 1930 ൽ സ്ത്രീകൾക്ക് മാത്രമുള്ള പ്രൈമറി വിദ്യാലയവും ഉണ്ടായെങ്കിലും പ്രാദമിക വിദ്യാഭ്യാസ സ്ഥാപനത്തിനുപരിയായി മറ്റ് സ്ഥാപനങ്ങളൊന്നും ഈ മേഖലയിൽ ഉണ്ടായിരുന്നില്ല.

ആയതിനാൽ വനിതകളുടെ വിദ്യാഭ്യാസാവസ്ഥ ഇവിടെ ദയനീയമായിരുന്നു.

തൊഴിൽ മേഖലയിൽ സ്ത്രീകൾ പിൻതള്ളപ്പെട്ടുകൊണ്ടിരിക്കയാണ്. സ്ത്രീധന പ്രശ്നം ഇവിടേയും രൂക്ഷമാണ്. ഇതിന്റെ പേരിൽ ഒട്ടനവധി ദുരിതങ്ങൾ ഇവർക്ക് പേറേണ്ടി വന്നിട്ടുണ്ട്. സ്ത്രീധനത്തിന്റെ കാര്യത്തിൽ വിവാഹ മോചനവും ആത്മാഹൂതിയും നമ്മുടെ പഞ്ചായത്തിലൂം ഉണ്ടായിട്ടുണ്ട്. ഇതിന്റെ പേരിൽ ഒറ്റപ്പെട്ട സ്ത്രീ പീഢനവും

ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യ സമര പ്രക്ഷോപങ്ങളിലോ മറ്റ് കാർഷി പ്രക്ഷോപങ്ങളിലോ മുൻ പന്തിയിൽ നിന്ന് വനിതകളാരും പഞ്ചായത്തിലില്ല. സാമൂഹ്യ പ്രക്രിയകളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പുരുഷൻമാരാണ് കൂടുതൽ. എന്നാൽ അദ്ധ്യാപന പരിശീലനത്തിൽ അപവാദമാണ്. പ്രൈമറി തലത്തിലും വിദ്യാർത്ഥിനികളാണ് കൂടുതൽ. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സ്ത്രീകൾക്കിടയിൽ നിരക്ഷരത ഒരു പരിധി വരെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ മേഖലയിലാണ് സ്ത്രീകൾ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത്. എല്ലാ മേഖലയും ശക്തിപ്പെടുത്താതേയും സാമൂഹ്യ ബോധവൽക്കരണമില്ലാതേയും ഇവർക്കെതിരെ പ്രവർത്തിക്കുന്ന സാമൂഹ്യ ഘടകങ്ങളെ ഇല്ലാതെയാക്കാൻ കഴിയില്ല.

കരിമ്പൻതൊടി, കാരാട് മേഖലയിലുള്ളനെയ്ത് മേഖലയിൽ സ്ത്രീകൾക്ക് ഏറ്റവും കുറഞ്ഞ വേതനമാണ് നല്കപ്പെടുന്നത്.

പ്രശ്നങ്ങൾ

സാമ്പത്തിക പരാധീനതകളും തൊഴിലില്ലായ്മയുമാണ് സ്ത്രീകളുടെ മുന്നേറ്റത്തിൽ തടസ്സം നിൽക്കുന്ന പ്രധാന ഘടകങ്ങൾ. മണ്ണിന് വരമ്പിടാൻ തുടങ്ങിയ കാലഘട്ടം തൊട്ട് സ്ത്രീകൾ വിവേചനം അനുഭവിക്കുന്നുണ്ട്. വളരെ വർഷങ്ങളുടെ പഴക്കമുള്ള ഈ പ്രക്രിയക്ക് തടയിടണമെങ്കിൽ ബോധപൂർവ്വമായ ഇടപെടലിലൂടെ മാത്രമേ സാധിക്കൂ.

ഏറ്റെടുത്ത ജോലികൾ ഉത്തരവാദിത്തത്തോടെ കൃത്യമായി ചെയ്യാൻ ഇവർക്ക് കഴിയും . എന്നാൽ സ്വയം തൊഴിൽ ഏറ്റെടുത്ത് നടത്താൻ ഇവർ മുൻകയ്യെടുക്കാറില്ല. ഈ ഒരവസ്ഥക്ക് മാറ്റമുണ്ടാകണം. സ്ത്രീകളുടെ പ്രധാന പ്രശ്നം ആത്മ വിശ്വാസം ഇല്ലായ്മയാണ്. ചില ജോലികൾ തങ്ങളുടേത് മാത്രമാണെന്ന (വീടുപണികൾ) ഒരു 0തോന്നൽ ഇവർക്കിടയിലും പൊതുവെ സമൂഹത്തിലുണ്ട്.

ഈ ബോധം അരക്കിട്ടുറപ്പിക്കാൻ നമ്മുടെ പ്രാഥമിക പാഠപുസ്തകങ്ങൾവരെ കാരണമാകുന്നുണ്ട്. തങ്ങളുടെ അവസ്ഥയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവൻമാരാക്കേണ്ട പ്രവർത്തനമാണ് ഈ രംഗത്തുണ്ടാകേണ്ടത്.

സാമൂഹ്യ രാഷ്ട്രീയ സന്നദ്ധപ്രവർത്തകർ തങ്ങളുടെ സംഘടനകളിൽ ബോധപൂർവ്വമായി സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തുകയും വേണം.

സാദ്ധ്യതകൾ

സാമൂഹ്യ, സാംസ്കാരിക രംഗത്തും, പൊതു രംഗത്തും സ്ത്രീകളുടെ പ്രാതിനിധ്യം സാവർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനപരിപാടികളും ചർച്ചാ ക്ളാസുകളും ഇവക്കായി മാത്രം നടത്തേണ്ടതുണ്ട്. സാക്ഷരതാപ്രവർത്തനം പോലെ ആത്മ വിശ്വാസം ഉണ്ടാക്കാൻ ഉതകുന്ന വിധത്തിലുള്ള മറ്റു സാമൂഹ്യവികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും വേണം. CBNPപോലുള്ള പ്രവർത്തനം ജനകീയമാക്കിയാൽ ഏറെക്കുറെ ജനകീയമുന്നേറ്റം ഈരംഗത്ത് കാണാൻ സാധിക്കും. സാമ്പത്തിക സ്ഥിരത ഒരളവോളം കൈവരിച്ച മേഖലകളിലുള്ള വനിതകൾക്ക് ചൂഷണത്തിന്റെ കാഠിന്യം അല്പം കുറഞ്ഞതായി കാണാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ സ്ത്രീസ്വാതന്ത്ര്യത്തിന്ന് അനിവാര്യമായും ചെയ്യേണ്ടത്

തൊഴിൽ മേഖലകളിൽ പ്രത്യേക സംവരണം ഇവർക്കായി മാറ്റി വെക്കുക എന്നതാണ്.

ഗ്രാമ സഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ.

1. തുടർസാക്ഷരതാ പ്രവർത്തി നടപ്പിലാക്കുക.

2. മഹിളാസമാജം തടങ്ങുക

3. നിലവിലുള്ളപഞ്ചായത്തിന്റെ അധികാരം ഉപയോഗിച്ച് അശ്ലീല പോസ്റ്ററുകൾതടയുക.

4. പഞ്ചായത്തിന്റെ സീൽ പതിക്കാത്ത ഒരു സിനിമാ പോസറ്ററും ഒട്ടിക്കാൻ അനുവതിക്കാതിരിക്കുക.

5. സമ്പൂർണ്ണ മദ്യനിരോതനം നടപ്പിലാക്കുക. ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്നത് മദ്യപാനികളിൽനിന്നാണ്.

തൊഴിൽ യൂണിറ്റുകൾ.

1. പേപ്പർ കവർ യൂണിറ്റ് (മെഡിക്കൽ ഷാപ്പുകൾക്കു വേണ്ടിയുള്ളത്)

2. പൂച്ചട്ടികളുടെ നഴ്സറി.

3. വാഴനാരുകൊണ്ടുള്ള കൗതുക വസ്തു നിർമാണ യൂണിറ്റ്.

4. ഹവായ് ചെരുപ്പ് നിർമാണ യൂണിറ്റ്.

5. കൂൺ കൃഷി.

6. പ്ലാസ്റ്റിക്ക് മെടച്ചിൽ.

7. തയ്യൽ യൂണിറ്റുകൾ.

8. റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം.

9. വനിതാ ബീഡി തൊഴിലാളി സഹകരണസംഘം.

10. കോഴി വളർത്തൽ, കാലിവളർത്തൽ.

11. മുളക്, മല്ലി, മഞ്ഞൾ, അരി, രാകി എന്നിവ പൊടിക്കുന്ന യൂണിറ്റ്.

12. കരിമ്പൻ തൊടി ഖാദി ബോർഡ് നെയ്ത്ത് ശാലയിൽ 5 തറികൻകൂടി സ്ഥാപിക്കണം.

പഞ്ചായത്തിന്റെ ചില മേഖലകളിൽ മദ്യ വില്പന നടക്കുന്നുണ്ട്. നിർബന്ധമായും ജനകീയ സമിതികൾ ഇടപെട്ട് ഇവ അവസാനിപ്പിക്കണം.

നിലവിലുള്ള തൊഴിൽ മേഖലകൾ, വനിതാക്ഷേമം പ്രവർത്തന സംരഭങ്ങൾ ഇവയെ കുറിച്ചുള്ള അവബോധം സ്ത്രീകളിൽ ഉണ്ടാക്കണം. സർക്കാർ ജീവനക്കാരികളായ വനിതകളുടെ നിസ്സംഗത മാറ്റാൻ ബന്ധപ്പെട്ട രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ സംഘടനകളുടെ ബോധപൂർവ്വമായ ഇടപെടൽ ആവശ്യമാണ്.

അംഗൻ വാഡിയോടനുബന്ധിച്ചും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നെഹ്റു .യുവക് കേന്ദ്രയുടെ ഓരോ യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

C B ,N Pപദ്ധതികളുമായും D W C R A പദ്ധതികളുമായും D W C R Aപദ്ധ

തികളുമായും വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ICDS പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തേണ്ടതാണ്.

അങ്ങനെ അംഗനവാടികൾ കേന്ദ്രീകരിച്ച് ടെയ്‌ലറിംഗ് എംബ്രോയിഡറി യൂണിറ്റുകൾ, പ്രാദേശികമായി സാദ്ധ്യതയുള്ള വെളിച്ചെണ്ണ വ്യവസായം, കശുവണ്ടി പരിപ്പ് നിർമ്മാണം, കൂൺകൃഷി, കശുമാങ്ങ സ്കാഷ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ഖാദിനൂൽ നൂൽപ്പ് പേപ്പർ കവർ യൂണിറ്റ്, അച്ചാർ നിർമ്മാണം, പുഷ്പകൃഷി കാലി വളർത്തൽ, റെക്സിൻ യൂണിറ്റ്, പ്ലാസ്റ്റിക് മെഡയൽ എന്നിവയിൽ പരീശീലനം നൽകണം. പരിശീലനം നൽകിയ ശേഷം ഓരോ ഉൽപ്പാദന യൂണിറ്റുകളും ആരംഭിക്കണം. ഇക്കാര്യത്തിൽ ഓരോ ഗ്രാമ പഞ്ചായത്തിലും ജില്ലാ വ്യവസായകേന്ദ്രം, മഹിളാ സമാജ്യങ്ങൾ, വനിതാ ക്ഷേമ ഏജൻസികൾ എന്നിവയുടെ പദ്ധതികളുമായി ഏകോപനം ഉണ്ടാക്കാവുന്നതാണ്.

അംഗൻവാടി കെട്ടിടങ്ങൾ, DRDA, Untied, JRY, WFP, SOCIAL FORESTY, എന്നീ ഏജൻസികൾ മുഖേന നിർവ്വഹിക്കാവുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിൽ മൊത്തത്തിൽ ശിശുക്ഷേമം വാർദ്ധക്യ അവശജന വിഭാഗ ക്ഷേമം പുനരധിവാസ സേവനങ്ങൾ, വനിതാക്ഷേമം, വികലാംഗക്ഷേമം, വോളണ്ടറി മേഖലകൾക്കുള്ള സഹായധന വിതരണം, പ്രൊബേഷൻ, ആപ്റ്റർ കെയർ സേവനങ്ങൾ, ബാലനിധി പ്രവർത്തനങ്ങൾ എന്നിവയും നടക്കുന്നുണ്ട്.

ഓരോ ഗ്രാമ പഞ്ചായത്തിലേയും പ്രശ്നങ്ങൾ കൂടി കണക്കിലെടുത്ത് പദ്ധതികൾക്ക് രൂപം നൽകണം.

വികലാംഗർക്കും വനിതകൾക്കും ലോൺലിംഗ്ട് സ്കീമുകളേക്കാൾ ഫലപ്രദം ഗ്രാൻറ് ലിംഗ്ട് സ്കീമുകളായിരിക്കും. വിധവ, വാർദ്ധക്യ, വികലാംഗപെൻഷൻ, മിശ്ര വിവാഹിതർക്ക്, ധനസഹായം, അബലകളും അവശരും, ആർത്തൻമാരും, ആലംബഹീനരുമായ സഹജീവികളുടെ ദുരിതം അകറ്റുന്ന ആശ്വാസപ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളിൽപ്പെടുന്നു. ഇത്തരം പദ്ധതികൾ എല്ലാം ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നടപ്പിലാക്കാൻ കഴിയും.

പഞ്ചായത്തിലെ വനിതകളുടെ തൊഴിൽ മേഖല

സർക്കാർ അർദ്ധ സർക്കാർ മേഖലയിൽ ജോലിയെടുക്കുന്ന വനിതകളുടെ എണ്ണം പഞ്ചായത്തിൽ 100 ൽ താഴെയാണ്.

1. മഹിളാ പ്രധാൻ ഏജൻറുമാരായി എല്ലാതാനും വനിതകൾ പ്രവർത്തിക്കുന്നുണ്ട്.

കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണ രംഗത്തും വനിതൾ ഉണ്ട്. കാർഷിക രംഗത്തുണ്ടായിരുന്ന വനിതകൾ, കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറികൊണ്ടിരിക്കുന്നു.

അംഗൻവാടി അദ്ധ്യാപികമാർ STDബൂത്തുകൾ, ടെക്സ്റ്റയിൽ ഷോപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ കൂലി വളരെ കുറവാണ്.

തൊഴിലെടുക്കുന്ന വനിതകളോട് തൊഴിൽ മേഖലയിൽ മാന്യമായ പരിഗണന കിട്ടുന്നുണ്ടോ എന്ന് സംശയമുണ്ട്.

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരാൻ സംഘടിതമായ നീക്കം ഉണ്ടാവണം. തുല്യ്യപങ്കാളിത്തത്തോടൊപ്പം തുല്യ്യ പരിഗണനയും, തുല്യ്യ സ്ഥാനവും കൊടുക്കാൻ സമൂഹം തയ്യാറായേ മതിയാവൂ.

എങ്കിൽ 'മാത്രമേ വനിത ക്ഷേമ രംഗത്ത് അടുത്ത നൂറ്റാണ്ട് ആരംഭിക്കുമ്പോഴെങ്കിലും വികസിത രാജ്യങ്ങൾക്കൊപ്പം നമുക്കും എത്തിച്ചേരാൻ കഴിയൂ.

അംഗനവാടികളിൽ ജോലി ചെയ്യുന്ന വനിതകളുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി ഉണ്ടാവണം.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ താൽപര്യം കാണിക്കുന്നില്ല.

2. സാമൂഹ്യരംഗങ്ങളിൽ മുൻപന്തിയിലെത്താൻ സ്ത്രീകൾ വിമുഖത കാണിക്കുന്നു.

3. തുല്യ ജോലിക്ക് തുല്യ വേതനം ഏട്ടിലെ പശുവാണ് നീചമായ വിവേചനം നാട്ടിലെങ്ങും കാണാം.

4. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്രപരിജ്ഞാനമില്ല. പരിശീലനങ്ങൾ സൗകര്യങ്ങൾ ലഭിക്കുന്നില്ല.

5. സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുവാൻ സാമ്പത്തിക ഞെരുക്കം തടസ്സമാണ്.

6. പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ, സഹായ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിൽ വിഘാതമായി നില്ക്കുന്നു.

7. അങ്കനവാടി അദ്ധ്യാപികമാർ ന്യായമായ ശമ്പളം കിട്ടാതെ വിഷമിക്കുന്നു.

8. അങ്കനവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളില്ല.

9. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം പ്രായേണ കുറവാണ്.

പരിഹാര നിർദേശങ്ങൾ.

1. ഉത്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ ലാഭകരമായി നടത്തുവാൻ സ്ത്രീകളെ പ്രേരിപ്പിക്കുക.

2. വിയബവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്ക് ഈ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കാൻ ശ്രമിക്കുക.

4. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

7. അങ്കണവാടികളിൽ കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം ഏർപ്പെടുത്തുക.

8. പാഠ്യേതര മേഖലയിൽ പെൺകുട്ടികൾക്ക് പ്രോൽസാഹനം നൽകുക.

മേൽ സൂചിപ്പിച്ച നിർദ്ധേശങ്ങൾ പ്രാവർത്തികമാക്കിയാൽ വനിതാ വിമോചന വാദഗതികൾക്കുമപ്പുറം സ്ത്രീ സമൂഹത്തെ ഉയർത്തിക്കൊണ്ടു വരുവാൻസാധിക്കും. 21 നൂറ്റാണ്ടിന്റെ ആരംഭത്തിലെങ്കിലും നമുക്കീ സ്വപ്നം യാഥാർത്ഥ്യമാക്കാം.

നിർദനരായ കുടംഭങ്ങളിലെ . സാമ്പത്തിക പരാധീനതമൂലം ആദരണവും പണവും നൽകാൻ കഴിയാതെ വിവാഹം ചെയ്തു കൊട്ടക്കാൻ കഴിയാത്ത നൂറു കണക്കിന് വനിതകൾ ഈ പഞ്ചായത്തിലുണ്ട്-സമൂഹത്തിന്റെ മൂന്നിൽ ഒരു ചോദ്യ ചിഹ്നമായി നിതക്കുന്നുഈ സഹോദരിമാരെ സഹായിക്കുന്ന തോടെപ്പം മത, സാംക്കാരിക രംഗത്ത് നടന്ന പ്രവർത്തനത്തിൽ സ്ത്രീധനത്തിനെതിരായ ശക്തമായ ബോദവൽകരണവും സ്ത്രീധന വിരുദ്ധ സമൂഹ വിവാഹം സംഘടിപ്പിക്കുന്നതിന് ആത്ഥനഥമായ ളള രാ ശക്തി പ്രകടിപ്പിക്കുന്ന പ്രവർത്തനവും ആവശ്യമാണ്.

5-10

സഹകരണം

സഹകരണം അനിവാര്യമാണ്. ഏതൊരു പ്രവർത്തനത്തിന്റെ വിജയത്തിനും.

കൊള്ളപലിശക്കാരിൽ നിന്നും നാടൻ കർഷകരെ രക്ഷിക്കുവാൻ സഹകരണ പ്രസ്ഥാനം സഹായിച്ചിടുണ്ട്. അന്ന് അതിന്റെ ലക്ഷ്യവും അതായിരുന്നു. ഗ്രാമങ്ങളിൽ ഹുണ്ടികപ്പിരിവ് നടത്തിയിരുന്ന ധാതാസംസ്ക്കാരത്തിന് നാട്ടിൽ അറുതി വരുത്താൻ സഹകരണസംഘ പ്രസ്ഥാനത്തിന് സാധിച്ചിട്ടിട്ടുണ്ട്.

ആദ്യത്തെ സർവ്വീസ് സഹകരണ ബാങ്ക് വാണിമ്പലം സർവ്വീസ് സഹകരണ ബാങ്കാണ്. VMC നമ്പൂതിരിപ്പാടിന്റെയും നീലാമ്പ്ര മരക്കാർ ഹാജിയുടെയും പ്രവർത്തനഫലമായാണ് ഇത് രൂപീകരിച്ചത്. വാണിമ്പലത്തായിരുന്നു ആദ്യം ഇത് സ്ഥാപിച്ചത്. പിന്നീട് അത് വണ്ടൂർ ടി.ബി സമീപത്തേക്ക് മാറ്റി. 1988ൽ അത് അമാൽഗമേഷൻ ചെയ്തതിനുശേഷം വണ്ടൂർ സർവ്വീസ് ബാങ്കായി പ്രവർത്തിക്കുന്നു. വടക്കുമ്പാടം സർവ്വീസ് ബാങ്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. 1988ൽ വടക്കുമ്പാടം സർവ്വീസ് സഹകരണ ബാങ്ക്. വണ്ടൂർ സർവ്വീസ് ബാങ്കിന്റെ ബ്രാഞ്ചായി പ്രവർത്തിക്കുവാൻ തുടങ്ങി.

ഇത് കൂടാതെ 3 സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. 2 ക്ഷീരസഹകണസംഘവും പ്രവർത്തിക്കുന്നു. ക്ഷീര കർഷ

കർക്ക് വലിയ ആശ്വാസം നൽകുന്ന മേഖല യാണ് ഈ സൊസൈറ്റി. വണ്ടൂർ പഞ്ചായത്തി ന്റെ ഗ്രാമീണമേഖലയിലാണ് ഇവ രണ്ടും പ്രവർത്തിക്കുന്നത്. ഏമങ്ങാട് ക്ഷീരസഹകണ സംഘവും കാപ്പിൽ ക്ഷീരസഹകരണസംഘവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

ഇപ്പോൾ പ്രവർത്തിക്കുന്ന 4 സഹകരണ ബാങ്കുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നവ യാണ്. നിലമ്പൂർ അർബൻ ബാങ്കിന്റെ ശാഖ, മലപ്പുറം ജില്ലാ സർവ്വീസ് ബാങ്കിന്റെ ശാഖ, വണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, വണ്ടൂർ സർവ്വീസ് ബാങ്കിന്റെ ശാഖ (വടക്കുമ്പാടത്ത്).

3 ഹൈസ്ക്കൂളുകളിലും സ്ക്കൂൾ സഹക രണസംഘങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന 1990ൽ സ്ഥാ പിതമായ ഷാരിയിൽ അംബേദ്ക്കർ ഗ്രാമബ്രിക്ക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 1989ൽവണ്ടൂർ പട്ടികജാതി സർവ്വീസ് സഹകര ണസംഘം നല്ല നിലയിൽ മാതൃകാപരമായി തന്നെ പ്രവർത്തിക്കുന്നു. ഈ സംഘത്തിന്റെ കീഴിൽ ഒരു ട്രാക്ടർ ഉണ്ട്. ഒരു പുസ്തക ബയ ൻറിങ്ങ് യൂണിറ്റ്, പേപ്പർ കവർ യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. ഇതിന്റെ നടത്തിപ്പ് ഒന്നു കൂടി കാര്യക്ഷമമാവേണ്ടതാണ്.

ഖാദി വില്ലേജ് സഹകരണസംഘത്തിന്റെ ഒരു നെയ്ത്ത് സഹകരണസംഘം പ്രവർത്തിക്കു ന്നു.

2 ബീഡി സഹകരണസംഘങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്നു (പ്യാരി ബീഡി, കൈരളി ബീഡി). ഇപ്പോൾ ഇവ രണ്ടും പ്രവർത്തിക്കു ന്നില്ല. അതു പൊലെ ഇൻഡസ്ട്രിയൽ സഹക രണസംഘവും പഞ്ചായത്തിൽ പ്രവർത്തനം തുട ങ്ങിയിരുന്നുവെങ്കിലും അവയും പ്രവർത്തിക്കു ന്നില്ല. തയ്യൽ സഹകരണസംഘം പ്രവർത്തി ച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമ മല്ല.

കാപ്പിൽ പ്രദേശത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന റബ്ബർ പാൽ ഉൽപ്പാദക സഹ കരണസംഘം പ്രവർത്തിക്കുന്നു.

1996 വർഷത്തിൽ അത്താണിക്കൽ ഭാഗത്ത് തേനീച്ച വളർത്തൽ സഹകരണസംഘം പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിൽ 21 സഹകരണസംഘം പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ നാമമാ ത്രമായവയാണ് പ്രവർത്തിക്കുന്നത്. കൃത്യമായ ജനകീയ ഇടപെടൽ ഇല്ലാത്തതാണ് പ്രവർത്ത നം നിലക്കാൻ കാരണമായിട്ടുള്ളത്. മാത്രമല്ല പഞ്ചായത്ത് ഭരണസമിതിക്ക് ഇതിന്റെ യാതൊരു നിയന്ത്രണമോ, മേൽനോട്ടമോ ഇല്ല. ഭാവിയി ലെങ്കിലും വാർഡു മെമ്പറുടെ ഒരു മേൽനോട്ട മെങ്കിലും സഹകരണസംഘ പ്രസ്ഥാനങ്ങളിൽ ഉണ്ടാവണമെന്ന നിബന്ധന നിർബന്ധമാക്കേണ്ട താണ്.

കാർഷികമേഖല

പഞ്ചായത്തിൽ 750 കർഷകകുടുബമാണ് ഉള്ളത്. കാർഷിക വായ്പ നൽകുന്നത് പ്രധാന മായുംവണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിലൂ ടെയാണ്. മറ്റു സർവ്വീസ് ബാങ്കുകളും കാർഷി കവായ്പ നൽകുന്നുണ്ട്. വണ്ടൂർ സർവ്വീസ് ബാങ്കുകളിൽ മാത്രം കിട്ടുന്നആപേക്ഷാ പ്രകാരം വായ്പ നൽകുവാൻ 1കോടി രൂപയെങ്കിലും വേണം. എന്നാൽപ്രസ്തുത ബാങ്ക് വഴി വിതര ണം ചെയ്തത് 21,27,379 രൂപ മാത്രമാണ്.

ബീഡി സഹകരണസംഘങ്ങൾ

തുടക്കത്തിൽ നല്ലതുപോലെ പ്രവർത്തിച്ചി രുന്നതാണ് പ്യാരി ബീഡി വ്യവസായസഹകര ണസംഘം. 100ൽപരം തൊഴിലാളികൾ അംഗ ങ്ങളായിരുന്നതും പ്രവർത്തിച്ചിരുന്നതുമാണ്. 15 വർഷക്കാലം നല്ല രീതിയിൽ ലാഭകരമായി പ്രവർത്തിച്ചുവെങ്കിലും ഭരണരംഗത്തെ വീഴ്ച കൾ കാരണമാണ് ഇത് പ്രവർത്തനരഹിതമായത്.

കൈരളി ബീഡി സഹകരണസംഘവും തുടക്കത്തിൽ ആവേശത്തോടെ തുടങ്ങിയെങ്കിലും

ഭാവി പരിപ്രേക്ഷ്യമല്ലാത്ത പ്രവർത്തനത്തിനാലും ബീഡി വിപണനം ലഭിക്കാത്തതിനാലുംഈ സഹകരണസംഘവും നശിച്ചു.

സർവ്വീസ് ബാങ്കുകൾ

നിലവിലുള്ള 4 സർവ്വീസ് സഹകരണബാങ്കുകളും നല്ല രീതിയിലും ലാഭകരമായും പ്രവർത്തിക്കുന്നതാണ്.

നിലമ്പൂർ അർബ്ബൻ ബാങ്ക് ശാഖയുടെയും എം.ഡി.സി ബാങ്കിന്റേയും പ്രവർത്തന മേഖല ലഭ്യമല്ല. കാരണം അവയുടെ ഹെഡാഫീസ് യഥാക്രമം നിലമ്പൂരും മലപ്പുറവുമാണ്.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

1.11.77ൽ തുടങ്ങിയ ഏമ്മങ്ങാട് ക്ഷീരസഹകരണസംഘം ഇന്ന് പഞ്ചായത്തിലെ 6,13 വാർഡുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

സംഘത്തിന്റെ പ്രവർത്തന മേഖല വളരെ വിപുലമാണെങ്കിലും മെമ്പർമാരുടെ എണ്ണം ശുഷ്കമാണ്. ഇന്ന് നിലവിലുള്ളത് 114 മെമ്പർമാർ മാത്രമാണ്.

ദിവസം 320ലധികം ലിറ്റർ പാൽ സംഭരിക്കുന്ന സംഘത്തിന്റെ തുച്ഛമായ അളവുമാത്രമാണ് നാട്ടുകാർക്കിടയിൽ വിതരണം ചെയ്യുന്നത്. മിൽമ ലിറ്ററിന് 10.50 രൂപ നിരക്കിൽ ഉപഭോഗക്കാർക്ക് വിൽക്കുമ്പോൾ യഥാർത്ഥ ക്ഷീരകർഷകന് ലഭിക്കുന്ന പരമാവധി വില വെറും 8 രൂപ മാത്രമാണ്.

ആവശ്യക്കാർക്കു മാത്രം ആവശ്യമായ ലോണുകൾ കൊടുക്കുക. ധാതുലവണങ്ങൾ ലഭ്യമാക്കുക, പരിസര ശുചിത്വത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, കാലിതീറ്റയുടെ വിൽപ്പന നികുതി പിൻവലിക്കുക, ക്ഷീരകർഷകർക്ക് പെൻഷൻ, ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

വിവിധ മേഖലളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1. സഹകരണബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ഭൂമി റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

2. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനുമുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

3. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും ''കൺസഷണൽ ഫിനാൻസ്'' ക്യത്യമായി അനുവദിച്ച് കിട്ടുന്നതിനുള്ള നടപടിയെടുക്കുക.

4. സർക്കാറിൽ നിന്നു അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

5. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുവാനും ഈ ബാങ്യകുകളിൽ സംവിധാനം ഉണ്ടാക്കണം.

6. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങികൊണ്ട് ''കിലോങ്'' അനുവദിച്ച് കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കണം. കൂടാതെ ഉൽപ്പനസംഭരണവും നടത്തണം.

7. അർഹതപ്പെട്ടവർക്കെല്ലാം അംഗത്വം നൽകണം.

8. വാർഡുകളിൽ പച്ചക്കറി സ്റ്റോറുകൾ ന്യായവിലക്ക് ലഭിക്കുവാൻ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ചന്തകൾ നടത്തണം.

9. പരമ്പാഗത തൊഴിൽ മേഖലകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ തൊഴിൽ പരിഷ്കോപ്പിക്കുന്നതിന് വായ്പ നൽകണം.

10. ഔഷധരംഗത്ത് ഒരു വിപണന കേന്ദ്രം നിലവിലുള്ള സർവ്വീസ് സർവ്വീസ് ബാങ്കിന്റെ നേതൃത്വത്തിൽ നടത്തുവാൻ നടപടിയെടുക്കണം.

11. കാർഷിക വായ്പക്ക് സഹകരണ രംഗത്ത് ഇടനിലക്കാരെ ബാങ്കുകളെ ഒഴിവാക്കി സെൻട്രൽ ബാങ്കിൽ നിന്നും നേരിട്ട് ഫണ്ടുകൾ ലഭ്യമായാൽ പലിശ നിരക്ക് കുറയും. അതിന് നടപടി സ്വീകരിക്കണം.

കോഴി വളർത്തൽ സഹകരണസംഘം

നമ്മുടെ, പഞ്ചായത്തിൽ ഒരു മാസം 30 ലക്ഷം കോഴിമുട്ടയും ഏകദേശം 25,000 കിലോകോഴി ഇറച്ചിയും വിൽക്കപ്പെടുന്നുണ്ട്. ഇതു വഴി ഭീമമായ തുക അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നു. മെഡിക്കൽ സീറ്റിനും വിദ്യാഭ്യാസപ്രക്രിയക്കും പോകുന്നതിന്റെ എത്രയോ മടങ്ങ് തുകയാണ് ഇതുവഴി നമുക്ക് നഷ്ടമാവുന്നത്. ഇത്രയുംതുക നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ കോഴി വളർത്തൽ സഹകരണസംഘം രൂപീകരിക്കണം. കോഴി സംരക്ഷണത്തിന്, നൽകേണ്ട ചികിൽസയുടെയും പ്രാഥമിക വിവരവും പരിശീലനും നൽകി പരിശീലകരെ വാർത്തെടുക്കണം.

ഖാദി വ്യവസായ സഹകരണ യൂണിറ്റ്

ഇന്ന് നിലവിലുള്ള കാരാട് കൈത്തറി നെയ്ത്തു സഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. അവിടെ തൊഴിലാളികൾക്ക് നാമമാത്ര കൂലിയാണ് നൽകുന്നത് പരിഹരിക്കണം. കൂടുതൽ 4 തറികൾ കൂടി സ്ഥാപിക്കണം.

പട്ടികജാതി സഹകരണസംഘം

1989ൽ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനമേഖല വണ്ടൂർ പഞ്ചായത്താണ്. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരുടെയും സാമ്പത്തിക സാമൂഹ്യ പദവി ഉന്നതിയിലാക്കുക എന്നതാണ് ലക്ഷ്യം. ഇപ്പോൾ 4 പേർ പ്രവർത്തിക്കുന്നു. 15 പേർക്കെങ്കിലും തൊഴിൽ ചെയ്യുവാൻ സാധ്യതയുണ്ട്. പക്ഷേ സംഘാടകരുടെയും സംരംഭകരുടെയും അനാസ്ഥകാരണം ഇപ്പോൾ 4 പേർക്ക് മാത്രമെജോലി ചെയ്യുവാൻ സാധിക്കുന്നുള്ളൂ. സ്വന്തമായി സ്ഥലമില്ലാത്തതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നില്ല. പഞ്ചായത്ത് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കൃഷിഭവൻ മുഖേന തന്നെ ഒട്ടനവധി പദ്ധതികൾ ഇവർക്കായി ഈ പ്രവർത്തനത്തിന് ഉണ്ട്.

ഈ സഹകരണസംഘത്തിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്ക് ഒരു മേൽനോട്ടമെങ്കിലും പഞ്ചായത്ത് ഭരണസമിതി ചെയ്യേണ്ടതാണ്.

കരകൗശലനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം

കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ പരിശീലനം സിദ്ധിച്ച ഒട്ടനവധി പെൺകുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 'ഖാദി ഗ്രാമീണ വ്യവസായ കമ്മീഷൻ' തൃശൂരിൽ വെച്ച്ഫൈബർ സൂപ്പർവൈസറി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ നേതൃത്വത്തിൽ കരകൗശല നിർമ്മാണസംഘം രൂപീകരിച്ചാൽ ഈ നിർമ്മാണപരിശീനവും അതോടൊപ്പം നിർമ്മാണവും വിപണനവും നടത്തുവാൻ സാധിക്കും. ഒട്ടേറെ സാധ്യതകളുള്ള മേഖലയാണിത്. ഇതിന്റെ ഒരു സഹകരണസംഘം രൂപീകരിക്കണം.

വനിതാ സഹകരണ സംഘങ്ങൾ

കൊപ്ര വനിതാ സഹകരണസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതും ഭരണപരമായ വൈകല്യവുമാണ് ഇത് പ്രവർത്തനരഹിതമാകുവാൻ കാരണം. പഞ്ചായത്തിന്റെ സഹായം ഈ സംഘത്തിനുണ്ടാവേണ്ടതാണ്.

സഹകരണരംഗത്തെ വളർച്ചക്കായി പഞ്ചായത്തിൽ സഹകരണ ഉപദേശക സെൽ

രൂപീകരിക്കണം. സഹകരണസംഘങ്ങൾക്കാവശ്യമുള്ള വിദഗ്ദോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതാണ്. സംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മോണിറ്ററിംഗ് നടത്തുകയും വേണം.

സോപ്പു നിർമ്മാണ സഹകരണസംഘം

ഒരു സോപ്പു നിർമ്മാണ സഹകരണസംഘം മുമ്പ് ഇവിടെ പ്രവർത്തിച്ചിരുന്നു. വിപണനരംഗത്തെ പ്രശ്നങ്ങളാണ് തകർച്ചക്ക് കാരണം. പൂർണ്ണമായ പ്രചാരണവും. പ്രോൽസാഹനം ആയിട്ടും സ്വന്തം ഉൽപ്പന്നത്തോടുള്ള ഒരഭിനിവേശവും ഉണ്ടാക്കിയെടുത്താൽ സോപ്പു നിർമ്മാണ സഹകരണസംഘം പുനരുജ്ജീവിപ്പിക്കുവാൻ കഴിയും. ഇതിനുള്ള ഒരു പ്രവർത്തനത്തിന് തുടക്കം കുറിക്കണം. അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന സഹകരണരംഗത്തെ പ്രശ്നങ്ങൾ- നിർദ്ദേശങ്ങൾ

വാർഡ് 1

1. ഒരു ബീഡി വ്യവസായ സഹകരണസംഘം സ്ഥാപിക്കണം.

2. ഖാദി ബോർഡിന്റെ കീഴിൽ ഒരു തേനീച്ച വളർത്തൽ സഹകരണസംഘം സ്ഥാപിക്കണം.

വാർഡ് 2

1. ക്ഷീരസഹകരണസംഘം സ്ഥാപിക്കണം.

2. നെൽകൃഷിരംഗത്ത് ഗ്രൂപ്പ് ഫാമിങ്ങ് സിസ്റ്റം വളർത്തണം.

3. പട്ടികജാതി സഹകരണസംഘം തുടങ്ങണം.

4. കാർഷിക ഉപകരണങ്ങൾ ഈ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യണം.

5. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങണം.

വാർഡ് 3

1. 100-ഓളം വീടുകളിൽ ധാരാളം കോഴി വളർത്തുന്നുണ്ട്. കൂടുതൽ ആളുകളെ ചേർത്ത്കോഴി വളർത്തൽ സഹകരണസംഘം രൂപീകരിക്കണം. പ്രാഥമിക ചിലവു വഹിക്കാൻ ജനങ്ങൾ തയ്യാറാണ്.

2. ഒരു പാൽ സൊസൈറ്റി സ്ഥാപിക്കണം.

3. നെല്ലുൽപ്പാദന സമിതി, കേരസംരക്ഷണ സമിതി, കശുമാവ് വികസന സമിതി ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

4. 3 ഹരിജൻ കോളനികളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഹരിജൻ സഹകരണസംഘം രൂപീകരിക്കണം.

വാർഡ് 4

1. വണ്ടൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ബീഡി തൊഴിലാളികൾ പണിയെടുക്കുന്ന വാർഡാണിത്. ബിഡി വ്യവസായമേഖലയിൽ ഇന്ന് നിലനിൽക്കുന്ന കൂലി നിരക്കിലെ അപാകത പരിഹരിക്കുന്നതിനും അദ്ധ്വാനത്തിന്റെ യഥാർത്ഥ പ്രതിഫലം ബീഡി തൊഴിലാളികൾക്കു ലഭിക്കത്തക്കവിധത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനുവേണ്ടി വണ്ടൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ബീഡി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു സഹകരണസംഘം രൂപീകരിക്കണം.

2. ബീഡിതൊഴിലാളികളിൽ നിന്നും ഷെയർ പിരിച്ചെടുത്ത് സഹകരണ സ്ഥാപനങ്ങളുടെയും ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടുകൂടി നിത്യോപയോഗ സാധനങ്ങൾ ചുരുങ്ങിയ വിലക്ക് ലഭിക്കുന്നതിനാവശ്യമായ ന്യായവിലഷാപ്പുകൾ സ്ഥാപിക്കണം.

3. കേന്ദ്ര ഗവൺമെൻറിന്റെ കീഴിൽ ബീഡി തൊഴിലാളികൾക്ക് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഡത്ത് ഇൻഷൂറൻസ് സ്ക്കീമിന്റെ ഭാഗമായി വണ്ടൂർ പഞ്ചായത്തിൽഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് ഐഡൻഡിറ്റി കാർഡ് സംഘടിപ്പിച്ചിട്ടുള്ള മേഖലയാണിത്. ഈ ഐഡൻഡിറ്റി കാർഡ് ലഭിച്ചിട്ടുള്ള ബീഡി തൊഴിലാളികൾ മരണപ്പെടുകയൊ അപകടമരണം സംഭ

വിക്കുകയോ ചെയ്താൽ ഗ്രാമപഞ്ചായത്തിൽ നിന്നും ബന്ധപ്പെട്ട തൊഴിലാളിയുടെ കുടുംബത്തെ സഹായിക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

4. 60 വയസ്സു കഴിഞ്ഞ മുഴുവൻ ബീഡി തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കണം.

5. തൊഴിലെടുക്കാൻ ശാരീരിക വിഷമത അനുഭവിക്കുന്ന ബീഡി തൊഴിലാളികൾക്ക് ഒരുനിശ്ചിത സംഖ്യ ഗ്രാമപഞ്ചായത്തിൽ നിന്നും അടിയന്തിരസഹായമായി കൊടുക്കുന്നതിനാവശ്യമായ നടപടി ഉണ്ടാവണം.

6. വാർഡിൽ മാറാരോഗം പിടിപെട്ട തൊഴിലാളികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ചികിൽസാ സഹായം നൽകണം.

7. സഹകരണാടിസ്ഥാനത്തിൽ ന്യായവില ഷോപ്പുകൾ സ്ഥാപിക്കുമ്പോൾ മൂലധനം സ്വരൂപിക്കുന്നതിന് ഗൾഫുകാർ ധാരാളമുള്ള ഈ വാർഡിൽ നിന്നും 100 രുപ പിരിച്ചെടുക്കാൻ സാധിക്കും.

വാർഡ് 5

1. 3,5 വാർഡുകളെ സംയോജിപ്പിച്ച് ക്ഷീര വ്യവസായ സഹകരണസംഘം സ്ഥാപിക്കണം.

2. പട്ടികജാതി വനിതകൾ ഉൾപ്പടെയുള്ള വനിതകൾക്ക് പരിശീലനവും തൊഴിലും വിപണനവും നടത്താൻ കഴിയുന്ന തയ്യൽ പ്ലാസ്റ്റിക്ക് മുടച്ചിൽ തുടങ്ങിയ വ്യവസായികാടിസ്ഥാനത്തിലുള്ള സഹകരണസംഘങ്ങൾ തുടങ്ങുക.

3. ഗോതമ്പ് റവയാക്കി മാറ്റുന്ന സഹകരണസംഘം തുടങ്ങുക.

4. നാളികേരം, അടക്ക എന്നിവ സംസ്ക്കരിച്ച് വിപണനം നടത്താവുന്ന സഹകരണസംഘം തുടങ്ങുക.

5. കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിക്കണം.

വാർഡ് 6

1. ഒരു ക്ഷീരവികസന സഹകരണസംഘം സ്ഥാപിക്കണം.

2. സഹകരണ കോഴിവളർത്തൽ സംഘം വേണം.

3. നിലവിലുള്ള വനിതാ വ്യവസായ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

4. 100ലധികം തുന്നൽ പഠിച്ച വനിതകൾ ഈ വാർഡിലുണ്ട്. അവരെ സംഘടിപ്പിച്ച് ഒരു റെഡിമേയ്ഡ് സഹകരണസംഘം സ്ഥാപിക്കണം.

വാർഡ് 7

1. ഒരു കാർഷിക സഹകരണസംഘം സ്ഥാപിക്കണം.

2. ഷാരിയിൽ അംബേദ്ക്കർ കോളനിയിൽ രൂപം നൽകിയ ഇഷ്ടിക കമ്പിനി തുടങ്ങാൻ ആവശ്യമായ സൗകര്യങ്ങൾ വൈദ്യുതി ഉൾപ്പടെ പെട്ടെന്ന് ലഭ്യമാക്കണം.

3. ഷാരിയിൽ ഭാഗത്ത് കുട്ട, മുറം തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ ഓടയുംമുളയും വിതരണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ ഒരു സഹകരണസംഘം രൂപീകരിക്കുക.

4. ഒരു ക്ഷീരസഹകരണസംഘം സ്ഥാപിച്ച് ക്ഷീരകർഷകരെ സഹായിക്കണം.

5. കൃഷിക്കാരുടെ സഹകരണസംഘങ്ങളിൽ കർഷകതൊഴിലാളികൾക്കും പങ്കാളിത്തം നൽകണം.

6. ഒരു റബ്ബർ കർഷക സഹകരണസംഘം വാർഡിൽ സ്ഥാപിക്കണം.

വാർഡ് 9

1. ഇവിടെ രണ്ടു സഹകരണസംഘങ്ങളുണ്ട്. 1). റബ്ബർ ഉൽപ്പാദക സംഘം. 2). ക്ഷീരോൽപ്പാദക സംഘം. ഇവ രണ്ടും ലാഭത്തിൽ പ്രവർത്തിക്കുന്നു.

2. പഞ്ചായത്ത് തലത്തിൽ ഒരു ബീഡിതൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.

3. തയ്യൽ പരിശീലനം നേടിയ ആളുകളുണ്ട്. അവരെ ഉപയോഗിച്ച് ഒരു റെഡിമെയ്ഡ് സഹ

കരണസംഘം രൂപീകരിക്കാവുന്നതാണ്.

4. സഹകരണാടിസ്ഥാനത്തിൽ കന്നുകാലി വളർത്തൽ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

5. കാഞ്ഞിരംപാടം, തൃക്കൈക്കുന്ന്, ചെട്ടിപ്പാറ എന്നിവിടങ്ങളിൽ പാൽ സംഭരിക്കുന്നതിന് ഒരു സബ് സെൻറർ കാപ്പിൽ സംഘത്തിൻെറ കീഴിൽ തുടങ്ങാവുന്നതാണ്.

6. ഇവിടെ പരമ്പാഗത തൊഴിൽ പരിശീലനം നേടിയ ധാരാളം പേരുണ്ട്. ഇവർക്ക് വേണ്ടികൊട്ട, മുറം, പായ, ഓലക്കുട എന്നിവ നിർമ്മിച്ചു കൊടുക്കുന്ന ഒരു സഹകരണസംഘം തുടങ്ങാവുന്നതാണ്.

7. കൂൺ കൃഷി സഹകരണസംഘം സ്ഥാപിക്കണം.

8. പല വ്യഞ്ജന സ്റ്റോർ, കറി പൗഡർ, അച്ചാർ, ജ്യൂസ് എന്നിവ നിർമ്മിക്കുന്ന ഒരു സഹകരണസംഘം സ്ഥാപിക്കണം.

9. ഒരു പ്ലാസ്റ്റിക്ക് സഹകരണസംഘം സ്ഥാപിക്കണം.

വാർഡ് 10

1. ക്ഷീര സഹകരണസംഘം വേണം.

2. 50ഓളം വനിതകൾ തയ്യിൽ പരിശീലനം നേടിയിട്ടുണ്ട്. സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡു നിർമ്മാണസ്ഥാപനം ആവശ്യമാണ്.

3. ഒരു ഹരിജൻ സഹകരണസംഘം വേണം.

4. കയർ ഉൽപ്പനങ്ങളുടെ സഹകരണസംഘം വേണം.

വാർഡ് 11

1. മൺകലം നിർമ്മാണത്തിന് സഹകരണാടിസ്ഥാനത്തിൽ സഹായം ലഭിക്കണം.

2. ഈ വാർഡിലെ വണ്ടൂർ വില്ലേജിലെ പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. യഥാസമയം സർക്കാറിൽ നിന്നും സഹായം ലഭ്യമാക്കാൻ കഴിയുന്നില്ല.

3. 11-ാം വാർഡിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്ക് കുറഞ്ഞ പലിശക്ക് സംഘത്തിന് വായ്പ നൽകണം.

4. ഇവിടെ സഹകരണാടിസ്ഥാനത്തിൽ ഒരു പാൽ സൊസൈറ്റി, ടൈയ്ലറിംഗ് സെൻറർ, കരകൗശല വസ്തു നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ബുക്ക് ബൈൻഡിംങ്, പേപ്പർ കവർയൂണിറ്റ് എന്നിവ തുടങ്ങാവുന്നതാണ്.

വാർഡ് 12

1. ഒരു ബീഡി സഹകരണസംഘം സ്ഥാപിക്കണം.

2. വനിതകളുടെ ഒരു റെഡിമെയ്ഡ് ഗാർമെൻറ് സഹകരണസംഘം സ്ഥാപിക്കണം.

3. ഒരു പേപ്പർ കവർ യൂണിറ്റ് സ്ഥാപിക്കണം. ഇംഗ്ലീഷ് മെഡിക്കൽ ഷോപ്പിലേക്കുള്ള ചെറിയ കവർ ഇത് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.

4. ഒരു ഗോതമ്പ് നുറുക്ക് നിർമ്മാണ കേന്ദ്രം തുടങ്ങണം. ഇത് വനിത ആസഹകരണത്തോടെ തുടങ്ങണം.

5. ഒരു കോഴി വളർത്തൽ സംഘം സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

ഇതിനാവശ്യമായ ഷെയർ പിരിക്കുന്നതിലേക്ക് ഗൾഫുകാരുടെ സഹായം തേടണം.

വാർഡ് 13

1. ഏമങ്ങാട് ക്ഷീരവ്യവസായ സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണസംഘം ഈ വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ല.

കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് കൂടുതൽ പേർക്ക് പശുവിനെ വാങ്ങുന്നതിനു വേണ്ട സഹായങ്ങൾ നൽകണം.

2. വ്യാവസായികാടിസ്ഥാനത്തിൽ സഹകരണ സ്ഥാപനമില്ല.

ജനപങ്കാളിത്തത്തോടെ ഒരു സഹകരണസംഘം തുടങ്ങണം.

5-11

പട്ടികജാതി പട്ടികവർഗ്ഗ വികസനം

സമൂഹത്തിന്റെ പിന്നാം പുറങ്ങളിൽ മാത്രം ജീവിതം നയിച്ചിരുന്ന വിഭാഗം തന്നെയായിരുന്നു വണ്ടൂരിലെയും പട്ടിക ജാതിക്കാർ. ഏറ്റവും അധികം ചൂഷണത്തിന് വിധേയമായവരായിരുന്നു ഈ വിഭാഗക്കാർ. യുവതികൾക്ക് മാറ് മറക്കാൻ അവകാശമില്ലായ്മ, പൊതു വഴിയിൽ നടക്കാൻ അയിത്തം, വിദ്യ അഭ്യസിക്കാൻ അനുവാദമില്ലായ്മ ഇതെല്ലാം ഇവിടെയും നിലനിന്നിരുന്നു. ജന്മിത്തത്തിന്റെ പ്രതാപം നിലനിന്നിരുന്ന കാലഘട്ടത്തിൽ ഭൂമിയിൽ അവകാശമില്ലായിരുന്നു. കേവലം പണിയാളുകളായി കണ്ടിരുന്നവരെ വയലേലകളിലാണ് അധിവസിപ്പിച്ചിരുന്നത്. ജന്മിമാരുടെ ഇഷ്ടനിഷ്ടങ്ങൾക്കനുസരിച്ച് പുനരധിവാസം പോലും നടന്നിരുന്നു. ഇതര സ്ഥലങ്ങളിൽ നടന്നന്നതുപോലുള്ള കൂട്ടമത പരിവർത്തനം ഈ പ്രദേശത്ത് നടന്നിട്ടില്ല. സമൂഹത്തിന്റെ ഇതരമേഖലകളിലുണ്ടായ പുരോഗതിക്കനുസൃതമായ മുന്നേറ്റം പട്ടികജാതി വിഭാഗങ്ങളിൽ ഉണ്ടായിട്ടില്ല. നിലവിലുള്ള കോളനിവൽക്കരണ സമ്പ്രദായംതന്നെ ഇവരുടെ പിന്നോക്കാവസ്ഥക്ക് കാരണമാണ്. കോളനി നിവാസികളാണെങ്കിൽ കൂടുതൽ ആനുകൂല്യം ലഭിക്കുമെന്നതിനാൽ ഒറ്റപ്പെട്ട കുടുംബങ്ങൾ പോലും കോളനികളിലേക്ക് മടങ്ങിപ്പോവാൻ വ്യഗ്രത കാണിക്കുന്നുണ്ട്. ഈ പ്രവണത ഇവരുടെ പിന്നോക്കാവസ്ഥക്ക് കാരണമാവുന്നു.

ഇതൊക്കെയാണെങ്കിലും ഭൂപരിഷ്ക്കരണ നിയമം, സാർവ്വത്രിക

വിദ്യാഭ്യാസപ്രക്രിയ, മറ്റു പട്ടികജാതിക്ഷേമ പ്രവർത്തനമനങ്ങൾ, പുരോഗമന സംഘടനകളുടെ ബോധപൂർവ്വമായ ഇടപെടൽ ഇവയുടെയൊക്കെ ഫലമായി ഇവരുടെ സാമൂഹ്യ ജീവിതത്തിന് മുന്നോക്കാവസ്ഥയുണ്ടാക്കാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. അവകാശബോധം, തൻേറടം, പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നേടാനുള്ള മാനസികാവസ്ഥ, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തൽ, സാമൂഹിക മുഖ്യധാരയിലേക്ക് ഇറങ്ങി വരാനുള്ള ത്വര ഇവയൊക്കെ ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അധികാരങ്ങൾ കൈയാളുന്നൂന മേഖലകളിൽ ഇവരുടെ പ്രാതിനിധ്യം നാമമാത്രമാണ്.

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 5236ഉം പട്ടികവർഗ്ഗ ജനസംഖ്യ 42ഉം ആണ്. പട്ടികജാതി അകെ ജനസംഖ്യയുടെ 14.65%വും പട്ടികവർഗ്ഗം ആകെ ജനസംഖ്യയുടെ 0.12%ഉം വരും. 1996ൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പട്ടികജാതി ജനസംഖ്യ 5923ഉം പട്ടികവർഗ്ഗം 29ഉം ആണ്.

അംഗീകൃത കോളനികൾ

ക്രമ. നമ്പർ	കോളനിയുടെ പേർ	കുടു. എണ്ണം
1	മാടശ്ശേരി	14
2	മുടപ്പിലാശ്ശേരി	20
3	മംഗപ്പാടം	18
4	ചെറിയാറമ്മൽ	16
5	വെണ്ണിയം കുന്ന്	30
6	കോക്കാടൻ കുന്ന്	19
7	കുറ്റിയിൽ	22
8	പുത്രിക്കര	12
9	തടിപോയിൽ	12
10	ശാന്തി നഗർ	14
11	മുടവങ്ങോട്	11
12	ഒരെലംപാടം	14
13	ഷാരിയിൽ	22(IHDP)
14	പറയൻ കുന്ന്	18
15	പഴയ വാണിയമ്പലം	40
16	കരിമ്പൻതൊടി	12
17	കൂഴിച്ചിൽ	44
18	കാരാട്	10
19	കാഞ്ഞിൽപാടം (IHDP	85
20	അരിപ്പമാട് കുന്ന്	30
21	തുള്ളിശ്ശേരി	25
22	പാറശ്ശേരി	13
23	കക്കുണ്ട്	21
24	പൊട്ടക്കുന്ന്	13
25	കൂരാട് (പൊട്ടിക്കുന്ന്)	10
26	കാപിച്ചാൽ	10
27	മേലെ മഠം	14
28	പുല്ലൂർ	22
29	നായാടികുന്ന്	30
30	അമ്പലപ്പടി	26
31	താമരശ്ശേരി മഠം	21
32	പുല്ലൂർ ചാത്തു	11
33	മാത്തുക്കുണ്ട്	15
34	കയ്യംകുത്ത്	18
35	ചന്തപ്പാടം	10
36	കണ്ടംകളം	10
37	തൃശിലേരി	12
38	നത്തലക്കുന്ന്	12
39	നെല്ലിക്കുന്ന് (IHDP)	12
40	ഏമങ്ങാട്	40

അംഗീകാരമില്ലാത്ത കോളനികൾ

ക്രമ. നമ്പർ	കോളനിയുടെ പേർ	കുടു. എണ്ണം
1	കുയ്യംപോയിൽ	10
2	ചെമ്മാനം	10
3	കരക്കാംപറമ്പ്	25
4	കൂട്ടകാഞ്ഞിരം	10

5	മുത്തശ്ശിക്കുന്ന്	5
6	മണലിമ്മൽ	10
7	പൂതക്കാട്	8
8	ചക്കാലക്കുന്ന്	7
9	അമ്പലക്കുന്ന്	10
10	കവുക്കോട്	12
11	ചെമ്പോത്തുംപോയിൽ	11
12	വടക്കുംപാടം	30
13	ഊട്ടുപുറം	9
14	വാളക്കോട്ടീരി	5
15	വടക്കേകര (താളിത്തോലം)	15
16	വെള്ളമുണ്ട (കളരിക്കുന്ന്)	8
17	കുറ്റുമുണ്ട	25
18	പൂച്ചപ്പോയിൽ	15
19	മഠത്തിൽ കുന്ന് (4 സെൻറ് കോളനി)	12
20	പാലക്കാട്ടുകുന്ന് കോളനി	42
21	കളപ്പാട്ടുക്കുന്ന്	17
22	കരിമ്പനാംപൊയിൽ	14
23	എടേപ്പോയിൽ	3
24	തൃക്കൈക്കുത്ത്	8
25	വടക്കേക്കര	12
26	പുല്ലൂർ (ശ്മശാനത്തിനു സമീപം)	7
27	രണ്ടു പാറക്കൽ (കോതക്കുന്ന്)	7
28	കേലേപാടം	18
29	പാലാമഠം	12

40 അംഗീകൃത പട്ടികജാതി കോളനിയും 1 പട്ടികവർഗ്ഗകോളനിയും നിലവിലുണ്ട്. ഇതിൽ 3എണ്ണം IHDP കോളനികളാണ്. 21 അംഗീകാരമില്ലാത്ത പട്ടികജാതി കോളനിയും ഉണ്ട്. ഒറ്റപെട്ട ചില കുടുംബങ്ങൾ മറ്റു വിഭാഗവുമായി ഇടകലർന്നു ജീവിക്കുന്നുണ്ടെങ്കിലുംപൊതുവേ ഇവർ കോളനിയിൽ താമസിച്ചു വരുന്നതായി കാണുന്നു.

പട്ടിക ജാതി

കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം പട്ടികജാതി വിഭാഗത്തിൻെറ സർവ്വോന്മുഖമായ പുരോഗതിക്ക് വേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പല കാരണങ്ങൾകൊണ്ടും ഇവരുടെ സ്ഥിതി പ്രതീക്ഷക്കൊത്ത് ഉയർത്താൻ കഴിഞ്ഞിട്ടില്ല. സർക്കാറിൽ നിന്നും ലഭിക്കുന്ന വിവിധ സഹായ പദ്ധതികളെകുറിച്ച് ഇവരിൽ ഭൂരിപക്ഷവും ഇപ്പോഴും അജ്ഞാതരാണ്.

വിദ്യാഭ്യാസം

മുഴുവൻ കുട്ടികളും സ്ക്കൂളിൽ ചേരുന്നുണ്ട്. ഭൂരിഭാഗവും പത്താം തരം വരെയെങ്കിലും പഠിക്കുന്നുണ്ടെങ്കിലും ചെറിയൊരു വിഭാഗം ഇടക്കു വെച്ച് പഠനം നിർത്തി പോവുന്നുണ്ട്. ഈ മേഖലയിൽ ശക്തമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ പൊതുവേ കുറവാണ്. ഒരാൾ BAMS ബിരുദധാരിയാണ്. 1996-97 വർഷങ്ങളിൽ പഞ്ചായത്തിലെ 14 സ്ക്കൂളുകളിൽ നിന്നുണ്ടായ കൊഴിഞ്ഞ്പോക്ക് ആകെ കുട്ടികളുടെ 1.73%മാണ്.

പട്ടികജാതി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് 2.65%മാണ്. ഇപ്പോൾ 1771 പട്ടികജാതി കുട്ടികൾ ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്നു. 50 വയസ്സിന് മുകളിലുള്ള ഭൂരിഭാഗവും നിരക്ഷരരാണ്. സാക്ഷരത കാലത്ത് ഇവരെയൊക്കെ അക്ഷരാഭ്യാസം നേടാൻ ശ്രമിപ്പിച്ചിരുന്നെങ്കിലും തുടർവിദ്യാഭ്യാത്തിൻെറ അഭാവം കാരണം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ഈ മേഖലയിൽ അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കേണ്ടിരിക്കുന്നു.

പ്രി മെട്രിക്ക് ഹോസ്റ്റൽ

പട്ടികജാതി വകുപ്പിൻെറ കീഴിൽ 1965ൽ ആൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു പ്രിമെട്രിക്ക്ഹോസ്റ്റൽ ഇപഞ്ചായത്തിൽ സഥാപിക്കുകയുണ്ടായി. ഇവടെ സഥലസൗകര്യം ലഭ്യമല്ല എന്ന കാരണത്താൽ 1990ൽ ഈസ്ഥാപനം ഇവിടെനിന്ന് മറ്റ് സ്ഥലത്തേക്ക് മാറ്റി ജനസംഖ്യയുടെ 14.65% വരുന്ന പട്ടികജെതി ജനങ്ങൾ വസിക്കുന്ന ഈപഞ്ചായത്തിൽതന്നെ മേൽപറഞ്ഞ പ്രിമെട്രിക്ക് ഹോസറ്റൽ നിലനിർത്തേണ്ടത്

ഈവിഭാഗത്തഇൻെറ കുട്ടികളുടെ വിദ്യഭ്യസപു രോഗതിക്ക് അനിവാര്യമാണ് .

വണ്ടൂർ പഞ്ചായത്ത് ആസഥാനത്ത് പട്ടി കജാതി വിഭാഗത്തിൽപെട്ട സ്കൂൾ വിദ്യാർഥി നികൾക്ക് വേണ്ടിയുളള ഒരു പ്രിമെട്രിക്ക് ഹോസ്റ്ററൽ നിലവിലുണ്ട്. 1985ൽ സ്ഥാപിത മായ ഈസഥാപനത്തിൽ ഇപ്പോൾ വേണ്ടത്ര സൗകര്യമില്ല. 120കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുളള ഈസ്ഥാപനത്തിൾ ഇപ്പോൾ 30 കുട്ടികൾക്ക് മാത്രമെപ്രവേശനം കൊടുക്കുന്നു ളളു. ഫർണീച്ചറുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ കൂടുതൽ കുട്ടികൾക്ക് ഇവിടെ പ്രവേശനം നല്കുവാൻ കഴിയും. ഈ സ്ഥാപനത്തിന് 5 കി.മീറ്റർ ചുറ്റളവിനും പുറ ത്തുള്ള കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. ഈ നിബന്ധന നീക്കം ചെയ്യേണ്ടതാണ്. ഈ സ്ഥാപനത്തെക്കുറിച്ച് മിക്ക രക്ഷിതാക്കൾക്കും അറിവില്ലാത്തതു കൊണ്ട് കുട്ടികളെ ഇവിടേക്ക് വിടാൻ തയ്യാറാകുന്നില്ല. ഈ കാര്യത്തിൽ ബോധ വൽക്കരണം നടത്തേണ്ടതുണ്ട്. ഇവിടെ ഇപ്പോൾ 29 കുട്ടികൾ താമസിച്ചു വരുന്നു. എല്ലാവരും വണ്ടൂർ G.G.H.Sലിലാണ് പഠിക്കുന്നത്. ഈ സ്ഥാപനത്തിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ഇവിടെ ഒരു വായനശാല സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു കായികധ്യാപികയെ നിയമിക്കണം. പാഠ്യേതര വിഷയങ്ങളിലും കൈതൊഴിലുകളിലും പരിശീ ലനം നൽകാനുള്ള സംവിധാനമില്ല. ഈ പ്രശ്നം പരിഹരിക്കണം.

പ്രീമെട്രിക്ക് ഹോസ്റ്റൽ ജീവനക്കാരുടെ വിവരം

വാർഡൻ	1	(താൽകാലികം)
കുക്ക്2		(താൽകാലികം)
വാച്ച്മാൻ	1	(താൽകാലികം)
പാർട്ട്ടൈം സ്വീപ്പർ	1	(താൽകാലികം)

പ്രീമെട്രിക് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ വിവരം

പഞ്ചായത്തടിസ്ഥാനത്തിൽ പഞ്ചായത്തിൻെറ പേർ	എണ്ണം
വണ്ടൂർ	1
തിരുവാലി	2
പോരൂർ	3
മമ്പാട്	4
എടവണ്ണ	2
കാവനൂർ	2
ചുങ്കത്തറ	5
കരുളായി	1
വഴിക്കടവ്	3
കാളികാവ്	3
പെരുവള്ളൂർ	1
മഞ്ചേരി (മുൻസിപാലിറ്റി)	2
ആകെ	29

തൊഴിൽ

ഭൂരിഭാഗവും അളുകളും കർഷകത്തൊഴിലാ ളികളാണ്. ഇപ്പോൾ ഈ മേഖലയിൽ നിന്നും തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് പ്രത്യേ കിച്ച് കെട്ടിട നിർമ്മാണരംഗത്തേക്ക് മാറികൊ ണ്ടിരിക്കുകയാണ്. പുതിയ തലമുറകളിൽ പെട്ട വർ കൃഷിതൊഴിലിനോട് ആഭിമുഖ്യം കാണിക്കു ന്നില്ല. ഇപ്പോൾ കർഷകതൊഴിലാളി പുരുഷന് 90 ഉം സ്ത്രീക്ക് 60 ഉം രൂപ കൂലി ലഭിക്കുമ്പോൾ നിർമ്മാണത്തൊഴിലാളിക്ക് പുരുഷനും സ്ത്രീക്ക് യഥാക്രമം 110ഉം 80 ഉം രൂപ കൂലി ലഭിക്കു ന്നു. ഇതിൻെറ ഫലമായി സീസണലായ നടീ ൽ, കൊയ്ത്ത് മുതലായ ജോലികൾക്ക് തൊഴി ലാളികളെ ലഭിക്കാത്ത സാഹചര്യമുണ്ട്.

പരമ്പാഗത തൊഴിലായ കുട്ട, മുറം, പനമ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട കുറെ ആളുകൾതൊഴിൽ ചെയ്ത് വരുന്നു. അസംസ്കൃ ത സാധനങ്ങളുടെ ലഭ്യതക്കുറവ്, വിപണന സൗകര്യമില്ലായ്മ തുടങ്ങിയ കാര്യങ്ങളാൽ ഈ രംഗത്ത് പിടിച്ചു നിൽകാൻ കഴിയാത്ത അവസ്ഥ

യിലാണ്. കുട്ട മുറം മുതലായവ നിർമ്മിക്കുന്ന പരമ്പാഗത തൊഴിലാളികൾക്ക്ബാംബൂ കോർപ്പറേഷനിൽ നിന്നും ഓടയുടെ തല മാത്ര മാണ് ലഭിക്കുന്നത്. ഇത് വാടി കഴിഞ്ഞാൽ പണി യെടുക്കാൻ സാധിക്കുന്നില്ല. ഇവർക്ക് പണി യെടുക്കാൻ ലഭിക്കേണ്ടത് ഓടയുടെ ചുവട് ഭാഗ മാണ്. മുൻകാലങ്ങളിലേതുപോലെ ഇവർക്ക് ഓട തലച്ചുമടായി കൊണ്ടുവരുവാനുള്ള പാസ് ലഭ്യമാക്കണം.

പാർപ്പിടം

പാർപ്പിടപ്രശ്നത്തിൽ കുറെയൊക്കെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞെങ്കിലും ഇന്നും പുൽകുടിലുകളിൽ താമസിക്കുന്നവർ ധാരാളമുണ്ട്. വിവിധ സർക്കാർ ഏജനസികൾ മുൻകാലങ്ങളിൽ നിർമ്മിച്ചു കൊടുത്തിരുന്ന വീടുകൾ യഥാസമയം അറ്റകുറ്റ പണികൾ ചെയ്യാത്തതു കാരണം വാസയോഗ്യമല്ലാതായിരിക്കുന്നു. കക്കൂസില്ലായ്മ, പരിസരം ശുചിത്വമില്ലായ്മ എന്നിവ ഇന്നും പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളുമുണ്ട്. മിക്ക കോളനികളിലും വൈദ്യുതിയെത്തിയിട്ടില്ല.

പട്ടികവർഗ്ഗം

പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കോളനിയുണ്ട്. ഈ വിഭാഗത്തെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുവാൻ നടത്തിയ പ്രവർത്തനങ്ങളൊന്നും ഫലപ്രദമായില്ല. 9 കൂട്ടുകുടുംബങ്ങളാണ് ഇവിടെ താമസിച്ചു വരുന്നത്. ഒരു കുടുംബത്തിനും സ്വന്തമായി ഭൂമിയില്ല. വാസയോഗ്യമായ വീടുകളില്ല, കക്കൂസില്ല. ഈ വിഭാഗത്തിന്റെ സാക്ഷരതാ നിലവാരം ശോചനീയമാണ്. ഒരു കുട്ടിയും ഇവിടെ നിന്ന് സ്ക്കൂളിൽ പോകുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ പ്രദേശത്ത് ഒരു അംഗൻവാടിയും പ്രൈമറി വിദ്യാലയവും സ്ഥാപിക്കണം.

കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങൾ	വീടു വേണ്ടവർ	കക്കൂസു വേണ്ടവർ
കരിമ്പൻതൊടി ഗിരിജൻകോളനി	9	29	9	9

പ്രശ്നങ്ങൾ

1. അംഗീകാരം ലഭിക്കാത്ത കോളനികളുണ്ട്.
2. കോളനികൾക്ക് പുറത്തുള്ളവർക്ക് കോളനിയിൽ ലഭ്യമാവുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.
3. വാസയോഗ്യമായ വീടുകൾ എല്ലാ കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല.
4. വീടുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല.
5. കക്കൂസ് സൗകര്യം എല്ലാ കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല.
6. കുടിവെള്ള പ്രശ്നം പരിഹരിച്ചിട്ടില്ല.
7. നിരക്ഷരത നിലനിൽക്കുന്നു.
8. കുട്ടികൾ സ്ക്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്നു.
9. എല്ലാവർക്കും തൊഴിൽ ലഭിക്കുന്നില്ല.
10. വൈദ്യുതി എല്ലാ സ്ഥലത്തും ലഭിച്ചിട്ടില്ല.
11. 8-ാം വാർഡിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമില്ല.
12. സ്വന്തമായി ഭൂമി ഇല്ലാത്തവരുണ്ട്.
13. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്തവരുണ്ട്.
14. യാത്രാ സൗകര്യം വേണ്ടത്രയില്ല.
15. അർഹരായ മുഴുവൻ അളുകൾക്കും കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല.
16. 10-ാം വാർഡിലും 2-ാം വാർഡിലും പൊതു ശ്മശാനമില്ല.
17. 9-ാം വാർഡിലെ ശ്മശാനത്തിന് കോമ്പോണ്ട് വാൾ കെട്ടണം.
18. മുറ. കുട്ട നിർമ്മാണത്തിന് ഗുണമേന്മയുള്ള ഈറ്റ/മുള ലഭിക്കുന്നില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. പരമ്പാഗത തൊഴിൽ മേഖല ആധുനി വൽക്കരിക്കണം.

2. തൊഴിൽ രഹിതരായ യുവതീ-യുവാക്ക ൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സാമ്പത്തിക സഹായവും സാങ്കേതിക സഹായ വും നൽകുക.

3. വാഴ നാരു കൊണ്ടു കൗതുക വസ്തുക്ക ൾ നിർമ്മിക്കുന്ന യൂണിറ്റു തുടങ്ങുവാൻ കഴിയും.

4. ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കണം.

5. ഭൂമിയുടെ കൈവശാവകാശ രേഖയി ല്ലാത്തവർക്ക് അവ ലഭ്യമാക്കണം.

6. രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഉണ്ടാകണം.

7. തനത് നാടൻ കലകൾക്ക് പ്രോൽസാഹ നം നൽകണം (കോൽക്കളി, ചവിട്ട് കളി, പരി ചമുട്ട്കളി മുതലായവ).

8. കുട്ടികളെ സംരക്ഷിക്കാൻ ക്രഷ്യൂകൾ സ്ഥാപിക്കണം.

9. വീടുകൾ പുതുക്കിപ്പണിയാൻ സാമ്പ ത്തിക സഹായം നൽകണം.

10. കോളനികളിലേക്കുള്ള റോഡുകളി ലേക്ക് അറ്റകുറ്റപ്പണി നടത്തണം.

11. അനൗപചാരിക വിദ്യാഭ്യാസപ്രവർത്ത നങ്ങൾ നടത്തണം.

12. പട്ടികജാതി സഹകരണസംഘങ്ങൾ സ്ഥാപിച്ച് കാർഷിക ഉപകരണങ്ങൾ ലഭ്യമാ ക്കണം.

13. S.S.Iയൂണിറ്റുകൾ സ്ഥാപിക്കാ നുള്ള സാമ്പത്തിക സഹായം നൽകണം.

14. നത്തലക്കുന്ന് കോളനി നിവാസികൾക്ക് നടക്കാൻ വഴിയുണ്ടാക്കി കൊടുക്കണം.

15. സ്ക്കൂളിലെ ഒഴിഞ്ഞുപോക്ക് യഥാസ മയം കണ്ടെത്തി സ്ക്കൂളിൽ എത്തിക്കാൻ നടപ ടി സ്വീകരിക്കണം.

16. കോളനികളോടനുബന്ധിച്ച് വായനശാ ലകൾ സ്ഥാപിക്കണം.

17. കുടിവെള്ളപ്രശ്നം പരിഹരിക്കണം.

18. കാർഷിക മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിച്ച് കൃഷി തൊഴിലിന് പരി ശീലനം നൽകണം.

19. പ്രീമെട്രിക് ഹോസ്റ്റലിൽ കൂടുതൽ കുട്ടി കൾക്ക് പ്രവേശനം നൽകണം.

20. കരിമ്പൻതൊടി IPP സെൻറർ പ്രൈമറി ഹെൽത്ത് സെൻറററായി ഉയർത്തണം.

21. കോളനികളോടുനുബന്ധിച്ച് സാങ്കേതി ക വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങണം.

22. കക്കുണ്ട് കോളനി റോഡ് ഗതാഗത യോഗ്യമാക്കണം.

23. 10-ാം വാർഡിൽ പട്ടികജാതി വിഭാഗ ത്തിന് പൊതു ശ്മശാനത്തിന് സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്. പഞ്ചായത്ത് വേണ്ട സഹാ യസഹകരണങ്ങൾ ചെയ്തു കൊടുക്കണം.

24. വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതി എത്തിക്കണം.

25. കാരക്കാംപറമ്പ്, കാപ്പിച്ചിൽ, കരിമ്പ ൻതൊടി കോളനികളോടനുബന്ധിച്ച് അംഗൻവാ ടികൾ സ്ഥാപിക്കണം.

26. കരിമ്പൻതൊടി പ്രദേശത്ത് ഒരു പ്രാഥ മിക വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കണം.

27. ഇറ, മുള തലച്ചുമടിന് പാസ് കൊടു ക്കണം.

സമീപനം

ഇന്ന് വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 15% വരുന്ന ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി വരും പദ്ധതികാലത്ത് ലഭ്യമാകുന്ന വിഹിതത്തിന്റെ 30% തുകയെങ്കിലും മാറ്റിവെക്കേണ്ടതാണ്. ലഭ്യമായ ആനുകൂല്യങ്ങൾ തങ്ങളുടെ അവകാശമായി മാത്രം കാണുന്ന ഒരു പ്രവണത ഇവരുടെ ഇടയിലുണ്ട്. ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ആവശ്യത്തിനുപയോഗിക്കാതെ ഇവയെ നിലനിർത്തി കൊടുക്കേണ്ടത് സർക്കാറിന്റെയും പഞ്ചായത്തിന്റെയും ബാധ്യതയാണെന്ന ചിന്തയും ഇവർക്കിടയിലുണ്ട്. ആയതിനാൽ ഇനിയും നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ അവരുടെ കൂടി പങ്കാളിത്തത്തോടെ മാത്രമേ നടപ്പിലാക്കാവൂ. വികസന പ്രവർത്തനങ്ങൾ കോളനികളിൽ നടപ്പിലാക്കുമ്പോൾ നിവാസികളെയും മുഴുവൻ പങ്കാളികളാക്കി കൊണ്ട്പൊതു ചർച്ച നടത്തണം. ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ ഇല്ലായ്മയെക്കുറിച്ച് അവർക്കൊരു അവബോധം സൃഷ്ടിക്കുകയും മുൻഗണനാക്രമത്തിൽ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഈ പരിപാടിയിൽ അവരുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധസംഘടനകളുടെയും പൂർണ്ണ സഹകരണത്തോടെ വേണം ഇത്തരം പരിപാടികൾ നടപ്പിലാക്കേണ്ടത്.

ഒരു കാർഷിക സഹകരണസംഘം തുടങ്ങുകയും കർഷകർക്കു വേണ്ട ഉപദേശ നിർദ്ദേശ സഹായങ്ങൾ നൽകുകയും ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ സഹായിക്കുകയും വേണം.

4. ഒരു ഹരിജൻ സഹകരണസംഘം സ്ഥാപിക്കണം.

പറയനും, പുലയനും തലനീർത്തി
നിൽക്കുന്ന
പുതിയൊരു ഭാരതത്തിനായ്
പണിയെടുപ്പോർക്കാണ് ഉലകമെന്നറിയുന്ന
പുതിയൊരു ഭാരതത്തിനായ്
മേലാളരില്ലാത്ത, കീഴാളരില്ലാത്ത
പുതിയൊരു ഭാരതത്തിനായ്-

കുതികൊള്ളുവോരുടെ പടയണിയിൽ ഒരു തുള്ളിയായ് നമുക്ക് ലയിക്കാം.

സഹകരണമാണ് മൽസരമല്ല
മാനവരാശിയുടെ നിലനിൽപ്പിന്റെയും
അതിജീവനത്തിന്റെയും അടിത്തറയെന്ന്
തിരിച്ചറിയുക.

കോളനികളിൽ പൂർത്തീകരിക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ						
ന.	കോളനിയുടെ പേര്	ആവശ്യമുള്ള വീടുകൾ	ആവശ്യമുള്ള കക്കൂസ്	വൈദ്യുതി	കുടിവെള്ളം	റോഡ്	റിമാർക്സ്
1	മാടശ്ശേരി	6	8	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗതയോഗ്യമല്ല
2	കയുമപൊയിൽ	8	6	ഇല്ല	ഇല്ല	ഉണ്ട്	"
3	നത്തലക്കുന്ന്	12	4	ഇല്ല	ഇല്ല	ഉണ്ട്	വയറിംഗ് കഴിഞ്ഞു.
4	ചെമ്മാനം	3	4	ഇല്ല	ഇല്ല	ഉണ്ട്	
5	കാരക്കാപറമ്പ്	25	25	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗത യോഗ്യമല്ല
6	മങ്ങപ്പാടം	10	10	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗത യോഗ്യമല്ല
7	മുടപ്പിലാശ്ശേരി	10	10	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗത യോഗ്യമല്ല
8	നെല്ലിക്കുന്ന്	12	12	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗത യോഗ്യമല്ല
9	ചെട്ടിയാറമ്മൽ	4	12	ഇല്ല	ഉണ്ട്	ഇല്ല	ഗതാഗത യോഗ്യമല്ല
10	വെണ്ണിയംകുന്ന്	10	5	ഇല്ല	ഉണ്ട്	ഇല്ല	
11	കോക്കാടൻ കുന്ന്	9	19	ഉണ്ട്	ഇല്ല	ഇല്ല	
12	കുറ്റിയിൽ	22	22	ഉണ്ട്	ഉണ്ട്	ഇല്ല	
13	പൊട്ടിക്കുന്ന്	5	5	ഇല്ല	ഇല്ല	ഉണ്ട്	ഗതാഗത യോഗ്യമല്ല
14	കാപ്പിച്ചാൽ	-	-	ഇല്ല	ഇല്ല	ഉണ്ട്	പൈപ്പ്ലൈൻ ഉണ്ട്. വെള്ളമില്ല.
15	ഷാരിയിൽ	2	17	ഉണ്ട്	ഉണ്ട്	ഉണ്ട്	
16	പറയനൻകുന്ന്	6	10	ഇല്ല	ഇല്ല	ഉണ്ട്	
17	കളപ്പാടം കുന്ന്	6	6	ഇല്ല	ഇല്ല	ഉണ്ട്	
18	മണലിമ്മൽ	2	9	ഇല്ല	ഇല്ല	ഉണ്ട്	
19	പൂതക്കാട്, ചക്കാലക്കുന്ന്	4	9	ഇല്ല	ഇല്ല	ഉണ്ട്	ഭാഗികം
20	അമ്പലക്കുന്ന്	4	10	ഇല്ല	ഇല്ല	ഉണ്ട്	
21	കുവ്വക്കോട്	8	12	ഇല്ല	ഇല്ല	ഉണ്ട്	
22	ചെമ്പോത്തും പോയിൽ	4	6	ഇല്ല	ഇല്ല	ഉണ്ട്	
23	വെള്ളാമ്പുരം	2	10	ഇല്ല	ഇല്ല	ഇല്ല	
24	കരിമ്പൻതൊടി	6	8	ഇല്ല	ഉണ്ട്	ഇല്ല	കേടുപാടു തീർക്കണം
25	വടക്കുംപാടം	20	29	ഇല്ല	ഉണ്ട്	ഉണ്ട്	ഗതാഗതയോഗ്യമാക്കണം
26	ഊട്ടുപുറം	6	6	ഇല്ല	ഉണ്ട്	ഉണ്ട്	
27	കുറുമ്പോയിൽ	3	3	ഇല്ല	ഉണ്ട്	ഉണ്ട്	
28	മഠത്തിൽകുന്ന്	3	3	ഇല്ല	ഇല്ല	ഇല്ല	



5-12

വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് സാമാന്യം നല്ല രീതിയിൽ ഗൾഫ് പണം വരുന്ന ഒരു പഞ്ചായത്താണ്. എന്നാൽ നാളിത്വരെ ക്രിയാത്മകവും ഉത്പാദനപരവുമായ മേഖലയിലേക്ക് ഈ പണം തിരിച്ചു വിടാൻ നമ്മുക്ക് സാധിച്ചിട്ടില്ല. ഒരു ചെറുകിട വ്യവസായ സ്ഥാപനമായ ബ്രാംകോ അലുമിനീയം ഒഴിച്ചുള്ള മറ്റൊരുവ്യവസായ സ്ഥാപനവും ഇവിടെ ഇല്ല.

വ്യവസായ രംഗത്ത് പ്രവർത്തിക്കുവാനും പണമിറക്കുവാനും തയ്യാറാള്ളവരെ പുറകോട്ടുവലിക്കുന്ന ഒട്ടനവധി ഘടകങ്ങൾ ഔദ്യോഗിക തലങ്ങളിൽ നില നില്ക്കുന്നു. വൈദ്യുതി രംഗത്ത് പ്രശ്നം പൂർണ്ണമായും നമ്മെ പിന്തിരിപ്പിക്കുന്നു. ആയതിനാൽ ഈ രംഗത്ത് പെട്ടെന്ന് ഒരു വിഭവ സമാഹരണം സാധ്യമല്ല.

കാർഷിക മേഖലയിൽ നിന്ന് ഒരു പൈസപോലും കൂടുതൽ വിഭവസമാഹരണം നടത്തുവാൻ സാധിക്കാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. കാരണം കാർഷിക മേഖല മുരടിപ്പിലാണ്. മാത്രമല്ല കൃഷിഭൂമി വീടുകളായി മാറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ആയതിനാൽ കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകേണ്ട അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ടു തന്നെ ഈ മേഖലയിൽ നിന്ന് പുതിയ വിഭവങ്ങൾ കണ്ടെത്തുക സാധ്യമല്ല. മാത്രവുമല്ല ഈ രണ്ടു മേഖലകളിലും പഞ്ചായത്തിനു സ്വതന്ത്രമായി ഇടപ്പെടാൻ ഇപ്പോഴും പൂർണ്ണമായ അധികാരം ഇല്ല.

പഞ്ചായത്തിനു ലഭിക്കേണ്ട ഗ്രാൻറുൾ യഥാസമയം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ കച്ചവടക്കാരിൽ നിന്നും ലൈസൻസ്ഫീസായി .....രൂപ 1995- 96 ൽ കിട്ടിയിട്ടുണ്ട്. മുഴുവൻ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസ് വാങ്ങിക്കേണ്ടതാകുന്നു. അതു പോലെ തന്നെ മുഴുവൻ കച്ചവടക്കാരിൽ നിന്നും കൃത്യമായി നികുതി ഈടാക്കേണ്ടതാകുന്നു. വീട്ടു നികുതി പിരിച്ചെടുക്കുന്നതായാൽ ഇപ്പോൾ പഞ്ചാഐയത്തിനുള്ള വരുമാനം പത്തിരട്ടിയെങ്കിലും വർദ്ധിപ്പിക്കാൻ കഴിയും. ലഭിക്കുന്ന വരുമാനം കൃത്യമായും സുതാര്യമായും വികസന പ്രവർത്തനം നടക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ വരുമാനം കൂട്ടുവാനും നികുതി യഥാസമയം നൽകുവാനും ജനങ്ങൾ തയ്യാറാകുമെന്ന് തീർച്ചയാണ്. വികസന പ്രവർത്തനങ്ങളിലെ സുതാര്യത വിഭവസമാഹരണം നേടുന്നതിൽ പ്രധാനമാണ്. പഞ്ചായത്ത് ഭരണ സമിതി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

പഞ്ചായത്തിലെ ടൂ വീലർ ഉടമകളിൽ ആസൈക്കിൾ ഒഴിച്ച് നിന്നും നികുതി ഈടാക്കാവുന്നതാണ്. അതു പോലെ തന്നെ T.V ഡിഷ് ആൻറിന എന്നിവ ഉപയോഗിക്കുന്നവരിൽ നിന്നും ഫോൺ ഉപയോഗിക്കുന്നവരിൽ നിന്നും നികുതി യഈടാക്കാവുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ 1046 ഗൾഫുകാരാണുള്ളത്. ഏകദേശം 2.5 കോടി രൂപ ഈ ഇനത്തിൽ പഞ്ചായത്തിലെ വിവിധ വീടുകളിൽ എത്തുന്നു. ഇതിൽ നല്ലൊരു സംഖ്യ മണിമാളികകൾ നിർമ്മിക്കാനും ആചാരസൽക്കാരങ്ങൾക്കാണ് ചിലവഴിക്കുന്നത്. ഇത്തരക്കാരിൽ നിന്നും അഡീഷണൽ നികുതി സ്വീകരിക്കേണ്ടതാണ്.

നിർദ്ദേശം

ഭൂനികുതി പിരിക്കാനുള്ള അധികാരം ഇപ്പോൾ വില്ലേജ് ഓഫീസർമാർക്കാണ്. ആ അധികാരം പഞ്ചായത്ത് തലത്തിലേക്ക് കൈമാറുന്നതും, ഇപ്പോൾ ഒരു ഏക്കറിൽ 2% രൂപ എന്നത് 100 രൂപയെങ്കിലും അക്കുന്നതും നന്നായിരിക്കും. ഇത് കൃത്യമായി പിരിച്ചെടുക്കാൻ പഞ്ചായത്ത് സമിതിയെ ഏൽപ്പിക്കുന്നതാണ് കൂടുതൽ ഉത്തമം.

സ്റ്റാമ്പ് ഡ്യൂട്ടി ഇപ്പോൾ തീരെ അശാസ്ത്രീയമായാണ് വിതരണം ചെയ്യപ്പെടുന്നത്. അതിന്റെ ഫീ യഥാസമയം പഞ്ചായത്തിന് ലഭിക്കുന്നില്ല. ആഴ്ചയിൽ ഒരു ദിവസം അതിന്റെ സ്റ്റോക്ക് റജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമാക്കുകയും മാസത്തിൽ ആദ്യദിവസം തന്നെ വിഹിതം ലഭ്യമാക്കുകയും വേണം. വലിയ പരസ്യബോർഡുകൾക്കും പാരലൽ കോളേജുകൾ, സ്വകാര്യ ആശുപത്രികൾ വൈദ്യശാലകൾ എന്നിവക്ക് ചെറിയ തോതിൽ നികുതി ചുമത്താവുന്നതാണ്.

ടെറസ് ബിൽഡിങ്ങുകൾക്ക് ഇപ്പോൾ റവന്യൂ ചുമത്തുന്ന അഡീഷണൽ നികുതിയും പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്.

വിനോദ നികുതി

നിലവിലുള്ള 4 സിനിമാ തിയ്യേറ്ററുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിന് മാസത്തിൽ ശരാശരി... രൂപ കിട്ടുന്നു. സത്യസന്ധമായും അവ പിരിച്ചെടുക്കാൻ ഇന്നത്തെ നിയമങ്ങളും പഞ്ചായത്ത് ജീവനക്കാരെയും വെച്ചുകൊണ്ടു മുഴുവനായു ഈടാക്കാൻ സാധിക്കുകയില്ല. നിലവിലുള്ള നിയമം മാറ്റിയെഴുതേണ്ടതാണ്. നിർദ്ദേശമായി നൽകുവാനുള്ളത് - തിയ്യേറ്ററുകളിലെ സീറ്റുകൾക്ക് നികുതി ചുമത്തേണ്ടാണ്. എന്നാൽ പഞ്ചായത്ത് ജീവനക്കാരുടെയും തിയ്യേറ്റർ ഉടമകളുടെയും കൂട്ടായ സ്വകാര്യ ഇടപാടുകൾ നിർത്താൻ ഇതു മൂലം സാധിക്കും. അതോടൊപ്പം കൃത്യമായ വിനോദനികുതി പഞ്ചായത്തിന് ലഭ്യമാക്കുകയും ചെയ്യും. അതോടോപ്പം വിവിധ ക്ലബുകളുടെയും സമിതികളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന വിനോദ കലാ പരിപാടികൾക്കും മൊത്തമായ നികുതി ചുമത്താവുന്നതാണ്. താൽപ്പര്യങ്ങൾ നോക്കി വിനോദനികുതി ഒഴിവാക്കുന്ന രീതി നിർത്തലാക്കേണ്ടാതാണ്.

പഞ്ചായത്തിന്റെ വരുമാനങ്ങളുടെ വിവരം

മറ്റു ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിന് പൊതുവായ സ്ഥലങ്ങൾ കൃത്യമായി അളന്നു തിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കേണ്ടതാണ്.

വാടകക്ക് കൊടുക്കുന്ന സ്ഥലങ്ങളുടെ പട്ടികയും ഇപ്പോൾ ഈടാക്കുന്ന വാടകയും നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

ഖനനം

പഞ്ചായത്തിൽ 9-ാം വാർഡിൽ അരിപ്പമാട്, കാപ്പിൽ പ്രദേശത്തിന്റെ മറ്റു പ്രാന്ത പ്രദേശങ്ങളിലും സ്വർണ്ണം ഖനനം ചെയ്യാവുന്നതാണ്. സർക്കാർ പരീക്ഷണാർത്ഥം ഖനനം നടത്തിയിരുന്നു. പരീക്ഷണ ഫലം പഞ്ചായത്തിനേയൊ ജനങ്ങളെയോ അറിയിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതിക്ക് ഇതിൽ പങ്കാളിത്തം വേണം.

ബാങ്ക്-ഫൈനാൻസിയേഴ്

നമ്മുടെ പഞ്ചായത്തിൽ 4 സഹകരണ ബാങ്കുകൾ, കനറാ ബാങ്ക്, ഗ്രാമീണബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയുടെ ഓരോ ശാഖകൾ ഉണ്ട്. ഇവയിൽ ശേഖരിക്കുന്ന പണത്തിന്റെ 80-90%മെങ്കിലും ഈ പഞ്ചായത്തിൽ തന്നെ വായ്പയായി വിതരണം ചെയ്യേണ്ടതാണ്. ഇപ്പോൾ അത് വെറും 30%ത്തിൽ താഴെയായണ്. പഞ്ചായത്തിനു തന്നെ വായ്പയെടുക്കാവുന്നതാണ്. പഞ്ചായത്ത് ബോർഡ് അതിനുവേണ്ടി ശ്രമിക്കേണ്ടതാണ്.

ഷോപ്പിങ്ങ് കോംപ്ലകുകൾ

നിലവിലുള്ള പഞ്ചായത്ത് ടൗൺസ്റ്റാൻഡിലും പഞ്ചായത്തിന്റെതായ സ്ഥലങ്ങളിലും ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിർമ്മിക്കാവുന്നതാണ്. ദിവസചന്ത, ആഴ്ച ചന്ത, കാലിച്ചന്ത എന്നിവ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്.

മൽസ്യ-മാംസ മാർക്കറ്റുകൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. അറവുശാലകൾക്ക് ദിവസ നികുതി ചുമത്താവുന്നതാണ്.

കച്ചവട ലൈസൻസ്

കച്ചവട ലൈസൻസ് ഫീസ് വളരെ തുച്ഛമാണ്. ഇത് പുതുക്കി നിശ്ചയിക്കേണ്ടതും മുഴുവൻ കടകൾക്കും നികുതി ചുമത്തേണ്ടതാണ്.

ഇന്ദിരാ വികാസ് പത്ര

ഇന്ദിരാ വികാസ് പത്ര മുഖേനയുള്ള സമ്പാദ്യത്തിന്റെ നിശ്ചിത വിഹിതം പഞ്ചായത്തിന് ഇന്നുണ്ട്. ഇത് പ്രോൽസാഹിപ്പിക്കുകയും പ്രത്യേക ഏജൻറ്മാരെയൊ മഹിളാപ്രചാരൺ ഏജൻറുമാരെയോ നിയമിച്ച് കൂടുതൽ സമ്പാദ്യം ഈ മേഖലയിൽ ഉണ്ടാക്കാവുന്നതാണ്.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവം മനുഷ്യാധ്വാനമാണ്. ഗ്രാമസഭകളിൽ നിന്നും വാർഡ് തല വികസന പ്രവർത്തനങ്ങൾക്ക് വളരെ കൂടുതൽ മനുഷ്യാധ്വാനം നൽകുവാൻ തയ്യാറാണെന്ന വാഗ്ദാനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കപ്പുറത്ത് നാടിന്റെ വികസനം ലക്ഷ്യമാക്കി തങ്ങളുടെ അധ്വാനം നൽകുക എന്നത് മഹത്തായ കൃത്യമാണ്. ഇത്തരത്തിലുള്ള പ്രവണതകൾക്ക് കൂട്ടായ പ്രോൽസാഹനം നൽകേണ്ടതാണ്.

സമൂഹം അംഗീകരിക്കുന്ന ഏതൊരു വികസന പ്രവർത്തനത്തിനും ബഹുജനങ്ങൾ തങ്ങൾക്ക് കഴിവുള്ള വിഭവങ്ങൾ നൽകുവാൻ തയ്യാറാകണം. ഇത് വേണ്ട രീതിയിൽ ഉപയോഗിക്കേണ്ടതാണ്. പൊതുജനാരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും റോഡു വികസന രംഗത്തും മറ്റും ഇത്തരം പ്രവർത്തനങ്ങൾ ഉപയോഗിക്കേണ്ടതാണ്.

ചുരുക്കത്തിൽ എല്ലാ മേഖലകളിലും ബഹുജനപങ്കാളിത്തം ഉറപ്പാക്കിയാൽ പഞ്ചായത്തിലെ പൊതു വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര വിഭവം സ്വരൂപിക്കാൻ കഴിയും. ഇച്ഛാശക്തിയുള്ള സർക്കാറും സേവനസന്നദ്ധരായ ഉദ്യോഗസ്ഥരും ത്യാഗമനോഭാവമുള്ള ജനങ്ങളും ചേർന്നുള്ള കൂട്ടായ സഹകരണത്തോടെ ഒരു പുതിയ വികസന മാതൃക നമുക്ക് നടപ്പിലാക്കാം.

ഉപകാരപ്രദമെന്ന് ജനങ്ങൾക്ക് ബോധ്യമുള്ള ഒരു പദ്ധതിയും വിഭവങ്ങൾ ഇല്ലാത്തതിന്റെ പേരിൽ നമ്മുക്ക് മാറ്റിവെച്ചുകൂടാ.

കാർഷിക നികുതി

5 ഏക്കർ മുതൽ കൂടുതലുള്ള റബ്ബർ തോട്ടങ്ങൾക്ക് ഒരോ ഏക്കറിന് പ്രത്യേക നികുതി ചുമത്താവുന്നതാണ്. കൂടാതെ (തെങ്ങ്, കവുങ്ങ്, കശുവണ്ടി) ഇവക്കും ചുമത്താവുന്നതാണ്.

വണ്ടൂർ പഞ്ചായത്തിന്റെ വികസനം ഭാവിയിലേക്കുള്ള മാസ്റ്റർ പ്ലാൻ

വണ്ടൂർ അനുദിനം വികസിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ റബ്ബർ ഉല്പാദനകേന്ദ്രം, മലപ്പുറം ജില്ലയിലെ വണ്ടൂർ ഉൾക്കൊള്ളുന്ന കിഴക്കൻ ഏറനാടായതും, ഗൾഫു പണത്തിന്റെ ക്രമാധീതമായ ഒഴുക്കും, വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതിയും വണ്ടൂരിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലും, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും മാറ്റത്തിന്റെ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലുമാണ് ഈ പ്രദേശം. നിർമ്മാണത്തിലിരിക്കുന്ന അമരമ്പലം പാലം തുറക്കപ്പെടുന്നതോടുകൂടി പൂക്കോട്ടു പാടം- കിളികാവ് റോഡ് വഴിയുള്ള ഗതാഗതത്തിൽ വലിയ മുന്നേറ്റമുണ്ടാകും.

ഈ സാഹചര്യത്തിൽ അടുത്ത 25 വർഷം കൊണ്ട് ജനസംഖ്യ ഇരട്ടിയും, വാഹനങ്ങൾഎത്രയോ ഇരട്ടിയും ആകാനുള്ള സാധ്യത കാണുന്നു. ഭാവിയിൽ മുൻസിപാലിറ്റി ആകാൻ കൂടി സാധ്യത സാധ്യതയുള്ളതിനാൽ പ്രാധാന്യത്തോടുകൂടി നടപ്പിലാക്കേണ്ട ചില നഗരവികസന പദ്ധതികൾ വിശദീകരണ സഹിതം താഴെ ചേർക്കുന്നു.

1.വണ്ടൂർ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ചുരുങ്ങിയത് രണ്ട് ഏക്കർ സ്ഥലം വാങ്ങി പഞ്ചായത്ത് വക ഒരു സ്റ്റേഡിയം നിർമ്മിക്കുക.

2. വണ്ടൂർ പഞ്ചായത്തിൽ വണ്ടൂരും വാണിയമ്പലത്തും മത്സ്യ-മാംസ മാർക്കറ്റുകൾ സ്ഥാപിക്കുക.

3. വികസിച്ച് വരുന്ന വണ്ടൂർ പഞ്ചായത്തിന്റെ ഭാവി മുന്നിൽ കണ്ട് കൊണ്ട് വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു ടൗൺ ഹാൾ നിർമ്മിക്കുക.

4. വളർന്നു വരുന്ന കുട്ടികൾക്ക് അവരുടെ മാനസികോല്ലാസത്തിന് വേണ്ടി ഒരു ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുക.

5. ഉന്നത പഠനത്തിനും ഗവേഷണത്തിനും, ഉയർന്ന ഉദ്യോഗങ്ങൾക്കും വേണ്ടിയുള്ള തയ്യാറെടുപ്പിനും, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള മത്സര പരീക്ഷകളെ അഭിമുഖീകരിക്കുവാനും സഹായം നൽകുന്ന വിധത്തിലുള്ള ഒരു ബൃഹത്തായ 'റഫറൻസ് ലൈബ്രറി' വണ്ടൂർ പഞ്ചായത്തിൽ സ്ഥാപിക്കുക.

6. യുവതലമുറയുടെ ആരോഗ്യത്തിനും മുതിർന്ന തലമുറയുടെ ആശ്വാസത്തിനും വേണ്ടിഒരു 'ഹെൽത്ത് ക്ലബ്ബ്' സ്ഥാപിക്കുക.

7. വണ്ടൂരിൽ പുഴകളുടേയും തോടുകളുടേയും അനുഗ്രഹം കുറവാണ്. വളർന്ന് വരുന്ന തലമുറക്ക് നീന്തൽ അറിയില്ല എന്ന് തന്നെ പറയാം. പഞ്ചായത്തിൽ കാശ് നൽകി നീന്താൻ പഠിപ്പിക്കുന്ന ഒരു നീന്തൽ കുളം സ്ഥാപിക്കേണ്ടതാണ്.

9. കാളികാവ് റോഡിൽ നിന്നു നിലമ്പൂർ റോഡിലെ പുളിക്കലിനേയും, പാണ്ടിക്കാട് റോഡിൽ നിന്ന് മഞ്ചേരി റോഡിനേയും ബന്ധിപ്പിക്കുന്ന ഓരോ 'ബൈപാസ്' റോഡുകൾ നിർമ്മിക്കുക.

10. വൈക്കതോടിന്റെ ഇരുഭാഗങ്ങളും സൈഡ്കെട്ടി സ്ലാബിട്ട് വണ്ടൂർ ടൗണിനെ വെള്ളപ്പൊക്ക കെടുതിയിൽ നിന്നും പരിസര മലിനീകരണത്തിൽനിന്നും സരംക്ഷിക്കുക.

11. വണ്ടൂർ പഞ്ചായത്തിൽ വണ്ടൂരിലും വാണിയമ്പലത്തും സൗകര്യ പ്രദമായ സ്ഥലത്ത് ഓരോ ടാക്സി സ്റ്റാന്റെറും, ഓട്ടോ ഓട്ടോറിക്ഷാസ്റ്റാന്റെറും ഒരോ ലോറി സ്റ്റാന്റെറും സ്ഥാപിക്കേണ്ടതാണ്.

12. വണ്ടൂർ വാണിയമ്പലം ടൗണുകളിൽ ജംഗ്ഷനിൽ നിന്നും ഓരോ കിലോമീറ്റർ നീളത്തിൽ പി.ഡബ്ലി.ഡി. റോഡിൽ ഫുട്പാത് നിർമ്മിക്കേണ്ടതാണ്.

13. വണ്ടൂർ വാണിയമ്പലം ടൗണുകളിൽ ജംഗ്ഷനിൽ നിന്ന് ഓരോ കിലോമീറ്റർ നീളത്തിൽഅഴുക്കു ചാലുണ്ടാക്കി മൂകളിൽ സ്ലാബിട്ട് മൂടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

14. വണ്ടൂർ പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഒരു ബൃഹത്തായ കേന്ദ്രം ആരംഭിക്കേണ്ടതാണ്.

15. വണ്ടൂർ പഞ്ചായത്തിൽ ടെക്നിക്കൽ കോഴ്സുകൾക്ക് മുൻഗണന നൽകി ഒരു ഡിഗ്രി കോളേജും, പോളി ടെക്നിക്കും, ത'യ'തയും സ്ഥാപിക്കേണ്ടതാണ്.

16. സ്ത്രീകൾക്ക് തൊഴിൽ പരിശീലിക്കാനും തൊഴിൽ ചെയ്യാനും സൗകര്യപ്രദമായ ഒരുതൊഴിൽ കേന്ദ്രം വണ്ടൂർ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

17. വണ്ടൂരിലും വാണിയമ്പലത്തും ആഴ്ചചന്ത സജീവമാക്കേണ്ടതാണ്.

18. വണ്ടൂർ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്. അതുപോലെ തന്നെ ഇലക്ട്രിസിറ്റി സബ്സ്റ്റേഷനും ആരംഭിക്കേണ്ടതാണ്.

19. വണ്ടൂരിനു ലഭിക്കേണ്ട താലൂക്ക് ആസ്ഥാനം നിലമ്പൂരിലേക്ക് നീങ്ങി. എന്നാലും സബ്താലൂക്ക് സ്ഥാനം വണ്ടൂരിന് നൽകി താലൂക്ക് വ്യവസായ ഓഫീസ്, ഫലട അസി; എക്സ്കിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസ്, താലൂക്ക് ആശുപത്രി, ഇംകം ടാക്സ് ഓഫീസ്,താലൂക്ക് പട്ടിക ജാതി ക്ഷേമ ഓഫീസ്, താലൂക്ക് തല കോടതി എന്നിവ വണ്ടൂർ പഞ്ചായത്തിൽ സ്ഥാപിക്കാൻ ശക്തമായ നടപടികൾ ജനപിന്തുണയോടെ നടത്തേണ്ടതാണ്. മലപ്പുറം ജില്ല വന്നപ്പോൾ ജില്ലാ കോടതിയും ജില്ലാ ആശുപത്രിയും മഞ്ചേരിയിൽ സ്ഥാപിച്ച മാതൃക ഇവിടെ പകർത്താവുന്നതാണ്.

20. വണ്ടൂർ പഞ്ചായത്തിൽ സൗകര്യ പ്രദമായ സ്ഥലത്ത് ഒരു സബ് ട്രഷറി എത്രയുംവേഗം

സ്ഥാപിക്കേണ്ടതാണ്.

21 വണ്ടൂർ ടൗണിൽ നിലമ്പൂർ-കാളികാവ് റോഡുകളെ ചുറ്റി പറ്റികിടക്കുന്ന അങ്ങാടിപൊയിലിലെ ഒരേക്കർ സ്ഥലത്ത് ബസ്സ്റ്റാന്റെറ് അടിയന്തിര പ്രാധാന്യം നൽകി നിർമ്മിക്കുക.

1990-ൽ തന്നെ ഇവിടെ ബസ്സ്റ്റാന്റെറ് നിർമ്മിക്കുന്നതിന് വേണ്ടി പർച്ചേഴ്സ് സാംഗ്ഷനും സൈറ്റ് അപ്രൂവലും ലഭിച്ചതായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സ്ഥലമെടുപ്പ് 7 വർഷം നീണ്ടു പോയി. 1995 ഒക്ടോബറിൽ പുതിയ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നതിന് ശേഷം അങ്ങാടിപൊയിലിൽ ബസ്റ്റാന്റെറ് നിർമ്മിക്കണമെന്ന് തീരുമാനിക്കുകയും പർച്ചേഴ്സ് സാംഗ്ഷനു വേണ്ടി മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് 31-5-96 ന് അപേക്ഷ നൽകുകയും ചെയ്തു. 29-3-96ന് ഇതിന് സൈറ്റ് അപ്രൂവൽ ലഭിച്ചകാര്യം ഇത്തരുണത്തിൽ പ്രത്യേകം ഓർക്കേണ്ടതാണ്. സെന്റെറിന് 6000 രൂപയാണ് ഇതിന് വില നിശ്ചയിച്ചിട്ടുള്ളത്.

കാളികാവ് റോഡിൽ നിന്നും ഈ സ്റ്റാന്റിലേക്ക് 20 അടി വീതിയിൽ സൗജന്യമായി വഴി ലഭിച്ചിട്ടുണ്ട്. നേരത്തെതന്നെ നിലമ്പൂർ റോഡിൽ നിന്നും 20 അടി വീതിയിൽ വഴി ലഭിച്ചിരുന്നു.

കാളികാവ് റോഡിലേക്ക് അങ്ങാടി പൊയിലിൽ നിന്നുള്ള 20 അടി വീതിയുള്ള വഴിയുടെ അടിഭാഗത്ത് ചാലുകീറി സ്ലാബിട്ട് അതിന്റെറ മുകളിൽ കൂടി ബസ്സിനു പോകുവാനും അടിയിലൂടെ വെള്ളം വെക്കത്തോടിലേക്ക് ഒഴുകി പോകുവാനും എളുപ്പത്തിൽ സൗകര്യപ്പെടുത്താൻ കഴിയും. ഇത് ചെയ്താൽ അങ്ങാടിപൊയിൽ പ്രത്യേകം മണ്ണിട്ടു നികത്തേണ്ടതില്ല എന്ന് എഞ്ചിനീയർമാർ പറയുന്നു.

ഭാവിയിൽ പഞ്ചായത്തിന് ടൗണിൽ സ്ഥലം കിട്ടാൻ വളരെയേറെ വിഷമമാണെന്നിരിക്കെ, കേവലം ഒരേക്കറിന് 6 ലക്ഷം രൂപ കടമായി വളരെ കുറഞ്ഞവിലക്ക് ഇപ്പോൾ ലഭിക്കുന്ന ഈ സ്ഥലം വാങ്ങിയില്ലെങ്കിൽ 1964-ൽ സ്ഥലം കൊടുക്കാത്തതിനാൽ നമുക്ക് കോളേജ് നഷ്ടപ്പെട്ടത്പോലെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളംഅതൊരു തീരാനഷ്ടമായിരിക്കും.

ആയതിനാൽ പർച്ചേഴ്സ് സാംഗ്ഷൻ ഉടനെ വാങ്ങി ഈ ബസ്റ്റാൻറിന്റെറ് പ്രവർത്തനം-എത്രയും പെട്ടെന്ന് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6

ഉപസംഹാരം

നിലവിലുള്ള വികസന പ്രക്രിയ അശാസ്ത്രീയമാണ്. റോഡും പാലവും കോൺക്രീറ്റ് ബിൽഡിങ്ങും ആയാൽ വികസനമായി എന്ന ചിന്ത ജനങ്ങളിൽ നിലനിൽക്കുന്നു. 'വികസനത്തിന്റെ അടിസ്ഥാനം തന്നെ ഉല്പാദനം' എന്ന നിലയിലേക്ക് ജനങ്ങളുടെ ചിന്താധാരയെ മാറ്റിയെടുക്കണം.

വികസനപ്രവർത്തനങ്ങൾ വകുപ്പു മേധാവികളുടെ സ്വാർത്ഥതാല്പര്യങ്ങളിലും കെടുകാര്യസ്ഥതയിലും കുടുങ്ങി കിടക്കുന്നു. അഴിമതിയിൽ നിന്ന് മോചനം നേടിയേ പറ്റൂ. ശുപാപ്തി വിശ്വാസികളുടെ ഇച്ഛക്ക് വിരുദ്ധമായി കുറുക്കു വഴികളിലൂടെ പെട്ടന്ന് സമ്പത്തുണ്ടാക്കാൻ ശ്രമിക്കുന്നവരുടെ തന്ത്രങ്ങളാണ് അഴിമതിക്ക് വളംവയ്ക്കുന്നത്. അഴിമതിയിൽ നിന്ന് മോചനം നേടിയേ പറ്റൂ. അതിന് വിവിധ വകുപ്പുകളിലെ ഭരണ ഭാഷാ മാതൃകഭാഷയാകണം. കേരളത്തിൽ മലയാളമാക്കണം.

'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് മാതൃഭാഷയുടെ സ്ഥാനം പ്രഥമമാണ്.

പണമില്ല എന്ന സ്ഥിരം പല്ലവി മാറ്റേണ്ടതാണ്. പദ്ധതിയുടെ 5 ശതമാനമാണ് ഇതുവരെ പഞ്ചായത്തുകളിലെ പദ്ധതികൾക്ക് നീക്കിവച്ചിരുന്നതെങ്കിൽ ഇനി 40 ശതമാനം മുതൽ 50% വരെ തുക നമുക്ക് ലഭ്യമാവും എന്ന് പ്രതീക്ഷിക്കാം. മറ്റ് ഒട്ടേറെ സ്രോതസ്സുകൾ കണ്ടെത്താൻ കഴിയണം.

കൂട്ടായ ചർച്ചയിലൂടെ കൂട്ടായ്മ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. വികസന പ്രവർത്തനത്തിന് തുടക്കം കുറിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിന് ആദ്യം വേണ്ടത് കൂട്ടായ്മ സൃഷ്ടിക്കലാണ്. ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ്

ജനകീയവും ഉപകാരപ്രദവുമായ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം. ഇത് തെരഞ്ഞെടുക്കാൻ പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബദ്ധരാകണം. നിലവിലുള്ള വിഭവങ്ങൾ (പ്രകൃതി, മനുഷ്യൻ) എന്നിവയെ പ്രയോജനപ്പെടുത്തണം. സർക്കാറിതര ഏജൻസികളിൽ നിന്നും ഫണ്ട് കണ്ടെത്താൻ പ്രത്യേകം ശുഷ്കാന്തി കാണിക്കണം. അവരുടെ നിബന്ധനകളും ഉപാധികളും പഠിച്ച് പ്രൊജക്ടുകൾ തയ്യാറാക്കാൻ വിദഗ്ദരെ കണ്ടെത്തണം.

സ്ഥിതി വിവര കണക്കുകൾ

ഏതോരു ആസൂത്രണപ്രവർത്തനവും വിജയകരമായി നടപ്പാക്കണമെങ്കിൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന സ്ഥിതി വിവര കണക്കുകൾ അത്യാവശ്യമാണ്. ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ടപ്പോൾ ഏറ്റവും വലിയ അപാകതയായികണ്ടത് പഞ്ചായത്ത് തലത്തിൽ സ്ഥിതി വിവരകണക്കുകളുടെ അപര്യാപ്തതയാണ്. ജനങ്ങളുടെ അടിസ്ഥാന ജീവിതസൗകര്യങ്ങളെ കുറിച്ച് പോലും വ്യക്തമായ സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. മറ്റു വകുപ്പുകളിൽ നിന്ന് ദ്വിദീയ സ്ഥതിവിവരമായി കിട്ടിയ മിക്ക കണക്കുകളും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്താതും അബദ്ധജഡിലവുമാണ്. പഞ്ചായത്തിൻെറവിസ്തൃതിയെ കുറിച്ച് പോലും വ്യത്സ്തമായ കണക്കുകൾ നിലനിൽക്കുന്നു.

ചില ഓഫീസുകളിൽ നിന്ന് വിവരം ലഭിക്കാത്ത അവസ്ഥ പോലും ഉണ്ട്. പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും ആസൂത്രണത്തിന് പ്രസക്തി കൈവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ പഞ്ചായത്ത് വാർഡ് തലത്തിൽ സ്ഥിതി വിവരകണക്കുകളുടെ വിപുലമായ ശേഖരം ഉണ്ടാവേണ്ടതുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

വിവിധ വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കണം. ഒന്നിലധികം പഞ്ചായത്തുകൾ പ്രവർത്തനമേഖലയായിട്ടുള്ള ഓഫീസുകൾ പഞ്ചായത്ത് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട്, വരവ്-ചിലവ് കണക്ക് സഹിതം പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ ഓഫാസിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കാൻ ഉള്ള സംവിധാനം ഉണ്ടാക്കണം.

കാലകാലങ്ങളിൽ സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തി വിവരങ്ങൾ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കണം. ഈ കാര്യത്തിൽ വൈദഗ്ദ്യം നേടിയ സ്വതന്ത്ര ഏജൻസികളുടെ സഹകരണവും പങ്കാളിത്തവും ഉണ്ടാവണം. നാടിൻെറ വികസനം നോക്കാൻ നാട്ടാർക്ക് കഴിയുമെന്ന് തെളിയിക്കേണ്ട ബാധ്യത നമുക്കുണ്ട്. അതുകൊണ്ടു തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ 'സമഗ്ര വികസന രേഖ' സമ്പുഷ്ടമാക്കി വികസനം സമ്പൂർണ്ണമായി നടപ്പിലാക്കാൻ നാം പ്രതിജ്ഞാബദ്ധരാവണം. കക്ഷിരാഷ്ട്രീയത്തിനധീതമായി ഒറ്റകെട്ടായി പ്രവർത്തിക്കണം..

വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കാരത്തിനും വേണ്ടി ജനങ്ങളുടെ മുമ്പാകെ ഈ വികസന രേഖ സമർപ്പിക്കുന്നു.

വി.എ.കെ. തങ്ങൾ
പ്രസിഡണ്ട്
വണ്ടൂർ ഗ്രാമപഞ്ചായത്ത്

"ഒക്കെ മുടിയും -
മുമ്പുറക്കം വിട്ട്
വരികെൻ മക്കളെ -
യെന്നഗ്നി ഹൃദയം
കാട്ടിയിന്ത്യ വിളിച്ച്
കേഴുന്നു"

വണ്ടൂർ ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണ സമിതി - 1996

ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് - വി.എ.കെ. തങ്ങൾ

വികസന തുറകൾ	ചെയർമാൻമാർ	ചാർജ്ജുള്ള റിസോഴ്സ് പേഴ്സൺ
കൃഷി, ജലസേചനം	കെ.പി. ഉണ്ണികൃഷ്ണൻ	കെ. സുരേന്ദ്രനാഥൻ
മൃഗസംരംക്ഷണം	അഷ്റഫ് പാറശ്ശേരി	ടി.പി. മുഹമ്മദ്
വിദ്യാഭ്യാസം	എം.മുംതാസ്	ടി. വിനയദാസ്
കുടിവെള്ളം, പൊതുജനാരോഗ്യം	ടി.പി. കാസിം	എൻ. മഖ്ബൂൽ
വ്യവസായം	നീലാമ്പ്ര ജലീൽ	കാപ്പിൽ മുഹമ്മദ്
ഊർജ്ജം, ഗതാഗതം, മാർക്കറ്റ്	വണ്ടൂർ കെ. ഹൈദരലി	എ. സാബാഹ്
ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും	വി.പി. സരോജിനി	കെ.ടി. നാസർ
സംസ്കാരം	ലഷ്മി കൃഷ്ണകുമാർ	സി.എച്ച്. ആസാദ്
വനിത	പി.കെ. ഹബീബ	സി. ദാമോദരൻ
സഹകരണം	എ.കെ. അബ്ബൂട്ടി	കെ.വി. രാജേന്ദ്രൻ
പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം	പി.പി. സാരായണൻ	കെ. കുഞ്ഞൻ
വിദ്യാഭ്യാസതൊഴിൽ	[illegible]	[illegible]

Printed at Modern Press, Wandoor